www.malankaralibrary.com

ജീ. ചേടിയത്ത്

# പ്രാചീന സന്യാസചരിത്രം

കോട്ടയം

1993

www.malankaralibrary.com

ജി. ചേടിയത്തു്

# പ്രാചീന സന്യാസചരിത്രം

## (പല്ലാഡിയുസിന്റെ ലൗസിയാക് ചരിത്രം)

No. 66

പൗരസ്ത്യ വിദ്യാപീഠം
വടവാതൂർ, കോട്ടയം, 686010
1993

www.malankaralibrary.com

G. CHEDIATH

# PRĀCHĪNA SANYĀSA CHARITRAM

A Publication of the Oriental Institute of Religious Studies
P. B. I. Vadavathoor, Kottayam, 686010, Kerala, India.

Copyright: G. Chediath, 1993
Second Edition 1993

Price Rs. 15.00
Printed at: Bethany Press, Nedumangad, 695 541

www.malankaralibrary.com

# സമർപ്പണം

മലങ്കര കത്തോലിക്കാ സഭാദ്ധ്യക്ഷനും തിരുവനന്തപുരം മെത്രാപ്പോലീത്തായുമായ അഭിവന്ദ്യ ആർച്ചുബിഷപ്പ് **ബനഡിക്ട് മാർ ഗ്രിഗോറിയോസ്** തിരുമേനിയുടെ മെത്രാഭിഷേകത്തിന്റെ നാല്പതാം വാർഷിക സ്മാരകമായി (1953 ജനു. 29 — 1993 ജനു. 29) ഈ ഗ്രന്ഥം ഭക്ത്യാദരപുരസ്സരം സമർപ്പിച്ചുകൊള്ളുന്നു.

www.malankaralibrary.com

# ഉള്ളടക്കം


| | | |
|---|---|---|
| | ഒരു വാക്ക് | 9 |
| | പല്ലാഡിയൂസ്—വ്യക്തി | 9 |
| | ലൗസിയാക് ചരിത്രം | 10 |
| | ജീവചരിത്രത്തിനു ആമുഖം | 10 |
| | ലൗസൂസിനെഴുതിയ കത്തു് | 13 |
| | മുഖവുര | 14 |
| 1. | ഇസിദോർ | 21 |
| 2. | ദൊറോത്തേവൂസ് (1) | 23 |
| 3. | പൊത്താമിയേന | 25 |
| 4. | ദിദിമൂസ് | 26 |
| 5. | അലെക്സാണ്ഡ്ര | 28 |
| 6. | ധനിക കന്യക | 29 |
| 7. | നീത്രിയൻ സന്യാസികൾ | 32 |
| 8. | നീത്രിയയിലെ ആമോൻ | 35 |
| 9. | ഓർ | 37 |
| 10. | പംബോ | 37 |
| 11. | അമ്മോണിയൂസ് | 40 |
| 12. | ബന്യാമിൻ | 42 |
| 13. | അപ്പൊള്ളോണിയൂസ് | 43 |
| 14. | പയേസിയൂസും എശയ്യാവും | 44 |
| 15. | ചെറിയ മക്കാരിയൂസ് | 46 |
| 16. | നഥാനിയേൽ | 47 |
| 17. | ഈജിപ്റ്റിലെ മക്കാരിയൂസ് | 49 |
| 18. | അലക്സാണ്ഡ്രിയായിലെ മക്കാരിയൂസ് | 53 |
| 19. | എത്യോപ്യക്കാരൻ മോശ | 63 |
| 20. | പൗലോസ് | 67 |

www.malankaralibrary.com



21. എവുളോഗിയസും അംഗവൈകല്യമുള്ളവനും 68
22. പൗലോസ് 74
23. പാക്കോൻ 79
24. സ്റ്റീഫൻ 81
25. വാലെൻസ് 82
26. ഹേറോൺ 84
27. പ്റോളമി 86
28. ഒരു കന്യക 87
29. ഏലിയാസ് 87
30. ദൊറോത്തേവൂസ് (2) 89
31. പിയാമൂൻ 89
32. പക്കോമിയൂസ് 90
33. സ്ത്രീകളുടെ ഭവനം 94
34. ബുദ്ധിഭ്രമം നടിച്ച കന്യക 95
35. ലിക്കോപ്പൊലീസിലെ യോഹന്നാൻ 98
36. പൊസിദോണിയൂസ് 103
37. സറാപിയോൻ 105
38. എവാഗ്രിയൂസ് 111
39. പിയോർ 116
40. അപ്രേം 118
41. വിശുദ്ധ സ്ത്രീകൾ 119
42. ജൂലിയൻ 121
43. അദോളിയൂസ് 121
44. ഇന്നസെൻറ് 122
45. ഫിലൊറോമൂസ് 124
46. മെലാനിയ (1) 125
47. ക്രോണിയൂസും പഫ്നൂസ്യൂസും 127
48. എൽപീദിയൂസ് 133
49. സിസിന്നിയൂസ് 134
50. ഗദ്ദാനെസ് 134
51. ഏലിയാസ് 135
52. സാബാസ് 135
53. അബ്രാമിയൂസ് 135

www.malankaralibrary.com



| | | |
|---|---|---|
| 54. | മെലാനിയ (2) | 136 |
| 55. | സിൽവാനിയ | 138 |
| 56. | ഒളിംപിയാസ് | 140 |
| 57. | കാൻഡിഡായും ജലാസിയായും | 140 |
| 58. | ആൻറിനോയിലെ സന്യാസികം | 141 |
| 59. | അമ്മ താലീസും താവോറും | 143 |
| 60. | ഒരു കന്യകയും വി. കൊള്ളൂത്തൂസും | 144 |
| 61. | ഇളയ മെലാനിയാ | 145 |
| 62. | പമ്മാക്കിയൂസ് | 147 |
| 63. | അത്തനാസ്യോസും യുവതിയും | 148 |
| 64. | ജൂലിയാനാ | 150 |
| 65. | ഹിപ്പോളിററസ് | 150 |
| 66. | വേത്രൂസ് | 152 |
| 67. | മാഗ്നാ | 152 |
| 68. | ദയാലുവായ സന്യാസി | 153 |
| 69. | ഒരു സന്യാസിനി | 154 |
| 70. | ദുരാരോപിതനായ വായനക്കാരൻ | 155 |
| 71. | ഈ ഗ്രന്ഥകാരൻ | 157 |

---

*ചുരുക്കെഴുത്തുകളുടെ പൂർണ്ണരൂപം:*

സഭാ = സഭാചരിത്രം

പാഷ = പാഷണ്ഡതകൾ

*ഗ്രന്ഥസൂചിക*

R. T. Meyer, Palladius: The Lausiac History, London, 1965 (Acw: 34); മലയാളവിവർത്തനം ഈ ഗ്രന്ഥത്തെ ആധാരമാക്കിയാണ്.

www.malankaralibrary.com

# ഒരു വാക്ക്

ഈജിപ്തിലെ സന്യാസപ്രസ്ഥാന ചരിത്രകർത്താക്കളിൽ ഗണനീയരായി രണ്ടുപേരാണുള്ളത്: വി. അത്തനാസ്യോസ് (+ 373), പല്ലാഡിയൂസ് (4/5 നൂററാണ്ട്). ''വി. അന്തോണിയോസിൻെറ ജീവചരിത്രം'' എഴുതി സന്യാസപ്രസ്ഥാനത്തെ സംപുഷ്ടമാക്കിയ ആളാണ് അത്തനാസ്യോസ്; 'ലൗസിയാക് ചരിത്രം' എന്ന പേരിൽ അറിയപ്പെടുന്ന 'സന്യാസ ചരിത്ര'ത്തിലൂടെ പല്ലാഡിയൂസ് വിഖ്യാതനായിത്തീർന്നു. തിയഡോഷ്യസ് രണ്ടാമൻ ചക്രവർത്തിയുടെ ചേംബർലൈനായ ലൗസൂസിന് സമർപ്പിച്ചിരിക്കുന്നതിനാൽ ലൗസിയാക് ചരിത്രം എന്ന് ഇതറിയപ്പെടുന്നു.

## പല്ലാഡിയുസ്–വ്യക്തി

എവാഗ്രിയൂസിൻെറ ശിഷ്യനായിരുന്നു പല്ലാഡിയൂസ്. 363/4 ൽ ഗലാത്യയിൽ ജനിച്ചു; ക്ലാസ്സിക്കൽ സാഹിത്യത്തിൽ ഉറച്ച വിദ്യാഭ്യാസം സമ്പാദിച്ചശേഷം സന്യാസജീവിതത്തിന് ഇറങ്ങിത്തിരിച്ചു. 23–ാം വയസ്സിൽ ഒലിവുമലയിൽ ഇന്നസെൻറ് എന്ന താപസൻെറ ശിഷ്യനായിത്തീർന്നു (താഴെ അദ്ധ്യായം 44:1; 48:2 കാണുക). കുറേനാൾ യറീഹോസ്റ്റുടത്ത് എൽപീദിയൂസുമൊത്ത് താമസിച്ചു. 388 ൽ ഈജിപ്തിലെത്തി. ഇസിദോർ എന്ന വൈദികൻ ഈജിപ്ഷ്യൻ സന്യാസത്തിൻെറ പ്രാരംഭപാഠങ്ങൾ അലക്സാണ്ഡ്റിയായിൽ വച്ചു നല്കി. ഒരു വർഷത്തിനുശേഷം ഡൊറോത്തെവൂസ് എന്ന സന്യാസിയെ ഏല്പിച്ചു. നൊവിഷ്യേററ് രീതിയിലുള്ള പരിശീലനത്തിനത്രേ ഇപ്രകാരം ഏല്പിച്ചത്. 390 ൽ നിത്രിയയിലുള്ള സന്യാസികളുടെ പക്കലേക്കു അവിടെനിന്ന് ചെല്ലിയായിലേക്കും പോയി. ചെല്ലിയായിൽ ആദ്യം മക്കാരിയൂസുമൊത്തും പിന്നീട് എവാഗ്രിയൂസുമൊത്തും ഒൻപതുവർഷം താമസിച്ചു. ആരോഗ്യം തകരാറിലായപ്പോൾ ആദ്യം അലക്സാണ്ഡ്റിയായിലേക്കും പിന്നീട് പലസ്തീനായിലേക്കും പോയി. 400–ാമാണ്ടിൽ ബിഥീനിയായിലേക്കുപോയ പല്ലാഡിയൂസ് ഹെലേനോപ്പൊലീസിലെ മെത്രാനായി നിയമിതനായി. 403–ലെ ഓക്സിനഡിൽ ജോൺക്രിസോസ്റ്റോമിനുവേണ്ടി വാദിക്കാൻ പല്ലാഡിയൂസ് കൽക്കദോൻെറ

www.malankaralibrary.com



സ്വയംനിഗ്രഹത്തിന്റെയും ശുദ്ധതയുടെയും കിരീടം അണിയുവാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് ദൃഷ്ടാന്തങ്ങളും മാതൃകകളും ആയി ശുദ്ധവും പൂർണ്ണവുമായ നിയോഗത്തോടുകൂടി മഹത്തരവും ശ്രേഷ്ഠതരവുമായ താപസകർമ്മങ്ങൾ അനുഷ്ഠിച്ചവരാണ് അവർ.

2. അതിശ്രേഷ്ഠനായ ഒരു വ്യക്തിയുടെ നിർദ്ദേശത്താലാണ് ഇതു് വിരചിതമായതു്. എന്റെ അഭിപ്രായത്തിൽ അദ്ദേഹം അഗാധപണ്ഡിതനും ശാന്തപ്രകൃതനും ഹൃദയത്തിലും മനസ്സിലും മതാത്മകചിന്തയുള്ളവനും പാവപ്പെട്ടവരോട് അനുകമ്പയുള്ളവനുമായിരുന്നു. വളരെ ബഹുമാന്യനായ ഈ വ്യക്തി, തന്റെ സദ്ഗുണങ്ങളാൽ മഹാന്മാരുടെ ഇടയിൽ ശ്രേഷ്ഠനായി കരുതപ്പെട്ടിരുന്നു. ദൈവികാരുപിയുടെ ശക്തിയാൽ പ്രേരിതനായ ഈ വ്യക്തിയാണ് നമ്മെ ഈ കാര്യത്തിനു് പ്രേരിപ്പിച്ചതു്. അഥവാ നമ്മുടെ അലസമനസ്സിനെ ഉന്നതമായ കാര്യങ്ങൾ ധ്യാനിക്കുന്നതിലേയ്ക്കു് ഉത്തേജിപ്പിച്ചതു് അദ്ദേഹമാണ്. തങ്ങളുടെ ശരീരത്തെ കീഴ്പ്പെടുത്തിക്കൊണ്ടു് ദൈവത്തിനു് പ്രീതികരമായ ജീവിതം നയിച്ചവരും വിശുദ്ധരും അമർത്യരുമായ ആത്മീയ പിതാക്കന്മാരെ അനുകരിക്കുവാനും അവരുടെ സന്യാസസുകൃതങ്ങളെ ഉല്ലംഘിക്കുവാനും നമ്മെ പ്രേരിപ്പിച്ചതു് യഥാർത്ഥത്തിൽ അദ്ദേഹമാണ്.

3. അജയ്യരായ ഈ യോദ്ധാക്കളുടെ ജീവചരിത്രം എഴുതി അതുവഴി വിശുദ്ധരും മഹനീയരുമായ ഓരോരുത്തരുടെയും വിശുദ്ധസുകൃതങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ടു് ഈ കൃതി ഞാൻ അദ്ദേഹത്തിനു് സമർപ്പിക്കുന്നു. ഉത്തമ വ്യക്തിയും ഭക്തവും ആത്മീയവുമായ തീക്ഷ്ണതയെ സ്നേഹിക്കുന്നവനുമായ ലൗസൂസ് അല്ലാതെ മററാരുമല്ല ഈ വ്യക്തി. ദൈവാനുഗ്രഹത്താൽ, നമ്മുടെ വിശുദ്ധവും ബഹുമാന്യവുമായ സാമ്രാജ്യത്തിന്റെ കാവല്ക്കാരനായി അദ്ദേഹം നിയമിക്കപ്പെട്ടിരിക്കുന്നു.

4. ഞാൻ ഭാഷാനിപുണനല്ല. ആത്മീയ കാര്യങ്ങളെപ്പററി എനിക്കു വളരെ കുറച്ചു് അറിവേയുള്ളു. അതുകൊണ്ടു് വിശുദ്ധരായ ആദ്ധ്യാത്മിക പിതാക്കന്മാരെപ്പററി വിവരിക്കുവാൻ ഞാൻ അശക്തനാണെന്നു് എനിക്കു തോന്നി; ഈ സംരംഭത്തിന്റെ ഔന്നത്യം എന്നെ ഭയപ്പെടുത്തി. ആദ്ധ്യാത്മികവും ലൗകികവുമായ വിജ്ഞാനം ആവശ്യപ്പെടുന്ന കല്പനയാൽ ഞാൻ അത്യധികം ആശങ്കാകുലനായി. എന്നാൽ ഈ സംരംഭത്തിനു് എന്നെ പ്രേരിപ്പിച്ച വ്യക്തിയുടെ തീക്ഷ്ണമായ സുകൃതത്തെക്കുറിച്ചു് എനിക്കു് ആദ്യമായി തന്നെ അത്യഗാധമായ മതിപ്പാണുള്ളതു്. രണ്ടാമതായി, ഈ വിവരണം വായിക്കുന്നവരുടെ പ്രയോജനത്തെപ്പററി ഞാൻ ചിന്തിച്ചു. കൂടാതെ, ഞാൻ

www.malankaralibrary.com



ഇതു് ചെയ്യാതിരുന്നാൽ ഉണ്ടാകാവുന്ന അപകടത്തെപ്പററിയും ഞാൻ ഭയപ്പെട്ടു. അതുകൊണ്ടു് ദൈവപരിപാലനയിൽ ആശ്രയിച്ചുകൊണ്ടു് വളരെ താല്പര്യപൂർവ്വം ഈ ശ്രേഷ്ഠകർമ്മത്തിൽ ഞാൻ ഏർപ്പെട്ടു. വിശുദ്ധ പിതാക്കന്മാരുടെ മദ്ധ്യസ്ഥതയാകുന്ന ചിറകുകൾ ഉപയോഗിച്ചു് മല്ലരംഗങ്ങളിലെ പോരാട്ടങ്ങളിൽ ഞാൻ കടന്നുചെന്നു. കഠിനമായ താപസജീവിതത്തിൽ പ്രശസ്തരായ പുരുഷന്മാരുടെയും, ശ്രേഷ്ഠവും മഹനീയവുമായ ജീവിതം നയിച്ച വിശുദ്ധരായ കുലീനസ്ത്രീകളുടെയും, ശ്രേഷ്ഠയോദ്ധാക്കളുടെയും മഹാന്മാരുടെയും എടുത്തുകാണിക്കത്തക്ക താപസകർമ്മങ്ങളും അത്ഭുതങ്ങളും ചുരുക്കമായി ഞാൻ വിവരിക്കുന്നു.

5. പോരാട്ടങ്ങളിൽ പൂർണ്ണരാക്കപ്പെട്ടവരുടെ ബഹുമാന്യവും ഭക്തിജന്യവുമായ മുഖകമലം കാണുവാൻ എനിക്കു് ഭാഗ്യം ലഭിച്ചു. ക്രിസ്തുവിന്റെ ദിവ്യപ്രചോദിതരായ പടയാളികളിൽനിന്നു് അവരുടെ സ്വർഗ്ഗീയ ജീവിതരീതിയെപ്പററി ഞാൻ ഗ്രഹിച്ചു. ഞാൻ പദയാത്ര ചെയ്തു് സന്യാസികളുടെ ഓരോ ഗുഹയിലും ഓരോ മുറിയിലും കൃത്യമായും ഭക്തോദ്ദേശ്യത്തോടുകൂടിയും നോക്കി. ഞാൻ കണ്ട ചില സംഗതികളും വിശുദ്ധപിതാക്കന്മാരിൽനിന്നു് കേട്ട വിവരണങ്ങളും ഞാൻ എഴുതി. ക്രിസ്തുവിലുള്ള പ്രത്യാശയിൽ പോരാട്ടം നടത്തിയ മഹാന്മാരുടെയും, പേരു സൂചിപ്പിക്കുന്നതിനേക്കാൾ സ്വഭാവത്തിൽ പുരുഷന്മാരെപ്പോലെ വ്യാപരിച്ച മഹതികളുടെയും വിവരണങ്ങൾ ഈ ഗ്രന്ഥത്തിലുണ്ടു്. ഈ ദിവ്യരുടെ വിവരണം നീ കേൾക്കുവാൻ വേണ്ടി ഇതു് നിനക്കു ഞാൻ അയയ്ക്കുന്നു. ദൈവത്തെ സ്നേഹിക്കുന്നവരിൽ ശ്രേഷ്ഠരായവരുടെ ആഭരണമാണു നീ. ഏററം വിശ്വസ്തവും ദൈവാനുഗ്രഹം ലഭിച്ചതുമായ സാമ്രാജ്യത്തിന്റെ മഹത്വമാണു നീ. കുലീനനും ക്രിസ്തുസ്നേഹിതനും ആയ ദൈവദാസാ, ലൗസൂസ്, സ്ത്രീപുരുഷന്മാരായി ക്രിസ്തുവിന്റെ ഓരോ പടയാളിയുടെയും മഹനീയനാമം എന്റെ എളിയ കഴിവനുസരിച്ചു് ഏററം ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തിയിരിക്കുന്നു. അവരുടെ പോരാട്ടങ്ങളിൽ ചിലതു മാത്രമേ ഞാൻ രേഖപ്പെടുത്തിയിട്ടുള്ളു. എന്നാൽ മിക്കപ്പോഴും അവരുടെ കുടുംബം, പട്ടണം, ആശ്രമസ്ഥലം എന്നിവയും ചേർത്തിട്ടുണ്ടു്.

6. അത്യുന്നതസുകൃതം ഉന്നം വച്ചെങ്കിലും അഹങ്കാരത്തിന്റെ മാതാവായ വൃഥാഭിമാനത്താൽ നരകത്തിന്റെ അഗാധഗർത്തത്തിലേയ്ക്കു് വലിച്ചു താഴ്ത്തപ്പെട്ടവരെയും നാം അനുസ്മരിച്ചിട്ടുണ്ടു്. അവരഭിലഷിച്ച താപസസ്സപൂർണ്ണതയും അതിനുവേണ്ടി ചെയ്ത സുദീർഘകർമ്മങ്ങളും, പോരാട്ടങ്ങളും അഹ

www.malankaralibrary.com


കാരത്താലും സ്വാർത്ഥസ്നേഹത്താലും ഒരു നിമിഷംകൊണ്ട് നഷ്ടമായി. എന്നാൽ നമ്മുടെ രക്ഷകൻെറ കൃപയാലും വിശുദ്ധ പിതാക്കന്മാരുടെ ശ്രദ്ധയാലും ആത്മീയസ്നേഹിതരുടെ സ്നേഹം നിറഞ്ഞ പെരുമാററത്താലും പിശാചിൻെറ കെണികളിൽ നിന്ന് അവർ വിടുവിക്കപ്പെടുകയും വിശുദ്ധരുടെ പ്രാർത്ഥനകളാൽ, നേരത്തേയുള്ള അവരുടെ സുകൃതജീവിതം അവർക്ക് തിരികെ കിട്ടുകയും ചെയ്യും.

## മെത്രാനായ പല്ലാഡിയൂസ് രാജകീയ ചേംബർലെയിനായ ലൗസൂസിനെഴുതിയ കത്ത്

1. നിൻെറ തീരുമാനത്തിന് നിനക്ക ഞാൻ വിജയം ആശംസിക്കുന്നു. ശുഭാശംസകളോടെ ഞാൻ ഈ കത്താരംഭിക്കുന്നത് യുക്തമാണ്. മററുള്ളവർ വ്യർത്ഥസംഗതികൾ അനുകരിക്കുകയും സന്തുഷ്ടരാകുവാൻ പര്യാപ്തമല്ലാത്ത കല്ലുകൾ കൊണ്ട് പണിയുകയും ചെയ്യുമ്പോൾ, യഥാർത്ഥത്തിലുള്ള മാനസികോൽകൃഷ്ടതയ്ക്ക് ഉതകുന്ന വാക്കുകളാൽ പ്രബോധിപ്പിക്കപ്പെടുവാൻ നീ ആഗ്രഹിക്കുന്നു. എല്ലാററിൻേറയും ദൈവത്തെ ആരും പഠിപ്പിക്കുന്നില്ല. കാരണം, അവിടുന്ന് സ്വയം സ്ഥിതനാണ്. തനിക്ക മുമ്പ് യാതൊരു യാഥാർത്ഥ്യവും ഇല്ല. മററുള്ളവയെല്ലാം സൃഷ്ടിക്കപ്പെട്ടവയും ഉണ്ടാക്കപ്പെട്ടവയും ആകയാൽ അവയെല്ലാം പ്രബോധനത്തിന് വിധേയമാണ്. ആദ്യപദവിയിലുള്ള ജീവികൾ അത്യുന്നത ത്രിത്വത്തിൽനിന്ന് പ്രബോധനം സ്വീകരിക്കുന്നു; രണ്ടാം പദവിയിലുള്ളവ ഒന്നാമത്തേതിൽ നിന്നും മൂന്നാമത്തവ രണ്ടാമത്തേതിൽ നിന്നും, അങ്ങനെ അവസാനത്തവ വരെ പോകുന്നു. വിജ്ഞാനത്തിലും സുകൃതത്തിലും ഉന്നതപടിയിലുള്ളവർ താഴ്ന്ന പടിയിലുള്ളവരെ പഠിപ്പിക്കുന്നു.

2. തങ്ങൾക്ക് പ്രബോധകനെ ആവശ്യമില്ലെന്ന് ചിന്തിക്കുന്നവരും സ്നേഹത്തിൻെറ പാതയിൽ തങ്ങളെ അഭ്യസിപ്പിച്ചവരെ വിശ്വസിക്കാത്തവരും ഗർഹണീയമായ അഹന്തയുടെ മാതാവായ അജ്ഞത എന്ന രോഗത്താൽ അലട്ടപ്പെടുന്നു. സ്വർഗ്ഗീയപാതയിൽ നിന്നു വീണ പിശാചുക്കൾ, അവർക്കുമുമ്പേ നാശപാതയിലൂടെ പോകുന്നു. ഈ പിശാചുക്കൾ തങ്ങളുടെ സ്വർഗ്ഗീയ ഗുരുവിനെ ഉപേക്ഷിച്ച് അന്തരീക്ഷത്തിൽ പറന്നു നടക്കുന്നു. വാക്കുകളും ശബ്ദങ്ങളും പ്രബോധനമാകില്ല. ചിലപ്പോൾ ഇതൊക്കെയുള്ളവർ കടുത്ത ദുഷ്പേരുള്ളവരായിരിക്കും. സൽപ്രവൃത്തികളുള്ള ജീവിതത്തിലും പീഡകരിൽനിന്നുള്ള സ്വാതന്ത്ര്യത്തിലും ഭയമില്ലായ്മയിലും ഭാവഭേദമില്ലായ്മയി

 www.malankaralibrary.com 

ലുമാണ് പ്രബോധനം അടങ്ങിയിരിക്കുന്നത്. അഗ്നിജ്വാല കരം പോലുള്ള വാക്കുകരം പുറപ്പെടുവിക്കുന്ന നിർഭയത്വവും ഇതോടുകൂടി ചേർക്കപ്പെടുന്നു.

3. ഇതു് ഇപ്രകാരം അല്ലായിരുന്നു എങ്കിൽ ''ഞാൻ ശാന്തനും വിനീതഹൃദയനുമാകയാൽ എന്നിൽ നിന്ന് പഠിക്കു വിൻ'' എന്നു് മഹാഗുരു തന്റെ ശിഷ്യരോട് പറയുകയില്ലാ യിരുന്നു. അവരെ പഠിപ്പിച്ചപ്പോരം ഭാഷയുടെ ഔൽകൃഷ്ട്യത്തി ലല്ല അവിടുന്നു ശ്രദ്ധിച്ചത്. പിന്നെയോ അവരുടെ സ്വഭാവ രൂപീകരണത്തിലത്രേ. വചനത്തേയും പ്രബോധകരേയും വെറുത്തവക്ക് മാത്രം അവിടുന്നു ദുഃഖകാരണമായി. ദൈവിക പദ്ധതിയനുസരിച്ച് പ്രവൎത്തിക്കുവാൻ പരിശീലിപ്പിക്കപ്പെട്ട ആത്മാവ് ഒന്നുകിൽ തനിക്ക് അറിയാൻപാടില്ലാത്തവ വിശ്വ സ്തതാപൂർവ്വം പഠിക്കണം. അല്ലെങ്കിൽ തനിക്കറിയാവുന്നവ വ്യക്തമായി പഠിപ്പിക്കണം. കഴിവുണ്ടായിരുന്നിട്ടും ഇതിനു രണ്ടിനും തയ്യാറല്ലെങ്കിൽ അതിന് ചിത്തഭ്രമമാണ്. കാരണം തികഞ്ഞ അറിവുണ്ടായിരുന്നിട്ടും വചനത്തെ കാംക്ഷിക്കാതി രിക്കുന്നതു് വിശ്വാസത്യാഗത്തിന്റെ ആരംഭമാണ്. ദൈവസ്നേ ഹമുള്ള ആത്മാവു് വചനത്തിനായി ദാഹിക്കുന്നു. ധൈര്യമായി രിക്കുക, ശക്തി സംഭരിക്കുക, പൗരുഷത്തോടെ പെരുമാറുക. ക്രിസ്തുവിന്റെ അറിവിൽ വ്യാപരിക്കുന്നതിനു് ദൈവം കൃപ നല്കട്ടെ.

# മുഖവുര

1. നിരവധി എഴുത്തുകാർ വിവിധ സംഗതികളെക്കു റിച്ച് വിവിധ രീതികളിലുള്ള കൃതികരം രചിച്ച് തങ്ങളുടെ കാലഘട്ടങ്ങരംക്ക് സംഭാവന ചെയ്തിട്ടുണ്ട്. മുകളിൽ നിന്നു് ലഭിച്ച ദൈവകൃപയുടെ പ്രചോദനമനുസരിച്ച്, ശ്രദ്ധനിയോ ഗത്തോടുകൂടി രക്ഷകന്റെ പ്രബോധനങ്ങളെ അനുധാവനം ചെ യ്യുന്നവരുടെ സന്മാർഗ്ഗികസ്ഥൈര്യം സുരക്ഷിതത്വത്തിനും വേണ്ടി ചി ലർ എഴുതിയിട്ടുണ്ട്. മററു ചിലർ മനുഷ്യരെ പ്രസാദിപ്പിക്കാ നുള്ള അമിതാഗ്രഹത്താൽ പ്രേരിതരായി അതിരുകടക്കുകയും, വ്യർത്ഥാഭിമാനത്തിന്റെ പിന്നാലെ പരക്കംപായുന്നവരെ അതിൽതന്നെ നിലനിർത്തുവാനായി തെററായ ലക്ഷ്യത്തോടു കൂടി എഴുതുകയും ചെയ്യുന്നു. വേറേ ചിലരാകട്ടെ, ഒരുവക ചിത്തഭ്രമത്താൽ പ്രേരിതരാകുകയും എല്ലാ നന്മയേയും വെറുക്കു ന്ന പൈശാചിക ശക്തിയാൽ പ്രേരിപ്പിക്കപ്പെട്ടു് അന്ധരായി, വ്യക്തികളുടെ മനസ്സിനെ വിശുദ്ധ ജീവിതപന്ഥാവിനോടുള്ള

www.malankaralibrary.com


എതിപ്പിലേക്ക് തിരിച്ച് വിട്ടുകൊണ്ട് നിസ്സാരരായ മനുഷ്യരുടെ നാശത്തിനായി, കത്തോലിക്കാസഭയുടെ മാലിന്യരഹിതമായ പരിശുദ്ധിയെ കടന്നാക്രമിക്കുകയും ചെയ്യുന്നു.

2. ശ്രേഷ്ഠനായ അങ്ങയുടെ ആദ്ധ്യാത്മിക പുരോഗതിക്കു വേണ്ടി അങ്ങയുടെ കല്പന അനുസരിക്കാൻ എളിയ ദാസനായ ഞാൻ തീരുമാനിച്ചു. ഏററം വിജ്ഞാന ദാഹിയായ മനുഷ്യാ, എന്റെ അനുഭവത്തിന്റെ ഒരു സമ്പൂർണ്ണ വിവരണം നിന്റെ മുമ്പാകെ വയ്ക്കുവാൻ ഞാൻ തീരുമാനിച്ചു. ഞാൻ സഹോദരന്മാരുടെ കൂട്ടത്തിലും ഏകാന്ത ജീവിതത്തിലും ആയിട്ട് 33-ാം വർഷവും, മെത്രാനായിട്ട് 20—ാം വർഷവും ആയി. എനിക്കിപ്പോൾ 56 വയസ്സായി.

ഞാൻ കണ്ടതും ഞാൻ കേട്ടതുമായി ഈജിപ്ത് മരുഭൂമി, ലിബിയ, തേബായ്ഡ്, സിയേനേ എന്നിവിടങ്ങളിലെ സ്ത്രീകളും പുരുഷന്മാരുമായ ഏകാന്തവാസ സന്യാസശ്രേഷ്ഠരുടെ ചരിത്രം നീ ആവശ്യപ്പെട്ടല്ലോ. അതുപോലെ തബെന്നെസി, മെസൊപ്പൊട്ടേമിയ, പലസ്തീനാ, സിറിയാ, പടിഞ്ഞാറ് റോം, കമ്പാനിയ, അതിനു ചുററുമുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഉള്ളവരുടെയും ചരിത്രവുമുണ്ട്.

3. ഈ വിവരണം മറവിക്കെതിരെയുള്ള നിരന്തര മരുന്നും നിന്റെ ആത്മാവിന്റെ നന്മയ്ക്കുവേണ്ടിയുള്ള വിശുദ്ധമായ അനുസ്മരണാവസ്ഥവും ആയിരിക്കട്ടെ. അർത്ഥശൂന്യമായ ആഗ്രഹങ്ങൾ, തീരുമാനമെടുക്കാൻ സാധിക്കാതെ വരിക, അത്യാവശ്യ കാര്യങ്ങളിലുള്ള ശ്രദ്ധയില്ലായ്മ എന്നിവയിൽ നിന്ന് ഉടലെടുക്കുന്ന മന്ദത തുടങ്ങിയവ നീക്കിക്കളയാൻ ഇത് സഹായിക്കട്ടെ. നിന്റെ സംശയമനഃസ്ഥിതിയിൽ നിന്നും ഹീനവാസനകളിൽ നിന്നും ഇത് നിന്നെ വിടുവിക്കട്ടെ. നിന്റെ വികാരക്ഷോഭം, ക്രമരാഹിത്യം, ഗർവ്വ്, കാരണം കൂടാതെയുള്ള ഭീതി എന്നിവ നിന്നിൽ നിന്ന് അകററട്ടെ. ഇത് നിന്റെ അടങ്ങാത്ത ആഗ്രഹത്തെയും, ഭക്ഷോദ്ദേശ്യത്തെയും മെച്ചപ്പെടുത്തട്ടെ. നിനക്കും നിന്നോടുകൂടിയുള്ള നിന്റെ കീഴുദ്യോഗസ്ഥന്മാരും നിന്റെ ഭരണാധിപന്മാരുമായ എല്ലാവർക്കും വഴികാട്ടി ആയിരിക്കട്ടെ. ക്രിസ്തുവിനെ സ്നേഹിക്കുന്നവരെല്ലാവരും ഓരോ ദിവസവും ആത്മാവിന്റെ മുക്തിക്കുവേണ്ടി ചെയ്യുന്ന സൽപ്രവൃത്തികൾ വഴി ദൈവവുമായി ഐക്യപ്പെടുവാൻ തിടുക്കം കൂട്ടുന്നു.

4. ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "അഴിഞ്ഞുപോകുകയും ക്രിസ്തുവിനോടുകൂടി ആയിരിക്കുകയും ചെയ്യുന്നത് നല്ല

 www.malankaralibrary.com 

താകുന്നു'' (ഫിലി. 1:23). വീണ്ടും, ''ആദ്യം പുറത്തെ ജോലികൾ ക്രമപ്പെടുത്തുക. ശ്രദ്ധാപൂർവ്വം നിന്റെ നിലം ഉഴുക'' (സുഭാ-24:27). ഒഴിഞ്ഞു മാറുവാനോ മാററിവെയ്ക്കുവാനോ സാധിക്കാത്ത ഒന്നാണ് മരണം എന്ന് എപ്പോഴും ചിന്തിക്കുന്നവൻ അധികം വഴിതെററാൻ ഇടയില്ല. വഴികാട്ടലിനുള്ള നിർദ്ദേശങ്ങളെ സംബന്ധിച്ച് അവന് വഴിതെററില്ല. എന്റെ പരുപരുത്തതും അപരിഷ്കൃതവുമായ സംസാരരീതിയെ അവൻ അപഹസിക്കുകയില്ല. പണ്ഡിതോചിതമായി സംസാരിക്കുകയല്ല ദൈവികപ്രബോധനത്തിന്റെ ലക്ഷ്യം. പിന്നെയോ, സത്യത്തിന്റെ അറിവിലേയ്ക്ക് മനസ്സിനെ നയിക്കുക എന്നുള്ളതാണ്. ''ദൈവവചനത്തിനായി നിന്റെ വായ് തുറക്കുക'' (സുഭാ. 31:8). വീണ്ടും, ''പ്രായമുള്ളവരും വിജ്ഞാനികളുമായ ആളുകളുടെ പ്രബോധനത്തെ നിരസിക്കരുത്; പിന്നെയോ, അവരുടെ പഴഞ്ചൊല്ലുകളുമായി പരിചയപ്പെടുക'' (പ്രഭാ. 8:9).

5. അതുകൊണ്ട് ദിവ്യവിജ്ഞാനപ്രേമീ, ഞാൻ ഭാഗികമായി ഈ പഴഞ്ചൊല്ലനുസരിച്ച് അനേകം വിശുദ്ധരെ കണ്ടുമുട്ടി. കൃത്യമായ കണക്കൊന്നും എന്റെ പക്കൽ ഇല്ലെങ്കിലും 30 ദിവസംകൊണ്ടോ, അതിന്റെ ഇരട്ടികൊണ്ടോ ദൈവസഹായത്താൽ റോമാക്കാരുടെ പ്രദേശം മുഴുവൻ സഞ്ചരിച്ചു. ദൈവസ്നേഹത്താൽ നിറഞ്ഞവനായ ഒരു വ്യക്തിയെ കണ്ടെത്തുവാനും എനിക്കു കുറവുള്ളവ സമ്പാദിക്കുവാനും വഴിയാത്രയുടെ ക്ലേശങ്ങളെല്ലാം ഞാൻ സന്തോഷത്തോടെ സ്വീകരിച്ചു.

6. ജീവിതവഴിയിലും വിജ്ഞാനത്തിലും മനസ്സാക്ഷിയിലും എന്റെ വഴികാട്ടി ആയിരുന്നു പൗലോസ്. അദ്ദേഹം പത്രോസിനേയും, യാക്കോബിനേയും കാണുവാനായി തർസോസിൽ നിന്ന് യൂദയായിലേയ്ക്ക് യാത്ര ചെയ്തു. ''ഞാൻ പത്രോസിനെ കാണുവാൻ യറുശലേമിലേക്കു പോയി'' എന്നു പറഞ്ഞുകൊണ്ട് ഇതിനെ ഒരു ഫലകത്തിൽ എഴുതി ആത്മപ്രശംസ ചെയ്യുന്നു (ഗലാ. 1:18). സ്വയം സംതൃപ്തിയിലും അലസതയിലും ജീവിച്ചവർക്ക് മാതൃകയായി അദ്ദേഹം തന്റെ ബുദ്ധിമുട്ടുകൾ വിവരിക്കുന്നു. പത്രോസിന്റെ സുകൃതത്തെപ്പററി കേട്ടതുകൊണ്ടുമാത്രം അദ്ദേഹം തൃപ്തനായില്ല. പിന്നെയോ പത്രോസുമായി അഭിമുഖസംഭാഷണം നടത്താൻ അദ്ദേഹം അഭിലഷിച്ചു. അതുപോലെ പ്രവർത്തിച്ചതിന് ഞാൻ പതിനായിരം താലന്തുകൾ കടപ്പെട്ടിട്ടില്ല എന്നതു് വലിയ കാര്യമല്ലേ! അവർക്ക് എന്തെങ്കിലും നന്മ ചെയ്യുന്നതിലുപരി എന്നെത്തന്നെ സഹായിക്കുന്നതിനാണ് ഞാൻ യാത്രചെയ്തത്.

 www.malankaralibrary.com 

7. അബ്രഹാം മുതലുള്ള പിൻതുടർച്ചയിൽപ്പെട്ട മോശ, ഏലിയാവ്, യോഹന്നാൻ ആദിയായ പിതാക്കന്മാരുടെ ജീവചരിത്രം എഴുതിയവർപോലും അവരെ മഹത്വപ്പെടുത്താനല്ല, അവരുടെ വായനക്കാർക്ക വേണ്ടിയാണ് എഴുതിയിട്ടുള്ളതു്. അതുകൊണ്ടു് ക്രിസ്തുവിന്റെ ഏററം വിശ്വസ്തദാസനായ ലൗസൂസ്, ഇതേപ്പററി കരുതലുള്ളവനായിരിക്കുക. നിനക്കുവേണ്ടി മുൻകരുതലെടുത്ത, നിന്റെ ഭക്തമനസ്സിനെ സംരക്ഷിക്കുവാനായി പ്രവർത്തിക്കുന്ന, എന്റെ അത്ഥശൂന്യതയെ സഹിക്കുക. ദൃശ്യവും അദൃശ്യവുമായ ബഹുവിധ ദുഷ്പ്രേരണകരംക്കു് സ്വഭാവത്താലെ നിന്റെ മനസ്സു് വശഗതമാകയാൽ നിരന്തര പ്രാത്ഥനാസഹായംകൊണ്ടും ആത്മരക്ഷയിലുള്ള താല്പര്യം കൊണ്ടും മാത്രമേ നിന്റെ ആത്മാവിനു് വിശ്രാന്തി ലഭിക്കു.

8. അനേകം സഹോദരന്മാർ തങ്ങളുടെ അദ്ധ്വാനങ്ങളിലും ദാനധമ്മങ്ങളിലും പ്രശംസിക്കുകയും തങ്ങളുടെ ബ്രഹ്മചര്യത്തേയും കന്യാത്വത്തെയുംപററി വീമ്പടിക്കുകയും ചെയ്തിട്ടുണ്ടു്. ദൈവികപ്രവചനങ്ങളും തീക്ഷ്ണതയുള്ള പ്രവൃത്തികളും അനുസരിച്ചു് അവക്കു് വലിയ ആത്മവിശ്വാസമുണ്ടു്. എങ്കിലും അവർ സ്വസ്ഥതയുള്ള ഒരവസ്ഥയിൽ എത്തിച്ചേന്നില്ല. ആവശ്യമായ അന്വേഷണം കൂടാതെ അവർ തെററായ അനുമാനത്തിൽ എത്തിച്ചേരുകയും സ്വസ്ഥതയില്ലാത്ത ജീവിതത്താൽ രോഗഗ്രസ്തരാവുകയും ചെയ്തു. നിന്റെ പ്രവത്തനങ്ങളിൽ നീ ജിജ്ഞാസുവാണ്. അതു ദുഷ്പ്രവൃത്തികളിലേയ്ക്കു് നയിക്കുന്നു. നേടിയെടുത്ത സദ്ഫലങ്ങരംക്കു് അതു പ്രതികൂലമാണ്.

9. മനുഷ്യനായി പെരുമാറാൻ ഞാൻ നിന്നോടു അപേക്ഷിക്കുന്നു. ധനം സമ്പാദിച്ചു കൂട്ടരുതു്. ആവശ്യക്കാക്കു് വിഭജിച്ചു കൊടുത്തുകൊണ്ടു് നീ തന്നെ സ്വന്തമായി നിന്റെ ധനം കുറയ്ക്കുകയും അങ്ങനെ ഈ പ്രമാണം അനുസരിക്കുകയുമായിരുന്നല്ലോ. ഇതൊരു സുകൃതകമ്മം ആയിരുന്നു. മനുഷ്യരുടെ പ്രശംസ ലഭിക്കുവാൻ വേണ്ടിമാത്രം, പൂണ്ണമായ പരിഗണന കൂടാതെയോ, പെട്ടെന്നുള്ള വികാരത്തള്ളലാലോ നിന്റെ സ്വതന്ത്രമനസ്സിനെ ഒരു ശപഥവുമായി നീ ബന്ധിച്ചില്ല. ചില ആളുകരം പ്രതികാരേച്ഛയാലും മഹത്വം കാംക്ഷിച്ചും ഇപ്രകാരം ചെയ്തിട്ടുണ്ടു്. ഭക്ഷിക്കുകയോ പാനംചെയ്യുകയോ ചെയ്യുകയില്ലെന്ന ശപഥത്താൽ അവരുടെ സ്വതന്ത്രമനസ്സിനെ അവർ ബന്ധിച്ചു. യഥാത്ഥത്തിൽ ദയാർഹരായ ഇക്കൂട്ടർ പഴയ ജീവിതാശയിലേയ്ക്കും ആത്മീയമന്ദതയിലേയ്ക്കും മോഹങ്ങളിലേയ്ക്കും വീണ്ടും വീണ്ടും വഴുതിവീണ് മുൻകാല ചെയ്തികളോടു് പുതിയ ദൈവദൂഷണങ്ങരം കൂട്ടിച്ചേക്കുന്നു. നീ മിതമായി ഭക്ഷിച്ചു് ബുദ്ധിപൂവ്വം സ്വയം നിയന്ത്രിക്കുന്നെങ്കിൽ പാപം ചെയ്യുന്നില്ല.

www.malankaralibrary.com

10. നമ്മുടെ വികാരങ്ങളിൽ ദൈവികത്വത്തിലുള്ള ഭാഗ ഭാഗിത്വമാണ് ബുദ്ധി. അത് ദോഷകരമായവയെ പുറം തള്ളുന്നു. സഹായകരമായതിനെ സ്വീകരിക്കുന്നു. കാരണം, നിയമം നീതിമാന്മാർക്കുവേണ്ടി ഉണ്ടാക്കപ്പെട്ടതല്ല (1തിമോ. 1:9). ബുദ്ധിയോടുകൂടി വീഞ്ഞുകുടിക്കുന്നത്, ക്രോധത്തോടു കൂടി വെള്ളം കുടിക്കുന്നതിലും മെച്ചമാണ്. വേണ്ടത്ര നിയന്ത്ര ണത്തോടുകൂടി വീഞ്ഞ് കുടിക്കുന്ന വിശുദ്ധരായ മനുഷ്യരെ ശ്രദ്ധിക്കുക. ഒരു നിയന്ത്രണവും കൂടാതെ വെള്ളം കുടിക്കുന്ന ദുഷിച്ച മനുഷ്യരെ നോക്കുക. ഒരു വസ്തുവിനെയും പ്രകീർത്തിക്കു കയോ കുററപ്പെടുത്തുകയോ ചെയ്യേണ്ടതില്ല. നന്നായിട്ടോ ചീത്തയായിട്ടോ ആ വസ്തു ഉപയോഗിക്കുന്നവരുടെ ഉദ്ദേശ്യ ത്തെയാണ് ഭാഗ്യപൂർണ്ണമെന്നോ ഭാഗ്യഹീനമെന്നോ വിളിക്കേ ണ്ടത്. യൗസേപ്പ് ഒരിക്കൽ ഈജിപ്തിൽ വച്ച് വീഞ്ഞു കുടിച്ചു (ഉല്പ. 43:34). എന്നാൽ അവൻെറ മനസ്സിൽ തിന്മയി ല്ലായിരുന്നു. കാരണം, അവൻ അവൻെറ വിചാരങ്ങളെ നിയ ന്ത്രിച്ചു.

11. പിത്തഗോറസ്, ദിയോജനസ്, പ്ലേറേറാ എന്നി വരും തത്വജ്ഞാനികളായ വലിയ ഒരു സൈന്യവ്യൂഹവും വെള്ളം കുടിച്ചു. എന്നാൽ ദൈവത്തെ മറന്ന് ബിംബങ്ങൾക്ക് ആരാധന അർപ്പിച്ചതിനാൽ അവർ വളരെയധികം വ്യർത്ഥാഭി മാനികളും ദുഷിച്ചവരും ആയിത്തീർന്നു. പത്രോസിൻെറ കൂടെ യുണ്ടായിരുന്നവരും വീഞ്ഞു കുടിച്ചിരുന്നു. രക്ഷകനായ അവ രുടെ ഗുരു തന്നെയും ഇതിനാൽ ആക്ഷേപിക്കപ്പെട്ടു. ''യോഹ ന്നാൻെറ ശിഷ്യർ ഉപവസിക്കുന്നതുപോലെ നിൻെറ ശിഷ്യ ന്മാർ എന്തുകൊണ്ടാണ് ഉപവസിക്കാത്തത്'' എന്ന് യഹൂദ ന്മാർ അവനോടു ചോദിക്കുകയുണ്ടായി (മാർക്കോ. 2:18). വീണ്ടും, യഹൂദന്മാർ യേശുവിൻെറ ശിഷ്യന്മാരെ ആക്ഷേപിച്ചു കൊണ്ടു പറഞ്ഞു: ''നിങ്ങളുടെ ഗുരു ചുങ്കക്കാരോടും പാപി കളോടുംകൂടെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നു'' (മത്താ. 9:11). അപ്പവും വെള്ളവും ഉപയോഗിച്ചതിനായിരി ക്കുകയില്ല, പിന്നെയോ, പാചകം ചെയ്ത ആഹാരത്തിനും വീഞ്ഞിനും ആണ് അവർ അവനെ കുററപ്പെടുത്തിയതെന്ന് വ്യക്തമാണല്ലോ.

12. വെള്ളം കുടിക്കുന്നതിനെ ശ്ലാഘിക്കുകയും വീഞ്ഞു കുടിക്കുന്നതിൽ തെററ് കണ്ടെത്തുകയും ചെയ്തവരോട് രക്ഷകൻ പറഞ്ഞു: ''യോഹന്നാൻ ഭക്ഷിക്കാത്തവനും കുടിക്കാത്തവനുമാ യി നീതിപാതയിൽവന്നു'' (മത്താ. 21: 32). - വ്യക്തമായി മാംസവും വീഞ്ഞുമാണ് ഉദ്ദേശിച്ചത്. ഒന്നും ഭക്ഷിക്കാതെയും

www.malankaralibrary.com


കുടിക്കാതെയും അദ്ദേഹത്തിന്ന് ജീവിക്കുവാൻ സാധിക്കുകയി ല്ലല്ലോ- ''അവന്ന് പിശാചുണ്ട് എന്ന് അവർ പറയുന്നു. മനുഷ്യ പുത്രൻ ഭക്ഷിക്കുന്നവനും കുടിക്കുന്നവനുമായി വന്നു. ഇതാ, ഭോജനപ്രിയനും ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതനും എന്ന് അവർ പറയുന്നു'' (മത്താ. 11:18-19). അദ്ദേഹത്തിന്റെ ഭക്ഷണവും പാനീയവും നിമിത്തമാണ് അവരിങ്ങനെ പറ ഞ്ഞത്. അപ്പോഠം നാം എന്തു് ചെയ്യണം? കുററം കണ്ടുപിടി ക്കുന്നവരെയോ പ്രശംസിക്കുന്നവരെയോ നമുക്ക് അനുധാവനം ചെയ്യേണ്ട. 'അവക്ക് പിശാചുണ്ട്'' എന്ന് ജനങ്ങഠം പറ ഞ്ഞാലും യോഹന്നാനോടുകൂടി മിതമായി നമുക്ക് ഉപവ സിക്കാം. ''ഇതാ ഭോജനപ്രിയരും വീഞ്ഞു കുടിയരും'' എന്നു ജനങ്ങഠം പറഞ്ഞാലും ശരീരത്തിനാവശ്യമെങ്കിൽ ഈശോയോടുകൂടി നമുക്ക് വീഞ്ഞ് കുടിക്കാം.

13. യഥാർത്ഥത്തിൽ, ഭക്ഷിക്കുന്നതോ, ഭക്ഷിക്കാതിരിക്കു ന്നതോ ഒന്നും കാര്യമല്ല. പിന്നെയോ, സ്നേഹത്തിൽ ചെയ്യുന്ന പ്രവൃത്തികഠം ഉള്ള വിശ്വാസമത്രേ കാര്യമായിട്ടുള്ളത്. വിശ്വാ സത്തോടുകൂടിയ പ്രവൃത്തിയാണെങ്കിൽ ആ വിശ്വാസത്തോടു കൂടി ഭക്ഷിക്കുകയോ കുടിക്കുകയോ ചെയ്താൽ അവൻ വിധിക്ക പ്പെടുന്നില്ല. ''വിശ്വാസത്തിൽ നിന്നു് അല്ലാത്തതെല്ലാം പാപ മാകുന്നു'' (റോമ. 14:23). തനിക്ക് വിശ്വാസത്തിൽ ഭാഗഭാ ഗിത്വം ഉണ്ടെന്നോ, അർത്ഥശൂന്യമായ ആത്മവിശ്വാസത്തോടു കൂടിയോ ദുഷിച്ച മനഃസ്ഥിതിയോടു കൂടിയോ മററെന്തെങ്കിലും ചെയ്യുന്നുവെന്നോ ആ പാപികളിലാരെങ്കിലും പറയുന്നതിനു് രക്ഷകൻ ഈ കല്പന തന്നിട്ടുണ്ട് :''അവരുടെ ഫലങ്ങളാൽ നിങ്ങഠംക്ക് അവരെ അറിയാം'' (മത്താ. 7:16). ബുദ്ധി യോടും ജ്ഞാനത്തോടുംകൂടി തങ്ങളുടെ ജീവിതം നയിക്കുന്നവ രുടെ ഫലങ്ങഠം, ''സ്നേഹം, സന്തോഷം, സമാധാനം, ക്ഷമ, ദയ, നന്മ, സൗമ്യത'' എന്നിവയാണെന്ന് ദിവ്യ അപ്പസ്തോ ലൻ സാക്ഷിക്കുന്നു (ഗലാ. 5:22).

14. ആത്മാവിന്റെ ഫലം ഇപ്രകാരവും ഇങ്ങനെയും ആണെന്നു് പൗലോസ് തന്നെയും പറയുന്നു. ഇത്തരം ഫല ങ്ങഠം ആഗ്രഹിക്കുന്നവർ അമിതമായോ അലക്ഷ്യമായോ അസ മയത്തോ മാംസം ഭക്ഷിക്കാറില്ല. അപ്രകാരം വീഞ്ഞു കുടി ക്കാറുമില്ല. തെററായ മനസ്സാക്ഷി വച്ചുപുലർത്താറുമില്ല. ''അഭ്യാസം നേടാൻ ആഗ്രഹിക്കുന്നവർ എല്ലാ കാര്യങ്ങളിലും ആത്മനിയന്ത്രണം പാലിക്കുന്നു'' എന്നു് പൗലോസ് പറഞ്ഞി ട്ടുണ്ട് (1 കൊറി. 9:25). ആരോഗ്യമുള്ളപ്പോഠം ശരീരം കൊഴു ക്കുന്നു; ഭക്ഷണങ്ങഠം ഉപേക്ഷിക്കുന്നു. എന്നാൽ വേദന

www.malankaralibrary.com


കൊണ്ടോ, ദുഃഖംകൊണ്ടോ രോഗഗ്രസ്തരാകുമ്പോൾ സൗഖ്യം പ്രാപിക്കുവാൻ മനുഷ്യർ മരുന്നായി ഭക്ഷണപാനീയങ്ങൾ ഉപയോഗിക്കുന്നു. കോപം, പക, വ്യർത്ഥാഭിമാനം, പരദൂഷണം, അനാവശ്യമായ സംശയങ്ങൾ തുടങ്ങി ആത്മാവിനു് ദോഷം ചെയ്യുന്നവയിൽ നിന്നു്, കർത്താവിനു നന്ദിപറഞ്ഞുകൊണ്ടു് അവൻ ഒഴിഞ്ഞുമാറുന്നു.

15. ഇതു് നന്നായി ചർച്ച ചെയ്യുതിനാൽ നിൻെറ വിജ്ഞാനദാഹത്തിനു് ഞാൻ മറെറാരു സമാശ്വാസം പ്രദാനം ചെയ്യാം. നിനക്ക് ഒരു ഗുണവും ചെയ്യാത്തവരും സത്യവിശ്വാസികളാണെങ്കിലും അപരിചിതമായ രീതിയിൽ വസ്ത്രധാരണം ചെയ്യുന്നവരും പ്രത്യേകമായി പാഷണ്ഡികളായി കണ്ടുമുട്ടുന്നവരും ആയവരിൽനിന്നു് കഴിവുള്ളിടത്തോളം ഒഴിഞ്ഞുമാറുക. അവർ തങ്ങളുടെ കപടഭക്തികൊണ്ടു് നിനക്ക് ഉപദ്രവം മാത്രമേ ചെയ്യൂ. തങ്ങളുടെ നരച്ച തലയും മുഖച്ചുളിവുകളും കൊണ്ടു് വന്ദ്യവയോധികരാണ് തങ്ങളെന്നു് അവർ നടിക്കുന്നു. നിൻെറ സ്വാഭാവിക കലീനത്വം നിമിത്തം അവരിൽ നിന്നു് നിനക്കു് ഉപദ്രവം ഉണ്ടായില്ലെങ്കിൽ തന്നെയും കുറഞ്ഞ പക്ഷം നീ അഹങ്കാരപ്രമത്തനായി അവരെ കളിയാക്കുകയും അതു നിനക്കു് ദോഷകരമായി തീരുകയും ചെയ്യും. തെളിഞ്ഞ ജാലകത്തിനടുത്തേയ്ക്കു പോയി വിശുദ്ധരായ സ്ത്രീപുരുഷന്മാരുമായുള്ള സംസർഗ്ഗം തേടുക. ചെറിയ അക്ഷരത്തിലെഴുതിയ ഗ്രന്ഥം ജനലിങ്കൽ നന്നായി കാണാവുന്നതുപോലെ നിനക്ക് നിൻെറ ഹൃദയം വ്യക്തമായി അപ്പോൾ കാണാൻ സാധിക്കും. നിൻെറ നിഷ്ക്രിയത്വവും അശ്രദ്ധയും കാണുവാൻ ഈ താരതമ്യം സഹായിക്കും.

16. നരബാധിച്ച അവരുടെ മുഖശോഭയും അവരുടെ വസ്ത്രധാരണ രീതിയും ഗർവ്വില്ലാത്ത സംസാരവും ഭക്തി നിറഞ്ഞ അവരുടെ ഭാഷയും—ഇത്രം അവരുടെ വിചാരങ്ങളിലുള്ള കൃപയും—നീ ആത്മീയ ശുഷ്കതയാൽ ക്ലേശിക്കുകയാണെങ്കിൽപോലും നിൻെറ ശക്തി വർദ്ധിപ്പിക്കും. ഒരു മനുഷ്യൻെറ നടപ്പും വസ്ത്രധാരണ രീതിയും അവൻെറ ചിരിയും അവനാരാണെന്നു് കാട്ടുന്നു എന്നു് വിജ്ഞാനം പറയുന്നു (പ്രഭാ. 19:27).

ഞാൻ എൻെറ വിവരണം തുടങ്ങുന്നു. നഗരങ്ങളിലോ ഗ്രാമങ്ങളിലോ മരുഭൂമിയിലോ ഉള്ള ആരെയും പരാമർശിക്കാതെ ഞാൻ വിട്ടുകളയുന്നില്ല. കാരണം അവർ താമസിച്ചിരുന്ന സ്ഥലത്തെപ്പററിയല്ല നാം പരിഗണിക്കുന്നതു്. പിന്നെയോ അവരുടെ ജീവിതരീതിയത്രേ അന്വേഷിക്കുന്നതു്.

www.malankaralibrary.com


# 1. ഇസിദോർ

1. ക്രിസ്തുവിലുള്ള ഉറച്ച വിശ്വാസം നിമിത്തം ഇപ്പോൾ മാലാഖമാരോടുകൂടി വസിക്കുന്ന മഹാനായ തിയഡോഷ്യസ് ചക്രവർത്തിയുടെ രണ്ടാം കോൺസുളേററു കാലത്ത്[1] ഞാൻ ആദ്യം അലക്സാൺഡ്രിയായിൽ വന്നപ്പോൾ ഒരു ശ്രേഷ്ഠ വ്യക്തിയെ അവിടെ കാണാനിടയായി. പരിപൂർണ്ണത പ്രാപിച്ച വനും അലക്സാൺഡ്രിയായിലെ ആതിഥേയനും ആയ ഇസിദോർ ആയിരുന്നു അത്[2]. അദ്ദേഹം തന്റെ യൗവ്വനത്തിലെ ആദ്യപോരാട്ടങ്ങൾ മരുഭൂമിയിൽ നടത്തിയെന്ന് അദ്ദേഹത്തെപ്പററി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. നിത്രിയൻ മലകളിൽ[3] അദ്ദേഹത്തിന്റെ വാസസ്ഥലം ഞാൻ കണ്ടിട്ടുണ്ട്. അദ്ദേഹത്തിന് എഴുപതു വയസ്സുചെന്ന് വൃദ്ധനായപ്പോഴാണ് ഞാൻ അദ്ദേഹത്തെ കണ്ടത്. തന്റെ ശാന്തമായ മരണത്തിനുമുമ്പ് പതിനഞ്ചുവർഷം കൂടി അദ്ദേഹം ജീവിച്ചു.

2. തന്റെ ജീവിതാന്ത്യംവരെ ഒരു തലപ്പാവല്ലാതെ ഒന്നാംതരം വസ്ത്രങ്ങളൊന്നും അദ്ദേഹം അണിഞ്ഞിരുന്നില്ല. അദ്ദേഹം കുളിക്കുകയാകട്ടെ,[4] മാംസം ഭക്ഷിക്കുകയാകട്ടെ ചെയ്തിരുന്നില്ല. ദൈവകൃപയാൽ തന്റെ പാവപ്പെട്ട ശരീരത്തെ ശിക്ഷണത്തിൽ നിലനിത്തുവാൻ അദ്ദേഹത്തിനു സാധിച്ചു. എന്നാൽ അദ്ദേഹത്തെ അടുത്തറിയാത്തവർ ധരിച്ചിരുന്നത് അദ്ദേഹം വലിയ സുഖസമൃദ്ധിയിൽ ജീവിച്ചിരുന്നു എന്നത്രേ. അദ്ദേഹത്തിന്റെ സുകൃതങ്ങളുടെ നീണ്ട വിവരണം നല്ലണമെങ്കിൽ വളരെയധികം സമയം വേണ്ടിവരും. അദ്ദേഹം വലിയ ദയാലുവും ശാന്തനുമായിരുന്നു. അവിശ്വാസികളായ

---

1 തിയഡോഷ്യസ് (379–395)

2 സൊക്രാട്ടസ് (സഭാ. 6: 9). സൊസൊമൻ (സഭാ. 8:2); തിയഡൊറെററ്, (സഭാ. 4:21).

3 നൈൽ നദിയുടെ ഏററം പടിഞ്ഞാറുള്ള കൈവഴിയിൽ നിന്ന് 35 മൈൽ പടിഞ്ഞാറ്, അലക്സാണ്ഡ്രിയയ്ക്കു തെക്കുള്ള മരുഭൂപ്രദേശമാണ് നിത്രിയാ. 'നിത്രിയൻ മരുഭൂമി' എന്നോ, നിത്രിയൻ 'മല' എന്നോ 'ഓറോസ്'' എന്ന ഗ്രീക്കുവാക്കു് വിവർത്തനം ചെയ്യാം.

4 റോമൻ സാമ്രാജ്യത്തിൽ പൊതു കുളിസ്ഥലങ്ങൾ പണിതീർത്തിരുന്നു. അവ അസന്മാർഗ്ഗികതയുടെ കേളീരംഗങ്ങളായിരുന്നു. ക്രൈസ്തവർ അത്തരം സ്ഥലങ്ങളിൽ നിന്ന് അകന്നു ജീവിച്ചു. പാപാവസരങ്ങളേക്കാൾ ശാരീരിക മാലിന്യം ക്രൈസ്തവർ ഇഷ്ടപ്പെട്ടു.

www.malankaralibrary.com



ശത്രുക്കാപോലും അദ്ദേഹത്തിന്റെ ശ്രേഷ്ഠത നിമിത്തം അദ്ദേഹത്തിന്റെ നിഴലിനെപ്പോലും ബഹുമാനിച്ചിരുന്നു.

3. വി. ലിഖിതങ്ങളിലും ദിവ്യ പ്രബോധനങ്ങളിലും അദ്ദേഹത്തിനു് ആഴമായ അറിവുണ്ടായിരുന്നു. സഹോദരന്മാരുടെ ഭക്ഷണസമയത്തും അദ്ദേഹത്തിന്റെ ചിന്ത ഉന്നതകാര്യങ്ങളിൽ വ്യാപരിച്ചിരുന്നു. തനിക്കുണ്ടായ ദിവ്യദർശനത്തിന്റെ സാഹചര്യം വിവരിക്കുവാൻ അദ്ദേഹത്തിനു പലപ്പോഴും കഴിഞ്ഞിരുന്നില്ല. ''ഒരു ദർശനത്തിലെന്നവണ്ണം ആരോ എന്നെ തട്ടിക്കൊണ്ടുപോയി; ഞാൻ ചിന്തയിൽ ബഹുദൂരം സഞ്ചരിച്ചു'' എന്നു് അദ്ദേഹം പറയുമായിരുന്നു. ഭക്ഷണസമയത്തു് അദ്ദേഹം കരയുക പതിവായിരുന്നു. കണ്ണുനീരിന്റെ കാരണമാരായുമ്പോൾ അദ്ദേഹം പറയുമായിരുന്നു: ''മൃഗീയഭക്ഷണം കഴിക്കുന്നതിൽ ഞാൻ ലജ്ജിക്കുന്നു. ഞാനൊരു ബുദ്ധിജീവിയാണു്; ക്രിസ്തു പ്രദാനംചെയ്തു ശക്തികൊണ്ടു് ഞാൻ സുഖങ്ങളുടെ പറുദീസായിൽ ആയിരിക്കേണ്ടതാണു്.''

4. ആദ്യം അത്തനാസ്യോസിന്റെ കൂടെയും[5] പിന്നെ ദിമെത്രിയോസ് മെത്രാന്റെ കൂടെയും[6] റോമിൽ വന്നപ്പോൾ അദ്ദേഹം റോമൻ സെനററംഗങ്ങളുമായും മഹാന്മാരുടെ ഭാര്യമാരുമായും പരിചയപ്പെട്ടിരുന്നു. അദ്ദേഹം വലിയ ധനവാനും അതുപോലെ ഉദാരശീലനുമായിരുന്നു. തന്റെ മരണസമയത്തു് ഒരു വിൽപ്പത്രവും എഴുതിവച്ചില്ല. കന്യകകളായ തന്റെ സഹോദരിമാർക്കു് പണമോ സ്വത്തുക്കളോ നീക്കിവച്ചുമില്ല; മറിച്ചു്, ഇപ്രകാരം പറഞ്ഞുകൊണ്ടു് അവരെ ക്രിസ്തുവിനേല്പിച്ചു: ''എന്റെ ജീവിതം ദൈവം ക്രമീകരിച്ചതുപോലെ, നിങ്ങളെ സൃഷ്ടിച്ചവൻ നിങ്ങളുടെ ജീവിതവും ക്രമീകരിക്കും.'' തന്റെ സഹോദരിമാരോടു കൂടെ എഴുപതു കന്യകകളുടെ ഒരു സമൂഹം ഉണ്ടായിരുന്നു.

---

5 ക്രി. വ. 340-ൽ അത്തനാസ്യോസ് തന്റെ രണ്ടാമത്തെ വിപ്രവാസം റോമിൽ ചെലവഴിച്ചു. അപ്പോൾ ഇസിദോർ അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. (സൊക്രാട്ടസ്, സഭാ. 4: 23).

6 ഗലാത്യയിലെ പെസ്സീനസിലെ മെത്രാനായ ദിമെത്രിയസ് ആയിരിക്കാം; അദ്ദേഹം വിശുദ്ധ ജോൺ ക്രിസോസ്തോമിന്റെ ഒരുത്തമ സുഹൃത്തും സഹായിയുമായിരുന്നു.

www.malankaralibrary.com


5. ഞാൻ ഒരു യുവാവായിരിക്കുമ്പോഴാണ് അദ്ദേഹത്തെ സന്ദർശിച്ചത്. ഏകാന്തജീവിതത്തിൽ എന്നെ പരിശീലിപ്പിക്കണമെന്ന് ഞാൻ അദ്ദേഹത്തോടപേക്ഷിച്ചു. യുവത്വത്തിന്റെ പ്രസരിപ്പിന്റെ ആ കാലത്ത് എനിക്ക് പ്രബോധനങ്ങളേക്കാൾ കഠിനമായ ശാരീരികാദ്ധ്വാനമാണ് ആവശ്യമായിരുന്നത്. കുതിരക്കുട്ടിയെ നിയന്ത്രിക്കുന്ന നല്ലൊരു യോദ്ധാവിനെപ്പോലെ അദ്ദേഹം എന്നെ പട്ടണത്തിൽനിന്ന് അഞ്ചുമൈൽ[7] അകലെയുള്ള ഏകാന്തതയിലേക്ക് ആനയിച്ചു.

## 2. ദൊറോത്തെവൂസ്

1. ഇസിദോർ എന്നെ ദൊറോത്തേവൂസിനെ ഏല്പിച്ചു.[8] അറുപതുവർഷം ഒരു ഗുഹയിൽ താമസിച്ച ഒരു വൻതാപസനായിരുന്ന ദൊറോത്തെവൂസ്. എന്റെ വികാരങ്ങളെ നിയന്ത്രിച്ചുകൊണ്ട് മൂന്നുവർഷം മുഴുവൻ അവിടെ താമസിക്കാൻ ഇസിദോർ എന്നോട് ആജ്ഞാപിച്ചു. എന്നാൽ ആദ്ധ്യാത്മിക പരിശീലനാർത്ഥം തിരികെ ചെല്ലാൻ അദ്ദേഹം പിന്നീട് നിർദ്ദേശിച്ചു; കാരണം, ദൊറോത്തെവൂസ് കഠിനതാപസജീവിതമാണു നയിച്ചിരുന്നതെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. ഞാൻ രോഗഗ്രസ്തനായിത്തീർന്നതിനാൽ മുഴുവൻ കാലാവധിയും അവിടെ പാർക്കുവാൻ കഴിഞ്ഞില്ല; മൂന്നുവർഷം പൂർത്തിയാകുന്നതിനുമുമ്പ് ഞാൻ അവിടം വിട്ടു. ദൊറോത്തെവൂസിന്റെ ജീവിതം കഠിനവും പരമദരിദ്രവുമായിരുന്നു.

2. പൊള്ളുന്ന വെയിലിൽ ദിവസംമുഴുവൻ അദ്ദേഹം കടൽത്തീരത്തുള്ള മണൽത്തിട്ടിൽനിന്ന് കല്ലുകൾ ശേഖരിക്കുകയും സ്വന്തമായി, താപസ്സഭവനം പണിയുവാൻ കഴിവില്ലാത്തവർക്ക് അവ പണിയിച്ചു കൊടുക്കുകയും ചെയ്യുക പതിവാക്കിയിരുന്നു. അങ്ങനെ ഓരോവർഷവും അദ്ദേഹം ഓരോന്ന് തീർത്തിരുന്നു. ''ഇത്രവലിയ ചൂടിൽ ശരീരത്തെ കൊന്നുകൊണ്ട് പിതാവേ, അങ്ങ് എന്താണ് ഈ ചെയ്യുന്നത്?'' എന്നു ഞാൻ ചോദിച്ചു. ''അതെന്നെ കൊല്ലുന്നു; ഞാൻ അതിനെ കൊല്ലും'' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ആറ്

---

7 ഒരു റോമൻ മൈൽ ഏകദേശം 5000 അടിയാണ്.

8 'ദൊറോത്തെവൂസ്'' എന്നു പേരുള്ള രണ്ട് അദ്ധ്യക്ഷന്മാരെപ്പററി പല്ലാഡിയൂസ് പറയുന്നു; ഇവിടെയും അദ്ധ്യായം മുപ്പതിലും. സൊസൊമെൻ, സഭാ. 6:29-ൽ ഈ ചരിത്രം ഉദ്ധരിക്കുന്നു. പല്ലാഡിയൂസ്, അദ്ധ്യായം 58:2-ൽ മറെറാരു ദൊറോത്തെവൂസിനെപ്പററിയും ചർച്ചചെയ്യുന്നു.

www.malankaralibrary.com



ഔൺസ് റൊട്ടി, വളരെകുറച്ച് സസ്യങ്ങൾ, അതനുസരിച്ചുള്ള ജലം–ഇത്രയുമായിരുന്നു അദ്ദേഹത്തിന്റെ ആഹാരക്രമം. അദ്ദേഹം കാൽനിവർത്തി ഇരിക്കുന്നതായോ, പായിലോ, കിടക്കയിലോ കിടക്കുന്നതായിട്ടോ ഞാനൊരിക്കലും കണ്ടിട്ടില്ല. പിന്നെയോ രാത്രിമുഴുവൻ തന്റെ സന്ധാരണത്തിനുവേണ്ടി കുത്തിയിരുന്ന് പനയിലകൊണ്ട് ഒരുതരം കയർപിരിക്കുക ആയിരുന്നു പതിവ്. അതിന് ദൈവമാണ് എന്റെ സാക്ഷി.

3. എന്നെ പ്രതിയാണ് അദ്ദേഹം ഇപ്രകാരം ചെയ്യതെന്ന് എനിക്ക് സംശയം തോന്നിയപ്പോൾ, ഏകാന്തജീവിതം നയിക്കുന്ന അദ്ദേഹത്തിന്റെ ശിഷ്യന്മാരോട് ഇതെപ്പററി ഞാനാരാഞ്ഞു. യൗവനാരംഭം മുതൽ ഇത് അദ്ദേഹത്തിന്റെ പതിവായിരുന്നുവെന്ന് പിന്നീട് എനിക്ക മനസ്സിലായി. അദ്ദേഹം ഒരിക്കലും ഉറങ്ങാൻ കിടന്നിട്ടില്ല. ജോലിചെയ്യുമ്പോഴോ, ഭക്ഷിക്കുമ്പോഴോ ഉറക്കം വന്ന് അദ്ദേഹം കണ്ണുകൾ അടയ്ക്കാറുണ്ട്. ചിലപ്പോൾ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ക്ഷീണം കൊണ്ട് ഭക്ഷണം താഴെ പോകാറുണ്ട്. ഒരിക്കൽ ഒരു കോരപ്പുൽപായിൽ വിശ്രമിക്കുവാൻ ഞാൻ നിർദ്ദേശിച്ചപ്പോൾ ദുഃഖവിവശനായി അദ്ദേഹം പറയുകയുണ്ടായി: "മാലാഖമാരെ വിശ്രമിക്കുന്നതിന് പ്രേരിപ്പിക്കുവാൻ സാധിക്കുമെങ്കിൽ ഒരു പക്ഷേ ഈ മനുഷ്യനെ പ്രേരിപ്പിക്കുവാൻ സാധിച്ചേക്കും".

4. മറെറാരവസരം, കുടിക്കാൻ ഒരുകുടം വെള്ളം കൊണ്ടുവരുവാൻ ഒൻപതാം മണി സമയത്ത് ജലസംഭരണിയിലേയ്ക്ക് അദ്ദേഹം എന്നെ പറഞ്ഞുവിട്ടു. ഞാൻ അവിടെ ചെന്നപ്പോൾ കിണററിനകത്ത് ഉഗ്രവിഷമുള്ള ഒരു പാമ്പിനെ കണ്ടു. വെള്ളം കോരാതെ തിരിച്ചുവന്ന് ഞാൻ അദ്ദേഹത്തോടു പറഞ്ഞു. "പിതാവേ, നാം നശിക്കുന്നു. ഞാൻ കിണററിൽ ഒരു പാമ്പിനെ കണ്ടു." എന്നാൽ അദ്ദേഹം എന്നെ നോക്കി തല കുലുക്കിചിരിച്ചുകൊണ്ട് പറഞ്ഞു: "പിശാച് പാമ്പിന്റേയോ ആമയുടേയോ രൂപമെടുത്ത് എല്ലാ കിണററിലും വന്നുകിടന്നാൽ നാം എന്നും ദാഹിച്ചിരിക്കുമോ?" അദ്ദേഹം തന്നെ പോയി കിണററിൽ നിന്ന് വെള്ളം കോരി കുടിച്ചു. അദ്ദേഹം പറഞ്ഞു: "കുരിശുള്ളിടത്ത് എല്ലാ തിന്മയുടേയും അടിസ്ഥാനം ഇളകുന്നു."[9]

9. 'അദ്ദേഹം വെള്ളത്തിൽ കുരിശു വരച്ചു' എന്ന് സുറിയാനി പാഠഭേദം.

www.malankaralibrary.com


## 3. പൊത്താമിയേന

1. നേരത്തെ സൂചിപ്പിച്ച വിശുദ്ധ ഇസിദോർ ഭാഗ്യവാനായ അന്തോണിയോസിനെ സന്ദർശിച്ചയാളാണ്. അന്തോണിയിൽ നിന്നു് അദ്ദേഹം കേട്ട ഈ സംഭവം എന്നോട് പറയുകയുണ്ടായി. അതു് രേഖപ്പെടുത്തേണ്ടതാണെന്നു് തോന്നുന്നു. പൊത്താമിയേന എന്ന കൃപനിറഞ്ഞ ഒരു യുവതിയെ സംബന്ധിച്ചതാണിതു്: പീഡകനായ മാക്സിമിയൻെറ കാലത്തു്[10] ആരുടെയോ ഒരു അടിമയായിരുന്നു അവൾ. അവളെ വശീകരിക്കാൻ അവളുടെ യജമാനൻ നിരന്തരം തീക്ഷ്ണമായി ശ്രമിച്ചെങ്കിലും സാധിച്ചില്ല.

2. അവസാനം കോപാക്രാന്തനായ അയാൾ അവളെ അലക്സാണ്ഡ്റിയൻ നഗരാധിപനെ ഏല്പിച്ചു: അവൾ ഒരു ക്രിസ്ത്യാനിയാണെന്നും പീഡനങ്ങൾമൂലം അന്നത്തെ സ്ഥിതിവിശേഷത്തെയും ചക്രവർത്തിയെയും ദൂഷണം പറയുന്നവളാണെന്നും അയാൾ കുററാരോപണം നടത്തി. ''എൻെറ ഹിതത്തിനു വഴങ്ങാമെന്നു സമ്മതിച്ചാൽ അവളെ ശിക്ഷിക്കരുതു്'' എന്നുപറഞ്ഞു് അയാൾ അയാൾക്ക് കൈക്കൂലിയും കൊടുത്തു. ''എന്നാൽ അവൾ തൻെറ ധീരസുകൃതത്തിൽ ഉറച്ചു നിന്നാൽ അവളെ എല്ലാവിധ പീഡനങ്ങൾക്കും വിധേയയാക്കണം; അവൾ ജീവിച്ചിരുന്നു് എൻെറ ഭോഗാസക്തി പരസ്യമാക്കുകയും കളിയാക്കാൻ ഇടവരുത്തുകയും അരുതു്.''

3. അവൾ ന്യായാധിപൻെറ മുമ്പാകെ ആനീതയാക്കപ്പെട്ടു.[11] ബഹുവിധ പീഡനോപകരണങ്ങൾ കാട്ടി അവളെ ഭയപ്പെടുത്താൻ ശ്രമിച്ചു. അതിലൊന്നു് ഒരു വലിയ കുട്ടകമായിരുന്നു. അതിൽ ടാർ നിറച്ചു് അതു് തിളപ്പിക്കാൻ ന്യായാധിപൻ കല്പനകൊടുത്തു. ടാറുരുകി തീപിടിക്കാറായപ്പോൾ

---

10 ഡയോക്ലീഷനോട് കൂടി (284—305) അഗസ്ററസ് എന്ന നിലയിൽ മാക്സിമിയൻ പാശ്ചാത്യ റോമാസാമ്രാജ്യം ഭരിച്ചു. 'ക്രി. വ. 203/4 ലാണ് പൊത്തേമിയാന രക്തസാക്ഷിയായതു്'' എന്ന എവുസേബിയസിൻെറ പരാമർശം (സഭാ. 6:5) ശരിയല്ല.

11 അകിലാ എന്നാണ് ജഡ്ജിയുടെ പേരു് എന്ന് എവുസേബിയസ് പറയുന്നു (അതേ സ്ഥലം). മരണത്തിനു വിധിക്കപ്പെട്ട പൊത്തേമിയാനയെ ബസിലിദെസ് എന്ന പട്ടാളക്കാരൻെറ കാവലിൽ ആക്കി, മരിച്ചുകഴിഞ്ഞ് മൂന്നാംനാൾ അവൾ ആ പട്ടാളക്കാരനു കാണപ്പെട്ടു. അയാൾ ക്രിസ്ത്യാനിയായി; അധികനാൾ കഴിയുന്നതിനുമുമ്പ് രക്തസാക്ഷിയായി മരിച്ചു.

www.malankaralibrary.com



ന്യായാധിപൻ അവളോട് പറഞ്ഞു, "ഒന്നുകിൽ തിരികെപ്പോയി നിൻെറ യജമാനൻെറ ഹിതത്തിനു കീഴ്‌വഴങ്ങുക: അല്ലെങ്കിൽ ഈ കുട്ടകത്തിൽ മുക്കി നിന്നെ കൊല്ലാൻ ഞാൻ ഉത്തരവിടുമെന്നു് ഗ്രഹിക്കുക". അവളാകട്ടെ മറുപടി പറഞ്ഞു: "ദുഷ്ടമന്ത്രങ്ങൾക്കു് വിധേയയാകാൻ പ്രേരിപ്പിക്കുന്ന മററൊരു ന്യായാധിപനും ഉണ്ടാകാതിരിക്കട്ടെ."

4. ക്രുദ്ധനായ അയാൾ അവളുടെ വസ്ത്രമുരിഞ്ഞശേഷം കുട്ടകത്തിൽ മുക്കാൻ കല്പന നല്കി. അവൾ കൈയുയർത്തി വിളിച്ചുപറഞ്ഞു: "നീ ഭയപ്പെടുന്ന രാജാവിൻെറ ശിരസ്സിനെ കൊണ്ടു്[12] ഞാൻ നിന്നോട് അപേക്ഷിക്കുന്നു. എന്നെ ശിക്ഷിക്കാൻ നീയാഗ്രഹിക്കുന്നുവെങ്കിൽ സാവധാനത്തിൽ കുട്ടകത്തിലേയ്ക്കു് എന്നെ ഇറക്കാൻ കല്പിക്കുക. നീ അറിയാത്ത ക്രിസ്തു എനിക്കു നല്കിയ സഹനശക്തി ഗ്രഹിക്കാൻ നിനക്കു സാധിക്കും." ഒരു മണിക്കൂർകൊണ്ടു് സാവധാനം അവളെ താഴേയ്ക്കിറക്കി; ടാർ അവളുടെ കഴുത്തററമായപ്പോഴേയ്ക്കും അവൾ മരിച്ചു.

## 4. ദിദീമൂസ്

1. അലക്സാണ്ഡ്റിയൻ സഭയിൽ പരിപൂർണ്ണരാക്കപ്പെട്ട നിരവധി സ്ത്രീപുരുഷന്മാർ സൗമ്യരുടെ ഭൂമിക്കർഹരായിരുന്നു.[13] ഇവരിലൊരുവനാണ് അന്ധനായ ദിദീമൂസ്.[14] പത്തുവർഷങ്ങൾക്കിടയിൽ പല അവസരങ്ങളിലായി നാലു് പ്രാവശ്യം ഞാൻ അദ്ദേഹത്തെ സന്ദർശിച്ചു. അദ്ദേഹം 85-ാം വയസ്സിൽ മരിച്ചു; കണ്ണിനു് കാഴ്ചയില്ലാത്തവനായിരുന്നു അദ്ദേഹം.

---

12 മത്താ. 5:36 കാണുക; രാജശിരസ്സുകൊണ്ടു് ശപഥം ചെയ്യുന്ന പതിവ് ലത്തീൻ സാഹിത്യം ധാരാളമായി സൂചിപ്പിക്കുന്നു.

13 മത്താ. 5:4; സങ്കീ. 36 11

14 അന്ധനെന്നു് അറിയപ്പെട്ടിരുന്ന ദിദീമൂസ് 313-ൽ ജനിച്ചു. നാലാം വയസ്സിൽ അദ്ദേഹത്തിന് കാഴ്ച നഷ്ടപ്പെട്ടെന്ന് പല്ലാഡിയൂസ് പറയുന്നു. അന്ധനായിരുന്നിട്ടും അദ്ദേഹം അഗാധ പണ്ഡിതനായിത്തീരുകയും നിരവധി ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തു; ഗ്രന്ഥങ്ങളിൽ വളരെ കുറച്ചുമാത്രമേ അവശേഷിച്ചിട്ടുള്ളു. അത്തനാസ്യോസ് അദ്ദേഹത്തെ അലക്സാണ്ഡ്രിയായിലെ കലാലയത്തിൻെറ അധിപനായി നിയമിച്ചു. വി. ജറോം, റൂഫീനസ്, വി. ഗ്രീഗറി നസ്യാൻസൻ ആദിയായവർ അദ്ദേഹത്തിൻെറ ശിഷ്യഗണത്തിൽ ഉൾപ്പെടുന്നു (ജറോം, മഹത്‌വ്യക്തികൾ 109; സൊക്രാട്ടസ്, സഭാ. 4:25; സൊസൊമൻ, സഭാ 3.15; തിയഡൊറെററ്, സഭാ. 4;26).

www.malankaralibrary.com


എന്നോട് അദ്ദേഹം പറഞ്ഞതുപോലെ, നാലാം വയസ്സിൽ കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടു. എന്നാൽ അദ്ദേഹം ഏതെങ്കിലും കലാലയം സന്ദർശിക്കുകയോ വായിക്കാൻ പഠിക്കുകയോ ചെയ്തിട്ടില്ല.[15]

2. തന്റെ സ്വന്തം മനസ്സാക്ഷി എന്ന ശ്രേഷ്ഠനായ ഒരു പ്രബോധകൻ അദ്ദേഹത്തിനുണ്ടായിരുന്നു. ''കർത്താവ് അന്ധരെ വിജ്ഞാനികളാക്കുന്നു'' (സങ്കീ. 146:8) എന്ന വിശുദ്ധ ഗ്രന്ഥം വാച്യാർത്ഥത്തിൽ അദ്ദേഹത്തിൽ പൂർത്തീകരിക്കപ്പെട്ടു എന്ന രീതിയിൽ വിജ്ഞാനദാനം ദിദിമൂസിന് ധാരാളമായി ലഭിച്ചിരുന്നു. പഴയനിയമവും, പുതിയനിയമവും പദാനുപദം അദ്ദേഹം വ്യാഖ്യാനിച്ചു; പ്രബോധനങ്ങളോട് വലിയ ബഹുമാനം കാട്ടി. വളരെ കൃത്യമായും സൂക്ഷ്മമായും വ്യാഖ്യാനങ്ങൾ തയ്യാറാക്കി. വിജ്ഞാനത്തിൽ എല്ലാ പ്രാചീനരേക്കാളും മുമ്പനായിത്തീർന്നു.

3. തന്റെ ചെറുമുറിയിൽ വച്ച് ഒരു പ്രാർത്ഥന ചൊല്ലാൻ അദ്ദേഹം ഒരിക്കൽ എന്നെ നിർബ്ബന്ധിച്ചു. ഞാനതിനു കൂട്ടാക്കാതിരുന്നപ്പോൾ അദ്ദേഹം ഈ സംഭവം വിവരിക്കുകയുണ്ടായി.[16] ''ഭാഗ്യവാനായ അന്തോണിയോസ് മൂന്നാം പ്രാവശ്യം എന്നെ സന്ദർശിച്ചപ്പോൾ ഈ മുറിയിൽ പ്രവേശിക്കയുണ്ടായി. പ്രാർത്ഥിക്കാൻ ഞാൻ ആവശ്യപ്പെട്ട ഉടനെ അദ്ദേഹം പ്രാർത്ഥിക്കാൻ മുട്ടുകുത്തി. എന്റെ അപേക്ഷ ആവർത്തിക്കാൻ അദ്ദേഹം അവസരമുണ്ടാക്കിയില്ല. അങ്ങനെ അനുസരിച്ചുകൊണ്ട് അനുസരണയുടെ ദൃഷ്ടാന്തം അദ്ദേഹം എനിക്കു നല്കി. നീ അദ്ദേഹത്തിന്റെ ജീവിതരീതി അനുകരിക്കുകയാണെങ്കിൽ, വീട്ടിൽ നിന്നകന്ന് ഏകാന്തവാസിയുടെ ജീവിതം നയിക്കുകയാണെങ്കിൽ, നിന്റെ താർക്കിക മനഃസ്ഥിതി ദൂരെയകററുക.''

4. അദ്ദേഹം ഇതും എന്നോട് പറഞ്ഞു: ''പീഡകനും നിർഭാഗ്യവാനുമായ ജൂലിയൻ ചക്രവർത്തിയുടെ[17] ജീവിതത്തെപ്പററി ഒരു ദിവസം ഞാൻ ചിന്തിച്ചുകൊണ്ടിരുന്നു. ഈ ചിന്ത എന്നെ വളരെ വ്യാകുലചിത്തനാക്കി. ഇതു നിമിത്തം സായാഹ്നം വരെ ഞാൻ ഭക്ഷണമൊന്നും കഴിച്ചില്ല. കസേരയിൽ കിടന്നു ഞാൻ ഗാഢനിദ്രയിലാണ്ടു; അപ്പോൾ വെള്ള

15 സൊസൊമെൻ, സഭ. 3 15
16 സൊക്രാട്ടസ് സഭ. 4:25
17 'വിശ്വാസത്യാഗി' എന്നറിയപ്പെടുന്ന ജൂലിയൻ (361-363) ക്രിസ്തുമതത്തിന്റെ സ്ഥാനത്ത് പഴയ റോമൻ വിഗ്രഹാരാധന പുനഃസ്ഥാപിക്കാൻ പരിശ്രമിച്ചു.

www.malankaralibrary.com

കുതിരപ്പുറത്തു് പട്ടാളക്കാരിരിക്കുന്നതു കണ്ടു. അവർ വിളിച്ചുപറയുന്നതു് ദർശനത്തിൽ ഞാൻ കേട്ടു: ''ഇന്നു് ഏഴാം മണിക്കു് ജൂലിയൻ മരിച്ചെന്നു് ദിദിമൂസിനോടു പറയുക; എഴുന്നേററു ഭക്ഷിക്കുക. അത്തനാസ്യോസ് അറിയാൻ ഈ വിവരം അദ്ദേഹത്തോടും പറയുക.''[18] അദ്ദേഹം തുടർന്നു, ''ഞാൻ ആ മണിക്കൂറും, ദിവസവും ആഴ്ചയും, മാസവും കുറിച്ചുവച്ചു. അതു് അപ്രകാരം തന്നെ ആയിരുന്നുവെന്നു് പിന്നീടു തെളിഞ്ഞു.''[19]

## 5. അലെക്സാണ്ഡ്രാ

1. നഗരജീവിതം ഉപേക്ഷിച്ചു് ഒരു കല്ലറയ്ക്കുള്ളിൽ അഭയം തേടിയ ഒരു ജോലിക്കാരിയെപ്പററിയും അദ്ദേഹം എന്നോടു പറയുകയുണ്ടായി. ചെറിയൊരു ജനലിൽക്കൂടി അവരാക്കാവശ്യമുള്ളവ ലഭിച്ചുകൊണ്ടിരുന്നു. പത്തുവർഷത്തോളം ഒരു മനുഷ്യന്റേയും മുഖത്തു് അവരാ നോക്കിയതേയില്ല. എല്ലാം ഒരുക്കിയശേഷം പത്താംവർഷം അവരാ നിദ്രയിലാണ്ടു.[20] അവളെ സന്ദർശിച്ചിരുന്ന സ്ത്രീക്കു് ഒരു ദിവസം അകത്തുനിന്നു് മറുപടി ഒന്നും കിട്ടിയില്ല. അവളാണ് ഈ കാര്യം ഞങ്ങളോടു് പറഞ്ഞതു്. വാതിൽ തല്ലിത്തുറന്നു് ഞങ്ങരാ അകത്തു പ്രവേശിച്ചപ്പോരാ അവരാ ഉറങ്ങുന്നതായി കണ്ടു.

2. അവളെപ്പററി ഏററം ശ്രേഷ്ഠയായ മെലാനിയാ[21] ഇതും പറഞ്ഞു:—മെലാനിയായെപ്പററി പിന്നാലെ ചർച്ച ചെയ്യാം —''ഞാനവളെ മുഖാമുഖം കണ്ടിട്ടേയില്ല; എന്തിനാണ് കല്ലറയിൽ ആമഗ്നയായിരിക്കുന്നതു്'' എന്നു പറയുക എന്നു് ജനലിനടുത്തു നിന്നുകൊണ്ടു് ഞാൻ ചോദിച്ചു. ജനലിലൂടെ അവരാ പ്രത്യുത്തരിച്ചു: ''ഞാൻ മൂലം ഒരു പുരുഷനു് മനഃചാഞ്ചല്യം ഉണ്ടായി. ദൈവികച്ഛായയിൽ ഉണ്ടാക്കപ്പെട്ട ഒരാത്മാവിനു് ഇടച്ചു ഉണ്ടാകുന്നതിനേക്കാരാ ഒരു കല്ലറ ഞാൻ ഇഷ്ട

---

18 ക്രി. വ. 362-ൽ ജൂലിയൻ അധികാരത്തിലേറിയ ഉടനെ അത്തനാസ്യോസ് തിരികെ വന്നെങ്കിലും വീണ്ടും നാടുകടത്തപ്പെട്ടു. ജൂലിയന്റെ മരണശേഷമാണ് അദ്ദേഹത്തിനു് തിരികെ വരാൻ സാധിച്ചതു്.

19 തിയഡൊറെററ്, സഭാ. 3; 19; ജി. ചേടിയത്തു്, ആദിമസഭാപിതാക്കന്മാർ, കോട്ടയം 1993.

20 'മരിക്കുക' എന്നതിനു് 'നിദ്ര പ്രാപിക്കുക' എന്ന പദം ആദിമസഭയിൽ സാർവ്വത്രികമായിരുന്നു: 1 തെസ്സ. 4 14; cfr. A. C. Rush. "Death and Burial in Chistian Antiquity" *Studies in Christian Antiquity* I, Washington D. C. 1941, p. 1-22.

21 താഴെ അദ്ധ്യായം 46, 54 കാണുക.

www.malankaralibrary.com

പ്പെട്ട. അയാരംക്ക് വേദന ഉണ്ടാവുകയോ, അയാരംക്ക് തിരസ്കരണം സംഭവിക്കുകയോ ചെയ്യാതിരിക്കാനാണ് ഞാനിതു ചെയ്തതു്''. അവരം തുടന്നു: ഒരുത്തനേയും ദർശിക്കാതെ വിരസതയ്ക്കെതിരെ 22 യുദ്ധംചെയ്തുകൊണ്ട് എങ്ങനെ നീ സ്ഥിരമായി നില്ക്കുന്നു എന്നു ഞാൻ ചോദിച്ചപ്പോരം അവരം പറഞ്ഞു: ''പ്രഭാതം മുതൽ ഒൻപതാം മണിവരെ ഞാൻ ചണനാരു കൊണ്ടു നെയ്യുന്നു. അങ്ങനെ ഞാൻ മണിക്കൂർതോറും പ്രാർത്ഥിക്കുന്നു. ശേഷിച്ച സമയം വിശുദ്ധ പ്രവാചകർ, പൂർവ്വ പിതാക്കന്മാർ, ശ്ലീഹന്മാർ, രക്തസാക്ഷികരം എന്നിവരെപ്പററി ധ്യാനിച്ചു കൊണ്ടിരിക്കും. അതിനുശേഷം എൻെറ ഭക്ഷണം 23 ഞാൻ കഴിക്കും; ശേഷിച്ച സമയം പ്രതീക്ഷാപൂർവ്വം ക്ഷമയോടെ എൻെറ അന്ത്യത്തെ ഞാൻ നോക്കിപ്പാർത്തുകൊണ്ടിരിക്കും.''

## 6. ധനിക കന്യക

1. വ്യർത്ഥചിന്തകളിൽ ജീവിച്ചവരേപ്പററി ഈ കൃതിയിൽ പരാമർശിക്കാതെ ഞാൻ വിട്ടുകളയുകയില്ല; നീതിപൂർവ്വം ജീവിച്ചവരുടെ സ്തുതിക്കും ഈ വിവരണം വായിക്കാനിടവരുന്നവരുടെ രക്ഷയ്ക്കും വേണ്ടിയാണിത്. കാഴ്ചയിൽ വിനയശാലിനിയായി തോന്നിക്കുന്നവളും എന്നാൽ മററുള്ളവരെ കീഴ്പ്പെടുത്തുന്ന മനഃസ്ഥിതി ഉള്ളവളും ആയ ഒരു കന്യക അലക്സാണ്ഡ്രിയായിൽ ഉണ്ടായിരുന്നു. വലിയ ധനാഢ്യയായിരുന്നു അവരം. എന്നാൽ ഒരിക്കലും അപരിചിതക്കോ, കന്യകകരംക്കോ, സഭയ്ക്കോ, പാവപ്പെട്ടവക്കോ ഒരു പൈസാപോലും അവരം കൊടുത്തിരുന്നില്ല. പിതാക്കന്മാർ നിരന്തരം അവളെ ഗുണദോഷിച്ചെങ്കിലും അവരം ഭൗതിക ധനത്തിൽ നിന്നു് മനസ്സ് പിന്മാററിയില്ല.

2. അവരംക്ക് ചില ബന്ധുക്കരം ഉണ്ടായിരുന്നു. തൻെറ സഹോദരിയുടെ മകളായ അവരിലൊരാളെ അവരം ദത്തെടുത്തു.

---

22 ഏകാന്ത ജീവിതക്കാരുടെ ഏററം വലിയ ശത്രുവാണ് 'അകേഡിയ' (Weariness, listlessness, torpor, boredom) ആത്മീയമോ ശാരീരികമോ ആയ വിരസതയാണ് 'അകേഡിയ'. വി. ജോൺ ക്ലീമാക്കസ്, Scala Paradisi, 13. തലാസ്സിയൂസ്; Centuriae, 3, 51; വി. ജോൺ ഡമഷീൻ, De-octo Spiritibus nequitiae 1: ജോൺ മോസ്കൂസ്, Pratum Spirituale, 142.

23 മൊരിച്ച റൊട്ടിയുടെ പുറംഭാഗം; രുചിയില്ലാത്ത കട്ടിയുള്ള റൊട്ടിക്കഷണങ്ങരം.

www.malankaralibrary.com

സ്വർഗ്ഗത്തെപ്പററി അല്പംപോലും ചിന്തയില്ലാതെ, തൻെറ ധനം മുഴുവൻ അവർക്കാണെന്നു് രാപകൽ വാഗ്ദാനം ചെയ്തുകൊണ്ടിരുന്നു. സ്വന്തം ബന്ധുക്കളെ സ്നേഹിക്കുന്നു എന്ന വ്യാജേന അമിതമായി യുദ്ധം ചെയ്യാൻ പ്രേരിപ്പിച്ചുകൊണ്ടു് പിശാചു് നമ്മളെ ചതിക്കുന്ന ഒരു മാർഗ്ഗമാണിതു്. സോദരഹത്യ, മാതൃഹത്യ, പിതൃഹത്യ എന്നിവ ചെയ്യാൻ മനുഷ്യരെ പഠിപ്പിക്കുന്നവനു് ബന്ധുത്വത്തിൻെറ ക്രമം ഒരു വ്യത്യാസവും വരുത്തുന്നില്ല എന്നതു് വ്യക്തമാണല്ലോ.

3. ബന്ധുക്കളോടു് താല്പര്യം കാണിക്കുവാൻ അവൻ പ്രേരിപ്പിച്ചാൽത്തന്നെ അവരോടുള്ള താല്പര്യം കൊണ്ടൊന്നുമല്ല അങ്ങനെ ചെയ്യുന്നതു്. പിന്നെയോ ദുഷ്ടന്മാർ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ല എന്ന പ്രബോധനം (1 കൊറി. 6:9) അറിഞ്ഞുകൊണ്ടു് ആത്മാവിനെ അനീതിയിൽ വ്യാപരിപ്പിക്കാനാണു് ചെയ്യുന്നതു്. നല്ല ഉദ്ദേശ്യത്താൽ പ്രേരിതനായി തൻെറ ആത്മാവിനെ നിന്ദിക്കാതെ ആവശ്യക്കാരായ ബന്ധുക്കളെ സഹായിക്കാൻ തീർച്ചയായും സാധിക്കും. തൻെറ ഏതെങ്കിലുമൊരു ബന്ധുവിനോടു് താല്പര്യം വച്ചുപുലർത്തുന്നവൻ ആത്മാവു് അധികപ്പററാണു് എന്നു കരുതുന്ന നിയമത്തിനു കീഴിലമരുന്നു.

4. ഭയത്തോടുകൂടി ആത്മാവിനെപ്പററി ചിന്തിക്കുന്നവരെപ്പററി സങ്കീർത്തകൻ ഇപ്രകാരം പറയുന്നു: ''കർത്താവിൻെറ മലയിൽ ആരു് കയറും? ശുദ്ധഹൃദയനും നിർമ്മലമായ കരങ്ങളുള്ളവനും തൻെറ ആത്മാവിനെ വ്യർത്ഥമായി കരുതാത്തവനും'' (24:3–4). 'ആത്മാവു് ശരീരത്തോടൊപ്പം അലിഞ്ഞുപോകാനുള്ളതാണു്'' എന്നഭിപ്രായപ്പെടുന്നവർ സുകൃതത്തെ വിസ്മരിച്ചുകൊണ്ടു് 'ആത്മാവിനെ നിസ്സാരമാക്കി കരുതുന്നു'.

5. ഈ സ്ത്രീയുടെ അത്യാർത്തിയിൽ നിന്നു് അവളെ പിൻതിരിപ്പിക്കാൻ വേണ്ടി ഭാഗ്യവാനായ മക്കാരിയൂസ്[24] അവളെ മുറിപ്പെടുത്താൻ തീരുമാനിച്ചു എന്നു് പറയപ്പെടുന്നു. വൈദികനും അംഗവൈകല്യമുള്ളവർക്കുവേണ്ടിയുള്ള ഭവനത്തിൻെറ അധിപനുമായ ഈ മക്കാരിയൂസ് താഴെപ്പറയുന്ന പദ്ധതി

24 കാസ്സിയൻ ഈ മക്കാരിയൂസിനെപ്പററി സൂചിപ്പിക്കുന്നു. (ഡയലോഗ് 144;) അലക്സാണ്ഡ്റിയയിലെ ഒരു സെനോഡോക്കിയുമിൻെറ (Xenodochium) ചുമതലയായിരുന്നു അദ്ദേഹത്തിനു്. പല്ലാഡിയൂസിൻെറ ചരിത്രഗ്രന്ഥത്തിൽ അഞ്ചോ ആറോ മക്കാരിയൂസിനെപ്പററി പറയുന്നുണ്ടു്. (അദ്ധ്യായം 15, 1; 17, 1; 18, 1; 20, 2f; 62).

www.malankaralibrary.com



തയ്യാറാക്കി. തന്റെ ചെറുപ്പകാലത്ത് അദ്ദേഹം ഒരു സ്വർണ്ണപ്പണിക്കാരനായിരുന്നു. 'രത്നപ്പണിക്കാരൻ' എന്ന് അദ്ദേഹം വിളിക്കപ്പെട്ടുന്നു. അദ്ദേഹം അവളുടെ അടുത്തുചെന്ന് പറഞ്ഞു: ''ചില അമൂല്യരത്നങ്ങളും മരതകവും നീലരത്നവും എന്റെ പക്കൽ വന്നുചേർന്നിട്ടുണ്ട്; ഞാൻ അവ മോഷ്ടിച്ചതാണോ കണ്ടെടുത്തതാണോ എന്ന് പറയാൻ സാദ്ധ്യമല്ല. അവ അമൂല്യങ്ങളാകയാൽ അവയുടെ വില ഇതുവരെ തിട്ടപ്പെടുത്തിയിട്ടില്ല; എന്നാൽ അഞ്ഞൂറു നാണയങ്ങളുള്ളവർക്ക് അവ കൈവശപ്പെടുത്താവുന്നതേയുള്ളു.

6. നീ അവയെടുത്താൽ ഒററക്കല്ലിൽനിന്ന് നിനക്ക് 500 നാണയങ്ങൾ തിരികെ കിട്ടും. ശേഷിച്ചവകൊണ്ട് നിന്റെ സഹോദരിയുടെ മകളെ ധന്യയാക്കാൻ, നിനക്ക് സ്വന്തമാക്കുകയും ചെയ്യാം. ആ യുവതി അദ്ദേഹത്തിന്റെ വാക്കിൽ വിശ്വസിച്ച് അതു വാങ്ങാനുറച്ചുകൊണ്ട് പാദത്തിൽ വീണു.[25] ''ഇത് മററാർക്കും കൊടുക്കരുതെന്ന് ഞാൻ അപേക്ഷിക്കുന്നു'' എന്ന് അവൾ കേണു പറഞ്ഞു. ''എന്റെ വീട്ടിൽ വന്ന് അവ കാണുക'' എന്ന് അദ്ദേഹം അവളോടു പറഞ്ഞു. അവളാകട്ടെ കാത്തിരിക്കാൻ ഒട്ടും തയ്യാറല്ലായിരുന്നു; 500 നാണയങ്ങൾ അദ്ദേഹത്തിന്റെ മുമ്പിൽ വച്ചുകൊണ്ട് പറഞ്ഞു: അങ്ങയുടെ ആഗ്രഹപ്രകാരം ഇത് സ്വീകരിച്ചാലും; ഒരു വില്പനക്കാരന്റെ കടയിൽ പോയി അത് വാങ്ങാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

7. അദ്ദേഹം ആ 500 നാണയങ്ങളും എടുത്ത് ആശുപത്രിയുടെ ആവശ്യങ്ങൾക്കു കൊടുത്തു. കുറേക്കാലം കടന്നുപോയി. ആ മനുഷ്യൻ അലക്സാണ്ഡ്രിയായിലെ ഒരു മാന്യനും ദൈവസ്നേഹമുള്ളവനും പരോപകാരതല്പരനുമായി കരുതപ്പെട്ടിരുന്നതിനാൽ അവനോട് ചോദിക്കുന്നതിൽ അവൾ വിവേകം കാണിച്ചു. അദ്ദേഹം നൂറു വയസ്സുവരെ സജീവനായി പ്രവർത്തിച്ചു; ഞങ്ങളും കുറെനാൾ അദ്ദേഹത്തിന്റെ കൂടെ താമസിച്ചു. ഒരിക്കൽ അദ്ദേഹത്തെ ദേവാലയത്തിൽ വച്ചു കണ്ടപ്പോൾ അവൾ ചോദിച്ചു. ''ഞാൻ തന്ന 500 നാണയങ്ങൾക്കുള്ള രത്നങ്ങളെ സംബന്ധിച്ച് അങ്ങ് എന്തു തീരുമാനിച്ചു?''

8. അദ്ദേഹം മറുപടിയായി പറഞ്ഞു: ''നീ തന്ന ഉടനെ ഞാൻ ആ പണം രത്നങ്ങളുടെ വിലയ്ക്കായി കൊടുത്തു. താല്പര്യമാണെങ്കിൽ ആശുപത്രിയിൽ വന്ന് കാണുക; അവ അവിടെ

---

25 പാദത്തിൽവീണ് അപേക്ഷിക്കുന്നതിനേക്കുറിച്ച്, Ancient Christian writers 10. 71 കാണുക.

www.malankaralibrary.com



യാണ്. നിനക്കവ ഇഷ്ടപ്പെട്ടോ എന്നു നോക്കുക. നിനക്കിഷ്ട പ്പെട്ടില്ലെങ്കിൽ നിൻെറ പണം തിരികെ എടുത്തുകൊള്ളുക.'' ആ ആശുപത്രിയിൽ സ്ത്രീകൾ മുകളിലത്തെ നിലയിലും പുരു ഷന്മാർ താഴത്തെ നിലയിലുമായിരുന്നു. അവളെ ആശുപത്രി യുടെ വാതിൽക്കലേയ്ക്കു് ആനയിച്ചു് അദ്ദേഹം ചോദിച്ചു: 'നിനക്കു് നീലരത്നമാണോ മരതകമാണോ ആദ്യം കാണേ ണ്ടതു്?'' ''നിൻെറ ഇഷ്ടംപോലെ'' എന്നു് അവൾ മറുപടി പറഞ്ഞു.

9. അവൻ അവളെ മുകളിലത്തെ നിലയിലേയ്ക്കു കൂട്ടി ക്കൊണ്ടുപോയി. മുടന്തരും പൊള്ളലേററവരുമായ സ്ത്രീകളെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു: ''നോക്കൂ, ഇതാ നിൻെറ നീല രത്നം.'' താഴത്തെ നിലയിൽ കൂട്ടിക്കൊണ്ടുവന്നു് അവൻ പറഞ്ഞു; ''ഇതാ നിൻെറ മരതകം. ഇവ നിനക്കിഷ്ടപ്പെട്ടില്ലെ ങ്കിൽ നിൻെറ പണം തിരികെ എടുത്തുകൊള്ളുക.'' അവൾ തിരിഞ്ഞുനടന്നുകളഞ്ഞു. അവൾ തിരികെപ്പോയി അതി ദുഃഖത്താൽ രോഗഗ്രസ്തയായി; കാരണം, ദൈവികവഴിയിലല്ല അവൾ ഇപ്രകാരം പ്രവർത്തിച്ചതു്. പില്ക്കാലത്തു്, താൻ താല്പര്യപ്പെട്ടിരുന്ന യുവതി വിവാഹാനന്തരം, സന്താനരഹി തയായി മരിച്ചപ്പോൾ അവൾ ദൈവത്തിനു നന്ദി പറഞ്ഞു[26].

## 7. നിത്രിയൻ സന്യാസികൾ

1. അലക്സാണ്ഡ്രിയായ്ക്കടുത്തു് ഏതാണ്ടു് രണ്ടായിര ത്തോളം കുലീനരും തീക്ഷ്ണരുമായ ആശ്രമസ്ഥരുള്ള ആശ്രമ ങ്ങളിൽ ആശ്രമസ്ഥരോടൊത്തു് ഞാൻ മൂന്നു മാസം ചെലവഴി ച്ചു. പിന്നീടു് അവിടെനിന്നു് നിത്രിയൻ മലയിലേയ്ക്കു പോ യി. ഈ മലയ്ക്കും അലക്സാണ്ഡ്രിയായ്ക്കും ഇടയിൽ 70 മൈൽ നീളമുള്ള മാറെയാ തടാകം സ്ഥിതി ചെയ്യുന്നു.[27] അതിൻെറ തെക്കേ അററത്തുകൂടെ ഒന്നരദിവസം നടന്നു് തടാകം കടന്നു് ഞാൻ മലയിലേയ്ക്കു് പോയി.

2. ഈ മലയ്ക്കപ്പുറം എത്യോപ്യ, മാസിക്ക്വേ, മൗരിട്ടാനിയാ എന്നിവ വരെ നീണ്ടുകിടക്കുന്ന വലിയ മരുഭൂമി

---

26 ''തോമായുടെ നടപടി'' എന്ന അപ്പോക്രിഫൽ കൃതിയിൽ ഉള്ള പ്രതിപാദനമാകാം ഇതിനു് പ്രേരകമായതു് എന്നു് കരുതുന്നവരുണ്ടു്.

27 മരെയോട്ടിസു് തടാകം, മരിയൂത്തു്, മര്യൂതു് എന്നെല്ലാം ഈ തടാകത്തിനു് പേരുണ്ടു്.

www.malankaralibrary.com


യാണ്. ഈ മലയിൽ ഏതാണ്ട് 5000 പേരു് കഴിവനുസരിച്ചും ഇഷ്ടമനുസരിച്ചും വിവിധതരം ജീവിതം നയിച്ചുവന്നു. ചിലർ ഏകാന്തജീവിതക്കാർ; ചിലർ ജോഡികളായിട്ടാണ്; ചിലർ ഗ്രൂപ്പുകളായും. ഈ മനുഷ്യരേയും വലിയ മരുഭൂമിയിലുള്ള 600 സന്യാസികളെയും ശുശ്രൂഷിക്കുന്ന ഏഴ് റൊട്ടി നിർമ്മാണ ശാലകൾ ഈ മലയിൽ ഉണ്ടായിരുന്നു.

3. ഞാൻ ആ മലയിൽ ഒരു വർഷം കഴിച്ചുകൂട്ടി; മഹാനായ അർസീസിയൂസ്,[28] പുത്തുബാസ്തെസ്[29] ആസിയൂസ്,[30] ക്രോണിയൂസ്,[31] സെറാപിയോൻ[32] എന്നീ ഭാഗ്യവാന്മാരായ പിതാക്കന്മാർ എന്നെ വളരെയധികം സഹായിച്ചു. പിതാക്കന്മാരെപ്പററി അവർ പറഞ്ഞ നിരവധി കഥകൾ കേട്ട് ഉത്തേജിതനായ ഞാൻ മരുഭൂമിയുടെ ഉള്ളിലേയ്ക്കു കടന്നു.

ഈ നിത്രിയൻ മലയിൽ ഒരു വലിയ പള്ളിയുണ്ട്. അവിടെ മൂന്ന് ഈത്തപ്പനകളുണ്ട്. ഓരോന്നിലും ഓരോ ചാട്ട തൂക്കിയിട്ടിരിക്കുന്നു. വിശ്വാസത്തിലോ സദാചാരത്തിലോ അധഃപതനം സംഭവിച്ച സന്യാസികൾക്കുള്ളതാണ് ഒന്ന്; ആക്രമിക്കുന്ന കള്ളന്മാർക്കുള്ളതാണ് രണ്ടാമത്തേത്; മൂന്നാമത്തേത്, അവിടെ വരാനിടയാകുന്ന കള്ളന്മാർക്കും. അടി ശിക്ഷയ്ക്കു വിധിക്കപ്പെടുന്ന കുററക്കാരെ ഒരു ഈത്തപ്പനയിൽ പിടിച്ചുകെട്ടും. നിശ്ചയിക്കപ്പെട്ട അടിശിക്ഷ അവരുടെ മുതുകിൽ നല്കിക്കഴിയുമ്പോൾ അവരെ സ്വതന്ത്രരാക്കിയിരുന്നു.

4. അതിഥികളെ സ്വീകരിക്കാനുള്ള സ്ഥലം അടുത്തുതന്നെയായിരുന്നു. അവിടെ വരുന്ന അതിഥികൾ സ്വന്തമായി വിട്ടുപോകുന്നതുവരെ അവിടെ സ്വീകരിക്കപ്പെട്ടിരുന്നു. രണ്ടും മൂന്നും വഷംവരെ ഇങ്ങനെ താമസിക്കുന്നവരുണ്ടായിരുന്നു. ഒരാഴ്ചവരെ വെറുതെ താമസിക്കാൻ അനുവദിച്ചിരുന്നു. അതുകഴിഞ്ഞാൽ ഉദ്യാനത്തിലോ, ബേക്കറിയിലോ അടുക്കളയിലോ അവർ സഹായിക്കേണ്ടിയിരുന്നു. അയാളൊരു ശ്രേഷ്ഠവ്യക്തിയാണെങ്കിൽ അവർ അവനു് ഒരു പുസ്തകം കൊടുത്തിരുന്നു.

---

28 സൊസൊമെൻ, സഭാ. 6;30; വി. അന്തോണിയോസിൻെറ സമകാലികനാണ് അർസീസിയൂസ്.

29 സൊസൊമെൻ, സഭാ. 3;14; 6;30.

30 ആസിയൂസിനെപ്പററിയുള്ള ഏക പരാമർശം.

31 അന്തോണിയോസിൻെറ ശിഷ്യനും ദ്വിഭാഷിയുമായിരുന്ന ക്രോണിയൂസ്; താഴെ 21-ാം അദ്ധ്യായം കാണുക.

32 മഹാനായ സെറാപിയോൻ അന്തോണിയോസിൻെറ സമകാലികനായിരുന്നു. സൊസൊമെൻ, സഭാ. 3;13f. ജറോം, ലേഖനം 108:14; താഴെ അദ്ധ്യായം 46: 2 കാണുക.

www.malankaralibrary.com



എന്നാൽ ആറാം മണിക്കുമുമ്പ് ആരോടും സംസാരിക്കാൻ അവനു് അനുവാദമില്ലായിരുന്നു. ഈ മലയിൽ ഭിഷഗ്വരന്മാരും കേക്കുണ്ടാക്കുന്നവരും ജീവിച്ചിരുന്നു. അവർ വീഞ്ഞു് ഉപയോഗിച്ചിരുന്നു. അവിടെ വീഞ്ഞു് വില്ക്കപ്പെട്ടിരുന്നു.

5. ആരും ആവശ്യക്കാരാകാതിരിക്കാൻ തുന്നൽ ജോലിയിൽ എല്ലാവരും ഏർപ്പെട്ടു് തങ്ങളുടെ കൈകരം കൊണ്ടു് അദ്ധ്വാനിച്ചിരുന്നു. ഒൻപതാം മണിയോടുകൂടി ദിവ്യ സങ്കീർത്തനസ്വരം ഓരോ മുറിയിൽനിന്നും ഉയരുന്നതു് കേരംക്കാം; അതുകേട്ടാൽ പറുദീസയ്ക്കും ഉപരിസ്ഥമായ സ്ഥലത്താണെന്നു് കേരംവിക്കാക്കു് തോന്നിപ്പോകും. ശനിയും ഞായറും മാത്രമേ അവർ ദേവാലയത്തിൽ ഒന്നിച്ചു കൂടിയിരുന്നുള്ളു. പള്ളിയുടെ ചുമതല എട്ടു് വൈദികക്കായിരുന്നു; പ്രായം കൂടിയ വൈദികൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം മററാരും ബലിയർപ്പിക്കുകയോ പ്രസംഗം പറയുകയോ ചെയ്യാറില്ല; അവരെല്ലാം അദ്ദേഹത്തിൻെറ സമീപം ശാന്തരായി ഇരിക്കുക മാത്രമേ ചെയ്തിരുന്നുള്ളു.

6. അർസീസിയൂസും അദ്ദേഹത്തോടൊപ്പം നാം കണ്ട മററുപ്രായമുള്ളവരും വി. അന്തോണിയുടെ സമകാലീനരായിരുന്നു. നിത്രിയയിലെ ആമോനെ അറിയാവുന്നവരും ആക്കൂട്ടത്തിൽ ഉണ്ടായിരുന്നു. അദ്ദേഹത്തിൻെറ ആത്മാവിനെ മാലാഖമാർ സ്വീകരിച്ചു് വഹിച്ചുകൊണ്ടു പോകുന്നതു് വി. അന്തോണിയോസ് ദർശിക്കുകയുണ്ടായി. പ്രവാചകനും മൂവായിരം ആളുകളുടെ അധിപനുമായ[33] താബെന്നിസിയിലെ പക്കോമിയസിനെ അറിയാമെന്നു്[34] അർസീസിയൂസ് പറയുകയുണ്ടായി. അദ്ദേഹത്തെപ്പററി പിന്നാലെ ചർച്ച ചെയ്യാം.

---

33 നാലാം നൂററാണ്ടുമുതൽ ആശ്രമാധ്യക്ഷന്മാരെക്കുറിക്കാൻ പൗരസ്ത്യ സഭകളിൽ ഉപയോഗിച്ചിരുന്ന പദമാണ് ''ആർക്കിമൺഡ്രൈററ്—'' Archimandrite. ഇപ്പോരം ഈ പദം നിരവധി ആശ്രമങ്ങളുടെ മേൽ അധികാരമുള്ള ആളിനെ സൂചിപ്പിക്കാനാണ് ഉപയോഗിക്കുന്നതു്.

34 തബെന്നിസിയിലെ പ്രശസ്തങ്ങളായ ആശ്രമങ്ങരം (Coenobium) സ്ഥാപിച്ചതു് പക്കോമിയസാണ് (+ 346). അദ്ദേഹമാണ് ആദ്യത്തെ സന്യാസ നിയമങ്ങരം എഴുതിയതു്. അദ്ദേഹം നിരവധി ആശ്രമങ്ങളുടെ അധിപനായിരുന്നു. സമൂഹജീവിത സന്യാസപ്രസ്ഥാനത്തിൻെറ (Coenobitical life-ദയറായ ജീവിതം) പിതാവെന്നാണ് പക്കോമിയസ് അറിയപ്പെടുന്നതു്. താഴെ അദ്ധ്യായം 32-34 കാണുക.

www.malankaralibrary.com



## 8. നിത്രിയയിലെ ആമോൻ

1. ആമോൻ[35] ഈ രീതിയിലാണ് ജീവിച്ചതെന്ന് അദ്ദേഹം പറഞ്ഞു: ''അദ്ദേഹം ഒരു അനാഥനായിരുന്നു. ഇരുപത്തിരണ്ടാം വയസ്സിൽ വിവാഹം കഴിക്കാൻ അദ്ദേഹത്തെ തന്റെ മാതൃസഹോദരൻ നിർബന്ധിച്ചു. നിർബന്ധത്തെ എതിർക്കാൻ സാധിക്കാഞ്ഞതിനാൽ കിരീടം ധരിപ്പിക്കപ്പെടുന്നതും[36] മണവറയിൽ പ്രവേശിക്കുന്നതും വിവാഹ ശുശ്രൂഷകൾ നടത്തുന്നതും നല്ലതാണെന്ന് അദ്ദേഹം മനസ്സിലാക്കി. വധൂവരന്മാരെ മണവറയിൽ പ്രവേശിപ്പിച്ച് ജനങ്ങൾ പിരിഞ്ഞപ്പോൾ ആമോൻ എഴുന്നേററ് കതകടച്ചു. പോയിരുന്ന് തന്റെ പരിശുദ്ധയായ സഖിയെ വിളിച്ച് അവളോടു പറഞ്ഞു: 'പ്രഭ്വീ, ഇവിടെ വരൂ, ഞാൻ എല്ലാം വിവരിച്ചു പറയാം. നാം നടത്തിയ ഈ വിവാഹം ഫലദായകമല്ല. നമ്മുടെ കന്യാത്വം കാത്തുസൂക്ഷിക്കുന്നതുവഴി ദൈവത്തെ പ്രസാദിപ്പിക്കാനായി നാം ഒന്നിച്ചുറങ്ങാതിരിക്കുന്നതു് നല്ല സംഗതിയാണ്.' തന്റെ പോക്കററിൽനിന്ന് ഒരു ചെറിയ പുസ്തകമെടുത്ത് കർത്താവിൽ നിന്നെന്നപോലെ ശ്ലീഹന്മാരിൽനിന്ന്[37] വായിച്ചു. കാരണം, അവൾക്ക് വായിക്കാൻ അറിയില്ലായിരുന്നു. വായിച്ചതിന് മിക്കവാറും എല്ലാററിനുംതന്നെ അയാൾ വ്യാഖ്യാനവും പറഞ്ഞു. ശുദ്ധതയെപ്പററിയും കന്യാത്വത്തെപ്പററിയും അവൻ അവളെ പ്രബോധിപ്പിച്ചുകൊണ്ടിരുന്നു. അവളാകട്ടെ ദൈവകൃപയിൽ ബോധ്യമുള്ളവളായി പറഞ്ഞു.

3. ''എന്റെ നാഥാ, എനിക്കും ഇതു് ബോധ്യമായി. അങ്ങ് എന്താണ് നിർദ്ദേശിക്കുന്നതു്?''

---

35 ആമൂൻ (ആമോൻ, അമ്മോൻ) വി. അന്തോണിയോസിന്റെ സമകാലികനായിരുന്നു. തേബായ്ഡിൽ അന്തോണിയോസ് പ്രവർത്തിച്ചതുപോലെ ഉത്തര ഈജിപ്റ്റിൽ (Lower Egypt) സന്യാസം വളർത്തുവാൻ ആമോൻ വളരെയധികം പണിപ്പെട്ടു. അത്തനാസ്യോസ്, അന്തോണിയോസിന്റെ ജീവചരിത്രം 60; സൊക്രാട്ടസ്, സഭാ. 4:23; സൊസൊമെൻ, സഭാ. 1:14 എന്നിവ കാണുക.

36 ഉത്തമഗീതം 3:11; ഏശാ. 61:10; എസ. 16:12. മലങ്കര സഭയിൽ വിവാഹത്തിന് വധൂവരന്മാരെ കിരീടം ധരിപ്പിക്കുന്ന പതിവുണ്ട്; മററ് ചില പൗരസ്ത്യസഭകളിലും ഈ രീതി നിലവിലുണ്ട്. ഇതൊരക്രൈസ്തവാചാരമാണെന്ന് വാദിച്ച്, തെർത്തുല്യൻ ഇതിനെ എതിർക്കുന്നു. (കിരീടം, 13; ജറോം, Vita Malachi, 6).

37 സൊക്രാട്ടസ് (സഭാ. 4:23) പറയുന്നത് അദ്ദേഹം വായിച്ചതു് 1 കൊറി. 7 ആണെന്നാണ്.

www.malankaralibrary.com



"ഇപ്പോഠം മുതൽ നാമിരുവരും മാററിത്താമസ്സിക്കണമെന്നു് ഞാൻ നിർദ്ദേശിക്കുന്നു."

അവഠം ഇതുകൊണ്ടു് തൃപ്തയായില്ല; അവഠം പറഞ്ഞു: "നമുക്കു് ഒരേ ഭവനത്തിൽ താമസിക്കാം; എന്നാൽ പ്രത്യേകം പ്രത്യേകം കിടക്കകളിൽ കിടക്കാം".

പതിനെട്ടുവർഷം അവൻ അവളോടുകൂടെ ആ ഭവനത്തിൽ പാത്തു. അയാഠം ഒരു ബാഠംസം കൃഷിക്കാരനാകയാൽ പകൽ ബാഠംസം തോട്ടത്തിലും ഉദ്യാനത്തിലുമായി ചെലവഴിച്ചു. മുന്തിരി പോലെ വളരുന്നതാണു് ബാഠംസം. അതിനു് ശ്രദ്ധയും പരിചരണവും ആവശ്യമാണു്. കഠിനാദ്ധ്വാനം വളരെ വേണം. വൈകിട്ടു് അവൻ തന്റെ വീട്ടിലേയ്ക്കു് പോകും. പ്രാത്ഥനകഠം കഴിഞ്ഞു് അവളോടൊത്തു് ഭക്ഷിക്കും. രാത്രി പ്രാത്ഥന കഴിഞ്ഞു് പുറത്തു പോകും.

4. ഇങ്ങനെ ജീവിച്ചു് ദുരാഗ്രഹങ്ങഠംക്കു് അതീതമായ ഒരവസ്ഥയിൽ അവരിരുവരും എത്തിച്ചേന്നു. ആമോന്റെ അഭ്യത്ഥനയാണു് ഇതിനു കാരണം. അവസാനം അവഠം അവനോടു പറഞ്ഞു: "എന്റെ നാഥാ, എനിക്കു് അങ്ങയോടു സംസാരിക്കണം. നീയെന്നെ ശ്രവിച്ചാൽ, ദൈവത്തെപ്രതി നീയെന്നെ സ്നേഹിക്കുന്നെന്നു് എനിക്കു ബോധ്യമാകും." അവൻ പറഞ്ഞു. "നിനക്കിഷ്ടമുള്ളതു പറയുക." "അതിതാണു്: അങ്ങു് സുകൃതം അഭ്യസിക്കുന്ന ഒരു മനുഷ്യനാണല്ലോ. ഞാനും നിന്റെ പാതയെ അനുഗമിക്കുന്നു. നമുക്കു് വേറിട്ടു താമസിക്കാം. നീ ബ്രഹ്മചാരിയായി ജീവിക്കുകയും എന്നോടൊത്തു പാക്കുകയും ചെയ്തു് നിന്റെസുകൃതം മറച്ചുവയ്ക്കുന്നതു് അവാച്യമാണു്."

5. അവൻ ദൈവത്തിനു നന്ദിപറഞ്ഞു് അവളോടു പറഞ്ഞു: "നീ ഈ ഭവനം സൂക്ഷിക്കുക. ഞാൻ എനിക്കൊരു വീടുണ്ടാക്കാം." അവൻ അവിടംവിട്ടു് നിത്രിയയുടെ ഉഠംഭാഗങ്ങളിലേയ്ക്കു് കയറിപ്പോയി. (അവിടെ അതുവരെ ഒരാശ്രമവും ഉണ്ടായിരുന്നില്ല). അവൻ അവിടെ വട്ടത്തിലുള്ള രണ്ടു് പാപ്പിടങ്ങളുണ്ടാക്കി. ആ മരുഭൂമിയിൽ അവൻ ഇരുപത്തിരണ്ടു വഷം താമസിച്ചു. അതിനുശേഷം മരിച്ചു; 'അവൻ നിദ്രയിലാണ്ടു' എന്നു പറയുന്നതാകും ഭേദം. വർഷത്തിൽ രണ്ടു പ്രാവശ്യം മാത്രം അവൻ തന്റെ സഖിയെ സന്ദർശിച്ചിരുന്നു.

6. അന്തോണിയോസിന്റെ ജീവചരിത്രത്തിൽ ഈ മനുഷ്യനെപ്പററി അത്തനാസ്യോസ് ഒരു അത്ഭുതസംഗതി വിവരി

www.malankaralibrary.com



ക്കുന്നു. തന്റെ ശിഷ്യനായ തിയഡോറുമൊത്ത് അദ്ദേഹം ലിക്കോസ് നദീതീരത്തെത്തി[38]. വസ്ത്രം മാറുമ്പോഠം നഗ്നനായി തിയഡോർ തന്നെ കാണാതിരിക്കാൻ മുൻകരുതലുകഠം എടുത്തു കൊണ്ടിരിക്കെ ചങ്ങാടം കൂടാതെ താൻ നദിയുടെ അക്കരെ നില്ക്കുന്നതിനായി അദ്ദേഹം കണ്ടു. മാലാഖമാരാണ് അദ്ദേഹത്തെ അപ്രകാരം സംവഹിച്ചത്. മാലാഖമാർ അദ്ദേഹത്തിന്റെ ആത്മാവിനെ സംവഹിക്കുന്നത് ഭാഗ്യവാനായ അന്തോണിയോസ് ദർശിക്കുകയുണ്ടായി. അത്രമാത്രം ശ്രേഷ്ഠനായി ആമോൻ ജീവിച്ചു. അത്ര പൂർണ്ണനമായിരുന്ന അദ്ദേഹം. ഒരുഠം ക്കിടിലത്തോടുകൂടിയാണ് ഒരു വള്ളത്തിൽ ഞാൻ ആ നദി കടന്നത്, കാരണം, അത് ശക്തമായ നൈലിന്റെ ഒരു കൈ വഴിയായിരുന്നു.

## 9. ഓർ

ഓർ[39] എന്നു പേരുള്ള ഒരു സന്യാസി ആ നിത്രിയൻ മലയിൽ ഉണ്ടായിരുന്നു. സമൂഹം മുഴുവൻ അദ്ദേഹത്തിന്റെ മഹനീയ സുകൃതത്തെപ്പററി സാക്ഷ്യപ്പെടുത്തുന്നു. എന്നേക്കാഠം മുൻപേ മല സന്ദർശിച്ച മെലാനിയ[40] എന്ന ദൈവമനുഷ്യസ്ത്രീ പ്രത്യേകിച്ച് ഇതു് സാക്ഷിക്കുന്നു. ഞാൻ ശരീരത്തിൽ അദ്ദേഹത്തെ നേരിട്ടു കണ്ടിട്ടില്ല, 'അദ്ദേഹം ഒരിക്കലും കള്ളം പറഞ്ഞിട്ടില്ല, ആണയിട്ടിട്ടില്ല. ആരെയും ശപിച്ചിട്ടില്ല, ആവശ്യത്തിനല്ലാതെ അദ്ദേഹം സംസാരിച്ചിട്ടില്ല' എന്ന് അവഠം അവരുടെ കഥകളിൽ വിവരിക്കുന്നു.

## 10. പംബോ

1. ഭാഗ്യവാനായ പംബോയും[41] ഈ മലയിൽ ഉഠംപ്പെട്ടവനാണ്. മെത്രാനായ ദീയസ്കോറോസ്, അമ്മോണിയൂസ്,

38 സൊസൊമെൻ, സഭാ. 1;14; നൈൽ നദിയുടെ ഒരു ചെറിയ കൈവഴി.

39 റൂഫീനസിന്റെയും പല്ലാഡിയൂസിന്റെയും സമകാലികനായിരുന്ന ഓർ (ഹോർ). അദ്ദേഹം തേബായ്ഡിലായിരുന്നെന്ന് സൊസൊമെനും (സഭാ. 6;28), നിത്രിയയിലായിരുന്നെന്ന് പല്ലാഡിയൂസ് പറയുന്നു. അദ്ദേഹം അതിത്തിപ്രദേശത്തു പാത്ത് ഇരുവശത്തുമുള്ള സന്യാസഭവനങ്ങളെ നിയന്ത്രിച്ചിരിക്കാം. ജറോം (ലേഖനം, 138:3) ഓറിനെ ഒരിജനിസ്റ്റായി ചിത്രീകരിക്കുന്നു.

40 താഴെ അദ്ധ്യായം 46, 54 എന്നിവ കാണുക.

41 നിഖ്യാവിശ്വാസപ്രമാണത്തിനുവേണ്ടി ശക്തിയായി നില കൊണ്ട ഈജിപ്ഷ്യൻ സന്ന്യാസികളിൽ ഒരാളാണ് പംബോ (+393). സൊക്രാട്ടസ്, സഭാ. 4;23; സൊസൊമെൻ, സഭാ. 3;14).

www.malankaralibrary.com



എവുസേബിയൂസ്, എവുത്തീമിയൂസ് എന്നീ നാലു സഹോദരന്മാരുടെയും 42 ദ്രാക്കോൺസ്യൂസ് എന്ന ശ്രേഷ്ഠ വ്യക്തിയുടെ അനന്തിരവനായ ഒരിജൻ എന്നയാളിന്റെയും ഗുരുവായിരുന്നു അദ്ദേഹം. വിശിഷ്ട ഗുണങ്ങളുടേയും മേധാശക്തിയുടെയും വിളനിലമായിരുന്നു പംബോ. സുവിശേഷാനുസൃതം സ്വർണ്ണവും വെള്ളിയും തിരസ്ക്കരിച്ചവനാണ് അദ്ദേഹം.

2. ഭാഗ്യവതിയായ മെലാനിയ ഈ കാര്യം എന്നോടു പറഞ്ഞു: "ഞാൻ റോമിൽനിന്ന് ആദ്യം അലക്സാണ്ഡ്രിയായിൽ വന്നപ്പോൾ ഭാഗ്യവാനായ ഇസിദോറിൽ നിന്ന് പംബോയുടെ സുകൃതത്തെപ്പററി കേൾക്കാനിടയായി. മരുഭൂമിയിൽ അദ്ദേഹത്തിന്റെ പക്കലേക്കുള്ള വഴി ഇസിദോർ എന്നെ കാണിച്ചു. മുന്നൂറു പൗണ്ട് വെള്ളിയുള്ള ഒരു പെട്ടി ഞാൻ എടുത്തിരുന്നു. എന്റെ ധനത്തിൽ ഭാഗഭാക്കാകാൻ അദ്ദേഹത്തെ ഞാൻ ക്ഷണിച്ചു. അദ്ദേഹം പനയോല മെടഞ്ഞുകൊണ്ടിരിക്കുകയായിരുന്നു; 'ദൈവം നിന്നെ അനുഗ്രഹിക്കട്ടെ' എന്നുമാത്രം അദ്ദേഹം എന്നെ ആശീർവദിച്ചു പറഞ്ഞു.

3. തന്റെ ഭൃത്യനായ ഒരിജനോട് അദ്ദേഹം പറഞ്ഞു: "ഇതെടുത്തു ലിബിയായിലും ദ്വീപുകളിലും ഉള്ള സഹോദരന്മാർക്കെല്ലാം പങ്കിട്ടു കൊടുക്കുക; കാരണം, ആ ആശ്രമങ്ങൾ വലിയ ഞെരുക്കത്തിലാണ്". ഈജിപ്ററ് മെച്ചമായ സ്ഥിതിയിലായിരുന്നതിനാൽ അല്പംപോലും അവിടെ വിതരണം ചെയ്യരുതെന്ന് അദ്ദേഹം കല്പിച്ചു. അവർ തുടർന്നു: "ഞാൻ നല്കിയ സംഭാവനയ്ക്കു സ്തുതിയോ പ്രകീർത്തനമോ കിട്ടും എന്ന പ്രതീക്ഷയാൽ ഞാൻ കാത്തുനിന്നു; എന്നാൽ അദ്ദേഹം ഒന്നും ഉരിയാടിയില്ല. അതുകൊണ്ട് ഞാൻ അദ്ദേഹത്തോടു പറഞ്ഞു: "പ്രഭോ ഇതു് എന്തുമാത്രമുണ്ടെന്ന് അറിയാമോ? മുന്നൂറു പൗണ്ടുണ്ട്!"

4. അദ്ദേഹം തലഉയർത്താതെ പറഞ്ഞു: "എന്റെ കുട്ടീ, മലകളെ അളക്കുന്നവൻ (ഏശാ. 40:12) ഈ വെള്ളിയുടെ അളവ് മെച്ചമായി അറിയുന്നു. നീ എനിക്കാണ് തന്നതെങ്കിൽ

---

42 ഈ നാല് നിത്രിയൻ സന്ന്യാസികൾ "ഉയരമുള്ള സഹോദരന്മാർ" (Tall Brothers) എന്നാണ് അറിയപ്പെട്ടിരുന്നത്. അമ്മോണിയൂസിനെപ്പററി അടുത്ത അദ്ധ്യായം കാണുക. ദിയസ്കോറോസ്, ഹെർമൊപ്പൊളീസിലെ മെത്രാനായി. എവുസേബിയസും എവുതീമിയസും പ്രെസ്ബിററർമാരായിരുന്നു. എന്നാൽ ഈ നാലുപേരും ഏകാന്തജീവിതത്തിനു വേണ്ടി തങ്ങളുടെ ജോലി ഉപേക്ഷിച്ചു. (സൊക്രാട്ടസ്, സഭാ. 6:12).

www.malankaralibrary.com


നീ നന്നായി പറഞ്ഞു: എന്നാൽ രണ്ടു ചെമ്പുനാണയങ്ങളും കൂടി പരിഗണിക്കുന്ന ദൈവത്തിനാണ് നീ കൊടുത്തതെങ്കിൽ (മർക്കോ. 12;42) നിശബ്ദയായിരിക്കുക'' അവരും തുടർന്നു: ഞാൻ മലയിലേയ്ക്കു പോയപ്പോൾ ഇപ്രകാരം തന്റെ ശക്തി കർത്താവ് എന്നെ കാണിച്ചു.

5. അധികം താമസിയാതെ ഈ ദൈവമനുഷ്യൻ നിദ്ര പ്രാപിച്ചു. പനികൊണ്ടോ മറേറതെങ്കിലും രോഗംകൊണ്ടോ അല്ല. എഴുപതു വയസ്സുള്ളപ്പോൾ കുട നെയ്തുകൊണ്ടിരുന്നപ്പോഴാണ് മരിച്ചത്. അവസാന തുന്നൽ തുന്നാൻ തുടങ്ങിയപ്പോൾ അദ്ദേഹം എനിക്ക് ആളയച്ചു. വേർപിരിയാൻ തുടങ്ങിയപ്പോൾ എന്നോടു പറഞ്ഞു: എന്നെ അനുസ്മരിക്കാൻ ഈ കുട എന്റെ കൈകളിൽ നിന്നു സ്വീകരിക്കുക; നിനക്കുവേണ്ടി മാററി വയ്ക്കാൻ എനിക്കു മറ്റൊന്നുമില്ല.''

അതിനുശേഷം അവരും അദ്ദേഹത്തിന്റെ ശരീരം തുണിയിൽ പൊതിഞ്ഞു സംസ്ക്കാരത്തിനു സജ്ജമാക്കി. അവരും അദ്ദേഹത്തെ സംസ്ക്കരിച്ചിട്ട് ആ മരുഭൂമിയിൽനിന്ന് പിൻവാങ്ങി; മരണംവരെ ആ കുട അവരും സൂക്ഷിച്ചുവച്ചു.

6. വൈദികനും ഭൃത്യനുമായ ഒരിജൻ, അമ്മോണിയൂസ്-ഇവരിരുവരും പ്രസിദ്ധരായിരുന്നു—സന്നിഹിതരായിരുന്ന മററു സഹോദരന്മാർ എന്നിവരോട്, മരിച്ചുകൊണ്ടിരുന്ന ഈ പംബോ ഇപ്രകാരം പറഞ്ഞു: ''ഞാൻ ഈ മരുഭൂമിയിൽ വന്ന് എന്റെ താപസ്സഭവനം പണിതു് ഇവിടെ താമസം തുടങ്ങിയപ്പോൾ മുതൽ വൃഥായുള്ള അപ്പം തിന്നതായി[43] ഓർക്കുന്നില്ല. എന്റെ കൈകളുടെ അദ്ധ്വാനം കൊണ്ടാണ് ഞാൻ ജീവിച്ചിട്ടുള്ളതു്. ഇന്നുവരെ ഞാൻ പറഞ്ഞ ഒരു വാക്കിനെക്കുറിച്ചും ഞാൻ ദുഃഖിക്കുന്നില്ല. ദൈവത്തെ ശുശ്രൂഷിക്കാൻ തുടങ്ങാത്തവനെപ്പോലെ ഞാൻ ദൈവത്തിന്റെ പക്കലേയ്ക്കു പോകുന്നു.''

7. ഒരിജനും അമ്മോണിയൂസും താഴെപറയുന്ന സംഗതിയും സാക്ഷ്യപ്പെടുത്തുന്നു: ''ഏതെങ്കിലും ഒരു വേദപുസ്തക ഭാഗത്തെ സംബന്ധിച്ചോ, മറെറന്തെങ്കിലും പ്രശ്നം സംബന്ധിച്ചോ ചോദിച്ചാൽ ഉടനെ അദ്ദേഹം ഉത്തരം നല്കാറേയില്ല; മറിച്ച് 'ഞാനതു കണ്ടുപിടിച്ചില്ല' എന്നു മാത്രം പറയുക പതിവായിരുന്നു. പലപ്പോഴും മൂന്നുമാസക്കാലം കഴിഞ്ഞാലും അദ്ദേഹം ഉത്തരം നല്കാറില്ല. താനതു മനസ്സിലാക്കിയില്ല എന്നു മാത്രം പറയും. അദ്ദേഹത്തിന്റെ മറുപടികൾ ദൈവത്തിൽ നിന്ന്, ദൈവം അംഗീകരിച്ച് തന്റെ ഇച്ഛാനുസൃതം എന്ന

43 2 തെസ്സ. 3:8-10

www.malankaralibrary.com



നിലയിൽ അവർ സ്വീകരിച്ചിരുന്നു. സംസാരത്തിൽ കൃത്യത എന്ന സുകൃതത്തിൽ അദ്ദേഹം മഹാനായ അന്തോണിയേയും ഉല്ലംഘിച്ചു എന്നു പറയപ്പെടുന്നു''.

8. പംബോയെക്കുറിച്ച് ഈ സംഭവം പറയപ്പെടുന്നു: താപസനായ പിയോർ[44] അദ്ദേഹത്തിന്റെ അടുത്തുവന്നു് തന്റെ സ്വന്തം അപ്പം കൊണ്ടുകൊടുത്തു. 'എന്തിനാണ് നീ യിതു ചെയ്തതു്'' എന്നു ശകാരിച്ചു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ''അങ്ങേയ്ക്കു് ബുദ്ധിമുട്ട് വരുത്താതിരിക്കാനാണ്''. പംബോ അദ്ദേഹത്തെ വളരെ ശക്തിയായി ഒരു നിശ്ശബ്ദപാഠം പഠിപ്പിച്ചു. പിന്നീട് പിയോറിനെ കാണാൻ ചെന്നപ്പോൾ കുറെ കുതിർന്ന റൊട്ടി പംബോ എടുത്തിരുന്നു. വിശദീകരണ മാരാഞ്ഞപ്പോൾ പംബോ പറഞ്ഞു ''നിനക്ക് ബുദ്ധിമുട്ടുണ്ടാ കാതിരിക്കാൻ ഞാനിതു നനച്ചു.''

## 11. അമ്മോണിയൂസ്

1. പംബോയുടെ ശിഷ്യനായ അമ്മോണിയൂസ്[45] തന്റെ മൂന്നു സഹോദരന്മാരോടും രണ്ടു സഹോദരിമാരോടും ഒപ്പം വിശുദ്ധിയുടെ സോപാനത്തിലെത്തി. അവർ മരുഭൂമിയിൽ ചെന്ന് ഓരോരുത്തരും വേറെ വേറെ അകന്നകന്ന് താമസി ക്കാൻ തുടങ്ങി. അമ്മോണിയൂസ് വലിയ പണ്ഡിതനായിരുന്ന തിനാൽ[46] ഏതോ പട്ടണം മെത്രാനാക്കാനുള്ള ഉദ്ദേശത്തോടെ അദ്ദേഹത്തെ അന്വേഷിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തെ തങ്ങ ളുടെ മെത്രാനാക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ജനങ്ങൾ ഭാഗ്യവാനായ തിമോതിയോസിനെ[47] സമീപിച്ചു.

2. അദ്ദേഹം അവരോടു പറഞ്ഞു: 'അദ്ദേഹത്തെ എന്റെ പക്കൽ കൊണ്ടു വരിക; ഞാൻ പട്ടം കൊടുക്കാം.'' അവർ ദൗത്യവാഹകരുമായി പുറപ്പെട്ടു. താൻ കുരുക്കിലായി എന്ന് അമ്മോണിയൂസിനു മനസ്സിലായി. താൻ മരുഭൂമി ഉപേക്ഷി

---

44 താഴെ അദ്ധ്യായം 39 കാണുക.

45 മുകളിൽ അധ്യായം 10, 1 ൽ അമ്മോണിയൂസിനെപ്പററി (അമ്മോൻ) പരാമർശിച്ചല്ലോ. നിത്രിയൻ മലയിലെ പ്രശസ്ത സന്ന്യാസികളിൽ ഒരാളായിരുന്നു അദ്ദേഹം. താഴെ അധ്യായം 46:3 ൽ ഇദ്ദേഹം 'അമ്മോണിയൂസ് പരോതെസ്'' എന്നു വി ളിക്കപ്പെടുന്നു. (cfr. നിസെഫൊറസ്, സഭാ. 11;37).

46 വി. ഗ്രന്ഥത്തിൽ പ്രവീണൻ എന്നർത്ഥം.

47 അലക്സാണ്ഡ്രിയായിലെ തിമോത്തിയോസ് (381—385) സൊസൊമെൻ സഭാ. 7;9

www.malankaralibrary.com



ക്കുകയില്ലെന്നും ഈ തെരഞ്ഞെടുപ്പ് സ്വീകരിക്കുകയില്ലെന്നും അദ്ദേഹം കട്ടായം ശപഥം ചെയ്യുകയും അവരെ എതിർക്കുകയും ചെയ്തു. അവരാകട്ടെ വഴങ്ങുവാൻ കൂട്ടാക്കിയില്ല; അപ്പോൾ, അവർ നോക്കിക്കൊണ്ടിരിക്കെ അദ്ദേഹം ഒരു കത്രികയെടുത്ത് തന്റെ ഇടത്തേ ചെവിയുടെ ഭാഗം തലയുടെ പിൻഭാഗത്തു വച്ച് ഛേദിച്ചുകളഞ്ഞു[48]. അവരോടു പറഞ്ഞു: "ചെവി ഛേദിക്കപ്പെട്ടവന് പട്ടം കൊടുക്കാൻ നിയമം അനുവദിക്കുന്നില്ല. ഇപ്പോൾ മുതൽ എനിക്കിതസാദ്ധ്യമാണെന്ന് ഉറപ്പായി ഗ്രഹിക്കുവിൻ" (ലേവ്യ. 21:17).

3. അതുകൊണ്ട് അവർ അദ്ദേഹത്തെ ഉപേക്ഷിച്ചു പോയി. അവർ തിരിച്ചുചെന്ന് മെത്രാനെ വിവരം അറിയിച്ചു. അദ്ദേഹം പറഞ്ഞു," യൂദന്മാർ ഈ നിയമം അനുസരിക്കട്ടെ, മുറിമൂക്കനാണെങ്കിലും മററു കാര്യങ്ങളിൽ യോഗ്യനായ ഒരാളെ നിങ്ങൾ എന്റെ പക്കൽ കൊണ്ടുവന്നാൽ ഞാൻ അവനു പട്ടം കൊടുക്കും." അവർ വീണ്ടും ഇറങ്ങിത്തിരിച്ചു. എന്നാൽ അമ്മോണിയൂസാകട്ടെ ശപഥം ചെയ്തു പറഞ്ഞു," നിങ്ങൾ എന്നെ നിർബ്ബന്ധിച്ചാൽ ഞാൻ എന്റെ നാക്കു് മുറിച്ചുകളയും." അതിനാൽ അവർ അദ്ദേഹത്തെ വിട്ട് പൊയ്ക്കളഞ്ഞു.

4. ഈ അമ്മോണിയൂസിനെപ്പററി ഈ കാര്യവും പറയപ്പെട്ടിരിക്കുന്നു; ജഡികദുരാശകൾ മത്സരിച്ചു ശക്തിപ്പെടുമ്പോൾ അദ്ദേഹം ഒരിക്കലും കീഴ്പ്പെട്ടിരുന്നില്ല; പിന്നെയോ, ഒരിരുമ്പ് പഴുപ്പിച്ച് ദേഹത്തുവയ്ക്കുകയായിരുന്നു പതിവ്. അങ്ങനെ അദ്ദേഹത്തിന്റെ ശരീരം മുഴുവൻ വ്രണങ്ങളുമായിരുന്നു. യൗവ്വനം മുതൽ മരണംവരെ പാചകം ചെയ്യാത്ത ഭക്ഷണം മാത്രമേ അദ്ദേഹം കഴിച്ചിരുന്നുള്ളു. റൊട്ടിയൊഴിച്ച് അഗ്നിയിൽ വേവിച്ച യാതൊന്നും ഭക്ഷിച്ചിരുന്നില്ല; പഴയനിയമവും പുതിയനിയമവും അദ്ദേഹം മനഃപാഠമാക്കിയിരുന്നു. ഒരിജൻ, ദിദിമൂസ്, പിയേരിയൂസ്; സ്റ്റീഫൻ[49] എന്നിവരുടെ ശ്രേഷ്ഠകൃതികളിൽ നിന്നു് അറുപതുലക്ഷം വാക്യങ്ങൾ അദ്ദേഹത്തിനു മനഃപാഠമായി അറിയാമായിരുന്നെന്ന് മരുഭൂമിയിലെ പിതാക്കന്മാർ സാക്ഷിക്കുന്നു.

---

48 സൊക്രാട്ടസ്, സഭാ. 4;23; സൊസൊമെൻ, സഭാ. 6:30.

49 ജി. ചേടിയത്ത്, ആദിമസഭയുടെ സന്ദേശം, കോട്ടയം 1981 277-299 (ഒരിജൻ). 304-305 (പിയേരിയൂസ്). മുകളിൽ അധ്യായം 4 (ദിദിമൂസ്) കാണുക: താഴെ അധ്യായം 55:3 (പിയേരിയൂസ്. സ്ററീഫൻ). ജൂനിയർ ഒരിജൻ എന്നാണ് പിയേരിയൂസ് അറിയപ്പെട്ടിരുന്നത്. (ജറോം, മഹദ്‌വ്യക്തികൾ 76)

www.malankaralibrary.com



5. മരുഭൂമിയിലെ സഹോദരന്മാരുടെ നിയന്താവായി ഒരാളുണ്ടായിരുന്നെങ്കിൽ അതു അദ്ദേഹമായിരുന്നു, ദൈവ നിവേശിതനും, ബുദ്ധിശാലിയും ഭാഗ്യവാനുമായ എവാഗ്രി യൂസ്[50] ഇപ്രകാരം അദ്ദേഹത്തെപ്പററി സാക്ഷ്യപ്പെടുത്തുന്നു: "ഇദ്ദേഹത്തേക്കാരം വികാരരഹിതനായ ഒരാളെ ഞാൻ ഒരി ക്കലും കണ്ടിട്ടില്ല."

(അദ്ദേഹത്തിനു് കോൺസ്റ്റാൻറിനോപ്പിളിലേക്കു് ഒരു യാത്ര പോകേണ്ടിയിരുന്നു. അല്പം കഴിഞ്ഞു് അദ്ദേഹം നിദ്ര പ്രാപിച്ചു. റുഫീനിയാനെ[51] എന്നു പറയപ്പെടുന്ന രക്തസാക്ഷി യുടെ സ്മാരകമണ്ഡപത്തിൽ അദ്ദേഹം അടക്കപ്പെട്ടു. പനിയൽ ഉള്ളവരെല്ലാം അവിടെ വച്ചു് സുഖം പ്രാപിക്കുന്നു എന്നു് പറ യപ്പെടുന്നു [52]).

## 12. ബന്യാമിൻ

1. ഈ നിത്രിയൻ മലയിൽ ബന്യാമിൻ[53] എന്നു പേരു ള്ള ഒരാരം ഉണ്ടായിരുന്നു. അദ്ദേഹം എൺപതു വയസ്സുവരെ ജീവിച്ചു. അദ്ദേഹം ആദ്ധ്യാത്മിക പരിപൂർണ്ണതയുടെ ഉന്നത സോപാനത്തിൽ എത്തിച്ചേർന്നു. അദ്ദേഹത്തിനു രോഗശാന്തി വരം ഉണ്ടായിരുന്നു. അദ്ദേഹം കൈവയ്ക്കുകയോ, ആശീർവ്വദി ക്കുകയോ, എണ്ണ കൊടുക്കുകയോ ചെയ്തവർ [54] രോഗവിമുക്ത രായി. രോഗശാന്തിവരം മൂലം വളരെയധികം ബഹുമാനിക്ക പ്പെട്ടിരുന്ന ഈ വ്യക്തി മരിക്കുന്നതിനു് എട്ടു മാസം മുൻപ് മഹോദരരോഗിയായിത്തീർന്നു. മറെറാരു ഇയോബു് എന്നു് തോന്നത്തക്കരീതിയിൽ (2:7) അദ്ദേഹത്തിൻെറ ശരീരം വീർത്തു പൊങ്ങി. നിത്രിയൻ മലയിലെ വൈദികനും പില്ക്കാലത്തു് മെത്രാനുമായ ദിയൊസ്കോറോസ്[55] ഭാഗ്യവാനായ എവാ ഗ്രിയൂസിനെയും എന്നേയും അരികിൽ വിളിച്ചു പറഞ്ഞു:

---

50 താഴെ അധ്യായം 38 കാണുക.

51 ആ സ്ഥലം റുഫീനുസിൻെറ വകയായിരുന്നു. കൽക്കദോനി യായ്ക്കു് സമീപമുള്ള തൻെറ എസ്റേററിൽ അദ്ദേഹം ഒരു പള്ളിയും, ഒരു കൊട്ടാരവും പണിതു. വി. പത്രോസിനും വി. പൗലോസിനും സമർപ്പിതമായിരുന്നു പ്രസ്തുത ദേവാലയം. (സൊക്രാട്ടസ്, സഭാ. 8.17).

52 ഈ ഭാഗം പല കയ്യെഴുത്തുപ്രതികളിലും ഇല്ല.

53 സൊസൊമെൻ, സഭാ. 6:29; നിസെഫൊറസ്, സഭാ, 11;35.

54 താഴെ അധ്യായം 18. 11, 22 കാണുക.

55 മുകളിൽ അധ്യായം 10:1 കാണുക. ; നമ്പർ 45 കാണുക.

www.malankaralibrary.com



2. ''ഒരിക്കലും ഭേദമാകാത്ത രോഗംകൊണ്ടും ശരീരത്തിലെ നീരുകൊണ്ടും കഷ്ടപ്പെടുന്ന പുതിയ ഇയ്യോബിനെ വന്നു കാണുക. (12:13—24). ജനങ്ങളാകട്ടെ അദ്ദേഹത്തോടു എന്തുമാത്രം കടപ്പെട്ടിരിക്കുന്നു''. ഞങ്ങൾ അവിടെ പോയി; വളരെയധികം വീർത്തുപൊങ്ങിയ അദ്ദേഹത്തിൻെറ ശരീരം ദർശിച്ചു. മററൊരാളുടെ വിരലുകൊണ്ടു പിടിച്ചാൽ പിടിമുററാത്തവണ്ണം അദ്ദേഹത്തിൻെറ വിരലുകൾ വീർത്തിരുന്നു. ഈ ഭീകര കാഴ്ച കണ്ടുകൊണ്ടുനില്ക്കാൻ പ്രയാസമായതിനാൽ ഞങ്ങൾ നോട്ടം മാററിക്കളഞ്ഞു. അപ്പോൾ, ഭാഗ്യവാനായ ബന്യാമിൻ ഞങ്ങളോട് പറഞ്ഞു: ''പ്രിയ കുഞ്ഞുങ്ങളേ, ആന്തരിക മനുഷ്യന് വീക്കം ഉണ്ടാകാതിരിപ്പാൻ പ്രാർത്ഥിക്കുവിൻ. ആരോഗ്യമുണ്ടായിരുന്നപ്പോൾ ഈ ശരീരം എന്നെ സഹായിച്ചില്ല. രോഗത്തിലും അതെനിക്ക് ഉപദ്രവം ചെയ്തില്ല''.

3. അദ്ദേഹത്തിനായി വിസ്താരമുള്ള ഒരു വലിയ ഇരിപ്പിടം ഉണ്ടാക്കി. എട്ടുമാസക്കാലം അദ്ദേഹം അതിൽ ഇരുന്നു. മററാവശ്യങ്ങൾ നിമിത്തം കിടക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ഈ വലിയ രോഗത്തിലും അദ്ദേഹം മററുള്ളവരെ സുഖമാക്കി. നീതിമാന്മാർക്ക് എന്തെങ്കിലും ആപത്തുണ്ടാകുമ്പോൾ നാം അത്ഭുതപ്പെടാതിരിക്കാൻ ഈ രോഗത്തെപ്പററി വിവരിക്കണമെന്ന് എനിക്കു് തോന്നി. ശരീരം വളരെ വീർത്തിരുന്നതിനാൽ[56] അദ്ദേഹം മരിച്ചപ്പോൾ ശരീരം പുറത്തെടുക്കാൻ വാതിലും കട്ടിളയും ഒക്കെ ഇളക്കിമാറേറണ്ടിവന്നു.

## 13. അപ്പൊളേളാണിയൂസ്

1. ഈ ലോകം ഉപേക്ഷിച്ച് നിത്രിയൻ മലയിൽ വന്നു വസിച്ച അപ്പൊളേളാണിയൂസ് എന്നു പേരുള്ള ഒരു വ്യാപാരി ഉണ്ടായിരുന്നു. പ്രായമായതിനാൽ പുതിയ തൊഴിൽ പഠിക്കാനോ, ഒരു പകർത്തിയെഴുത്തുകാരനാകാനോ അദ്ദേഹത്തിനു കഴിഞ്ഞില്ല. അതുകൊണ്ട് തൻെറ ബിസിനസ് നടത്തി ഇരുപതുവർഷം ആ മലയിൽ താമസിച്ചു. സ്വന്തം പണംകൊണ്ടും പ്രയത്നംകൊണ്ടും അലക്സാണ്ഡ്രിയായിൽ പോയി മരുന്നും അത്യാവശ്യ സാധനങ്ങളും വാങ്ങി സഹോദരന്മാർക്ക് രോഗം വരുമ്പോൾ ആവശ്യാനുസരണം കൊടുത്തിരുന്നു.

2. അതിരാവിലെ മുതൽ ഒമ്പതാം മണിവരെ രോഗികളുണ്ടോ എന്നാരാഞ്ഞുകൊണ്ട് അദ്ദേഹം ആശ്രമത്തിലെ ഓരോ

56 പപ്പിയാസിൻെറ രേഖാശകലം, 3:1. ജി. ചേടിയത്ത്, സഭാപിതാക്കന്മാർ, കോട്ടയം, 1979, p, 93—4.

www.malankaralibrary.com



വാതില്ക്കലും മുട്ടിവിളിക്കുന്നതു് കാണാമായിരുന്നു. മുന്തിരിങ്ങാ മാതളനാരങ്ങ, മുട്ട, കേക്ക് ആദിയായി രോഗികൾ ഇഷ്ടപ്പെട്ടുന്നതൊക്കെ കൊണ്ടുവന്നിരുന്നു. തന്റെ വാർദ്ധക്യകാലത്ത് ഇതു നല്ലൊരാദായമാർഗ്ഗമായി അദ്ദേഹം കണ്ടെത്തി. അദ്ദേഹം മരിച്ചപ്പോൾ തന്നെപ്പോലെ നീതിമാനായ ഒരാളെ തനിക്കുള്ളതെല്ലാം ഏല്പിച്ചു; ഈ സേവനം തുടരാൻ അയാളെ പ്രേരിപ്പിച്ചു. കാരണം, ഈ മലയിൽ 5000 സന്യാസികൾ ജീവിക്കുന്നുണ്ടായിരുന്നു; അതൊരു മരുഭൂമിയായിരുന്നതിനാൽ ഇത്തരം സന്ദർശനം വളരെ അത്യാവശ്യവുമായിരുന്നു.

## 14. പയേസിയൂസും ഏശായ്യാവും

1. ഒരു സ്പാനിഷ് കച്ചവടക്കാരന്റെ മക്കളായ പയേസിയൂസും ഏശയ്യാവും അവിടെ ജീവിച്ചിരുന്നു. അവരുടെ പിതാവു മരിച്ചപ്പോൾ അവക്കുണ്ടായിരുന്നവ അവർ വിഭജിച്ചെടുത്തു. 5000 നാണയം, വസ്ത്രങ്ങൾ, അടിമകൾ ആദിയായവ. അവർ ഒന്നിച്ചു് ആലോചന നടത്തി: സഹോദരാ, നാം ഏന്തുതരം ജീവിതമാണു് നയിക്കേണ്ടതു്? നമ്മുടെ പിതാവിനെപ്പോലെ കച്ചവടക്കാരായാൽ നാം നമ്മുടെ ജോലി മററുള്ളവരെ ഏല്പിക്കേണ്ടിവരും. പുറംകടലിൽ കൊള്ളക്കാരുടെ കൈയ്യിൽ അകപ്പെടാനുള്ള സാധ്യതയും ഉണ്ടു്. വരൂ, നമുക്കു് സന്യാസജീവിതം തിരഞ്ഞെടുക്കാം. നമ്മുടെ പിതാവിന്റെ ധനം പ്രയോജനപ്രദമാകും; അതേസമയം നമ്മുടെ ആത്മാവിനെ നാം നഷ്ടപ്പെടുത്തുകയുമില്ല.

2. സന്യാസജീവിതം എന്ന ആശയം അവക്ക് സ്വീകാര്യമായിരുന്നു. എന്നാൽ അവക്ക് അഭിപ്രായൈക്യം ഇല്ലാത്ത ഒരു സംഗതിയുണ്ടായിരുന്നു. കാരണം, വസ്തു വിഭജിച്ചപ്പോൾ വിവിധ ജീവിതപന്ഥാവിലൂടെ ദൈവത്തെ പ്രസാദിപ്പിക്കാൻ അവർ പ്ലാനിട്ടു.

3. ഒരാൾ തനിക്കുള്ളതെല്ലാം ആശ്രമങ്ങൾക്കും പള്ളികൾക്കും കാരാഗൃഹങ്ങൾക്കുമായി പങ്കിട്ടു. തന്റെ ജീവിതസന്ധാരണത്തിനായി അയാൾ ഒരു തൊഴിൽ പഠിച്ചു. പ്രാർത്ഥനയിലും ആദ്ധ്യാത്മികാനുഷ്ഠാനങ്ങളിലുമായി തന്റെ സമയം ചെലവഴിച്ചു. മറെറയാൾ സ്വത്തു് പങ്കിട്ടില്ല; തനിക്കായി ഒരാശ്രമം പണിതു് കുറെ സഹോദരന്മാരെ അവിടെ സ്വീകരിച്ചു. അപരിചിതർ, അംഗവൈകല്യമുള്ളവർ, വൃദ്ധർ, പാവപ്പെട്ടവർ എന്നിവരെയെല്ലാം അവിടെ സ്വീകരിച്ചു. എല്ലാ ശനിയാഴ്ചയും ഞായറാഴ്ചയും മൂന്നാലു് മേശകൾ വീതം അദ്ദേഹം ഒരുക്കിയിരുന്നു. ഇങ്ങനെ അയാൾ തന്റെ പണം ചെലവഴിച്ചു.

www.malankaralibrary.com


4. അവരിരുവരും മരിച്ചു കഴിഞ്ഞപ്പോൾ അവരുടെ സുകൃതത്തെപ്പററി വിവിധതരം അഭിപ്രായങ്ങളുയർന്നു. ചിലർ ഒരാളെയും ചിലർ മറെറാരാളെയും കൂടുതൽ ഇഷ്ടപ്പെട്ടു. അവരെ സ്തുതിക്കുന്നതിൽ സഹോദരന്മാർ മത്സരബുദ്ധി കാട്ടി. ഏതാണ് മെച്ചപ്പെട്ട ജീവിതമെന്നറിയാൻ സാധിക്കും എന്നു കണ്ടു് അവർ ഭാഗ്യവാനായ പംബോയുടെ പക്കലെത്തി വിധി പ്രസ്താവിക്കാൻ അഭ്യർത്ഥിച്ചു. അദ്ദേഹം പറഞ്ഞു: "ഇരുവരും പരിപൂർണ്ണരായിരുന്നു. ഒരാൾ അബ്രഹാമിൻെറയും അപരൻ ഏലിയാവിൻെറയും പ്രവൃത്തികൾ ചെയ്തു."[57]

5. ഒരു വിഭാഗം പറഞ്ഞു: "അവരെങ്ങനെ തുല്യരാകും എന്നു പറഞ്ഞാലും എന്നു് അങ്ങയുടെ പാദത്തിൽ തൊട്ടു് ഞങ്ങൾ അപേക്ഷിക്കുന്നു." 'താപസ്സനാണു് ശ്രേഷ്ഠൻ' എന്നു് ഇക്കൂട്ടർ കരുതിയിരുന്നു. അവനെല്ലാം വിററു് ദരിദ്രർക്കു കൊടുത്തു. (ലൂക്കോ. 18:22) "രാപകൽ അനുനിമിഷം കുരിശെടുത്തു് രക്ഷകനെ പിൻചെന്നു" എന്നു് അവർ വാദിച്ചുകൊണ്ടിരുന്നു. (ലൂക്കോ. 9:23) 'ഏശയ്യാവു് തനിക്കുള്ളതെല്ലാം ആവശ്യക്കാർക്കായി പങ്കിട്ടു; വഴിത്തലയ്ക്കൽ പോയിരുന്നു് പീഡിതരെ വിളിച്ചുകൊണ്ടു വന്നിരുന്നു' എന്നു് മറേറക്കൂട്ടർ ശക്തിയായി വാദിച്ചു. 'രോഗികളെ ശുശ്രൂഷിച്ചും സഹായിച്ചും അവൻ തൻെറയും മററുള്ളവരുടെയും ആത്മാക്കളെ സന്തോഷിപ്പിച്ചു'.

6. പംബോ അവരോടു പറഞ്ഞു: "അവർ ഇരുവരും ഒരുപോലെ ധനികരാണെന്നു് ഞാൻ നിങ്ങളോടു പറയുന്നു. ഒരാൾ യഥാർത്ഥത്തിൽ താപസ്സനായി ജീവിച്ചില്ലെങ്കിൽ മറേറയാളുടെ നന്മയുമായി താരതമ്യപ്പെടുത്താനർഹനേയല്ല എന്നു് നിങ്ങളോരോരുത്തരോടും ഉറപ്പായി ഞാൻ പറയുന്നു. മറെറയാൾ അപരിചിതരെ സന്തോഷിപ്പിച്ചു; അങ്ങനെ തന്നെത്തന്നെയും. അദ്ധ്വാനഭാരം വഹിക്കുന്നു എന്നു് കാണപ്പെട്ടാലും അയാൾക്കും അതിനുശേഷം വിശ്രമം ഉണ്ടല്ലോ. ദൈവത്തിൽ നിന്നു എനിക്കു് വെളിപാടുണ്ടാകുന്നതുവരെ കാത്തിരിക്കുക; അതിനുശേഷം വന്നു ഗ്രഹിക്കുക." കുറെ ദിവസങ്ങൾക്കുശേഷം അവർ തിരികെ വന്നു; അപ്പോൾ അദ്ദേഹം അവരോടു പറഞ്ഞു, "പറുദീസായിൽ ദൈവസന്നിധിയിൽ അവരിരുവരും നില്ക്കുന്നതു് ഞാൻ കണ്ടു."

---

57 ഒരാൾ അബ്രഹാമിൻെറ അതിഥി സല്ക്കാരവും അപരൻ ഏലിയാവിൻെറ ആത്മപരിത്യാഗവും അനുകരിച്ചു. സജീവ പ്രവർത്തകരും, ധ്യാനാത്മക പ്രവർത്തകരുമായ സന്ന്യാസികൾക്കുള്ള രണ്ടു് മാതൃകകളാണു് അബ്രഹാമും ഏലിയായും.

www.malankaralibrary.com



## 15. ചെറിയ മക്കാരിയൂസ്

1. മാറെയാ തടാകത്തിൻെറ തീരത്തു് മക്കാരിയൂസ്[58] എന്ന പേരുള്ള 18 വയസ്സുള്ള ഒരു യുവാവ് തൻെറ സുഹൃത്തുക്കളുമൊത്തു് കളിച്ചുകൊണ്ടിരുന്നു. അവൻ കന്നുകാലികളെ തീററുകയായിരുന്നു; കളിക്കിടയിൽ ഇയാാംമൂലം ഒരാാം മരിക്കുന്നതിനിടയായി. ആരോടും ഒരക്ഷരം ഉരിയാടാതെ അയാാം മരുഭൂമിയിലേക്കു ഓടിപ്പോയി. അവൻ ദൈവത്തെയും മനുഷ്യരേയും വളരെ ഭയപ്പെട്ടിരുന്നു; തന്നെപ്പററി അല്പം പോലും പരിഗണന ഇല്ലായിരുന്നു. ഒരഭയസ്ഥാനമില്ലാതെ മൂന്നു വർഷം അയാാം മരുഭൂമിയിൽ താമസിച്ചു. ഈ സ്ഥലത്തു് മഴ പെയ്യാറില്ലെന്നു്നേരിട്ടോ, മററുള്ളവരിൽനിന്നു കേട്ടോ എല്ലാവർക്കും അറിയാം.

2. പിന്നീടു് അദ്ദേഹം ഒരു കുടിൽകെട്ടി ഇരുപത്തഞ്ചു് വർഷം അവിടെ താമസിച്ചു. പിശാചുക്കളെ തുപ്പി അകററാനുള്ള വരം അദ്ദേഹത്തിനുണ്ടായിരുന്നു;[59] തൻെറ ഏകാന്ത ജീവിതത്തിൽ അദ്ദേഹം സന്തോഷിച്ചു. ഞാൻ കുറേനാാം അദ്ദേഹത്തിൻെറ കൂടെ താമസിച്ചു; 'താൻ ചെയ്ത കൊലപാതകത്തെപ്പററി ഇപ്പോാം എന്തുതോന്നുന്നു' എന്നു ഞാനാരാഞ്ഞു. ''അതേപ്പററി ചിന്തിക്കുന്നതേയില്ല'' എന്നദ്ദേഹം മറുപടി പറഞ്ഞു; അതു് തൻെറ രക്ഷയുടെ ആരംഭമാകയാൽ അതിൽ സന്തോഷിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

3. ഈജിപ്തിൽ വച്ചു് ചെയ്ത കൊലപാതകം മൂലം (പുറ. 2:12–15) ഫറവോനെ പേടിച്ചു് മോശ സീനായ്മലയിലേയ്ക്കു് ഓടിപ്പോയി. അങ്ങനെ ചെയ്തില്ലായിരുന്നെങ്കിൽ ദിവ്യദർശനത്തിനും നിവേശിതവാക്കുകാം എഴുതുന്നതിനുള്ള വരത്തിനും അദ്ദേഹം അർഹനാകയില്ലായിരുന്നുവെന്നു് വി. ഗ്രന്ഥത്തിൽനിന്നുള്ള തെളിവുകാം അദ്ദേഹം കൊണ്ടുവന്നു; കൊലപാതകത്തിൻെറ ഗൗരവം കുറച്ചു പറയുകയല്ല ഞാൻ. മനുഷ്യർ

---

58 മുകളിൽ നമ്പർ 2:7 കാണുക. ''കൊലപാതകിയായ മക്കാരിയൂസ്'' എന്നു് ഇദ്ദേഹം അറിയപ്പെടുന്നു; കസ്സിയദോറുസ് Historia Ecclesiastica Tripartita 8, 1; സൊസൊമെൻ, സഭാ. 7. 29.

59 അവുത്തിയാനുസിൻെറ (Avitianus) പുറത്തിരുന്ന ഒരു പിശാചിനെ ടൂർസിലെ വി. മാർട്ടിൻ അടിച്ചോടിച്ചു എന്നു് സുാം പീചിയുസ് സെവേരുസ് (ഡയലോഗ് 3.8) പറയുന്നു. വിശുദ്ധരുടെ ജീവചരിത്രത്തിൽ കൂടെക്കൂടെ ഇത്തരം സംഗതികളെപ്പററി പരാമർശിക്കുന്നുണ്ടു്. ''daemonium exsufflatio'' എന്നാണു് ഇതു് അറിയപ്പെടുന്നതു്.

www.malankaralibrary.com


സ്വയമായി നന്മയിൽ പുരോഗമിക്കാത്തപ്പോൾ സാഹചര്യങ്ങൾ വഴി നന്മയുണ്ടാകാറുണ്ട് എന്നേ ഞാൻ പറയുന്നുള്ളു. ചില സുകൃതങ്ങൾ മനഃപൂർവ്വം തിരഞ്ഞെടുക്കപ്പെട്ടതാണ്. ചിലവ സാഹചര്യങ്ങൾ മൂലവും ഉണ്ടാകുന്നു.

## 16. നഥാനിയേൽ

1. മറെറാരാൾ നഥാനിയേൽ എന്ന വൃദ്ധനായിരുന്നു. ജഡത്തിൽ ഞാൻ അദ്ദേഹത്തെ കണ്ടിട്ടില്ല. എന്റെ സന്ദർശനത്തിന് പതിനഞ്ച് വർഷം മുൻപ് അദ്ദേഹം നിദ്ര പ്രാപിച്ചിരുന്നു. അദ്ദേഹത്തോടൊപ്പം താപസജീവിതം അനുഷ്ഠിച്ചവരും സമകാലീനരുമായവരെ കണ്ടപ്പോൾ ഈ മനുഷ്യന്റെ സുകൃതത്തെപ്പററി താല്പര്യപൂർവ്വം ഞാൻ ആരാഞ്ഞു. അവർ അദ്ദേഹത്തിന്റെ കുടിൽ എന്നെ കാണിച്ചു. ഇതു് പട്ടണത്തിന്റെ വളരെ അടുത്തായിരുന്നതിനാൽ ആരും അതിൽ താമസിച്ചിരുന്നില്ല. ഏകാന്തവാസികൾ വളരെ വിരളവും വളരെ അകന്നും കഴിഞ്ഞ കാലത്താണ് അദ്ദേഹം ഇതു നിർമ്മിച്ചതു്. തന്റെ തീരുമാനങ്ങളിൽ ഉറച്ചിരിക്കാനായി അദ്ദേഹം തന്റെ കുടിലിൽനിന്ന് വളരെ വിരളമായേ പുറത്തു പോയിരുന്നുള്ളു എന്ന് അദ്ദേഹത്തിന്റെ പ്രത്യേകതയെപ്പററി ജനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

2. എല്ലാവരെയും നിന്ദിക്കുകയും ചതിക്കുകയും ചെയ്യുന്ന പിശാച് ആരംഭംമുതലേ ഇദ്ദേഹത്തെ നിന്ദിച്ചിരുന്നു. ആദ്യം നിർമ്മിച്ച കുടിലിലെ താമസം വിരസമായി തോന്നിയതിനാൽ നഗരത്തോടു് കുറേക്കൂടി അടുത്ത് മറെറാന്ന് ഉണ്ടാക്കി. അതു് തീർത്ത് അതിനുള്ളിൽ താമസിച്ച് നാലുമാസം കഴിഞ്ഞപ്പോൾ ആരാച്ചാരന്മാരുടേതുപോലെ ഒരു കൊരടാവും കയ്യിൽ പിടിച്ച് രാത്രിയിൽ ഒരു പിശാച് കാണപ്പെട്ടു. പ്രാകൃതവേഷധാരിയായ ഒരു പട്ടാളക്കാരന്റെ രൂപത്തിലാണ് അവൻ കാണപ്പെട്ടതു്, തന്റെ കൊരടാവു കൊണ്ട് അവൻ ശബ്ദമുണ്ടാക്കിക്കൊണ്ടിരുന്നു. "എന്റെ താപസസ്ഥലത്തു വന്നു് ഇപ്രകാരം ചെയ്യുന്ന നീ ആരാണ്?" എന്നു് ഭാഗ്യവാനായ നഥാനിയേൽ അവനോടു ചോദിച്ചു. പിശാച് പ്രത്യുത്തരിച്ചു; "നിന്നെ മറേറ കുടിലിൽ നിന്നു് ഓടിച്ചവൻ തന്നെ; ഇതിൽ നിന്നു് നിന്നെ ഓടിക്കാൻ ഞാൻ വന്നിരിക്കുന്നു."

3. താൻ കളിയാക്കപ്പെട്ടു എന്നു നഥാനിയേൽ മനസ്സിലാക്കി; തന്റെ ആദ്യകുടിലിലേയ്ക്കു് തിരികെപ്പോയി; പിശാചിനോടുള്ള വിദ്വേഷത്താൽ മുപ്പത്തേഴു വർഷം തന്റെ വാതിൽ

www.malankaralibrary.com


അദ്ദേഹം കടന്നുപോയില്ല. അതിൽനിന്നു പുറത്തിറക്കാൻ നിരവധി തന്ത്രങ്ങൾ പിശാച് പ്രയോഗിച്ചു. അതിലൊന്ന് ഇപ്രകാരമായിരുന്നു: ഏഴു മെത്രാന്മാരുടെ സന്ദർശനത്തിനു അവൻ കാത്തിരുന്നു—ഇത് ദൈവം ഒരുക്കിയതാണൊ പിശാചിൻെറ പരീക്ഷണമാണോ എന്നറിയില്ല—ഇത് നഥാനിയേലിനെ തൻെറ നിശ്ചയത്തിൽനിന്ന് ഏതാണ്ട് മാററും എന്ന നിലയിലായി. പ്രാർത്ഥന കഴിഞ്ഞ് മെത്രാന്മാർ പോയപ്പോൾ, ഒരടിപോലും നഥാനിയേൽ അവരോടൊപ്പം മുന്നോട്ട് പോയില്ല.

4. ഡീക്കന്മാർ അപ്പോൾ അദ്ദേഹത്തോട് ചോദിച്ചു: ''പിതാവേ, മെത്രാന്മാരെ അനുധാവനം ചെയ്യാതെ അങ്ങ് എന്താണ് ഈ ഔദ്ധത്യം കാട്ടുന്നത്?'' അപ്പോൾ അദ്ദേഹം പറഞ്ഞു: ''ഞാൻ ലോകത്തിനും എൻെറ അദ്ധ്യക്ഷന്മാരായ മെത്രാന്മാർക്കും മരിച്ചവനാണ്. എനിക്ക് നിഗൂഢമായ ഒരുദ്ദേശ്യമുണ്ട്; ഞാൻ അവരെ അനുധാവനം ചെയ്യാത്തത് എന്തുകൊണ്ട് എന്നു് ദൈവം അറിയുന്നു.'' തൻെറ പരിശ്രമത്തിൽ പിശാച് പരാജയപ്പെട്ടു. നഥാനിയേലിൻെറ മരണത്തിനു ഒൻപതുമാസം മുൻപ് പിശാച് ഒരു കൂട റൊട്ടിയുമെടുത്ത്, ഒരു കഴുതയെ അടിച്ചുകൊണ്ടുവരുന്ന പത്തു വയസ്സുള്ള ഒരു കുട്ടിയുടെ രൂപം പൂണ്ടു. അവൻ നഥാനിയേലിൻെറ കുടിലിൽ വന്നപ്പോൾ നേരം വളരെ വൈകിയിരുന്നു. കഴുത ഉരുണ്ടുവീണെന്നും കുട്ടി കരയുന്നെന്നും പിശാച് തോന്നിച്ചു.

5. ''പിതാവേ, നഥാനിയേലേ, എന്നിൽ ദയതോന്നണമേ, എന്നെ സഹായിക്കണമെ.'' കുട്ടിയുടെതുപോലെയുള്ള ശബ്ദം നഥാനിയേൽ കേട്ടു, ഉടനെ കതകുതുറന്നു. അകത്തുനിന്നു കൊണ്ടുതന്നെ അദ്ദേഹം ചോദിച്ചു: ''നീയാരാണ്, ഞാനെന്തുചെയ്യാൻ നീയാഗ്രഹിക്കുന്നു?'' അവൻ പ്രത്യുത്തരിച്ചു: ഞാൻ ഇന്നാരുടെ ദാസനാണ്, നാളെ അദ്ദേഹത്തിൻെറ സഹോദരൻെറ സ്നേഹവിരുന്ന്[60] ആയതിനാൽ ഞാൻ അപ്പം വാങ്ങാൻ വന്നതാണ്; പുലരിയിൽ അപ്പ്ണം നടത്തേണ്ടതുണ്ട്. എന്നെ ഹീയെനാകൾ തിന്നാതിരിക്കാൻ എന്നെ സഹായിക്കണം. ഈ സ്ഥലത്തിനു ചുററും അവ ധാരാളമായിട്ടുണ്ട്. ഭാഗ്യവാനായ നഥാനിയേലാകട്ടെ ഞെട്ടലോടും അത്ഭുതത്തോടുംകൂടെ അവിടെ നിന്നതേയുള്ളൂ. അവനോടു ദയതോന്നി നഥാനിയേൽ ഇപ്രകാരം ചിന്തിച്ചു: ഒന്നുകിൽ ഞാൻ കല്പന

60 അഗാപേ: സായാഹ്നത്തിൽ ക്രൈസ്തവ സഹോദരന്മാർക്ക കൊടുത്തിരുന്ന സ്നേഹവിരുന്ന്. പിതാക്കന്മാരുടെ കാലം കഴിഞ്ഞപ്പോൾ നിന്നുപോയി.

www.malankaralibrary.com



ലംഘിക്കണം; അല്ലെങ്കിൽ എൻെറ തീരുമാനത്തിൽനിന്നു പിന്മാറണം.

6. നിരവധി വർഷങ്ങളിലെ തീരുമാനം മാററാതിരിക്കുന്നതാണ് പിശാചിനെ ലജ്ജിപ്പിക്കാനുള്ള വഴിയെന്നു ചിന്തിച്ചുറച്ച് അദ്ദേഹം പ്രാർത്ഥിച്ചു. എന്നിട്ടു തന്നോടു സംസാരിച്ച കുട്ടിയോടു പറഞ്ഞു; ''കുട്ടീ, ശ്രദ്ധിക്കു. നീ ആവശ്യത്തിലാണെങ്കിൽ ഞാൻ സേവിക്കുന്ന ദൈവം നിനക്കു സഹായം അയച്ചുതരും. ഒരു ഹിയെനായോ മററെന്തെങ്കിലുമോ നിന്നെ ഉപദ്രവിക്കില്ല എന്നു ഞാൻ വിശ്വസിക്കുന്നു. നീ ഒരു പരീക്ഷകനാണെങ്കിൽ, സംഗതി മുഴുവൻ ദൈവം ഇപ്പോൾ ഇവിടെ വെളിപ്പെടുത്തും.'' അവൻ കതകടച്ച് അകത്തു പോയി. പിശാച് ഈ പരാജയത്താൽ ലജ്ജിതനായി ഒരു കൊടുങ്കാററായും ചാടിമറിഞ്ഞ് കല്ലിളക്കിമറിക്കുന്ന കാട്ടുകഴുതയായും മാറി.61 ഇപ്രകാരം ആയിരുന്നു ഭാഗ്യവാനായ നഥാനിയേലിൻെറ പോരാട്ടം. അവൻെറ ജീവിതവും അന്ത്യവും ഇങ്ങനെയുള്ളതായിരുന്നു.

## 17. ഈജിപ്തിലെ മക്കാരിയൂസ്

1. ഞാൻ ഒരു നുണയനായി കരുതപ്പെടാതിരിക്കാൻ, പ്രശസ്തരായ മക്കാരിയൂസുമാരെപ്പററിയുള്ള ഏതാണ്ട് അവിശ്വസനീയമായ നിരവധി മഹാസംഭവങ്ങളെപ്പററി പറയാനോ, എഴുതാനോ ഞാൻ വിമുഖനാണ്. കാരണം, പരിശുദ്ധാത്മാവ് വിളംബരംചെയ്യുന്നതുപോലെ കള്ളം പറയുന്നവരെ കർത്താവ് നശിപ്പിക്കും (സങ്കീർത്തനം 5:7). ഏററം പ്രിയ സുഹൃത്തേ, എന്നെ വിശ്വസിക്കുക; ഞാൻ കള്ളം പറയുകയല്ല. രണ്ട് മക്കാരിയൂസുമാരിൽ ഒരാൾ ഈജിപ്ത് വംശജനായിരുന്നു; ''മധുരമുള്ള മാംസം'' വിററിരുന്ന മറേറയാൾ അലക്സാണ്ഡ്രിയാക്കാരനും.

2. തൊണ്ണൂറ് വർഷം ജീവിച്ച ഈജിപ്തുകാരനെപ്പററി ആദ്യം വിവരിക്കാം. 62 അറുപതുവർഷം അദ്ദേഹം മരുഭൂമിയിൽ ജീവിച്ചു; 30 വയസ്സുള്ള ഒരു യുവാവായിട്ടാണ് അദ്ദേഹം അവിടെ പോയത്. 'യുവാവായ വൃദ്ധൻ' എന്ന പേരിനർഹനാകത്തക്കവണ്ണം അത്രമാത്രം വിവേചനാശക്തി അദ്ദേഹത്തിനുണ്ടായിരുന്നു. ഇതുവഴി അദ്ദേഹം കൂടുതൽ കൂടുതൽ പുരോഗമിച്ചു. നാല്പതുവയസ്സായപ്പോൾ ദുഷ്ടാത്മാക്കളോട് യുദ്ധം

---

61 അന്തോണിയോസിൻെറ ജീവചരിത്രത്തിൽ (82) വിവരമില്ലാത്ത ആര്യന്മാരെ കാട്ടുകഴുതകളോട് സാമ്യപ്പെടുത്തിയിരിക്കുന്നു.

62 ഈ മക്കാരിയൂസിൻേറതായി 50 ആധ്യാത്മിക പ്രഭാഷണങ്ങൾ അറിയപ്പെടുന്നു. J. Quasten, Patrology, III· 161—168.

www.malankaralibrary.com


ചെയ്യാനും പ്രവചിക്കാനുമുള്ള വരം അദ്ദേഹത്തിന് ലഭിച്ചു: പൗരോഹിത്യത്തിനും അദ്ദേഹം യോഗ്യനായിത്തീർന്നു.

3. ഷേത്[63] എന്നു വിളിക്കപ്പെടുന്ന ഉഗ്രമരുഭൂമിയിൽ അദ്ദേഹത്തോടൊപ്പം രണ്ട് ശിഷ്യന്മാരുണ്ടായിരുന്നു. രോഗശാന്തി പ്രാപിക്കാൻ അവിടെയെത്തുന്ന നിരവധി രോഗികളെ പ്രതി അവരിലൊരാൾ അദ്ദേഹത്തോടടുത്ത് പാർത്തു. മറേറയാൾ അടുത്തുള്ള മുറിയിലും. കാലം കുറേ കടന്നുപോയി. ദീർഘദൃഷ്ടികൊണ്ട്, ഭാവിയിൽ സംഭവിക്കാൻ പോകുന്ന സംഗതി അദ്ദേഹം കണ്ടു. യോഹന്നാൻ എന്നു പേരുള്ളവനും പില്കാലത്തു തന്റെ സ്ഥാനത്തു വൈദികനുമായിത്തീർന്ന തന്റെ ശുശ്രൂഷകനോട് പറഞ്ഞു: ''സഹോദരാ, യോഹന്നാൻ, എന്നെ ശ്രവിച്ച് എന്റെ മുന്നറിയിപ്പ് ശ്രദ്ധിക്കുക. നീ പരീക്ഷിക്കപ്പെടുന്നു; നിന്നെ പ്രലോഭിപ്പിക്കുന്നത് ധനമോഹത്തിന്റെ ആത്മാവാണ്.''

4. ഇതു ഞാൻ ദർശിച്ചതാണ്; നീ എന്റെ കൂടെ ക്ഷമാപൂർവ്വം പാർത്താൽ നീ ഇവിടെ പൂർണ്ണനാക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും ചെയ്യും; നിന്റെ വാസസ്ഥലത്തിനടുത്ത് കോപവടികളൊന്നും സമീപിക്കയുമില്ല. (സങ്കീ. 91:10). നീ എന്നെ ശ്രദ്ധിക്കാതിരുന്നാൽ ഗീസായുടെ അന്ത്യം നിനക്കും ഉണ്ടാകും. അവന്റെ രോഗമാണല്ലോ നീയിപ്പോൾ സഹിക്കുന്നത് (2 രാജാ. 5: 20-27). മക്കാരിയൂസിന്റെ മരണശേഷം ഈ യോഹന്നാൻ അനുസരണക്കേടു കാട്ടി. പതിനഞ്ചോ ഇരുപതോ വർഷങ്ങൾക്കുശേഷം പാവപ്പെട്ടവരെ കൊള്ള ചെയ്തിട്ട് മന്തുരോഗവുമായി തിരിച്ചുവന്നു; മന്തുരോഗം പിടിപെടാത്തതായി അയാളുടെ ശരീരത്തിന്റെ ഒരവയവം പോലും ഇല്ലായിരുന്നു. ഇതു് വിശുദ്ധനായ മക്കാരിയൂസിന്റെ ഒരു പ്രവചനമായിരുന്നു.

5. ഭക്ഷ്യ പാനീയങ്ങളെ സംബന്ധിച്ച് വിശദാംശങ്ങളിലേയ്ക്കു് കടക്കുന്നതു് അനാവശ്യമാണ്; കാരണം ഈ സ്ഥലത്തുള്ള സുഖലോലുപരുടെ ഇടയിൽപോലും ഭോജനപ്രിയമോ അലക്ഷ്യഭാവമോ കാണുകയില്ല. അവശ്യസാധനങ്ങളുടെ അഭാവവും അവിടെ വസിക്കുന്നവരുടെ തീക്ഷ്ണതയുമാണ് അതിനു കാരണം. അദ്ദേഹത്തിന്റെ മററു് തപശ്ചര്യകളെപ്പററി പറയാം.

---

63 നൈൽ നദീമുഖത്തിനു പടിഞ്ഞാററായി, വലിയ നിത്രിയൻ മരുഭൂമിയുടെ തെക്കേ അററത്ത് ഷേത് സ്ഥിതി ചെയ്യുന്നു. അലക്സാണ്ഡ്രിയായിൽനിന്ന് അറുപതു് മൈൽ തെക്കാണിതു്. അവിടത്തെ ഏററം പ്രധാനപ്പെട്ട താപസൻ മക്കാരിയൂസായിരിക്കാം.

www.malankaralibrary.com



അദ്ദേഹം നിരന്തരം ദിവ്യദർശനങ്ങളിൽ ആയിരുന്നുവെന്ന് പറയപ്പെടുന്നു. ഭൗമികകാര്യങ്ങൾ എന്നതിനേക്കാൾ ദൈവിക കാര്യങ്ങളിൽ അദ്ദേഹം കൂടുതൽ വ്യാപൃതനായിരുന്നു. അദ്ദേഹത്തെപ്പററി പറയപ്പെട്ട ചില അത്ഭുതങ്ങൾ താഴെക്കുറിക്കുന്നു.

6. നല്ല നിലയിൽ ജീവിക്കുന്ന വിവാഹിതയായ ഒരു സ്ത്രീയെ ഒരു ഈജിപ്തുകാരൻ അതിയായി മോഹിച്ചു. എന്നാൽ അവളെ വശീകരിക്കാൻ അവനു കഴിഞ്ഞില്ല. അവൻ ഒരാഭിചാരകനെ കണ്ടു് പറഞ്ഞു: ''എന്നെ സ്നേഹിക്കാൻ അവളെ പ്രേരിപ്പിക്കുക, അവളുടെ ഭർത്താവ് അവളെ ഉപേക്ഷിക്കാൻ ഇടവരട്ടെ.'' ആഭിചാരകനു് വലിയൊരു തുക ലഭിച്ചു. ക്ഷുദ്രപ്രയോഗത്താൽ അവൻ അവളെ ഒരു പെൺകുതിരയുടെ രൂപത്തിലാക്കി. ഭർത്താവ് കയറി വന്നപ്പോൾ കട്ടിലിൽ ഒരു പെൺകുതിര കിടക്കുന്നതുകണ്ടു് അത്ഭുതപ്പെട്ടു. അവൻ കരഞ്ഞു നിലവിളിച്ചു. ആ മൃഗത്തോടു സംസാരിച്ചു. എന്നാൽ ഒരു മറുപടിയും ഉണ്ടായില്ല; അവൻ ഗ്രാമത്തിലെ പുരോഹിതരെ വിവരം അറിയിച്ചു.

7. അവൻ അവരെ വരുത്തി അവളെ കാണിച്ചു. എന്നാൽ ഒരു ഫലവും ഉണ്ടായില്ല. മൂന്നു ദിവസത്തേയ്ക്കു് അവൾ കുതിരയെപ്പോലെ വയ്ക്കോലോ, മനുഷ്യനെപ്പോലെ അപ്പമോ ഭക്ഷിച്ചില്ല; രണ്ടുതരം ഭക്ഷണവും വർജ്ജിച്ചു. ദൈവം മഹത്വപ്പെടാനും വിശുദ്ധ മക്കാരിയൂസിന്റെ സുകൃതം വെളിപ്പെടുവാനും വേണ്ടി അവളെ മരുഭൂമിയിലേയ്ക്കാനയിക്കാൻ അവസാനം ഭർത്താവിനു തോന്നി. ഒരു കുതിരയെപ്പോലെ അവൾക്കു കടിഞ്ഞാണിട്ടു് മരുഭൂമിയിലേക്ക് ആനയിച്ചു. അവർ മക്കാരിയൂസിന്റെ പാർപ്പിടത്തിനടുത്തു് എത്തിയപ്പോൾ സഹോദരന്മാർ അവിടെ നിന്നിരുന്നു. അവർ ചോദിച്ചു, ''ഈ പെൺകുതിരയെ നീ എന്തിനു് ഇവിടെ കൊണ്ടുവന്നു?''

8. ''ഇവൾക്ക് കൃപ ലഭിക്കാനായിട്ടാണു്'' അയാൾ മറുപടിപറഞ്ഞു. 'ഇവൾക്കെന്താണു് രോഗം?' അവർ ആരാഞ്ഞു. ഭർത്താവ് പ്രത്യുത്തരിച്ചു, ''ഇവൾ എന്റെ ഭാര്യയായിരുന്നു. ഇവൾ കുതിരയായിത്തീർന്നു; മൂന്നു ദിവസമായി ഇവൾ ഒന്നും ഭക്ഷിക്കുന്നില്ല.'' അകത്തു പ്രാർത്ഥിച്ചുകൊണ്ടിരുന്ന വിശുദ്ധനോട് അവർ ഈ വിവരം പറഞ്ഞു. ദൈവം അവനു് ഇതു് വെളിപ്പെടുത്തിക്കൊടുത്തിരുന്നു. അതുകൊണ്ടു് അവൻ അവൾക്കു വേണ്ടി പ്രാർത്ഥിക്കുകയായിരുന്നു. പിന്നീട് വിശുദ്ധ മക്കാരിയൂസ് അവരോടു പറഞ്ഞു: ''നിങ്ങളാണു് കുതിരകൾ; കാരണം നിങ്ങൾക്ക് കുതിരയുടെ കണ്ണുകളാണുള്ളതു്.''

www.malankaralibrary.com



9. ''ഇവരം ഇപ്പോഴം ഒരു സ്ത്രീ തന്നെ; ഇവരം ഒട്ടം മാറിയിട്ടേയില്ല; സ്വയം വഞ്ചിതരായ മനുഷ്യരുടെ ദൃഷ്ടിയിൽ മാത്രമേ ഇവരംക്ക് വ്യത്യാസമുള്ളു''. അവൻ വെള്ളം വാഴ്ത്തി തലമുതൽ താഴോട്ട് അവളുടെമേൽ ഒഴിച്ചു; അവളെ ഒരു സ്ത്രീയായി പ്രത്യക്ഷപ്പെടുത്തി. എന്നിട്ട് അവൻ അവരംക്ക് ഭക്ഷണം കൊടുത്ത് അവളെ തീററി. കർത്താവിനു നന്ദി പറഞ്ഞുകൊണ്ട് ഭർത്താവിനോടുകൂടെ അവൻ അവളെ പറഞ്ഞയച്ചു. പള്ളിയിൽ പോകാൻ ഒരിക്കലും മറക്കുകയോ കുർബാന സ്വീകരണത്തിൽ നിന്നു് അകന്നിരിക്കുകയോ ചെയ്യരുതെന്നു് അവൻ ശട്ടം കെട്ടി. 'നീ അഞ്ച് ആഴ്ചയായി വിശുദ്ധ രഹസ്യങ്ങളിൽ പങ്കുകൊണ്ടില്ല, അതുകൊണ്ടാണ് നിനക്ക് ഇപ്രകാരം സംഭവിച്ചതു്''.64

10. ഇതാ മറെറാരു താപസകർമ്മം: കുറെനാരംകൊണ്ട് അദ്ദേഹം തൻെറ ഗുഹയിൽനിന്നു് അരമൈൽ നീളത്തിൽ ഒരു തുരങ്കവും അതിൻെറ അവസാനം ഒരു ഗുഹയും നിർമ്മിച്ചിരുന്നു. ജനക്കൂട്ടത്തിൻെറ ശല്യം വർദ്ധിക്കുമ്പോരം അദ്ദേഹം തൻെറ മുറിയിൽനിന്നു് രഹസ്യമായി ഗുഹയിലേയ്ക്കു കടക്കുമായിരുന്നു. ഒരുത്തനും പിന്നെ അദ്ദേഹത്തെ കണ്ടുപിടിക്കാൻ കഴിഞ്ഞിരുന്നില്ല. അദ്ദേഹത്തിൻെറ വളരെ അടുത്ത ഒരു ശിഷ്യനാണിതു് വിവരിച്ചതു്. ഗുഹയിലേയ്ക്കു പോകുന്ന വഴിക്ക് ഇരുപത്തിനാലും തിരികെ വരുമ്പോരം ഇരുപത്തിനാലും വീതം പ്രാർത്ഥനകരം അദ്ദേഹം ചൊല്ലുമായിരുന്നുവെന്നും അയാരം കൂട്ടിച്ചേർക്കുന്നു.

11. ശരീരത്തിൻെറ ഉയിർപ്പിൽ വിശ്വസിക്കാത്ത ഒരു പാഷണ്ഡിയെ65 ബോധ്യപ്പെടുത്താനായി, മരിച്ച ഒരാളെ അദ്ദേഹം ഉയിർപ്പിച്ചു എന്നു് അദ്ദേഹത്തെപ്പററി പറയപ്പെടുന്നു. ഈ റിപ്പോർട്ട് മരുഭൂമിയിൽ പ്രബലമായിരുന്നു. ഒരിക്കൽ, പിശാചു ബാധിച്ച ഒരു യുവാവിനെ അവൻെറ അമ്മ കരഞ്ഞുകൊണ്ട് മക്കാരിയൂസിൻെറ അടുത്തുകൊണ്ടുവന്നു. രണ്ടു മനുഷ്യർ അവനെ വരിഞ്ഞു മുറുക്കിപിടിച്ചിരുന്നു. പിശാച് ഇപ്രകാരമാണ് പ്രവർത്തിച്ചിരുന്നതു്: മൂന്നളവ് അപ്പവും ഒരു

64 ആദിമസഭയിലെ വി. കുർബാന സ്വീകരണത്തെപ്പററി താഴെ അധ്യായം 27. 2 കാണുക.

65 സൊസൊമെൻ, സഭാ. 3:14; ഒരിജൻെറ ഒരു ശിഷ്യനായ ഹിയെരാകാസ് ശരീരത്തിൻെറ ഉത്ഥാനം നിഷേധിച്ചു. ലെയോൻതോപ്പൊളീസിൽ അദ്ദേഹം ഒരു താത്വികസമൂഹം സ്ഥാപിച്ചു. വിവാഹം, വീഞ്ഞ്, മാംസം എന്നിവയിൽ നിന്നു് ഇവർ ഒഴിഞ്ഞു ജീവിച്ചു. ഇവരുടെ പാഷണ്ഡത ''ഹിയെരസൈററിസം'' എന്നറിയപ്പെടുന്നു.

www.malankaralibrary.com



കിലിക്യൻ ഭരണി നിറയെ ജലവും അകത്താക്കിയിട്ട് ഓക്കാനിച്ച് അവൻ അത് ആവിയാക്കുമായിരുന്നു. ആ ഭക്ഷണവും വെള്ളവും അഗ്നി സംഹരിച്ചതുപോലെയായിത്തീരുമായിരുന്നു.

12. അഗ്നിമയർ[66] എന്നു വിളിക്കപ്പെടുന്ന പിശാചുക്കളുണ്ട്; മനുഷ്യർക്കു തമ്മിൽ വ്യത്യാസമുള്ളതുപോലെ പിശാചുക്കൾ തമ്മിലും വ്യത്യാസം ഉണ്ട്. സത്തയിലല്ല, അറിവിലാണെന്നുമാത്രം. ഈ മനുഷ്യനു ആവശ്യത്തിനുള്ള ഭക്ഷണം കൊടുക്കാൻ അവന്റെ അമ്മയ്ക്കു കഴിഞ്ഞില്ല. അവൻ സ്വന്തം മലം തിന്നുകയും മിക്കപ്പോഴും സ്വന്തം മൂത്രം കുടിക്കുകയും ചെയ്തിരുന്നു. അവന്റെ അമ്മ കരഞ്ഞുകൊണ്ട് അപേക്ഷിച്ചപ്പോൾ, മക്കാരിയൂസ് അവനെ പിടിച്ച് ദൈവനാമം വിളിച്ച് അവനുവേണ്ടി പ്രാർത്ഥിച്ചു. ഒന്നുരണ്ടു ദിവസങ്ങൾക്കുശേഷം പനി വിട്ടുമാറിയപ്പോൾ ഭാഗ്യവാനായ മക്കാരിയൂസ് അവളോട് ചോദിച്ചു:

13. "നീ ഇവനു് എന്തുമാത്രം ഭക്ഷിക്കാൻ കൊടുക്കുന്നു.?" 'പത്തുപൗണ്ട് റൊട്ടി' അവൾ മറുപടി പറഞ്ഞു. അതു വളരെക്കൂടുതലാണെന്നു പറഞ്ഞ് അദ്ദേഹം അവളെ കുററപ്പെടുത്തി. അദ്ദേഹം അവനുവേണ്ടി പ്രാർത്ഥിക്കുകയും ഏഴു ദിവസം ഉപവസിക്കുകയും ചെയ്തു. എന്നിട്ടു മൂന്നുപൗണ്ട് റൊട്ടിമാത്രം ഭക്ഷിക്കാൻ കൊടുത്തു; കുറെ ജോലി ചെയ്യാനും നിർബന്ധിച്ചു. അവനു് സുഖമായി. അവനെ അവന്റെ അമ്മയെ തിരികെ ഏല്പിച്ചു. ദൈവം ഈ അത്ഭുതം മക്കാരിയൂസ് വഴി പ്രവർത്തിച്ചു. ഞാൻ മരുഭൂമിയിൽ വരുന്നതിനു് ഒരു വർഷംമുൻപ് മക്കാരിയൂസ് നിദ്രപ്രാപിച്ചതിനാൽ ഞാൻ അദ്ദേഹത്തെ കണ്ടിട്ടില്ല.

## 18. അലക്സാണ്ഡ്രിയായിലെ മക്കാരിയൂസ്

1. അലക്സാണ്ഡ്രിയായിൽ നിന്നുള്ള മറേറ മക്കാരിയൂസിനെ ഞാൻ ചെള്ളിയായിൽ[67] കണ്ടുമുട്ടി. അന്നദ്ദേഹം അവിടത്തെ പുരോഹിതനായിരുന്നു. ഞാൻ അവിടെ ഒൻപതു

---

66 മാലാഖമാരുടേതുപോലെ പിശാചുക്കൾക്കും ക്രമങ്ങളും നിരകളും ഉണ്ടെന്നു് പല്ലാഡിയൂസ് സൂചിപ്പിക്കുന്നു.

67 "താ കെല്ലിയ"; നിത്രിയായിൽ നിന്നു് 70 സ്റ്റേഡിയ അകലത്തായിരുന്നു ചെള്ളിയ (കെല്ലിയ). അവിടെ സന്യാസിമാരുടെ നിരവധി വാസസ്ഥലങ്ങൾ (cells) ഉണ്ടായിരുന്നതിനാലാണ് ഈ പേരു കിട്ടിയതു്.

www.malankaralibrary.com



വർഷം താമസിച്ചു.[68] അതിൽ മൂന്നുവർഷം അദ്ദേഹം അവിടെ ഉണ്ടായിരുന്നു. താഴെപ്പറയുന്ന ചില സംഗതികൾ ഞാൻ നേരിട്ടു കണ്ടതാണ്; ചിലതു് ഞാൻ കേട്ടവയാണ്; മററു ചിലതു് കേട്ടുകേൾവി വഴി ഞാൻ അറിഞ്ഞതാണ്.

ഏതെങ്കിലും ഒരു സുകൃതത്തെപ്പററി കേട്ടാലുടൻ അതിന്റെ പൂർണ്ണതയിൽ എത്തുന്നതുവരെ പരിശീലിക്കുക അദ്ദേഹത്തിന്റെ പതിവായിരുന്നു.[69] നോമ്പുകാലത്തു് തബന്നേസിയിലെ സന്യാസികൾ പാചകം ചെയ്യാതെയാണു ഭക്ഷിക്കുന്നതെന്നു് അദ്ദേഹം കേട്ടു. പാചകംചെയ്ത യാതൊരു ഭക്ഷണവും ഭക്ഷിക്കയില്ലെന്നു് അദ്ദേഹം തീരുമാനിച്ചു. ഏഴുവർഷത്തോളം അല്പമായി കിട്ടിയ സസ്യാഹാരം പാചകം ചെയ്യാതെ കുതിർത്ത പയർവർഗ്ഗച്ചെടികളോടുകൂടി അദ്ദേഹം ഭക്ഷിച്ചു.

2. ഈ സുകൃതത്തിൽ അദ്ദേഹം പൂർണ്ണനായിത്തീർന്നു. അപ്പോൾ, ഏതോ സന്യാസി ഓരോപൗണ്ടു്[70] റൊട്ടിമാത്രം ദിവസവും കഴിക്കുന്നുള്ളു എന്നു് കേൾക്കാനിടയായി. തനിക്കുള്ള റേഷൻബിസ്ക്കററ്[71] ചെറിയ കഷണങ്ങളായി മുറിച്ചു; ഒരു അളവുപാത്രത്തിൽ ഇട്ടു. അതിൽനിന്നു് കൈയിട്ടു് എടുക്കാവുന്നതുമാത്രം ഭക്ഷിക്കാൻ തീരുമാനിച്ചു. തമാശയായി അദ്ദേഹം പറയുമായിരുന്നു; ''ഞാൻ കുറെ ഏറെ കഷണങ്ങൾ എടുത്തേനേ; എന്നാൽ പാത്രത്തിനു് ഇടുങ്ങിയ കഴുത്തായതിനാൽ കുറച്ചേ എടുക്കാൻ സാധിക്കുന്നുള്ളു. ഒരു കസ്റ്റംസ് ഉദ്യോഗസ്ഥനെപ്പോലെ അതെന്നെ അനുവദിക്കുന്നില്ല.'' ഇപ്രകാരം മൂന്നുവർഷത്തോളം നാലോ അഞ്ചോ ഔൺസ് റൊട്ടിയും, അതിനു് തുല്യമായ അളവു് വെള്ളവും മാത്രം അദ്ദേഹം ഉപയോഗിച്ചിരുന്നു. ഒരു പൈന്റ് ഒലിവെണ്ണ ഒരു വർഷത്തേക്കു് അദ്ദേഹം ഉപയോഗിച്ചു.

3. ഇതാ അദ്ദേഹത്തിന്റെ തപസ്സിനു് മറെറാരുദാഹരണം: ഉറക്കത്തെ ജയിക്കാൻ അദ്ദേഹം തീരുമാനിച്ചു. അതിനായി 21 ദിവസം ഒരു മേൽക്കൂരയ്ക്കു കീഴിൽ പ്രവേശിച്ചില്ല എന്നു് അദ്ദേഹം അവകാശപ്പെടുന്നു. സൂര്യതാപത്താൽ അദ്ദേഹ

---

68 ക്രി. വ. 390 ലോ 391ലോ ആണ് പല്ലാഡിയൂസ് ചെല്ലിയായിൽ എത്തിയതു്.

69 വി. അന്തോണിയോസും ഇപ്രകാരം ചെയ്തിരുന്നു. (ജീവചരിത്രം, 4).

70 പൗണ്ടു് (litra) ഇന്നത്തെ പന്ത്രണ്ടു് ഔൺസായിരിക്കാം; പതിനാറു് ഔൺസല്ല.

71 R. T. Meyer, "Lexical Problems in Palladius' Historia Lausiaca," *Sudia Patristica*, I, Berlin 1957, P. 44-52.

www.malankaralibrary.com



ത്തിനു് പൊള്ളലേററു; രാത്രിയിലെ തണുപ്പും അദ്ദേഹം സഹിച്ചു. അദ്ദേഹം പറഞ്ഞു. "ഞാൻ വീട്ടിൽ കയറി ഉറങ്ങാതിരുന്നെങ്കിൽ എന്റെ തലച്ചോറു് എന്നേയ്ക്കുമായി ചുക്കിച്ചുളുങ്ങിപ്പോയേനേ. എനിക്കു സാധിക്കുന്നത്രയും ഉറക്കത്തെ ഞാൻ കീഴടക്കി; എന്നാൽ എന്റെ പ്രകൃതിയുടെ ആവശ്യമനുസരിച്ചു് ഞാൻ ഉറങ്ങുകയും ചെയ്തു."

4. ഒരു ദിവസം അതിരാവിലെ അദ്ദേഹം തന്റെ മുറിയിൽ ഇരുന്നപ്പോൾ ഒരു കൊതുകു് അദ്ദേഹത്തിന്റെ കാലിൽ കുത്തി. വേദന തോന്നിയപ്പോൾ അദ്ദേഹം അതിനെ അടിച്ചു കൊന്നു. അദ്ദേഹത്തിന്റെ രക്തംകുടിച്ചു് അതു വീർത്തിരുന്നു. എന്നാൽ പ്രതികാരചിന്തയാൽ പ്രേരിതനായി പ്രവർത്തിച്ചതിനാൽ അദ്ദേഹം പിന്നീടു് സ്വയം കുററപ്പെടുത്തി. വലിയ മരുഭൂമിക്കടുത്തുള്ള ഷേത്തിലെ ചതുപ്പുസ്ഥലത്തു് ആറു മാസം നഗ്നനായി കഴിയാൻ അദ്ദേഹം സ്വയം വിധിച്ചു. ഈ സ്ഥലത്തു് കടന്നൽ കുത്തുന്നതുപോലെ കൊതുകുകൾ കാട്ടുപന്നികളുടെ ഗുഹ്യഭാഗങ്ങൾ പോലും കുത്തിത്തുളയ്ക്കുമായിരുന്നു. അദ്ദേഹത്തിന്റെ ശരീരമെല്ലാം അതു് കുത്തിത്തുളച്ചു. ശരീരം മന്തുരോഗം ബാധിച്ചു എന്നു തോന്നത്തക്കവണ്ണം സർവ്വത്ര വീർത്തു പൊങ്ങി. ആറുമാസത്തിനുശേഷം സ്വന്തം വാസസ്ഥലത്തു തിരിച്ചെത്തിയപ്പോൾ അദ്ദേഹത്തെ തിരിച്ചറിഞ്ഞതു് ശബ്ദം കൊണ്ടു മാത്രമാണു്.

5. യാന്നെസിന്റെയും യംബ്രസിന്റെയും[72] ഉദ്യാനക്കല്ലറയിൽ കടക്കാൻ ഒരിക്കൽ അദ്ദേഹത്തിനു് മോഹമുണ്ടായെന്നു് അദ്ദേഹം ഞങ്ങളോടു പറഞ്ഞു. ഈ ഉദ്യാനക്കല്ലറ ഫറവോനോടൊപ്പം അധികാരമുണ്ടായിരുന്ന മന്ത്രവാദികളുടെ വകയായിരുന്നു. അവർക്കു് ദീർഘകാലം അവിടെ അധികാരമുണ്ടായിരുന്നതിനാൽ നാലു ചതുരശ്രഅടി വലിപ്പമുള്ള കല്ലുകൊണ്ടാണു് അവർ ഇതു് നിർമ്മിച്ചതു്. അവിടെ അവർ തങ്ങളുടെ സ്മാരകം പണിതു. ധാരാളം പണം അതിനായി വിനിയോഗിക്കുകയും ചെയ്തു. അവിടെ ധാരാളം മരങ്ങളും വച്ചുപിടിപ്പിച്ചു. ചതുപ്പുനിലമായതിനാൽ അവർ അവിടെ ഒരു കിണറും കുഴിച്ചു.

6. വിശുദ്ധ മനുഷ്യനു് വഴി നിശ്ചയമില്ലാത്തതിനാൽ കടലിലൂടെയെന്നവണ്ണം നക്ഷത്രങ്ങളുടെ ദിക്കുനോക്കിയാണു് അദ്ദേഹം യാത്രചെയ്തതു്. ഒരുകെട്ടു് ഞാങ്ങണയെടുത്തു് ഓരോ മൈൽ കഴിയുമ്പോഴും ഓരോന്നുവീതം അവിടെ നാട്ടി തിരിച്ചു

72 ലത്തീനിൽ മാംബ്രസ് എന്നാണു്. ഫറവോന്റെ മാന്ത്രികരായിരുന്നു ഇരുവരും. പുറ. 7;11—21;1 തിമോ. 3;8.

www.malankaralibrary.com



വരാനുള്ള അടയാളം സ്ഥാപിച്ചു. ഒൻപതു ദിവസത്തെ യാത്രയ്ക്കുശേഷം അദ്ദേഹം ആ സ്ഥലത്തെത്തി. ക്രിസ്തുവിന്റെ പടയാളികൾക്കെതിരായി പ്രവർത്തിക്കുന്ന പിശാചു് ഞാങ്ങണയെല്ലാം ഒന്നിച്ചുകൂട്ടി; ഉദ്യാനക്കല്ലറയ്ക്കു സമീപം അദ്ദേഹം ഉറങ്ങുന്നിടത്തു തലയിണയ്ക്കിടയിൽ കൊണ്ടുവന്നുവച്ചു.

7. രാവിലെ എഴുന്നേററപ്പോൾ അദ്ദേഹം ഞാങ്ങണ കണ്ടു. ഞാങ്ങണയിൽ അദ്ദേഹം ഒട്ടും ആശ്രയം വയ്ക്കാതിരിക്കാനാണു് അദ്ദേഹത്തിന്റെ പരിശീലനത്തിനായി ദൈവം അതനുവദിച്ചതു്. മരുഭൂമിയിൽ ഇസ്രായേലിനെ നാല്പതു വർഷം നയിച്ച മേഘസ്തംഭത്തിലായിരുന്നത്രേ അദ്ദേഹം ആശ്രയിക്കേണ്ടിയിരുന്നതു് (പുറ.13:21). അദ്ദേഹം ഇപ്രകാരം പറഞ്ഞിരുന്നു: ''എഴുപതു പിശാചുക്കൾ എനിക്കെതിരെ ഉദ്യാനക്കല്ലറയിൽ നിന്നുവന്നു. അവ അലറുകയും കാക്കകളെപ്പോലെ എന്റെ മുമ്പിൽ ചിറകടിക്കുകയും ചെയ്തിരുന്നു. ''മക്കാരിയൂസേ, നിനക്കെന്തു വേണം; നീ എന്തിനാണു് ഞങ്ങളുടെ സ്ഥലത്തു വന്നതു്. നിനക്കു് ഇവിടെ പാർക്കാൻ സാധിക്കുകയില്ല.'' അദ്ദേഹം അവരോടു പറഞ്ഞു: 'ഞാൻ അകത്തു കടന്നു നോക്കട്ടെ; എന്നിട്ടു ഞാൻ തിരികെപ്പോകും.'

8. അദ്ദേഹം തുടർന്നു: ''അവിടെ പ്രവേശിച്ചപ്പോൾ തൂക്കിയിട്ടിരിക്കുന്ന ഒരു പിത്തളഭരണിയും കിണറിനടുത്തു് ഒരിരുമ്പു് ചങ്ങലയും കണ്ടു. കാലപ്പഴക്കത്തിൽ അവ ദ്രവിച്ചുകൊണ്ടിരുന്നു. മാതളനാരങ്ങകൾക്കകത്തു് ഒന്നും തന്നെ ഇല്ലായിരുന്നു. സൂര്യപ്രകാശത്താൽ അതു് ഉണങ്ങിക്കരിഞ്ഞിരുന്നു.'' പിന്നീടു് അദ്ദേഹം തിരിഞ്ഞു നടക്കാൻ തുടങ്ങി; ഇരുപതു ദിവസത്തെ വഴിനടന്നു. അദ്ദേഹം എടുത്തിരുന്ന അപ്പവും വെള്ളവും തീർന്നുപോയി. അദ്ദേഹം വളരെ വിഷമസ്ഥിതിയിലെത്തി. അവശനായി വീഴാൻ തുടങ്ങിയപ്പോൾ തൂവെള്ള വസ്ത്രം ധരിച്ചു്, ഒരു കുടം വെള്ളം കോരിക്കൊണ്ടിരിക്കുന്ന ഒരു യുവതിയെ കാണാനിടയായി.

9. അവൾ വളരെ ദൂരത്തിലായിരുന്നു. ഒന്നോ രണ്ടോ സ്റ്റേഡ്[73] അകലെ എന്നദ്ദേഹം പറയുന്നു. അവളെ ഈ വിധം ദർശിച്ചുകൊണ്ടു് അദ്ദേഹം മൂന്നുദിവസം ഒരു സ്വപ്നത്തിലെന്നവണ്ണം അങ്ങനെ യാത്രചെയ്തു. അവളുടെ സമീപത്തെത്താൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ആ ജലം കുടിക്കാം എന്ന പ്രതീക്ഷയോടെ അദ്ദേഹം നടന്നു. അടുത്തദിവസം അദ്ദേഹം ഒരു കൃഷ്ണ

---

73 ഒരു സ്റേറഡ് (stade) 606¾ ഇംഗ്ലീഷ് അടി; 600 ഗ്രീക്ക് അടി.

www.malankaralibrary.com


മൃഗക്കൂട്ടത്തെ കണ്ടു. അതിലൊന്നിന് ഒരു കുട്ടിയുണ്ടായിരുന്നു. കുട്ടി പാൽ നുകർന്നുകൊണ്ടിരുന്നു. അതിൻെറ കീഴിൽ വലിഞ്ഞു ചെന്ന് അദ്ദേഹം പാൽ കുടിച്ച് തൃപ്തനായി. ആ മൃഗം അദ്ദേഹത്തെ കുടിൽവരെ അനുധാവനം ചെയ്തു. അദ്ദേഹത്തിൻെറ കൂടെ കഴിഞ്ഞു; എന്നാൽ തൻെറ കുട്ടിയെ കൂടെ എടുത്തതേയില്ല.

10. തൻെറ പച്ചക്കറിത്തോട്ടത്തിനരികിൽ അദ്ദേഹം ഒരിക്കൽ ഒരു കിണർ കുഴിക്കുകയായിരുന്നു. അപ്പോൾ ഒരു വിഷപ്പാമ്പ് അദ്ദേഹത്തെ കടിച്ചു. അദ്ദേഹം അതിനെ രണ്ടു കൈകൊണ്ടും ഇരുചുണ്ടിലും പിടിച്ച് കീറിക്കൊണ്ടു പറഞ്ഞു: ''ദൈവം നിന്നെ അയച്ചില്ലെങ്കിൽ വരാൻ നീ എങ്ങനെ ധൈര്യപ്പെട്ടു?''

മരുഭൂമിയിൽ അദ്ദേഹത്തിനു പല കുടിലുകൾ ഉണ്ടായിരുന്നു—വലിയ മരുഭൂമിയുടെ ഉൾഭാഗത്ത് ഷേതിൽ ഒന്ന്; ലിബിയായിൽ മറെറാന്ന്, നിത്രിയമലയിൽ മറെറാന്ന്. ചിലതിന് ജനലുകൾ ഇല്ലായിരുന്നു; നോമ്പുകാലത്ത് അദ്ദേഹം അവയിൽ ഇരുട്ടിൽ ഇരിക്കുമായിരുന്നു എന്ന് പറയപ്പെടുന്നു; ചിലതു് കാലു നീട്ടിവയ്ക്കാൻ തക്ക വലിപ്പമില്ലാത്തവ ആയിരുന്നു; മറെറാന്ന് കുറേക്കൂടി സൗകര്യമുള്ളതായിരുന്നു; അതിലാണ് അദ്ദേഹം സന്ദർശകരെ സ്വീകരിച്ചിരുന്നതു്.

11. നിരവധി പിശാചുബാധിതരെ അദ്ദേഹം സുഖപ്പെടുത്തിയിരുന്നു; നിരവധി വർഷങ്ങളായി തളർവാതം പിടിപെട്ട് കഷ്ടപ്പെടുന്ന ഒരു കുലീന സ്ത്രീയെ തെസലോനിക്കയിൽ നിന്ന് ചിലർ ഞാൻ അവിടെ പാർത്തിരുന്ന കാലത്ത് അദ്ദേഹത്തിൻെറ പക്കലെത്തിച്ചു. അദ്ദേഹം ഇരുപതുദിവസം സ്വന്തം കൈകൊണ്ട് അവളുടെമേൽ വിശുദ്ധതൈലം പൂശി അവൾക്കു വേണ്ടി പ്രാർത്ഥിച്ചു; തികച്ചും ആരോഗ്യമുള്ളവളായി അദ്ദേഹം അവളെ തിരിച്ചയച്ചു. അവൾ പോയശേഷം അദ്ദേഹത്തിനു് പഴങ്ങളും മററും സമ്മാനമായി കൊടുത്തയച്ചു.

12. തബന്നൊസിയിലുള്ളവർക്ക് ശ്രേഷ്ഠതരമായ ഒരു ജീവിതരീതിയുണ്ടെന്ന് അദ്ദേഹം കേൾക്കാനിടയായി. അദ്ദേഹം വസ്ത്രം മാറി ഒരു ജോലിക്കാരൻെറ വേഷം ധരിച്ച് മരുഭൂമിയിലൂടെ പതിനഞ്ചുദിവസം യാത്രചെയ്ത് തബന്നൊസിയിൽ എത്തി. തബന്നൊസിയിലെത്തിയിട്ട് അദ്ദേഹം ആശ്രമാദ്ധ്യക്ഷനായ പക്കോമിയൂസിനെ അന്വേഷിച്ചു. പ്രവചനവരമുള്ള ഒരു ശ്രേഷ്ഠവ്യക്തിയായിരുന്നു പക്കോമിയൂസ്. അദ്ദേഹത്തിനു മക്കാരിയൂസിനെ പരിചയമില്ലായിരുന്നു. മക്കാരിയൂസ്

www.malankaralibrary.com



പക്കോമിയൂസിനോട് പറഞ്ഞു: ''ഞാൻ ഒരു സന്യാസി ആയിത്തീരാൻ എന്നെ അങ്ങയുടെ ആശ്രമത്തിൽ സ്വീകരിച്ചാലും എന്ന് ഞാൻ അങ്ങയോടപേക്ഷിക്കുന്നു''. പക്കോമിയൂസ് അദ്ദേഹത്തോടു പറഞ്ഞു: ''താങ്കൾ ഇപ്പോൾ തന്നെ വൃദ്ധനായിട്ടാണ് ഇവിടെ വന്നിരിക്കുന്നത്. താപസ ജീവിതമനുഷ്ഠിക്കുവാൻ താങ്കൾക്കു സാദ്ധ്യമല്ല. ഇവിടുത്തെ സഹോദരന്മാർ താപസ്സരാണ്. അവരുടെ ജോലി ചെയ്യാൻ താങ്കളെക്കൊണ്ടു കഴിയില്ല. താങ്കൾ വിഷമിച്ച് ഇവിടെ നിന്നു പോകും; എന്നിട്ട് താങ്കൾ അവരെ കളിയാക്കും''. ആദ്യദിവസവും രണ്ടാംദിവസവും ഏഴാംദിവസം വരെയും പക്കോമിയൂസ് അദ്ദേഹത്തെ സ്വീകരിച്ചില്ല.

അദ്ദേഹം ഉപവാസത്തോടും സ്ഥിരതയോടുംകൂടി പക്കോമിയൂസിനോടു പറഞ്ഞു, ''പിതാവേ, എന്നെ സ്വീകരിക്കണം; ഞാൻ സഹോദരന്മാരോടൊപ്പം ഉപവസിക്കുകയും ജോലി ചെയ്യുകയും ചെയ്യാതിരുന്നാൽ, എന്നെ പുറന്തള്ളുവാൻ കല്പിച്ചാലും''.

തന്നെ സ്വീകരിക്കാൻ അദ്ദേഹം സഹോദരന്മാരെ പ്രേരിപ്പിച്ചു. ആ ആശ്രമത്തിൽ അപ്പോൾ 1400 സഹോദരന്മാർ ഉണ്ടായിരുന്നു.

14. അദ്ദേഹം ആശ്രമത്തിൽ പ്രവേശിച്ച ഉടനെ നോമ്പുകാലം ആരംഭിച്ചു. ഓരോരുത്തരും വ്യത്യസ്തമായ തപശ്ചര്യകൾ അനുഷ്ഠിക്കുന്നതായി അദ്ദേഹം കണ്ടു. ചിലർ സന്ധ്യയ്ക്കേ ഭക്ഷിച്ചിരുന്നുള്ളു. ചിലർ ഒന്നിടവിട്ട ദിവസങ്ങളിലും ചിലർ അഞ്ചു ദിവസങ്ങളിലൊരിക്കൽ മാത്രം. ചിലർ രാത്രി മുഴുവൻ നില്ക്കുകയും പകൽ മാത്രം ഇരിക്കുകയും ചെയ്തു. മക്കാരിയൂസ് നിരവധി പനയോലകൾ നനച്ചുകൊണ്ട് നാല്പതുദിവസവും ഒരു മൂലയിൽ നിന്നു; അങ്ങനെ ഉയിർപ്പായി. അദ്ദേഹം അപ്പം ഭക്ഷിച്ചില്ല. വെള്ളം കുടിച്ചുമില്ല. മുട്ടുമടക്കുകയോ നിലത്തു കിടക്കുകയോ ചെയ്തില്ല. അദ്ദേഹം ഞായറാഴ്ചമാത്രം കുറച്ച് കാബേജ് തിന്നിരുന്നു. ഭക്ഷിക്കുന്നു എന്ന തോന്നൽ വരുത്താൻ മാത്രമാണ് അദ്ദേഹം അതിൽ പങ്കെടുത്തിരുന്നത്.

15. അദ്ദേഹം സ്വന്തം ആവശ്യങ്ങൾക്കായി പുറത്തു പോയാൽ പെട്ടെന്ന് തിരികെ വന്ന് വായ് തുറന്ന് ഒരക്ഷരം ഉരിയാടാതെ നിശബ്ദനായി അവിടെത്തന്നെ നില്ക്കുമായിരുന്നു. ഹൃദയത്തിലുള്ള പ്രാർത്ഥനയും കൈയിൽ പനയോലയും പിടിച്ചുകൊണ്ടുള്ള നില്പല്ലാതെ മറ്റൊന്നും അദ്ദേഹം ചെയ്തിരുന്നില്ല. ഇതു കണ്ടവരൊക്കെ ആശ്രമാധിപനെതിരെ പിറുപിറുത്തു പറഞ്ഞു; ''ഞങ്ങളെ ദുഷിപ്പിക്കാനായി നിനക്കെവിടെ നിന്നു

www.malankaralibrary.com



കിട്ടി ഈ ശരീരമില്ലാത്ത മനുഷ്യനെ? ഒന്നുകിൽ അയാളെ പുറത്താക്കണം; അല്ലെങ്കിൽ ഞങ്ങളെല്ലാം പുറത്തു പോകുന്നു എന്നറിഞ്ഞു കൊള്ളണം''.

16. പക്കോമിയൂസാകട്ടെ അയാളുടെ ജീവിതരീതി ശ്രദ്ധിച്ചു. അയാരാം ആരാണെന്ന് വെളിപ്പെടുത്തിത്തരണമെന്ന് ദൈവത്തോട് അദ്ദേഹം പ്രാർത്ഥിച്ചു. അതു് അദ്ദേഹത്തിനു് വെളിപ്പെടുത്തിക്കിട്ടി. മക്കാരിയൂസിന്റെ കൈയ്ക്കു പിടിച്ച് അരാംത്താര ഇട്ടിരിക്കുന്ന പ്രാർത്ഥന മുറിയിലേക്ക് അദ്ദേഹം കൊണ്ടുപോയി; എന്നിട്ട് പറഞ്ഞു: ''വന്ദ്യനേ, വരിക; അങ്ങാണ് മക്കാരിയൂസ്; അങ്ങ് ഇതു് എന്നിൽനിന്നു മറച്ചുവച്ചു. അങ്ങയെ കാണാൻ വളരെ വർഷങ്ങരാം കൊണ്ടു് ആഗ്രഹിക്കുന്നതാണ്. എന്റെ കുട്ടികളെ വിനീതരാക്കിയതിനു് ഞാൻ അങ്ങയോട് കടപ്പെട്ടവനാണ്; തങ്ങളുടെ തപശ്ചര്യകളെപ്പററി അവർ ഒട്ടും അഹങ്കരിക്കാതിരിക്കട്ടെ. ഇനി തിരികെ അങ്ങയുടെ വാസസ്ഥലത്തേയ്ക്കു പോകുക; അങ്ങ് ദീർഘകാലം ഞങ്ങളുടെ കൂടെ താമസിച്ചതാണല്ലോ. ഞങ്ങരാംക്കുവേണ്ടിക്കൂടെ പ്രാർത്ഥിക്കുക.'' പക്കോമിയൂസ് അപേക്ഷിച്ചതനുസരിച്ച് മക്കാരിയൂസ് മടങ്ങിപ്പോയി.

17. മറെറാരവസരം അദ്ദേഹം ഈ കാര്യം പറഞ്ഞു; ''ഞാനാഗ്രഹിച്ച രീതിയിലുള്ള താപസജീവിതമെല്ലാം ഞാൻ വിജയകരമായി നയിച്ചു; അപ്പോരാം മറെറാന്ന് ഞാനഭിലഷിച്ചു: അഞ്ചുദിവസത്തേയ്ക്കു് മനപ്പതർച്ച കൂടാതെ ദൈവത്തിൽ മാത്രം മനസ്സ് കേന്ദ്രീകരിക്കുക. തൽസംബന്ധമായി ഞാൻ തീരുമാനമെടുത്തു. എന്റെ മുറിയും, ആരും ശല്യപ്പെടുത്താതിരിക്കാൻ സന്ദർശനമുറിയും അടച്ചു. രണ്ടാം മണിക്ക് ഞാൻ നില്ക്കാനാരംഭിച്ചു. എന്റെ മനസ്സിനു് ഈ നിർദ്ദേശം നല്കി: ''സ്വർഗ്ഗത്തിൽ നിന്നിറങ്ങരുതു്; അവിടെ മാലാഖമാരും, പ്രധാന മാലാഖമാരും ഉന്നതാധികാരങ്ങളും നമ്മുടെ എല്ലാവരുടേയും ദൈവവുമുണ്ട്'', നീ സ്വർഗ്ഗത്തിൽ നിന്നിറങ്ങരുതെന്നുമാത്രം.''

18. ''രണ്ടു രാത്രിയും രണ്ടുപകലും ഞാൻ ഇപ്രകാരം നിന്നു. അതുവഴി പിശാചുക്കളെ വിറളിപിടിപ്പിച്ചു. പിശാച് കത്തുന്ന അഗ്നിയായി മാറി. എന്റെ വകയായി മുറിയിൽ ഉണ്ടായിരുന്നതൊക്കെ അവൻ കത്തിച്ചുകളഞ്ഞു. ഞാൻ നിന്ന പുൽപായ് പോലും കത്തിച്ചുകളഞ്ഞു. ഞാൻ തന്നെ തീയിലാണ് നില്ക്കുന്നതെന്നു് എനിക്കു തോന്നി. അവസാനം ഭയബാധിതനായി മനപ്പതർച്ചകൂടാതെ വ്യാപരിക്കാൻ സാധിക്കാതെ ഞാൻ മൂന്നാംദിവസം പുറത്തുകടന്നു; ഞാൻ ഗർവിഷ്ഠ

www.malankaralibrary.com



നാണെന്നു് കരുതപ്പെടാതിരിക്കാനായി ലോകത്തെ ദർശിക്കാൻ ഞാൻ താണിറങ്ങി വന്നു.''

19. ഒരിക്കൽ ഞാൻ മക്കാരിയൂസിനെ സമീപിച്ചപ്പോൾ ആശ്രമത്തിലെ ഒരു വൈദികൻ മുറിക്കു പുറത്തുകിടക്കുന്നതു കണ്ടു. ക്യാൻസർ വന്നു് അയാളുടെ തലയെല്ലാം വികൃതമായിരുന്നു. തലയുടെ ഉച്ചിയിലെ അസ്ഥികൾ പോലും കാണാമായിരുന്നു. സുഖപ്രാപ്തിക്കായി വന്നതായിരുന്നു ആ വൈദികൻ; എന്നാൽ മക്കാരിയൂസ് അയാളെ സ്വീകരിച്ചില്ല. ഞാൻ മക്കാരിയൂസിനെ വിളിച്ചുപറഞ്ഞു: ''അയാളോടു ദയവുണ്ടായി ഒരു മറുപടി കൊടുക്കണമെന്നു് ഞാൻ അങ്ങയോടു് അപേക്ഷിക്കുന്നു''. മക്കാരിയൂസ് ഉത്തരമായി പറഞ്ഞു:

20. ''സൗഖ്യം പ്രാപിക്കുവാൻ അയാൾ യോഗ്യനല്ല; അയാളെ ഒരു പാഠം പഠിപ്പിക്കാനാണു് അയാൾക്കു് ഇതു് അയച്ചു കൊടുത്തതു്. സുഖപ്പെടണമെന്നു് ആഗ്രഹമുണ്ടെങ്കിൽ മേലിൽ കുർബ്ബാന ചൊല്ലുകയില്ല എന്നു് അയാളെക്കൊണ്ടു് സമ്മതിപ്പിക്കണം. അയാൾ അശുദ്ധപാപം ചെയ്യുകയും പൗരോഹിത്യകർമ്മം അനുഷ്ഠിക്കുകയും ചെയ്യുകയായിരുന്നു; അതു കൊണ്ടാണു് ഈ പാഠം ലഭിച്ചതു്; ദൈവം അയാളെ സുഖപ്പെടുത്തുകയാണു്''.

ഞാൻ ഈ സംഗതികൾ ആ രോഗിയോടു പറഞ്ഞപ്പോൾ അയാൾ സമ്മതിച്ചു. പൗരോഹിത്യകർമ്മങ്ങളൊന്നും മേലിൽ അനുഷ്ഠിക്കയില്ലെന്നു് അയാൾ ഉറപ്പു നല്കി. ഉടനെ മക്കാരിയൂസ് അദ്ദേഹത്തെ വിളിച്ചു ചോദിച്ചു: ''ദൈവം ഉണ്ടെന്നു് നീ വിശ്വസിക്കുന്നുവോ?''

''ഞാൻ വിശ്വസിക്കുന്നു'' അയാൾ പ്രത്യുത്തരിച്ചു. ''ദൈവത്തെ കളിയാക്കാൻ നിനക്കു സാധിക്കുമോ?'' ''ഇല്ല'' അയാൾ പ്രതിവചിച്ചു.

''നിനക്കു് പാപബോധം വന്നു് ദൈവത്തിൽനിന്നു നിനക്കു ലഭിച്ച പാഠം എന്തെന്നു് മനസ്സിലാകുന്നെങ്കിൽ, ഭാവിയിൽ നിന്റെ ജീവിതം ക്രമപ്പെടുത്തുക.''

21. അവൻ തന്റെ പാപങ്ങളെല്ലാം ഏററുപറഞ്ഞു; മേലിൽപാപം ചെയ്യില്ലെന്നും സഭയിൽ കർമ്മങ്ങളൊന്നും നടത്തില്ലെന്നും അൽമായനായി ശിഷ്ടകാലം ജീവിച്ചുകൊള്ളാമെന്നുംഉറപ്പു കൊടുത്തു. മക്കാരിയൂസ് അവന്റെമേൽ കൈവച്ചു; കുറച്ചു ദിവസങ്ങൾക്കകം അയാൾ സുഖം പ്രാപിച്ചു, തലയിൽ മുടിവളർന്നു, സുഖം പ്രാപിച്ചവനായി അയാൾ തിരികെപോയി.

www.malankaralibrary.com



22. അശുദ്ധാത്മാവു ബാധിച്ച ഒരു കുട്ടിയെ ഒരിക്കൽ ഞാൻ നോക്കി നില്ക്കെ അദ്ദേഹത്തിൻെറ പക്കൽ ചിലർ കൊണ്ടുവന്നു. അദ്ദേഹം ഒരു കൈ അവൻെറ തലയിലും മററതു് നെഞ്ചത്തും വച്ചു. ആ കുട്ടി വായുവിൽ തങ്ങിനില്ക്കത്തക്ക വിധം തീക്ഷ്ണമായി പ്രാർത്ഥിച്ചു. ഒരു വീഞ്ഞുകുടം പോലെ ആ കുട്ടി വീർത്തു; അവൻെറ ദേഹമെല്ലാം പൊള്ളി വീങ്ങി; 'എരിസിപെലാസ്' എന്ന സാംക്രമിക രോഗം പിടിപെട്ടവനെപ്പോലെ അവൻ കഷ്ടപ്പെടാൻ തുടങ്ങി; പെട്ടന്നു് അവൻെറ ശരീരത്തിലെ ദ്വാരങ്ങളിലൂടെയെല്ലാം രക്തം ഒഴുകുവാൻ തുടങ്ങി; അല്പം കഴിഞ്ഞപ്പോൾ അവനു് നേരത്തേയുള്ള രൂപം കൈവന്നു. മക്കാരിയൂസ് അവൻെറമേൽ വെള്ളമൊഴിച്ചു; അവനെ വിശുദ്ധതൈലം പൂശി; അവൻെറ അപ്പനു് തിരികെ ഏല്പിച്ചു. നാല്പതു് ദിവസത്തേയ്ക്കു് വീഞ്ഞോ മാംസമോ ഉപയോഗിക്കരുതെന്നു് അദ്ദേഹം അവനോടു പറഞ്ഞു. അങ്ങനെ അവനെ സുഖപ്പെടുത്തി.

23. ഒരിക്കൽ വ്യർത്ഥാഭിമാനം മക്കാരിയൂസിനെ അലട്ടിക്കൊണ്ടിരുന്നു; ആശ്രമത്തിനു പുറത്തു പോകാനും രോഗികളെ സൗഖ്യമാക്കിക്കൊണ്ടു് ദൈവപരിപാലനയുടെ പദ്ധതികൾ പ്രാവർത്തികമാക്കാൻ റോമിലേക്കു പോകാനും നിർദ്ദേശം ലഭിച്ചതായും തോന്നി. അശുദ്ധാരൂപികൾക്കെതിരെ കൃപാവരം ശക്തിയായി അദ്ദേഹത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്നു;. കുറേ നാളത്തേയ്ക്കു് അദ്ദേഹം ഇതൊട്ടും ശ്രദ്ധിച്ചില്ല; എന്നാൽ ശക്തമായ പ്രേരണയ്ക്കു വശംവദനായപ്പോൾ മുറിയുടെ ഉമ്മറപ്പടിയിലിരുന്നു് കാലുകൾ വെളിയിലേയ്ക്കിട്ടുകൊണ്ടു പറഞ്ഞു; ''പിശാചുക്കളേ, എന്നെപ്പിടിച്ചു് വലിച്ചിഴച്ചു കൊണ്ടുപോകു. എൻെറ കാലുകൊണ്ടു് ഞാൻ നടന്നു പോകില്ല. നിങ്ങൾക്കെന്നെ വലിച്ചുകൊണ്ടുപോകാമെങ്കിൽ ഞാൻ പോകാം''. അദ്ദേഹം ഒരു പ്രതിജ്ഞ എടുത്തു, ''ഞാൻ സന്ധ്യവരെ ഇവിടെ ഇരിക്കും. നിങ്ങളെന്നെ കുലുക്കിയില്ലെങ്കിൽ ഞാൻ ശ്രദ്ധിക്കയില്ല''.

24. കുറേനേരം അദ്ദേഹം അവിടെ ഇരുന്നിട്ടു് എഴുന്നേററു. രാത്രിയായപ്പോൾ പിശാചുക്കൾ വീണ്ടും കടന്നാക്രമണം ആരംഭിച്ചു; അദ്ദേഹമാകട്ടെ ഒരു കുട്ടയിൽ രണ്ടളവു് മണലെടുത്തു. അതു് തോളിലേററി മരുഭൂമിയിൽ വിതറാൻ തുടങ്ങി. അന്ത്യോക്യയിൽ ജനിച്ച തെയോസേബിയൂസ് എന്ന തൂപ്പുകാരൻ അദ്ദേഹത്തിനെതിരെ വന്നു ചോദിച്ചു: ''പിതാവേ, അങ്ങ് എന്താണീ എടുത്തിരിക്കുന്നതു്? അതിങ്ങു തന്നേക്കു. അങ്ങ് ഈ ഭാരം വഹിക്കേണ്ട''. അദ്ദേഹം മറുപടി പറഞ്ഞു: ''ഞാൻ എൻെറ പരീക്ഷകനെ ശുണ്ഠിപിടിപ്പിക്കുകയാണ്; അവൻ

www.malankaralibrary.com



നിയന്ത്രണാതീതനാണ്; അവൻ എന്നെ പുറത്താക്കാൻ ശ്രമിക്കുകയാണ്''. ഏറെനേരം ഇപ്രകാരം മണ്ണുവിതറിയിട്ട് അദ്ദേഹം തൻെറ മുറിയിലേയ്ക്കു മടങ്ങി; അങ്ങനെ അദ്ദേഹത്തിൻെറ ശരീരം അമർത്തപ്പെട്ടു.

25. മക്കാരിയൂസ് ഒരു വൈദികനായിരുന്നു. അദ്ദേഹം ഈ സംഭവവും വിവരിച്ചു:74 ''വിശുദ്ധരഹസ്യങ്ങൾ വിതരണം ചെയ്യുമ്പോൾ, മർക്കോസ് എന്ന താപസനു് ഒരിക്കലും കുർബ്ബാന കൊടുത്തിരുന്നില്ല; അൾത്താരയിൽ നിന്നു് ഒരു മാലാഖയാണ് അദ്ദേഹത്തിനു കൊടുത്തിരുന്നതു്. കൊടുക്കുന്നയാളിൻെറ കൈയുടെ മണിബന്ധം മാത്രമേ ഞാൻ കണ്ടിരുന്നുള്ളു''. യുവാവായ ഈ മർക്കോസിനു് പഴയനിയമവും പുതിയനിയമവും മനഃപാഠം അറിയാമായിരുന്നു. അദ്ദേഹം ഏററം വിനീതനും ഏററം ഒതുങ്ങിക്കഴിയുന്നവനുമായിരുന്നു.

26. ഒരു ദിവസം ഒഴിവുസമയത്ത് ഞാൻ ആ വൃദ്ധൻെറ കതകിനടുത്ത് പോയിരുന്നു. അദ്ദേഹം വളരെയധികം പ്രായാധിക്യം ബാധിച്ചവനായിരുന്നു; പ്രായത്തിൽ മററുള്ളവരെക്കാളെല്ലാം മുൻപന്തിയിലാണല്ലോ ഇദ്ദേഹം എന്നു ഞാൻ ചിന്തിച്ചുകൊണ്ടിരുന്നു. അദ്ദേഹം എന്തോ ആത്മഗതം ചെയ്തുകൊണ്ട് മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതു് ഞാൻ ശ്രദ്ധിച്ചു. മുറിക്കകത്ത് അദ്ദേഹം മാത്രമേ ഉണ്ടായിരുന്നുള്ളു. പല്ലെല്ലാം പോയി നൂറുവയസ്സായ അദ്ദേഹം തന്നോടും പിശാചിനോടും യുദ്ധം ചെയ്യുകയായിരുന്നു. ''തിന്മയുടെ വൃദ്ധാ, നിനക്കെന്തു വേണം? നിനക്കു എണ്ണയും വീഞ്ഞും ഉണ്ടല്ലോ. നരച്ച തലയുള്ള ഭോജനപ്രിയാ, നിനക്കു മറെറന്താണ് വേണ്ടതു്?'' എന്നു പറഞ്ഞ് അദ്ദേഹം സ്വയം കുററപ്പെടുത്തി. പിശാചിനോടും അദ്ദേഹം ഒരു വാക്കു പറഞ്ഞു: (അവനും അവൻെറ വീതം ലഭിക്കണമല്ലോ) ''ഞാൻ ഇനിയും നിനക്ക് എന്തെങ്കിലും കടപ്പെട്ടിട്ടുണ്ടോ? ഒന്നുമില്ലെന്നു് നീ കാണും. എന്നെ വിട്ടുപോകൂ.'' പിറുപിറുക്കുന്ന രീതിയിൽ അദ്ദേഹം ആത്മഗതം ചെയ്തുകൊണ്ടിരുന്നു: ''തല നരച്ച പഴയ ഭോജനപ്രിയാ, വരൂ; ഞാൻ എത്രകാലം നിന്നോടുകൂടെ ഉണ്ടായിരിക്കും?''

27. അദ്ദേഹത്തിൻെറ ശിഷ്യനായ പഫ്നൂസ്യസ് ഈ സംഭവം വിവരിക്കുന്നു: ഒരിക്കൽ ഒരു ഹിയെന കണ്ണുകാണാൻ പാടില്ലാത്ത തൻെറ കുട്ടിയെ മക്കാരിയൂസിൻെറ അടുത്തു കൊണ്ടുവന്നു.75 തലകൊണ്ടു് ഹാളിൻെറ വാതില്ക്കൽ മുട്ടിയിട്ട്

74 സൊസൊമെൻ, സഭാ. 6:29.
75 അല്പം വ്യത്യസ്തമായ രീതിയിൽ സൾപീചിയൂസ് സെവേരുസും ഈ കഥ പറയുന്നുണ്ട് (ഡയലോഗ് 1:15).

www.malankaralibrary.com



അകത്തുകടന്നു; കിടാവിനെ അദ്ദേഹത്തിന്റെ പാദത്തിങ്കൽ വച്ചു. അദ്ദേഹം അതിനെ എടുത്തു് അതിന്റെ കണ്ണിൽ തുപ്പൽ പുരട്ടി പ്രാർത്ഥിച്ചു. ഉടനെ അതു വെളിച്ചം കണ്ടു. (ലൂക്കോ. 18:43). തള്ള അതിനെ എടുത്തുകൊണ്ടുപോയി.

28. പിറേറദിവസം ആ ഹിയെന ഒരു വലിയ ആടിന്റെ തോൽ അദ്ദേഹത്തിന്റെ പക്കൽ കൊണ്ടുവന്നു. ഭാഗ്യവതിയായ മെലാനിയ എന്നോടു പറഞ്ഞു: "ഞാൻ ആ രോമവസ്ത്രം ഒരു സന്ദർശനസമ്മാനമായി എടുത്തു."

ദാനിയേലിനുവേണ്ടി (6:22) സിംഹങ്ങളെ മെരുക്കിയവൻ ഹിയെനാകൾക്കു് കാഴ്ചനല്കി എന്നതാണു് ഇതിൽ പ്രത്യേകം എടുത്തുപറയാനുള്ള സംഗതി.

തന്റെ മാമോദീസാസ്സ്ലശേഷം അദ്ദേഹം ഒരിക്കലും നിലത്തു തുപ്പിയിട്ടില്ല എന്നു് അദ്ദേഹം പറഞ്ഞു.[76] അദ്ദേഹത്തിന്റെ സ്നാനത്തിനുശേഷം അതു് അറുപതാം വർഷമായിരുന്നു.

29. കാഴ്ചയിൽ അദ്ദേഹം കൃശഗാത്രനും ദീക്ഷാരഹിതനുമായിരുന്നു. ചിറിയുടെ അററത്തു് ചുണ്ടുകൾക്കുചുററം മാത്രമേ അദ്ദേഹത്തിനു രോമം ഉണ്ടായിരുന്നുള്ളു. അദ്ദേഹം അനുഷ്ഠിച്ച താപസകർമ്മം മീശ കരുക്കാൻ അനുവദിച്ചില്ല. ഒരിക്കൽ ഏകാന്തതകൊണ്ടു മടുത്ത അവസരം ഞാൻ അദ്ദേഹത്തിന്റെ അടുത്തു പോയിപറഞ്ഞു: "പിതാവേ, ഞാൻ ഇവിടെ ഒട്ടും പുരോഗമിച്ചില്ല എന്നു് കണ്ടു് ഇവിടം ഉപേക്ഷിക്കാൻ എന്റെ ചിന്തകൾ എന്നെ പ്രേരിപ്പിക്കുന്നു; ഞാൻ എന്താണു് ചെയ്യേണ്ടതു്?" "ഞാൻ ഇവിടെ മതിലുകൾ കാത്തുകൊണ്ടിരിക്കുകയാണെന്നു് ക്രിസ്തുവിനെപ്രതി അവയോടു പറയുക".

വി. മക്കാരിയൂസിനെപ്പററിയുള്ള നിരവധി കഥകളിൽ ചിലതാണിവ.

## 19. എത്യോപ്യാക്കാരൻ മോശ

1. മോശ[77] എന്നു പേരുള്ള ഒരു കറുത്ത എത്യോപ്യാക്കാരനുണ്ടായിരുന്നു. ഭരണതലത്തിലെ ഉദ്യോഗസ്ഥന്റെ വീട്ടുകാര്യസ്ഥനായിരുന്നു അയാൾ. മോഷണത്തിനും പ്രകോപനപരമായ പെരുമാററത്തിനും അവന്റെ യജമാനൻ അവനെ പിരിച്ചുവിട്ടു. അയാൾ കൊലപാതകം ചെയ്തു എന്നുപോലും കരുത

76 മററുള്ളവരെ നിന്ദിച്ചിട്ടില്ല എന്ന അർത്ഥമാകാം.

77 ഷേതു് മരുഭൂമിയിലെ ഒരു സന്ന്യാസവൈദികനായിരുന്നു മോശ (395). അദ്ദേഹത്തിന്റെ എഴുപത്തിയഞ്ചാം വയസ്സിൽ ബർബരന്മാർ അദ്ദേഹത്തെ കൊല ചെയ്തു. സൊസൊമെൻ സഭാ. 6;29.

www.malankaralibrary.com



പ്പെട്ടു. അയാളുടെ മാനസ്സാന്തരത്തിൻെറ ശ്രേഷ്ഠത വിശദീകരിക്കാനാണ് അയാളുടെ ഈ ദുഷ്കർമ്മങ്ങളെപ്പററി വിവരിക്കാൻ ഞാൻ നിർബ്ബന്ധിതനാകുന്നതു്. കൊള്ളസംഘത്തിൻെറ തലവനായിരുന്ന അയാരം എന്നു പറയപ്പെടുന്നു. അയാളുടെ മോഷണത്തിൻെറ ഒരു പ്രധാന കഥ ഇപ്രകാരമാണ്: അയാരംക്കു് ഒരു ആട്ടിടയനെതിരായി നീരസമുണ്ടായിരുന്നു. ഒരു രാത്രിയിൽ ഈ കള്ളനും തൻെറ ആടുകരംകൾ മദ്ധ്യത്തിൽ തൻെറ പട്ടികളുമായി ആ ഇടയൻ കാത്തുകിടന്നു.

2. അവൻ ആ ഇടയനെ കൊല്ലുവാൻ ആഗ്രഹിച്ചു. അവൻ ആടുകളെ സൂക്ഷിച്ചിരുന്ന സ്ഥലം ഈ കള്ളൻ അന്വേഷിച്ചു. അതു് നൈൽ നദിക്ക് അക്കരെയാണെന്നു് അവനറിവുകിട്ടി. നദിയാകട്ടെ കരകവിഞ്ഞു് ഒരുമൈൽ വീതിയിൽ ഒഴുകുകയായിരുന്നു. ആ കള്ളൻ തൻെറ വാരം കടിച്ചുപിടിച്ച് തൻെറ വസ്ത്രങ്ങരം തലയിൽ ചുരുട്ടിക്കെട്ടി നദിയിലേയ്ക്കു് ചാടി മറുവശത്തേയ്ക്കു് നീന്തി. അവൻ നദിക്ക് കുറുകെ നീന്തുന്ന അവസരം ആ ഇടയൻ മണലിൽ ഒളിച്ചു് രക്ഷപ്പെട്ടു. കള്ളനാകട്ടെ നാലു് ആടുകളെ തിരഞ്ഞെടുത്തു് കൊന്നു് ഒരു ചരടുകൊണ്ടു് കെട്ടി തിരികെ നീന്തി.

3. അവൻ ചെറിയൊരു കാലിയറപ്പു് സ്ഥലത്തുവന്നു് അവയുടെ തൊലിയുരിച്ചു. അവൻ നല്ലഭാഗം ഇറച്ചിയെല്ലാം തിന്നു. ആടിൻെറ തൊലി വിററ് അവൻ വീഞ്ഞു വാങ്ങി; എട്ടു് ഇററാലിയൻ പയൻറിനു് തുല്യമായി വീഞ്ഞു് കുടിച്ചു. അവിടെനിന്നു നടന്നു് അൻപത്തു മൈലകലെ തൻെറ കൊള്ളസംഘത്തിൻെറ കേന്ദ്രത്തിൽ എത്തിച്ചേർന്നു. അന്നു വൈകിട്ടു് എന്തോ ചില സാഹചര്യത്തിൽ അവനു് സുബോധം വന്നു. അവൻ ഒരാശ്രമത്തിൽ ചേർന്നു. അവൻെറ മാനസ്സാന്തരത്തിനു ശേഷം തിന്മയിൽ തൻെറ സഹചരനായിരുന്ന പിശാചിനെപ്പോലും ക്രിസ്തുവിനെ പരസ്യമായി അംഗീകരിപ്പിക്കത്തക്കരീതിയിൽ അവൻ പെരുമാറി. ആ പിശാചാകട്ടെ യൗവനം മുതൽ അവനോടുകൂടെ ഉണ്ടായിരുന്നു.[78] മററനേക സംഗതികളുടെ കൂട്ടത്തിൽ ഈ കാര്യവും അവനെപ്പററി പറയപ്പെടുന്നു: അവൻ ആരെന്നറിയാതെ നാലു കള്ളന്മാർ അവൻെറ ആശ്രമം ആക്രമിച്ചു.

4. ഒരു കെട്ടു കണക്കേ അദ്ദേഹം അവരെയെല്ലാം ചുരുട്ടിക്കെട്ടി തോളത്തിട്ടു് സഹോദരന്മാരുടെ പള്ളിയിലേയ്ക്കു് കൊണ്ടുവന്നു. എന്നിട്ടദ്ദേഹം പറഞ്ഞു, "ഞാൻ ആരെയും ഉപദ്രവി

78 മോശയുടെ ദുഷ്തഴക്കങ്ങളാണ് സൂചിതം.

www.malankaralibrary.com



ക്കാത്തതിനാൽ ഇവരെ ഞാൻ എന്തുചെയ്യണമെന്നാണ് നിങ്ങരം ആഗ്രഹിക്കുന്നതു്?'' കൊള്ളക്കാർ കുററം ഏററു പറഞ്ഞു. ഒരു കാലത്തു് ദുഷ്കീർത്തിതനും അറിയപ്പെടുന്ന കൊള്ളക്കാരനുമായ മോശയാണിതെന്നു് അവരറിഞ്ഞു. അവൻെറ മാനസ്സാന്തരം നിമിത്തം അവർ ദൈവത്തെ മഹത്വപ്പെടുത്തുകയും ലോകത്തെ നിന്ദിക്കുകയും ചെയ്തു. കാരണം, അവർ ഇപ്രകാരം ചിന്തിച്ചു: 'ഇപ്രകാരം ശക്തനും കഴിവുററവനുമായ കൊള്ളക്കാരൻ ദൈവത്തെ ഭയപ്പെട്ടന്നെങ്കിൽ നാമെന്തിനാണു് നമ്മുടെ രക്തം മാററി വെയ്ക്കുന്നതു്?''

5. അതിനു ശേഷം പിശാചുക്കരം ഈ മോശയെ അക്രമിച്ചു. അശുദ്ധിയുടേയും അമിതസുഖാസ്വാദനത്തിൻെറതുമായ പഴയജീവിതത്തിലേയ്ക്കു് പിന്തിരിപ്പിക്കാൻ ശ്രമിച്ചു. അദ്ദേഹമാകട്ടെ തൻെറ തീരുമാനത്തിൽ പരാജയപ്പെട്ട എന്ന രീതിയിൽ പരീക്ഷിക്കപ്പെട്ട എന്നു് ഞങ്ങളോടു പറഞ്ഞു. അദ്ദേഹം ഷേത്തിലുള്ള വലിയ ഇസിദോറിൻെറ പക്കൽ പോയി തൻെറ പോരാട്ടത്തെപ്പററി അദ്ദേഹത്തെ വിശദീകരിച്ചു കേരംപ്പിച്ചു. ഇസിദോർ പറഞ്ഞു: ''നഷ്ടധൈര്യനാകേണ്ട; ഇതു് ആരംഭമാണു്. എതിരിടുമ്പോരം അവ കൂടുതൽ ശക്തമായിരിക്കും; അവ നിൻെറ സ്വഭാവത്തെ പരിശോധിക്കുകയാണു്.''

6. ''പട്ടി സ്വാഭാവികമായി ഇറച്ചിക്കടയുടെ അടുത്തു നിന്നു് പോകാറില്ല. കടയടച്ചു് അവനു് മാംസം കിട്ടാതെ വരുമ്പോരം മാത്രമേ അവിടെ പോകാതിരിക്കുന്നുള്ളു. നിൻെറ കാര്യത്തിലും ഇപ്രകാരമാണു്. നീ ഉറച്ചു നിന്നാൽ പിശാചു് നിരാശനായി നിന്നെ വിട്ടു പോകേണ്ടിവരും.''

അവൻ തിരികെപ്പോയി. ആ സമയം മുതൽ കൂടുതൽ തീക്ഷ്ണമായി തപസ്സു്, പ്രത്യേകിച്ചു് ആഹാരം സംബന്ധിച്ചു് അനുഷ്ഠിക്കുവാൻ തുടങ്ങി. അദ്ദേഹം ഉണക്കറൊട്ടിയേ ഭക്ഷിച്ചിരുന്നുള്ളു. എന്നാൽ ജോലികളെല്ലാം ചെയ്തിരുന്നു. അതുപോലെ ദിവസവും അൻപതു പ്രാർത്ഥനകരം ചൊല്ലിയിരുന്നു. അവൻ തൻെറ പാവപ്പെട്ട ശരീരത്തെ പീഡിപ്പിച്ചു. എങ്കിലും പിശാചുക്കളവനെ ഉപദ്രവിച്ചുകൊണ്ടിരുന്നു. അതുപോലെ അഗ്നി അവനെ ദഹിപ്പിച്ചുകൊണ്ടും ഇരുന്നു.

7. ഒരിക്കൽക്കൂടി അവൻ മറെറാരു വിശുദ്ധൻെറ അടുത്തു ചെന്നു ചോദിച്ചു, ''എൻെറ പതിവായതും അനുവദനീയമല്ലാത്തതുമായ സുഖഭോഗങ്ങരം നിമിത്തം ഉണ്ടായ ദിവാസ്വപ്നങ്ങരം എൻെറ ബുദ്ധിയെ അന്ധമാക്കുന്നതിനാൽ ഞാൻ എന്താണു് ചെയ്യേണ്ടതു്?''. ''ഇവയിൽ നിന്നു് നീ നിൻെറ മനസ്സിനെ പിന്തിരിപ്പിച്ചിട്ടില്ല; അതുകൊണ്ടാണു് നിനക്കു് ഇവ

www.malankaralibrary.com



യൊക്കെ സംഭവിക്കുന്നത്. ജാഗരണവും പ്രാർത്ഥനയും ഉപവാസവും അനുഷ്ഠിക്കുക. അപ്പോൾ ഇവയിൽ നിന്നെല്ലാം പെട്ടെന്ന് വിടുതൽ ലഭിക്കും'' എന്ന് അദ്ദേഹം അവനോടു പറഞ്ഞു.

അവൻ ഈ ഉപദേശം ശ്രവിച്ചു. തന്റെ മുറിയിലേയ്ക്ക് തിരികെപോയി. രാത്രിമുഴുവൻ കിടക്കുകയോ മുട്ടുമടക്കുകയോ ചെയ്യില്ലായെന്ന് പ്രതിജ്ഞ ചെയ്തു.

8. അദ്ദേഹം ആറു വർഷം തന്റെ മുറിയിൽതന്നെ താമസിച്ചു. രാത്രിമുഴുവൻ തന്റെ മുറിയുടെ മദ്ധ്യത്തിൽ കണ്ണടയ്ക്കാതെ പ്രാർത്ഥിച്ചു. എന്നിട്ടും അദ്ദേഹത്തിനു തന്റെ മനസ്സിനെ നിയന്ത്രിക്കാൻ സാധിച്ചില്ല. അദ്ദേഹം മറെറാരു ജീവിതരീതി സ്വീകരിച്ചു. രാത്രിതോറും അദ്ദേഹം തന്റെ മുറിയിൽ നിന്ന് പുറത്തുകടന്ന് പ്രായമുള്ള താപസരുടെ മുറികളിൽ ചെല്ലുകയും അവരറിയാതെ അവരുടെ വെള്ളം വയ്ക്കുന്ന പാത്രങ്ങൾ നിറച്ചുവയ്ക്കുകയും ചെയ്യുക പതിവാക്കി. അവർക്ക് വെള്ളം വളരെ ദൂരെനിന്ന് കൊണ്ടുവരണമായിരുന്നു. ചിലർക്ക് രണ്ടു മൈൽ, ചിലർക്ക് അഞ്ച്, ചിലർക്ക് അര മൈൽ മാത്രം.

9. ഒരു രാത്രിയിൽ പിശാച് അവനെ കാത്തിരുന്ന് അവന്റെ ക്ഷമ നശിച്ചു. മോശ കിണററിൽ നിന്ന് വെള്ളം കോരാൻ തുനിഞ്ഞപ്പോൾ ആ പിശാച് അവന്റെ മുതുകിന് കത്തികൊണ്ട് ഒരു വെട്ടു കൊടുത്തു. അവനെഅർദ്ധപ്രാണനായി ഉപേക്ഷിച്ചു. അവൻ ബോധരഹിതനായി സംഭവിച്ചതൊന്നും അറിയാതെ രാത്രിമുഴുവൻ അവിടെ കിടന്നു. പിറേറ ദിവസം വെള്ളം കോരാൻ വന്നവർ അദ്ദേഹമവിടെ കിടക്കുന്നതു കണ്ടു. അവർ ഷേത്തിലെ പുരോഹിതനായ വലിയ ഇസിദോറിനോട് വിവരം പറഞ്ഞു. അദ്ദേഹം അയാളെ തന്റെ പള്ളിയിലേയ്ക്ക് കൊണ്ടുപോയി. ഒരു വർഷത്തോളം അദ്ദേഹം രോഗിയായിരുന്നു. ഒരു വർഷം കഴിഞ്ഞപ്പോൾ ശരീരത്തിനും ആത്മാവിനും ഏതാണ്ട് ശക്തി ലഭിച്ചു.

10. അപ്പോൾ മഹാനായ ഇസിദോർ പറഞ്ഞു. ''പിശാചുക്കളോടു യുദ്ധം ചെയ്യുന്നത് അവസാനിപ്പിക്കുക; അവയെ ശല്യപ്പെടുത്തേണ്ട. ധൈര്യത്തിനും തപശ്ചര്യകൾക്കും ഒരതിർത്തിയുണ്ട്.'' അവൻ മറുപടി പറഞ്ഞു. ''എന്റെ ഭാവനാപിശാച് അവസാനിച്ചെങ്കിലേ ഞാൻ നിർത്തുകയുള്ളു.'' ഇസിദോർ പറഞ്ഞു, ''യേശുക്രിസ്തുവിന്റെ നാമത്തിൽ നിന്റെ ദിവാസ്വപ്നങ്ങൾ മാറിപ്പോയിരിക്കുന്നു. ഇപ്പോൾ ധൈര്യപൂർവ്വം കുർബ്ബാന സ്വീകരിക്കുക. നിന്റെ നന്മയ്ക്കുവേണ്ടിയാണ് നീ

www.malankaralibrary.com



ഇപ്രകാരം കീഴമർത്തപ്പെട്ടത്. നിൻെറ വികാരനിയന്ത്രണം സംബന്ധിച്ച് വീമ്പിളക്കാതിരിക്കാൻവേണ്ടിയാണ്.''

11. അദ്ദേഹം വീണ്ടും തൻെറ മുറിയിലേയ്ക്കുപോയി. രണ്ടു മാസങ്ങൾക്കുശേഷം മഹാനായ ഇസിദോർ വിവരം തിരക്കി. അദ്ദേഹത്തിനു വിഷമമൊന്നും ഇല്ലെന്നറിഞ്ഞു; പിശാചുക്കളുടെ മേൽ അധികാരം ലഭിക്കത്തക്ക രീതിയിൽ അദ്ദേഹം യോഗ്യതയുള്ളവനായിത്തീർന്നു. നാം ഈച്ചയെ ഭയപ്പെടുന്നത്രപോലും അദ്ദേഹം പിശാചുക്കളെ ഭയപ്പെടുന്നില്ല.

എത്യോപ്യാക്കാരൻ മോശയുടെ ജീവിതം ഇപ്രകാരം ഉള്ളതായിരുന്നു. അതുകൊണ്ട് അദ്ദേഹം ഒരു വലിയ പിതാവായി പരിഗണിക്കപ്പെടുന്നു. എഴുപതുവയസ്സുള്ള വൈദികനായി ഷേതിൽ അദ്ദേഹം മരിച്ചു. അപ്പോൾ അദ്ദേഹത്തിനു എഴുപതു ശിഷ്യന്മാരുണ്ടായിരുന്നു.

## 20. പൗലോസ്

1. ഷേത്ത് മരുഭൂമിയുടെ അതിർത്തിയിൽ ഫെർമെ 79 എന്നു പേരുള്ള ഒരു മല ഈജിപ്റ്റിൽ ഉണ്ടായിരുന്നു. ഈ മലയിൽ അഞ്ഞൂറോളം താപസരായ സന്യാസികൾ ജീവിച്ചിരുന്നു. അവരുടെ കൂട്ടത്തിൽ താപസജീവിതം നയിച്ച പൗലോസ് 80 എന്നു പേരുള്ള ഒരാൾ ഉണ്ടായിരുന്നു. അദ്ദേഹം എന്തെങ്കിലും ജോലിയോ ബിസ്സിനസ്സോ ചെയ്തിരുന്നില്ല. ഭക്ഷിക്കുകയല്ലാതെ ഒരു ജോലിയും അദ്ദേഹത്തിനില്ലായിരുന്നു. നിരന്തരം പ്രാർത്ഥിക്കുകയെന്നുള്ളതും താപസജീവിതവുമായിരുന്നു അദ്ദേഹത്തിൻെറ തപശ്ചര്യ. അദ്ദേഹത്തിന് മുന്നൂറ് പ്രാർത്ഥനകൾ മനഃപാഠമായിരുന്നു. അദ്ദേഹം അത്രയും ചെറിയ കല്ലുകൾ തൻെറ മടിയിൽ ഇട്ടിരുന്നു. ഓരോ പ്രാർത്ഥനയും കഴിയുമ്പോൾ ഓരോ കല്ലും ദൂരെ കളയുമായിരുന്നു 81.

2. പൗരൻ 82 എന്നു വിളിക്കപ്പെടുന്ന വി. മക്കാരിയൂസിനെ കാണാൻ ഒരിക്കൽ അദ്ദേഹം പോയി. അദ്ദേഹത്തോടു

---

79 വാദി എൻ—നത്രൂൻെറ വടക്കുള്ള ഒരു മലയാണ് ഫെർമെ.

80 താഴെ അധ്യായം 22-ലെ പൗലോസും ഇയാളും ഒരാളാണെന്നു കരുതുന്നവരുണ്ട്.

81 സൊസൊമെൻ 6;29.

82 ''പൊളിററിക്കോസ്''—അലക്സാണ്ഡ്രിയയിൽ നിന്നുള്ളവനാകയാൽ ഇപ്രകാരം വിളിക്കപ്പെട്ടു. സൊസൊമെൻ, സഭാ, 3;14.

www.malankaralibrary.com



പറഞ്ഞു: "മക്കാരിയൂസ് പിതാവേ, ഞാൻ നിരാശനായിരിക്കുകയാണ്." മക്കാരിയൂസ് ഇതിൻെറ കാരണം അന്വേഷിച്ചപ്പോഠം അദ്ദേഹം പറഞ്ഞു: "ഏതോ ഒരു ഗ്രാമത്തിൽ മുപ്പതുവർഷമായി തപസനുഷ്ഠിക്കുന്ന ഒരു കന്യക ജീവിച്ചിരുന്നു. അവഠം ശനിയാഴ്ചയും ഞായറാഴ്ചയും മാത്രമേ ഭക്ഷിച്ചിരുന്നുള്ളു എന്ന് പറയപ്പെടുന്നു. ആഴ്ചയിലെ അഞ്ചു ദിവസവും ഭക്ഷിക്കാതെ എഴുനൂറു പ്രാർത്ഥനകഠം അവഠം ചൊല്ലിയിരുന്നു. അതേപ്പററി ഗ്രഹിച്ചപ്പോഠം എനിക്ക് എന്നെ സംബന്ധിച്ച് ദുഃഖം തോന്നി. എനിക്ക് മൂന്നൂറിൽ കൂടുതൽ പ്രാർത്ഥന ചൊല്ലുവാൻ സാധിച്ചില്ല.

3. ഭാഗ്യവാനായ മക്കാരിയൂസ് മറുപടിയായി പറഞ്ഞു: "എനിക്കറുപതു് വയസ്സായി. ഞാൻ നൂറു പ്രാർത്ഥനകഠം ദിവസവും ചൊല്ലുന്നു. ഞാൻ എനിക്കാവശ്യമുള്ളതു് അദ്ധ്വാനിച്ചുണ്ടാക്കുന്നു. സഹോദരങ്ങഠംക്കു് ഉപദേശം കൊടുക്കുവാൻ സമയം കണ്ടെത്തുന്നു. ഞാൻ അശ്രദ്ധനാണെന്നു് എൻെറ മനഃസാക്ഷിപറയുന്നില്ല. എന്നാൽ നീ മൂന്നൂറു പ്രാർത്ഥനകഠം ചൊല്ലുകയും നിൻെറ മനഃസാക്ഷി നിന്നെ കുററപ്പെടുത്തുകയും ചെയ്യുന്നുവെങ്കിൽ അതിൻെറ അർത്ഥം നീ ശുദ്ധഹൃദയത്തോടുകൂടി അവ ചെയ്യുന്നില്ല എന്നതാണ്. അല്ലെങ്കിൽ നിനക്കു് കൂടുതൽ ചൊല്ലാൻ സാധിച്ചേനേ.

## 21. എവുഗ്ലോഗിയസും അംഗവൈകല്യമുള്ളവനും

1. നിത്റിയായിലെ വൈദികനായ ക്രോണിയൂസ്[83] എന്നോടിതുപറഞ്ഞു: ഞാൻ ചെറുപ്പമായിരുന്നപ്പോഠം വിരസതനിമിത്തം എൻെറ അദ്ധ്യക്ഷൻെറ ആശ്രമത്തിൽ നിന്നു് ഓടിപ്പോയി. ഞാൻ ചുററിക്കറങ്ങി വി. അന്തോനിയോസിൻെറ മലവരെ എത്തി.[84] വലിയ മരുഭൂമിക്കെതിരായി ബാബിലോണിനും[85] ഹെരാക്ളായിക്കും[86] ഇടയ്ക്കായിരുന്നു

---

83 മുകളിൽ അധ്യായം 7:3 കാണുക.

84 നൈൽ നദിയുടെ കിഴക്കുഭാഗത്തായി മെംഫീസിൽ നിന്നു് 50 മൈൽ തെക്കു മാറിയുള്ള പിസ്പീറിൽ വി. അന്തോണിയോസ് ഇരുപതുവർഷം താമസിച്ചു. ഈ മലയായിരിക്കാം സൂചിതം.

85 കെയ്റോയ്ക്കടുത്തുള്ള ഫുസ്താത് ആയിരിക്കാം വിവക്ഷ.

86 ഹെരാക്ലെയോപ്പൊലീസ്—ഈജിപ്റ്റിലെ പ്രാചീനനഗരങ്ങളിൽ ഒന്നാണിതു്. ഫയ്യൂമിന് തെക്കായി സ്ഥിതി ചെയ്യുന്നു. ഹെരാക്ലെയോപ്പൊലീസിന് തെക്കായി നൈൽനദിയുടെ ഇരുവശങ്ങളിലുമായി തെബായ്ഡിലെ "വലിയ മരുഭൂമി"യാണ്.

www.malankaralibrary.com



ആ സ്ഥലം. നദിയിൽ നിന്ന് ചെങ്കടലിലേക്ക് മുപ്പതുമൈലോളം ആ സ്ഥലം വ്യാപിച്ചു കിടന്നു. ഞാൻ നദി വഴി ആശ്രമത്തിലെത്തിയപ്പോൾ പിസ്പീറിൽ അദ്ദേഹത്തെ അടക്കിയ മക്കാരിയൂസ്, അമാത്താസ് എന്നീ രണ്ടു ശിഷ്യന്മാർ അവിടെ താമസിച്ചിരുന്നു. വി. അന്തോണിയെ കാണുവാൻ അഞ്ചു ദിവസം ഞാൻ കാത്തിരുന്നു.

2. ആശ്രമത്തിൽ വരാനിടയാകുന്നവരുടെ നന്മയ്ക്കു ദൈവം നിയന്ത്രിക്കുന്നതനുസരിച്ച് അഞ്ചുദിവസത്തിലൊരിക്കലോ, ഇരുപതുദിവസത്തിലൊരിക്കലോ പത്തുദിവസത്തിലൊരിക്കലോ അദ്ദേഹം ഈ ആശ്രമത്തിൽ വന്നിരുന്നു എന്ന് പറയപ്പെടുന്നു. പലതരം സഹോദരന്മാർ പലതരം ആവശ്യങ്ങളുമായി അവിടെ കൂടിയിരുന്നു. അവരുടെ കൂട്ടത്തിൽ അലക്സാണ്ഡ്റിയാക്കാരനും ഏകാന്തവാസിയുമായ ഒരു എവുഗ്ലോഗിയസും അംഗവൈകല്യമുള്ള ഒരാളും ഉണ്ടായിരുന്നു. അവർ വന്നതിന്റെ കാരണം ഇതത്രെ:

3. ഈ എവുഗ്ലോഗിയസ് ശാസ്ത്രകലകളിൽ നല്ല വിദ്യാഭ്യാസം ലഭിച്ചവനായിരുന്നു [87]. അവൻ നിത്യതയോടുള്ള സ്നേഹത്താൽ പ്രേരിതനായി ലൗകിക സുഖഭോഗങ്ങൾ പരിത്യജിച്ചിരുന്നു. ജോലിചെയ്യാൻ കഴിവില്ലാത്തതിനാൽ അല്പം പണം നീക്കി വച്ചതിന്റെ ശേഷം അദ്ദേഹം മററുള്ളവക്കായി തന്റെ പണം മുഴുവൻ കൊടുത്തു. അയാൾക്ക് തന്റെ ജീവിതത്തിൽ മടുപ്പുതോന്നി. എന്നാൽ ഒരു സന്ന്യാസസമൂഹത്തിൽ പ്രവേശിക്കാൻ അയാൾ ആഗ്രഹിച്ചില്ല. ഒരിക്കൽ ചന്തസ്ഥലത്ത് അംഗവൈകല്യമുള്ള ഒരാളെ അയാൾ കാണാനിടയായി. അവന് കാലുകളോ കൈകളോ ഉണ്ടായിരുന്നില്ല. എന്നാൽ അവന്റെ നാക്ക് എപ്പോഴും പ്രവത്തനക്ഷമമായിരുന്നു. വഴിപോക്കരോട് ബന്ധം പുലത്തുവാനുള്ള ഒരേ ഒരു മാധ്യമം അതായിരുന്നു.

4. എവുഗ്ലോഗിയസ് അവന്റെയടുത്തു ചെന്ന് അവനെ സൂക്ഷിച്ചുനോക്കി. അവൻ ദൈവത്തോടു പ്രാത്ഥിച്ചു. എന്നിട്ട് ഒരു ഉടമ്പടി ഉണ്ടാക്കി, ''കത്താവേ, നിന്റെ നാമത്തിൽ ഈ അംഗവൈകല്യമുള്ള മനുഷ്യനെ സ്വീകരിക്കുന്നു. മരണം വരെ അവനെ ഞാൻ സംരക്ഷിക്കും. അങ്ങനെ അവൻവഴി

87. Cfr. H.I. Marrou, *A History of Education in Antiquity,* N.Y. 1956; A. Gwynn, *Roman Education from Cicero to Quintilian,* Oxford, 1926.

www.malankaralibrary.com



ഞാൻ രക്ഷപ്രാപിക്കും. ഇതു ചെയ്യുവാനുള്ള അനുഗ്രഹം എനിക്കു തരണമേ.''

അവൻ അംഗവൈകല്യമുള്ള ആ മനുഷ്യനെ സമീപിച്ച് അവനോടു പറഞ്ഞു, ''സർ, നിന്നെ എൻെറ ഭവനത്തിൽ കൊണ്ടുപോയി പരിചരിക്കുന്നതു് നിനക്കിഷ്ടമാണോ?''. അവൻ പ്രതിവചിച്ചു, ''തീർച്ചയായും.''

''ഞാൻ എൻെറ കോവർകഴുതയെ കൂട്ടിക്കൊണ്ടുവന്നു നിന്നെ കൂട്ടിക്കൊണ്ടു പോകാം.''

അങ്ങനെ സമ്മതിച്ചു. അവൻ കഴുതക്കുട്ടിയെകൊണ്ടു വന്ന് അവനെ തൻെറ അതിഥികളുടെ മുറിയിലേയ്ക്കു് കൂട്ടിക്കൊണ്ടുവന്നു് ശുശ്രൂഷിച്ചു.

5. ആ അംഗവൈകല്യമുള്ളവൻ അവൻെറ സംരക്ഷണയിൽ പതിനഞ്ചുവർഷം ജീവിച്ചു. എവുളോഗിയസ് തൻെറ സ്വന്തം കൈകൊണ്ട് അവനെ കഴുകുകയും അവൻെറ ആവശ്യാനുസരണം അവനെ പരിചരിക്കുകയും ചെയ്തു. പതിനഞ്ചുവഷം കഴിഞ്ഞപ്പോൾ ഈ അംഗവൈകല്യമുള്ളവനെ പിശാചു ബാധിച്ചു. അവൻ എവുളോഗിയസിന് എതിരായിനിന്ന്, അവനെ ദുഷിക്കാനും ചീത്തവാക്കു പറയാനും ദൈവദൂഷണം പറയാനും ശപിക്കാനും തുടങ്ങി: ''കൊലപാതകീ, തെമ്മാടി, നീ മററുള്ളവരുടെ വസ്തുവകകൾ മോഷ്ടിക്കുകയും എന്നെ പരിചരിക്കുന്നതുവഴി രക്ഷ പ്രാപിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. എന്നെ ചന്തസ്ഥലത്തു വിട്ടേയ്ക്കുക. ഇറച്ചിയാണ് എനിയ്ക്കു വേണ്ടതു്''. ഉടനെ എവുളോഗിയസ് അവനു് ഇറച്ചി കൊണ്ടു വന്നു കൊടുത്തു.

6. വീണ്ടും അവൻ വിളിച്ചു പറഞ്ഞു: ''ഞാൻ തൃപ്തനല്ല, എനിക്ക് ജനക്കൂട്ടങ്ങളാണു വേണ്ടതു്. എനിക്ക് ചന്തസ്ഥലത്തു തിരിച്ചു പോകണം. എന്തൊരന്യായം. നീ എന്നെ കണ്ടിടത്തു തന്നെ തിരികെ ഇട്ടേക്കുക'', അവന് കൈകളുണ്ടായിരുന്നെങ്കിൽ അവൻ അപ്പോൾ തന്നെ എവുളോഗിയസിനെ അരിഞ്ഞു വീഴ്ത്തിയേനേ. അത്രമാത്രം പിശാച് അവനെ ദണ്ഡിപ്പിച്ചു.

എവുളോഗിയസ് സമീപത്തുള്ള താപസരുടെ പക്കലേക്കു പോയി. അവരോടു ചോദിച്ചു: ''ഞാൻ എന്താണ് ചെയ്യേണ്ടതു്? അംഗവൈകല്യമുള്ളവൻ എന്നെ നിരാശനാക്കുന്നു. അവനെ പുറത്തു് എറിഞ്ഞുകളയട്ടെ. ഞാൻ ദൈവവുമായി ഒരു ഉടമ്പടി ചെയ്തു. അതിനാൽ എനിക്ക് ഭയം തോന്നുന്നു. എന്നാൽ ഞാൻ അവനെ പുറത്തെറിയണോ? എന്തുചെയ്യണമെന്നറിയാതെ ഞാൻ വിഷമിക്കുന്നു.''

www.malankaralibrary.com


7. അപ്പോഠം അവർ പറഞ്ഞു: "ആ മഹാൻ ഇപ്പോഴം ജീവിക്കുന്നതിനാൽ അദ്ദേഹത്തിൻെറ അടുത്തു പോകുക. (അവർ അന്തോണിയെ അങ്ങനെയാണു വിളിച്ചിരുന്നതു്) അംഗവൈകല്യമുള്ളവനെ ഒരു ബോട്ടിൽ കയററി ആശ്രമത്തിൽ എത്തിക്കുക. ആ മഹാൻ തൻെറ ഗുഹയിൽനിന്നു് പുറത്തുവരുന്നതുവരെ കാത്തിരിക്കുക. എന്നിട്ടു് പ്രശ്നം അദ്ദേഹത്തിൻെറ മുമ്പിൽ അവതരിപ്പിക്കുക. അദ്ദേഹം എന്തുപറഞ്ഞാലും അദ്ദേഹത്തിൻെറ തീരുമാനം അനുസരിക്കുക. കാരണം, ദൈവം നിന്നോടു് അദ്ദേഹം വഴി സംസാരിക്കും".

അദ്ദേഹമതിനു സമ്മതിച്ചു. ഒരു കെട്ടുവള്ളത്തിൽ ആ അംഗവൈകല്യമുള്ളവനെ കയററി അന്തോണിയോസിൻെറ ശിഷ്യന്മാരുടെ ആശ്രമത്തിലെത്തിച്ചു.

8. അടുത്തസന്ധ്യയ്ക്കു് വളരെ വൈകി ഒരു തുകൽ വസ്ത്രം ധരിച്ചു് ആ മഹാൻ വന്നു എന്നു് ക്രോണിയൂസ് ഞങ്ങളോടു പറഞ്ഞു.

അദ്ദേഹം ആശ്രമത്തിൽ വരുമ്പോഴെല്ലാം ഇപ്രകാരം വിളിച്ചു ചോദിക്കുമായിരുന്നു: "സഹോദരാ, മക്കാരിയൂസ്, സഹോദരന്മാരാരെങ്കിലും വന്നിട്ടുണ്ടോ?" ഉണ്ടെന്നു് അവൻ മറുപടി പറയും.

"അവർ ഈജിപ്റ്റിൽ നിന്നാണോ യറുശലേമിൽ നിന്നാണോ?" തിരിച്ചറിയാനായി ഈ കോഡ്ഭാഷ അവനു കൊടുത്തിരുന്നു: അവർ സുഖലോലുപന്മാരാണെങ്കിൽ ഈജിപ്തുകാരെന്നു് പറയുക. അവർ ബഹുമാന്യരും പണ്ഡിതരും ആണെങ്കിൽ യറുശലേമിൽനിന്നു് എന്നു പറയുക.

9. തൻെറ പതിവുപോലെ അദ്ദേഹം അവരോടു് ചോദിച്ചു: "അവർ ഈജിപ്തുകാരാണോ, യറുശലേമിൽ നിന്നാണോ? രണ്ടും കൂടികലന്നവരാണെന്നു് അവൻ പറഞ്ഞു. അവർ ഈജിപ്തുകാരാണെന്നു് പറയുമ്പോഠം അന്തോണിയോസ് പറയുമായിരുന്നു-അവക്കു് മേശ ഒരുക്കി ഭക്ഷിക്കാൻ കൊടുക്കുക. അതിനുശേഷം അവൻ അവക്കുവേണ്ടി ഒരു പ്രാത്ഥന ചൊല്ലി അവരെ പറഞ്ഞയച്ചിരുന്നു. അവർ യറുശലേമിൽ നിന്നാണെന്നു പറയുമ്പോഠം അവൻ രാത്രി മുഴവൻ ഇരുന്നു രക്ഷയെപ്പററി അവരോടു് പ്രസംഗിക്കും.

10 ആ പ്രത്യേക രാത്രിയിൽ അദ്ദേഹം തൻെറ ഇരിപ്പിടത്തിൽ ഇരുന്നു് എല്ലാവരേയും വിളിച്ചു. എന്നാൽ അവരിലാരും തങ്ങളുടെ പേരുകഠം വെളിപ്പെടുത്തിയില്ല. നേരം ഇരുട്ടിയപ്പോഠം അദ്ദേഹം വിളിച്ചു പറഞ്ഞു: "എവ്യുളോഗിയസ്,

www.malankaralibrary.com



എവ്വുളോഗിയസ്, എവ്വുളോഗിയസ്''. അദ്ദേഹം മറെറാരു എവ്വുളാഗിയസിനെയാണു വിളിക്കുന്നതെന്നു കരുതി മുകളിൽ പറഞ്ഞ പണ്ഡിതനായ മനുഷ്യൻ ഉത്തരം പറഞ്ഞില്ല. അപ്പോൾ അന്തോണിയോസ് വീണ്ടും വിളിച്ചുപറഞ്ഞു. ''എവ്വുളോഗിയസ്, അലക്സാണ്ഡ്റിയായിൽ നിന്നു് വന്ന നിന്നെത്തന്നെയാണ് ഞാൻ ഉദ്ദേശിക്കുന്നതു്. എവ്വുളോഗിയസ് പറഞ്ഞു: ''നിനക്കു് എന്തു വേണം എന്നു് ഞാൻ നിന്നോടു് അപേക്ഷിക്കുന്നു.''

''നീ എന്തിനാണു വന്നതു്?''

എവ്വുളോഗിയസ് മറുപടി പറഞ്ഞു: 'എൻെറ പേരു് നിന്നെ അറിയിച്ചവൻ എൻെറ പ്രശ്നവും നിന്നെ അറിയിച്ചിട്ടുണ്ടു്?' അന്തോണിയോസ് അവനോടു് പറഞ്ഞു: ''നീ വന്നതെന്തിനാണെന്നു് എനിക്കറിയാം. എന്നാൽ നീ സഹോദരന്മാരോടു് വിവരം പറയുക; അവർ കേൾക്കട്ടെ.''

എവ്വുളോഗിയസ് പറഞ്ഞു: ''ഞാൻ ഈ അംഗവൈകല്യമുള്ള വ്യക്തിയെ ചന്തസ്ഥലത്തുവച്ചു കണ്ടു. ഞാൻ അവനെ പരിചരിക്കുമെന്നും അങ്ങനെ അവൻ വഴി ഞാനും ഞാൻ വഴി അവനും രക്ഷ പ്രാപിക്കുമെന്നും ദൈവത്തോടു് ഞാനൊരുടമ്പടി ചെയ്തു. എന്നാൽ ഈ നീണ്ട വർഷങ്ങൾക്കുശേഷം അവൻ എന്നെ ശല്യപ്പെടുത്തുന്നു; അവനെ പുറത്തു കളയാൻ ഞാൻ ആലോചിച്ചുവരികയാണ്. അതുകൊണ്ടാണ് ഞാൻ അങ്ങേപ്പക്കൽ അണഞ്ഞിരിക്കുന്നതു്. ഞാൻ എന്തുചെയ്യണമെന്നു് പറഞ്ഞാലും; നീ എനിക്കു വേണ്ടി പ്രാർത്ഥിച്ചാലും; കാരണം ഞാൻ വളരെ ദുഃഖാർത്തനായിരിക്കയാണ്.''

12 അന്തോണിയോസ് അവനോടു് കലിനവും താപസവുമായ രീതിയിൽ സംസാരിച്ചു: ''നീ അവനെ പുറത്താക്കുമോ? എന്നാൽ അവനെ സൃഷ്ടിച്ച ആൾ അവനെ പുറത്താക്കുന്നില്ല. നീ അവനെ പുറത്താക്കുമോ? നിന്നെക്കാൾ യോഗ്യനായ ഒരാളെ ദൈവം എഴുന്നേല്പിക്കും. അവൻ അവനെ പരിചരിക്കും''.

ഭയത്തോടുകൂടി എവ്വുളോഗിയസ് നിശബ്ദനായിരുന്നതേയുള്ളു. അന്തോണിയോസ് അവനെ വിട്ടിട്ട് വാക്കുകൾ കൊണ്ടു് അംഗവൈകല്യമുള്ളവനെ പ്രഹരിക്കുവാനും അവനെതിരെ ആരോപണങ്ങൾ ഉന്നയിക്കുവാനും തുടങ്ങി.

**13.** ''അംഗവൈകല്യമുള്ളവനേ, മുടന്തനേ, ആകാശത്തിനും ഭൂമിക്കും അയോഗ്യനേ, ദൈവത്തിനു തന്നെ എതിരായി യുദ്ധം ചെയ്യുന്നതു് നീ എന്തുകൊണ്ടു് അവസാനി

www.malankaralibrary.com



പ്പിക്കുന്നില്ലേ? ക്രിസ്തു തന്നെയാണ് നിന്റെ ശുശ്രൂഷകൻ എന്നു നീ ഗ്രഹിക്കുന്നില്ലേ? ക്രിസ്തുവിനെതിരെ ഇത്തരം വർത്തമാനം പറയാൻ നീ എങ്ങനെ ധൈര്യപ്പെടുന്നു? ക്രിസ്തുവിനെപ്രതിയല്ലേ ഈ മനുഷ്യൻ സ്വയം നിന്റെ ദാസനാക്കിയത്?''

അന്തോണിയോസ് അവനോടു് വളരെ കഠിനമായി പെരുമാറി; എന്നിട്ട് അവന്റെ പക്കൽ നിന്നു മാറിപ്പോയി സഹോദരന്മാരുടെ ആവശ്യങ്ങളെപ്പററി സംസാരിച്ചശേഷം വീണ്ടും എവ്വളോഗിയസിനോടും അംഗവൈകല്യമുള്ളവനോടും ഇപ്രകാരം സംസാരിച്ചു.

14. ''ഇവിടിരിക്കാതെ മടങ്ങിപ്പോകുവിൻ. ഒരിക്കലും പരസ്പരം അകലരുത്, ഒരു മുറി ദീർഘനാളുകളായി നിങ്ങൾക്കു പൊതുവാണല്ലൊ. ഇപ്പോഴും ദൈവം നിങ്ങളെ അന്വേഷിക്കുന്നു; നിങ്ങളിരുവരും മരണാസന്നരായിരിക്കുന്നതിനാലാണ് നിങ്ങൾക്ക് ഈ പരീക്ഷ ഉണ്ടായിരിക്കുന്നത്. നിങ്ങളിരുവരും കിരീടത്തിനു് അർഹരായി വിധിക്കപ്പെടും. അതുകൊണ്ട് മറെറാന്നും പ്രവർത്തിക്കേണ്ട; ദൂതൻ വരുമ്പോൾ നിങ്ങളെ ഇവിടെ കാണാതിരിക്കട്ടെ.''

വളരെ വേഗം അവർ തങ്ങളുടെ പാപ്പിടത്തിലേയ്ക്കു് പോയി. നാല്പതു ദിവസങ്ങൾക്കകം എവ്വളോഗിയസ് മരിച്ചു; അതിനുശേഷം മൂന്നു ദിവസങ്ങൾകഴിഞ്ഞ് അംഗവൈകല്യമുള്ളവനും മരിച്ചു.

15. ക്രോണിയൂസ് കുറേനാൾ തേബായിഡ് പ്രദേശത്തു താമസിച്ചു. പിന്നീട് അലക്സാൺഡ്രിയായിലെ ആശ്രമങ്ങളിലേയ്ക്കു പോയി. അന്നു് സന്ന്യാസസമൂഹം ഒരാളുടെ നാല്പതാം ദിവസവും മറെറാരാളുടെ മൂന്നാം ദിവസവും ആചരിക്കുകയായിരുന്നു.[88] ഇതു കണ്ട് ക്രോണിയൂസ് അത്ഭുതപ്പെട്ടുപോയി; അദ്ദേഹം വിശുദ്ധ സുവിശേഷമെടുത്ത് സമൂഹത്തിന്റെ മദ്ധ്യത്തിൽ വച്ചു. എന്നിട്ട് സംഭവിച്ചതു വിവരിച്ചു. ഭാഗ്യവാനായ അന്തോണിയോസിന് ഗ്രീക്കുഭാഷ വശമില്ലാതിരുന്നതിനാൽ സംഭാഷണങ്ങളിൽ ഞാനായിരുന്നു ദ്വിഭാഷി. എനിക്കു രണ്ടു ഭാഷകളും വശമായിരുന്നു; അവരിരുവരോടും ഗ്രീക്കിലും അന്തോണിയോസിനോട് കോപ്ററിക് ഭാഷയിലും സംസാരിച്ച് ഞാൻ പരിഭാഷ നടത്തി''.

16. ക്രോണിയൂസ് ഇതും പറഞ്ഞു: ''ആ രാത്രിയിൽ ഭാഗ്യവാനായ അന്തോണിയൂസ് പറഞ്ഞു: ''പാപികളുടെയും

88 മരിച്ചവരുടെ ഓർമ്മ അനുസ്മരിക്കുന്നതായിരിക്കാം വിവക്ഷ.

www.malankaralibrary.com



നീതിമാന്മാരുടെയും വാസസ്ഥലം എനിക്കു കാണിച്ചുതരണമെന്നു് ഒരു വർഷം മുഴുവൻ ഞാൻ പ്രാർത്ഥിക്കുക പതിവായിരുന്നു. മേഘങ്ങളോളം ഉയരമുള്ള സ്വർഗ്ഗത്തിലേക്കു കരങ്ങൾ വിരിച്ചു പിടിച്ചിരിക്കുന്ന ഒരു വലിയ കറുത്തരാക്ഷസനെ ഞാൻ ദർശിച്ചു. കടലുപോലെ വലിപ്പമുള്ള ഒരു വലിയ തടാകം അവൻെറ കീഴിലുണ്ടായിരുന്നു. ആത്മാക്കൾ പക്ഷികളെപ്പോലെ പറക്കുന്നതും ഞാൻ കണ്ടു.''

17. അവൻെറ തലയിൽനിന്നും കൈകളിൽനിന്നും രക്ഷപെട്ടവർ രക്ഷിക്കപ്പെട്ടു. അവൻെറ കൈയ്യുള്ളിലായവർ തടാകത്തിൽ വീണു. ഒരു വലിയ ശബ്ദം എൻെറ സമീപത്തു ഞാൻ ശ്രവിച്ചു: ''അവ നീതിമാന്മാരുടെ ആത്മാക്കളാണ്; പറുദീസായിലേയ്ക്കു പറന്നു പോകുന്നതായി നീ കാണുന്ന ആത്മാക്കൾ രക്ഷിക്കപ്പെട്ടവരാണ്. ശാരീരികദുരാശകളെ പിൻചെന്നവരും പ്രതികാരം ചെയ്യുവരുമാണ് നരകത്തിലേയ്ക്കു തള്ളപ്പെട്ട മററുള്ളവർ.''

## 22. പൗലോസ്

1. ക്രോണിയൂസും, ഭാഗ്യവാനായ ഹിയൊരാക്സും, പില്ക്കാലത്ത് പലരും, താഴെപ്പറയുന്ന സംഭവം വിവരിക്കയുണ്ടായി.

''പൗലോസ് എന്നു പേരുള്ള ശുദ്ധനും പൂർണ്ണമായി കളങ്കരഹിതനുമായ ഒരു ഗ്രാമീണ ഇടയൻ ഉണ്ടായിരുന്നു. ദുഷിച്ച സ്വഭാവമുള്ള അതീവ സുന്ദരിയായ ഒരു സ്ത്രീയുമായി അയാൾ വിവാഹിതനായി. ഏറെനാൾ തൻെറ തെററുകൾ അവൾ മറച്ചുവച്ചു. മുന്നറിയിപ്പുകൂടാതെ ഒരിക്കൽ പൗലോസ് വയലിൽ നിന്നു് തിരികെ വന്നപ്പോൾ അവൾ മ്ലേച്ഛത പ്രവർത്തിക്കുന്നതു കണ്ടു.[89] ഇപ്രകാരം ഏററം നല്ല രീതിയിൽ ഇക്കാര്യം അദ്ദേഹത്തെ കാണിച്ചതു് ദൈവപരിപാലനയാണ്. പുഞ്ചിരിച്ചുകൊണ്ടു് അദ്ദേഹം അവരോടു പറഞ്ഞു: ''കൊള്ളാം, എനിക്കിനി ബുദ്ധിമുട്ടില്ല; ഈശോ എന്നെ സഹായിക്കട്ടെ. മേലിൽ ഇവളുമായി എനിക്കു യാതൊരു ബന്ധവുമില്ല. പോയി അവളേയും അവളുടെ കുട്ടികളെയും എടുത്തുകൊള്ളു. ഞാൻ സന്യസിക്കാൻ പോകുന്നു''.

2. ആരോടും ഒരക്ഷരം ഉരിയാടാതെ അയാൾ വേഗത്തിൽ എട്ടു് 'കാതം' അകലത്തിലേക്കു് നടന്നു പോയി; ഭാഗ്യവാനായ അന്തോണിയോസിൻെറ അടുത്തെത്തി, അന്തോണി

89 സൊസൊമെൻ, സഭാ.1,13,

www.malankaralibrary.com



ഭയാസിൻെറ വാതിലയ്ക്കൽ മുട്ടി. അന്തോണിയോസ് പുറത്തുവന്ന് ചോദിച്ചു:'' നിനക്കെന്തുവേണം?''

തനിക്കൊരു സന്യാസിയാകാൻ ആഗ്രഹമുണ്ടെന്ന് അയാരം അറിയിച്ചു. അന്തോണിയോസ് പറഞ്ഞു: ''അറുപതു് വയസ്സുള്ള മനുഷ്യാ, നിനക്കു് ഇവിടെ ഒരു സന്യാസിയാകാൻ സാധ്യമല്ല. നീ നിൻെറ ഗ്രാമത്തിൽ തിരികെ പോയി ജോലി ചെയ്തു, ദൈവത്തിനു നന്ദിപറഞ്ഞു് ജീവിതം നയിക്കുക. മരുഭൂമിയിലെ പരീക്ഷണങ്ങളും ബുദ്ധിമുട്ടുകളും സഹിക്കാൻ നിനക്കു സാധിക്കയില്ല.

അപ്പോരം ആ വൃദ്ധൻ പറഞ്ഞു: ''നീ പഠിപ്പിക്കുന്നതെല്ലാം ഞാൻ ചെയ്യാം.''

3. അന്തോണിയോസ് അവനോടു് പറഞ്ഞു: ''നീയൊരു വൃദ്ധനാണെന്നും ഈ ജീവിതം നയിക്കാൻ നിനക്കു് സാധിക്കയില്ലെന്നും ഞാൻ നിന്നോടു് പറഞ്ഞല്ലോ. എങ്കിലും ഒരു സന്യാസിയാകാൻ യഥാർത്ഥത്തിൽ നീ ആഗ്രഹിക്കുന്നെങ്കിൽ നിൻെറ ബലഹീനതകളുമായി ഒത്തുപോകാൻ കഴിവുള്ള ഒരു സന്യാസസമൂഹത്തിൽ ചേരുക. ഞാൻ ഇവിടെ അഞ്ചു് ദിവസം ഉപവസിച്ചു് പട്ടിണികിടന്നു് ഏകാകിയായിട്ടാണു് ജീവിക്കുന്നതു്.''

പൗലോസിനെ നിരുത്സാഹപ്പെടുത്താൻ കൃത്യം ഈ വാദങ്ങളാണു് അന്തോണിയോസ് ഉപയോഗിച്ചതു്. അദ്ദേഹം അതൊന്നും ശ്രദ്ധിക്കുന്നില്ലെന്നു കണ്ടു് അന്തോണിയോസ് കതകടച്ചു; ആവശ്യങ്ങരം ഉണ്ടായിട്ടും മൂന്നു ദിവസത്തേക്കു് പുറത്തു കടന്നില്ല. എന്നിട്ടും പൗലോസ് മടങ്ങിപ്പോയില്ല.

4. നാലാം ദിവസം അന്തോണിയോസ് പുറത്തുപോകാൻ നിർബന്ധിതനായി. അദ്ദേഹം മുറി തുറന്നു് ഒരിക്കൽ കൂടി പറഞ്ഞു: ''എടോ വൃദ്ധാ, നീ ഉടനെതന്നെ സ്ഥലം വിട്ടു കൊള്ളണം. നീ എന്തിനാണു് എന്നെ ശല്യപ്പെടുത്തുന്നതു്? നിനക്കു് ഇവിടെ പാക്കാൻ സാധ്യമല്ല.'' പൗലോസ് പറഞ്ഞു: ''എനിക്കു ഇവിടല്ലാതെ മറെറാരിടത്തും കിടന്നു് മരിക്കാൻ സാധ്യമല്ല''. തൻെറ പക്കൽ ഭക്ഷണപാനീയങ്ങരം ഒന്നുമില്ല എന്നു് അന്തോണിയോസ് മനസ്സിലാക്കി. അതു് അദ്ദേഹത്തിൻെറ ഉപവാസത്തിൻെറ നാലാം ദിവസമായിരുന്നു. ആ മനുഷ്യൻ മരിച്ചുപോകുമെന്നും അതിൻെറ തെററു് തനിക്കായിരിക്കുമെന്നും ചിന്തിച്ചു് അന്തോണിയോസ് അയാളെ സ്വീകരിച്ചു. ഇക്കാലത്തു് അന്തോണിയോസ് തൻെറ ആദ്യകാലങ്ങളേക്കാരം കൂടുതൽ കർശ്ശനമായ ഒരു ജീവിതരീതി അനുവർത്തിച്ചിരുന്നു.

www.malankaralibrary.com



5. അദ്ദേഹം പനയോല നനച്ചുകൊടുത്തുകൊണ്ടു് പറഞ്ഞു; "ഇതു് എടുക്കൂ, ഞാൻ ചെയ്യുന്നതുപോലെ ഒരു കയർ പിരിക്കൂ. ഒൻപതാം മണിവരെ അയാറം കയറുപിരിച്ചു; പതിനഞ്ചുമാറ് നീളം തികയ്ക്കാൻ അയാറം നന്നേ പാടുപെട്ടു. അന്തോണിയോസ് അയാളെ ശ്രദ്ധിച്ചു; അദ്ദേഹത്തിനു് ഒട്ടും തൃപ്തിവന്നില്ല "നീ മോശമായിട്ടാണു് പിരിക്കുന്നതു്"; അദ്ദേഹം പറഞ്ഞു, "അതഴിച്ചു് വീണ്ടും ആദിമുതൽ പിരിക്കുക."

ഈ അനിഷ്ടജോലികളെല്ലാം ആ വൃദ്ധനു് നല്കിയതു് അയാറം ശുണ്ഠിപിടിച്ചു് അന്തോണിയോസിനെ വിട്ടു് ഓടിപ്പോകാൻ വേണ്ടിയായിരുന്നു. എന്നാൽ അയാളാകട്ടെ ആ കയർ അഴിച്ചു് വീണ്ടും കെട്ടാൻ തുടങ്ങി. അവ ഉണങ്ങിചുരുണ്ടതിനാൽ രണ്ടാമതു് കെട്ടുക ഏറെ ശ്രമകരമായിരുന്നു. അയാറം പിറുപിറുക്കുകയോ, നിരാശപ്പെടുകയോ, കോപിക്കുകയോ ചെയ്യുന്നില്ലെന്നു് കണ്ടു് അന്തോണിയോസിനു അയാളിൽ ദയയുണ്ടായി.

6. "നാം ഒരു കഷണം അപ്പം തിന്നുന്നതിനു് നിനക്കു സമ്മതമാണോ" എന്നു് സന്ധ്യകഴിഞ്ഞു് അന്തോണിയോസ് അയാളോടു് ചോദിച്ചു. അതിനു് പൗലോസ് ഇപ്രകാരം മറുപടി പറഞ്ഞു: "പിതാവേ ഉത്തമമെന്നു് അങ്ങേയ്ക്കു് തോന്നുന്നതുപോലെയാകട്ടെ." അവിടെയും അന്തോണിയോസിനു് വാക്കു മുട്ടിപ്പോയി. കാരണം, ഭക്ഷണത്തെപ്പററി കേട്ടപ്പോറം ആർത്തിയോടെ ചാടിപ്പുറപ്പെടാതെ, തീരുമാനം മറെറയാളിനു വിട്ടുകൊടുത്തു. അന്തോണിയോസ് മേശയൊരുക്കി അപ്പം കൊണ്ടുവച്ചു. അന്തോണിയോസ് ആറ് ഔൺസ് ബിസ്ക്കററ് എടുത്തു് നിരത്തിവച്ചു; അവ ഉണങ്ങിയവയായിരുന്നതിനാൽ അന്തോണിയോസ് ഒന്നെടുത്തു് കുതിർത്തു മററ് മൂന്നെണ്ണം മറെറയാളിനായി നീക്കിവച്ചു. പിന്നീടു് തനിക്കറിയാവുന്ന ഒരു സങ്കീർത്തനം ആരംഭിച്ചു. അതു് പന്ത്രണ്ടു പ്രാവശ്യം പാടി; പൗലോസിനെ പരീക്ഷിക്കാൻ പന്ത്രണ്ടു പ്രാവശ്യം പ്രാർത്ഥിച്ചു.

7. പൗലോസ് വീണ്ടും ഹൃദയപൂർവ്വം പ്രാർത്ഥനയിൽ പങ്കെടുത്തു. അവിശ്വസ്തയായ ഭാര്യയോടുകൂടി പാക്കുന്നതിനേക്കാറം തേളിനെ മേയിക്കുന്നതു് അഭികാമ്യമായി അദ്ദേഹം കരുതി എന്നു് ഞാൻ വിശ്വസിക്കുന്നു. പന്ത്രണ്ടു് പ്രാർത്ഥനകറംക്കു ശേഷം അവർ ഭക്ഷിക്കാൻ ഇരുന്നു. അപ്പോഴേയ്ക്കും നേരം വളരെ വൈകിയിരുന്നു. അന്തോണിയോസ് ഒരു ബിസ്ക്കററ് തിന്നു; രണ്ടാമതൊന്നെടുത്തില്ല. വൃദ്ധൻ തന്റെ ചെറിയ ബിസ്ക്കററ് സാവധാനം ഭക്ഷിച്ചു കൊണ്ടിരുന്നു. അയാറം

www.malankaralibrary.com



തീർക്കുന്നതുവരെ അന്തോണിയോസ് കാത്തിരുന്നു. എന്നിട്ടു പറഞ്ഞു: "പിതാവേ, മറ്റൊന്നുകൂടി ഭക്ഷിച്ചാലും". പൗലോസ് മറുപടിപറഞ്ഞു: "അങ്ങൊന്നു് തിന്നാൽ ഞാനും ഒന്നു്; അങ്ങു് തിന്നില്ലെങ്കിൽ, ഞാനുമില്ല." അന്തോണിയോസ് മറുപടി പറഞ്ഞു: "എനിയ്ക്കു മതിയായി; ഞാൻ ഒരു സന്യാസിയാണു്."

8. "എനിക്കും തൃപ്തിയായി", പൗലോസ് പറഞ്ഞു. "എനിക്കും ഒരു സന്യാസിയാകാൻ ആഗ്രഹമുണ്ടു്." അന്തോണിയോസ് എഴുന്നേററു് പന്ത്രണ്ടു പ്രാത്ഥനകൾ ചൊല്ലി, പന്ത്രണ്ടു സങ്കീത്തനങ്ങൾ പാടി; അതിനുശേഷം അദ്ദേഹം അല്പം വിശ്രമിച്ചു. വീണ്ടും പാതിരാത്രിക്കെഴുന്നേററു് പുലർച്ചവരെ സങ്കീത്തനങ്ങൾ ആലപിച്ചുകൊണ്ടിരുന്നു. ആ വൃദ്ധനും സ്വമേധയാ തന്നെ അനുകരിച്ചു് ഇതൊക്കെ ചെയ്യുന്നതു കണ്ടു് അന്തോണിയോസ് അയാളോടു് പറഞ്ഞു; "എന്നും ഇപ്രകാരം ചെയ്യാമെങ്കിൽ എന്നോടുകൂടെ പാക്കുക." പൗലോസ് മറുപടി പറഞ്ഞു: "ഇതിലും കൂടുതൽ എന്തെങ്കിലും ഉണ്ടോ എന്നു് എനിക്കറിയില്ല: ഞാൻ കണ്ടതു് ഒക്കെ ചെയ്യാൻ എനിക്കു സാധിക്കും." പിറേറ ദിവസം അന്തോണിയോസ് അയാളോടു പറഞ്ഞു: "ഇതാ, താങ്കൾ ഒരു സന്യാസിയായിത്തീന്നിരിക്കുന്നു."

9. പൗലോസ് വളരെ ശുദ്ധമാനസനായിരുന്നു. കൃപാവരം അവനിൽ പ്രവത്തിച്ചു. പൗലോസിൻെറ ആത്മാവു് പൂണ്ണമായി എന്നു് നിശ്ചിതമാസത്തിനുശേഷം അന്തോണിയോസിനു് പൂണ്ണബോധ്യമായപ്പോൾ മൂന്നാലു് മൈൽ ദൂരെ ഒരു കുടിൽ കെട്ടിയിട്ടു് പറഞ്ഞു: ഇതാ നീ ഒരു സന്യാസി ആയിത്തീന്നിരിക്കുന്നു. പിശാചുക്കളാൽ പരീക്ഷിക്കപ്പെടാനായി ഇവിടെ തനിയെ പാക്കുക."

പൗലോസ് അവിടെ ഒരു വർഷം പാത്തു. ദുർവികാരങ്ങളുടെ മേലും പിശാചുക്കളുടെ മേലും ആധിപത്യം ലഭിക്കത്തക്ക കൃപയ്ക്കു് അദ്ദേഹം യോഗ്യനായിത്തീന്നു. ഒരുദാഹരണം പറയാം. പിശാചുക്കളുടെ തലവൻ തന്നെ അവനെ പിടികൂടി എന്നു തോന്നത്തക്കവിധം അത്ര ബീഭത്സമായി, സ്വഗ്ഗത്തെത്തന്നെ ശപിക്കുന്ന ഒരുവനെ അന്തോണിയോസിൻെറ പക്കൽ കൊണ്ടുവന്നു.

10. അന്തോണിയോസ് അവനെ സൂക്ഷിച്ചു നോക്കി; അവനെ കൊണ്ടുവന്നവരോടു പറഞ്ഞു: ഇതു് എൻെറ ജോലിയല്ല. പിശാചുക്കളുടെ മേൽ ശക്തി ലഭിക്കത്തക്കവിധം

www.malankaralibrary.com



ഞാൻ യോഗ്യനായി കണ്ടെത്തപ്പെട്ടിട്ടില്ല. എന്നാൽ ഇതു പൗലോസിന്റെ ജോലിയാണ്.''

അന്തോണിയോസ് അവിടുന്നു പോയി; അവരെ പൗലോസിന്റെ പക്കലേയ്ക്കയച്ചു. അദ്ദേഹം പൗലോസിനോടു പറഞ്ഞു: ''പിതാവേ, പൗലോസ്, ഈ മനുഷ്യൻ സൗഖ്യം പ്രാപിച്ച് തന്റെ ജനങ്ങളുടെ പക്കലേയ്ക്ക് പോകുവാൻ ഈ മനുഷ്യനിൽനിന്നു് ഈ പിശാചിനെ പുറത്താക്കുക''.

പൗലോസ് മറുപടി പറഞ്ഞു: ''അങ്ങേയ്ക്ക് എന്താണ്?'' ''എനിക്കു സമയമില്ല.'' അന്തോണിയോസ് പറഞ്ഞു, ''എനിക്ക് ചെയ്യാൻ മററ് ജോലിയുണ്ട്''. അവനെ വിട്ട് അന്തോണിയോസ് സ്വന്തം വാസസ്ഥലത്തേക്കു പോയി.

11. ആ വൃദ്ധൻ എഴുന്നേററ് ഫലദായകമായ ഒരു പ്രാർത്ഥന ചൊല്ലി; പിശാചു ബാധിതനോട്ട് ഇപ്രകാരം പറഞ്ഞു: ''നീ ഈ മനുഷ്യനെ ഉപേക്ഷിക്കണമെന്നു് പിതാവായ അന്തോണിയോസ് പറഞ്ഞിരിക്കുന്നു.'' ആ പിശാച് അവനെ തുടരെത്തുടരെ ശപിച്ചുകൊണ്ട് പറഞ്ഞു ''തിന്മ പ്രവർത്തിക്കുന്നവനേ, ഞാൻ പോകില്ല.''

പൗലോസ് ആട്ടിൻതോൽകൊണ്ടുള്ള മേൽ വസ്ത്രം കൊണ്ട് അവന്റെ മുതുകിൽ അടിച്ചുകൊണ്ട് പറഞ്ഞു: പോകാൻ പിതാവായ അന്തോണിയോസ് പറഞ്ഞിട്ടുണ്ട്. അപ്പോൾ ആ പിശാച് പൗലോസിനേയും അന്തോണിയോസിനേയും കൂടുതലായി ശപിക്കാൻ തുടങ്ങി.

അവസാനം പൗലോസ് പറഞ്ഞു: ''ഒന്നുകിൽ നീ പുറത്തു പോകണം; അല്ലെങ്കിൽ ഞാൻ പോയി മിശിഹായോടു പറയും; ഈശോ എന്നെ സഹായിക്കും; നീ പോയില്ലെങ്കിൽ ഞാൻ ഇപ്പോൾതന്നെ പോയി മിശിഹായോടു പറയും. അവൻ നിന്നോടു പ്രവർത്തിക്കുന്നതു നിമിത്തം നിനക്ക് ഹാ കഷ്ടം.''

12. ആ പിശാച് അവനെ കൂടുതലായി ശപിച്ചുകൊണ്ടു പറഞ്ഞു: ''ഞാൻ പോകില്ല''.

പിശാചിന്റെ വാക്കുകളാൽ ഏററം കുപിതനായി നട്ടുച്ച സമയത്തു് പൗലോസ് തന്റെ മുറിയിൽനിന്നു പുറത്തു കടന്നു. അപ്പോൾ ഈജിപ്തിലെ ചൂട് ബാബിലോണിയൻ തീച്ചൂളയിലേതിൽനിന്നു് വ്യത്യസ്തമായിരുന്നില്ല (ദാനി 3). അവൻ ആ മലയിലെ പാറപ്പുറത്തു കയറിനിന്നുകൊണ്ട് ഇപ്രകാരം പ്രാർത്ഥിച്ചു: ''പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ ക്രൂശിക്കപ്പെട്ട ഈശോമിശിഹായേ, ശ്രദ്ധിക്കുക. നീ ഈ മനുഷ്യനിൽനിന്നു് പിശാചിനെ ഒഴിച്ച് അവനെ സ്വതന്ത്രനാ

www.malankaralibrary.com



ക്കാതെ, മരണം എന്നെ പിടികൂടുന്നതുവരെ ഞാൻ ഈ പാറയിൽനിന്നു് താഴെ വരികയോ, ഭക്ഷിക്കുകയോ, കുടിക്കുകയോ ചെയ്യില്ല''.

13. അവൻ ഈ വാക്കുകൾ പറഞ്ഞുതീരുന്നതിനുമുമ്പ് പിശാച് നിലവിളിച്ചുപറഞ്ഞു: ''എന്തൊരക്രമം! ഞാനിതാ വഹിക്കപ്പെടുന്നു; പൗലോസിൻെറ നിഷ്കളങ്കത എന്നെ പുറത്താക്കുന്നു; ഞാനെവിടെ പോകേണ്ടൂ?'' ഉടനെതന്നെ ദുഷ്ടാരൂപി പുറത്തുപോയി എഴുപതു് മുഴം നീളമുള്ള ഒരു വലിയ പാമ്പായി രൂപാന്തരപ്പെട്ടു് ചെങ്കടലിലേയ്ക്കു് ഇഴഞ്ഞു പോയി. ''നീതിമാൻ വിശ്വാസം വ്യക്തമായി പ്രഖ്യാപിക്കും''(സഭാ. 12; 17) എന്ന ചൊല്ലു് പൂർത്തീകരിക്കപ്പെടാനാണിതു്. 'ശുദ്ധമാനസ്സൻ' എന്നു് സമൂഹം മുഴുവൻ വിളിച്ചിരുന്ന പൗലോസിൻെറ അത്ഭുതകർമ്മമാണിതു്.

## 23. പാക്കോൻ

1. ഏതാണ്ടു് 60 വയസ്സുള്ള പാക്കോൻ 90 എന്നൊരു സന്യാസി ക്ഷേത്തിൽ ജീവിച്ചിരുന്നു. ദിവാസ്വപ്നങ്ങളാലും നിശാസ്വപ്നങ്ങളാലും ഉണ്ടായ ജഡമോഹത്താൽ ഞാൻ ആയിടയ്ക്കു് അലട്ടപ്പെട്ടിരുന്നു, എൻെറ പ്രബോധകനായ എവാഗ്രിയൂസിനോടൊ, 91 എൻെറ അടുത്തുണ്ടായിരുന്ന സഹസന്യാസികളോടൊ ഞാൻ ഇതേപ്പററി സംസാരിച്ചില്ല. ജഡമോഹം വളരെ ശക്തമായിരുന്നതിനാൽ, മരുഭൂമി വിട്ടുപേക്ഷിച്ചുപോകുന്ന ഘട്ടം വരെയെത്തി. സഹസന്യാസികൾ അറിയാതെ ഞാൻ വലിയ മരുഭൂമിയിലേക്കു് യാത്ര ചെയ്തു; ക്ഷേതിലുള്ള സന്യാസപിതാക്കന്മരോടൊപ്പം പതിനഞ്ചുദിവസം ചെലവഴിച്ചു.

2. അവിടെവച്ചു് ഞാൻ പാക്കോനെ കണ്ടുമുട്ടി. അദ്ദേഹം മററുള്ള സന്ന്യാസികളേക്കാൾ അലൗകികനും, താപസകർമ്മങ്ങളിൽ വളരെ പുരോഗമിച്ചവനുമാണെന്നു് എനിക്കു തോന്നി; അതിനാൽ എൻെറ മാനസ്സികാവസ്ഥ അദ്ദേഹത്തെ അറിയിക്കാൻ ഞാൻ ധൈര്യപ്പെട്ടു. അദ്ദേഹം എന്നോടു പറഞ്ഞു: ''ഇതിനേക്കുറിച്ചു് ഉൽക്കണ്ഠാകുലനാകേണ്ട. നീ സുഖലോലുപനായതിനാലല്ല നീയിങ്ങനെ പ്രയാസപ്പെടുന്നതു്''.

---

90 പാക്കോനും പക്കോമിയൂസും ഒരാളാണെന്നു തെററായി ചിലർ കരുതിയിരുന്നു. സൊസൊമെൻ, സഭാ. 6:29; കസ്സിയദോർ, 8 1.

91 താഴെ അധ്യായം 38 കാണുക.

www.malankaralibrary.com



നീ പാക്കുന്നിടത്തു് അവശ്യസാധനങ്ങൾപോലും നിനക്കു് ലഭിക്കുന്നില്ലെന്നും, അവിടെ സ്ത്രീകളെ കണ്ടുമുട്ടാൻ പ്രയാസമാണെന്നും ആ സ്ഥലം തന്നെ സാക്ഷിക്കുന്നു. നിന്റെ തീക്ഷ്ണത നിമിത്തമാണു് ഇപ്രകാരം സംഭവിച്ചതു്. അശുദ്ധിക്കെതിരെയുള്ള സമരം ത്രിമുഖമാണു്; ചിലപ്പോൾ ജഡമോഹം നമ്മെ അലട്ടും; ചിലപ്പോൾ നമ്മുടെ വിചാരങ്ങളിലൂടെ ദുരാഗ്രഹം പ്രവൎത്തിക്കുന്നു; മററു ചിലപ്പോൾ പിശാചു് തന്റെ കൗടില്യത്തിൽ നമ്മെ ആക്രമിക്കുന്നു; എന്റെ അനുഭവത്തിൽ നിന്നു് ഞാനിതു് മനസ്സിലാക്കിയിരിക്കുന്നു.

3. നീ കാണുന്നതുപോലെ, ഞാനിപ്പോൾ ഒരു വൃദ്ധനാണു്. എതാണ്ടു് നാല്പതു വൎഷത്തോളം ഈ ഗുഹയിൽ താമസിച്ചുകൊണ്ടു് എന്റെ രക്ഷയെപ്പററി ഞാൻ വ്യഗ്രതപ്പെട്ടിരുന്നു; ഇക്കാലമെല്ലാം എനിക്കു് പ്രലോഭനങ്ങൾ ഉണ്ടായിട്ടുണ്ടു്.'' അവനിക്കാര്യം സത്യം ചെയ്തു് ഉറപ്പിച്ചു.

''എന്റെ നാല്പതാം വയസ്സു മുതൽ പന്ത്രണ്ടു വർഷത്തേയ്ക്കു് രാപകൽ വ്യത്യാസമില്ലാതെ നിരന്തരം പിശാചു് എന്നെ അലട്ടിക്കൊണ്ടിരുന്നു. ദൈവം എന്നെ ഉപേക്ഷിച്ചോ എന്നുപോലും ഞാൻ സംശയിച്ചു. ജഡികാശകൾക്കു് വിധേയനാകുന്നതിനേക്കാൾ ഏതെങ്കിലും രീതിയിൽ മരിക്കാൻ ഞാൻ തീരുമാനിക്കത്തക്കവിധം അത്ര ശക്തമായി ഞാൻ പീഡിപ്പിക്കപ്പെട്ടു. ഞാൻ പുറത്തിറങ്ങി, മരുഭൂമിയിൽക്കൂടി നടക്കവേ, ഒരു ഹിയെനയുടെ ഗുഹ കണ്ടു. വന്യമൃഗങ്ങളെന്നെ തിന്നുമെന്ന പ്രതീക്ഷയിൽ ഒരു ദിവസം മുഴുവൻ നഗ്നനായി ഞാൻ അതിൽ കഴിച്ചുകൂട്ടി.

4. ''നീ ഇരുട്ടിനെ നിശ്ചയിച്ചു; രാത്രിയായി; വനത്തിലെ മൃഗങ്ങളെല്ലാം അപ്പോൾ പുറത്തുപോകുന്നു'' (സങ്കീ. 104:20) എന്നു് വിശുദ്ധഗ്രന്ഥം പറയുന്നതുപോലെ സന്ധ്യയായി. ആണും പെണ്ണും ആയ വന്യമൃഗങ്ങളെല്ലാം പുറത്തേയ്ക്കു വന്നു. അവ എന്നെ മണപ്പിച്ചു് തല മുതൽ കാൽവരെ ദേഹം മുഴുവൻ നക്കി. അവ എന്നെ തിന്നും എന്നു് ഞാൻ പ്രതീക്ഷിച്ചുകൊണ്ടിരിക്കവെ, അവ എന്നെ ഉപേക്ഷിച്ചു പോയി. ഞാൻ രാത്രി മുഴുവൻ അവിടെ കിടന്നു; എന്നാൽ അവ എന്നെ തിന്നില്ല. ദൈവം എന്നെ വിടുവിച്ചു എന്നു് കണ്ടു് ഞാൻ തിരികെ എന്റെ മുറിയിലേയ്ക്കു് പോയി. കുറേ ദിവസത്തേയ്ക്കു് തക്ക അവസരം പാൎത്തു് പിശാചു് ഒഴിഞ്ഞുമാറി; പിന്നീടു് മുമ്പത്തേതിലും കടുത്ത രീതിയിൽ അവൻ എന്നെ ആക്രമിച്ചു. ഞാൻ ദൈവദൂഷണത്തിന്റെ വക്കുവരെയെത്തി.

www.malankaralibrary.com



5. പപ്പീറസ് ശേഖരിക്കുന്നതായി എൻെറ യൗവ്വന കാലത്തു് ഞാൻ കണ്ട ഒരു യുവതിയുടെ രൂപമെടുത്തു് പിശാച് എൻെറ കാല്ക്കൽ വന്നിരുന്നു. കോപാക്രാന്തനായി ഒരിടി കൊടുത്തപ്പോ൦ അവ൦ അപ്രത്യക്ഷയായി. പിന്നെ രണ്ടു വർഷത്തേയ്ക്കു് എൻെറ കൈയിലെ ദുർഗന്ധം സഹിക്കാൻ വയ്യെന്നായി. തകന്ന ഹൃദയത്തോടെ നിരാശനായി ഞാൻ വലിയ മരുഭൂമിയിലേയ്ക്കു് പോയി. അവിടെ കണ്ട ചെറിയ വിഷപ്പാമ്പിനെ എടുത്തു് എൻെറ ദേഹത്തുചേർത്തു. അതെന്നെ കടിച്ചു കൊല്ലട്ടെ എന്നു കരുതിയാണ് ഇപ്രകാരം ചെയ്തതു്. എൻെറ പ്രലോഭനത്തിനു കാരണമായ ശരീരഭാഗത്തു് ആ ഇഴജന്തുവിൻെറ തല ചേർത്തുവച്ചരസി. എന്നാൽ അതെന്നെ കടിച്ചില്ല.

6. ''അപ്പോ൦ എൻെറ ചിന്തയിൽ എന്നോടു് സംസാരിക്കുന്ന ഒരു സ്വരം ഞാൻ കേട്ടു: ''പാക്കോൻ, പോകുക; യുദ്ധം തുടരുക: ഇതിനു തന്നെയാണ് നിന്നെ ഞാൻ നിരാശനാകാൻ അനുവദിച്ചതു്; നീ ശക്തനാണെന്നു ധരിച്ചു് അഹങ്കരിക്കാതിരിക്കാനാണ്; മറിച്ചു് നീ നിൻെറ ബലഹീനത ഗ്രഹിക്കണം; നിൻെറ ജീവിതചര്യയിൽ കൂടുതലായി ആശ്രയിക്കാതെ സഹായത്തിനായി ദൈവസവിധത്തിലേയ്ക്കു് ഓടിയെത്തണം.''

പരിപൂർണ്ണ സംതൃപ്തനായി ഞാൻ തിരികെ പോന്നു. എനിക്കുള്ള പരീക്ഷയെപ്പററി പ്രക്ഷുബ്ധനാകാതെ ആത്മവിശ്വാസത്തോടെ ഞാൻ താമസിച്ചു. എൻെറ ശിഷ്ടായുസ്സ് സമാധാനമായി ഞാൻ ചെലവഴിച്ചു. ഞാൻ പിശാചിനെ വെറുത്തിരുന്നതിനാൽ പിന്നീടവൻ എൻെറ പക്കൽ വന്നില്ല.''

## 24. സ്ററീഫൻ

1. ലിബിയാക്കാരനായ സ്റ്റീഫൻ[92] 60 വർഷത്തോളം മർമാറിക്കൻ[93] മരെയോട്ടിക്[94] തീരങ്ങളിൽ പാർത്തിരുന്നു. അദ്ദേഹം വളരെ ഉയന്ന ആദ്ധ്യാത്മികത്വം സമ്പാദിച്ചിരുന്നു; കൃപാവരം തിരിച്ചറിയാനുള്ള വരവും പ്രാപിച്ചിരുന്നു. അദ്ദേത്തിൻെറ പക്കലെത്തുന്ന എല്ലാ രോഗികളും സുഖമുള്ളവരായി

92 സൊസൊമെൻ, സഭാ. 6:29. താഴെ അധ്യായം 47:7 ലെ സ്ററീഫനും ഇയാളും ഒരാളാണെന്നു കരുതുന്നവരുണ്ട്.

93 ഈജിപ്റ്റിനും സൈറീനും ഇടയ്ക്കുള്ള തീരപ്രദേശമാണ് മർമാറിക്കാ

94 ഈജിപ്റ്റിൻെറ അടുത്തു് ലിബിയായുടെ ഭാഗമാണ് മരെയോട്ടിസ്.

www.malankaralibrary.com



തിരികെ പോയിരുന്നു. അദ്ദേഹത്തിന് ഭാഗ്യവാനായ അന്തോണിയോസിനെ പരിചയമായിരുന്നു; നമ്മുടെ കാലംവരെ അദ്ദേഹം ജീവിച്ചു. അദ്ദേഹം വളരെ ദൂരെ പാർത്തിരുന്നതിനാൽ ഞാൻ നേരിട്ട് അദ്ദേഹത്തെ കണ്ടിട്ടില്ല.

2. വി. അന്തോണിയോസിൻെറയും എവാഗ്രിയൂസിൻെറയും ചുററുമുള്ളവർ ഇപ്രകാരം എന്നോടു പറഞ്ഞു:

ഒരിക്കൽ അദ്ദേഹം ക്യാൻസർ എന്നറിയപ്പെടുന്ന ഭീകരമായ ഉരംപ്പുണ്ണ് ബാധിച്ചവനായിത്തീർന്നു.[95] അദ്ദേഹത്തെ വൈദ്യന്മാർ പരിചരിക്കുന്നത് ഞങ്ങൾ കണ്ടു. ശരീരം ഓപ്പറേഷനു വിധേയമായപ്പോഴും അദ്ദേഹം തൻെറ കൈകൊണ്ട് അദ്ധ്വാനിക്കുകയും പനയോലമെടയുകയും ഞങ്ങളോട് സംസാരിക്കുകയും ചെയ്തുകൊണ്ടിരുന്നു. മറെറാെ ആളാണ് ഓപ്പറേഷന് വിധേയനാകുന്നത് എന്ന രീതിയിൽ അദ്ദേഹം വർത്തിച്ചു. തലമുടിപോലെ ശരീരാവയവങ്ങൾ മുറിച്ചുമാററപ്പെട്ടപ്പോൾ, ആത്മീയമായ ഒരുക്കത്തിൻെറ ഔന്നത്യം നിമിത്തം, വേദനയുടെ ഒരടയാളവും അദ്ദേഹം കാണിച്ചില്ല.

3. "ഇതുപോലൊരു ജീവിതം നയിച്ച വ്യക്തി ഇങ്ങനെ സഹിക്കുകയും ഓപ്പറേഷനു വിധേയനാകുകയും ചെയ്യേണ്ടിവന്നതിൽ ഞങ്ങൾ ദുഃഖിച്ചിരുന്നപ്പോൾ അദ്ദേഹം ഞങ്ങളോട് പറഞ്ഞു: 'എൻെറ കുട്ടികളേ, നിങ്ങൾ ഇതേപ്പററി ക്ലേശിക്കേണ്ട, ദൈവം ചെയ്യുന്ന സംഗതികളിൽ ഒന്നുപോലും ദുഷ്ടമായ ഉദ്ദേശ്യത്തോടുകൂടി ചെയ്യുന്നതല്ല, എല്ലാം നല്ല ഉദ്ദേശ്യത്തോടുകൂടി തന്നെയാണ്. എൻെറ അവയവങ്ങൾ ഇതു് അർഹിക്കുന്നവയാകാം; ഇവിടെ ശിക്ഷ അനുഭവിക്കുന്നതാണ് മല്ലരംഗത്തു നിന്ന് കടന്നതിനുശേഷം സഹിക്കുന്നതിലും ഭേദം.' ഇപ്രകാരം തൻെറ ഉപദേശങ്ങളാൽ ഞങ്ങളെ ധൈര്യപ്പെടുത്തുകയും ദൃഷ്ടാന്തം കാണിച്ചു തരുകയും ചെയ്തു."

വിശുദ്ധർ രോഗഗ്രസ്തരാകുമ്പോൾ നാം ചിന്താഗ്രസ്തരാകാതിരിക്കാനാണു ഞാനിപ്പോളിതു് വിവരിച്ചതു്.

## 25. വാലെൻസ്

1. വാലെൻസ്[96] എന്നു പേരുള്ള ഒരാളുണ്ടായിരുന്നു; പലസ്തീനാക്കാരനായിരുന്നെങ്കിലും സ്വഭാവത്താൽ ഒരു കൊറിന്തോസുകാരനായിരുന്നു. കാരണം, കൊറിന്തോസുകാർ വളരെ അഹങ്കാരികളാണെന്ന് വി. പൗലോസ് അവരെ കുററപ്പെടു

95 സൊസൊമെൻ, സഭാ. 6:29,
96 താഴെ അധ്യായം 47:4 കാണുക.

www.malankaralibrary.com



ത്തുന്നു (1 കൊറി 4:6ff). അയാം മരുഭൂമിയിൽ വന്നു് അനേക വർഷം ഞങ്ങളുടെ ഇടയിൽ താമസിച്ചു. പിശാചിന്റെ നിർദ്ദേശങ്ങൾക്ക വഴങ്ങത്തക്കവിധം അയാം അത്രമാത്രം അഹങ്കാരി ആയിരുന്നു. താൻ മാലാഖമാരുമായി സഖ്യത്തിലാണു് എന്നു് വിശ്വസിപ്പിക്കത്തക്കവിധം അവനെ അത്രമാത്രം പിശാചുക്കൾ ചതിച്ചുകൊണ്ടിരുന്നു.

2. ഒരിക്കൽ ഇരുണ്ട വെളിച്ചത്തിൽ അയാം കുട നെയ്തു കൊണ്ടിരിക്കയായിരുന്നു. തന്റെ സൂചി തറയിൽ വീണു. എന്നാൽ കണ്ടുപിടിക്കാൻ കഴിയാതെ വന്നു. ഒരു പിശാച് ഒരു വിളക്കുണ്ടാക്കിക്കൊടുത്തു. അങ്ങനെ സൂചി കണ്ടെത്തി എന്നൊരു കഥ പറയുന്നു. തനിക്ക ദിവ്യരഹസ്യങ്ങളിലുള്ള ഭാഗഭാഗിത്വംതന്നെ ആവശ്യമില്ലെന്നു് ചിന്തിച്ചുവശാകത്തക്കവിധം അത്രമാത്രം അയാം ഗർവിഷ്ടനായി.

3. ഒരിക്കൽ സഹോദരന്മാർക്കുവേണ്ടി ആരോ കുറേ കേക്ക കൊണ്ടുവന്നു. ഞങ്ങളുടെ ആശ്രമാധിപനായ വി. മക്കാരിയൂസ്[97] അതെടുത്തു് കുറെശ്ശ സന്ന്യാസികളുടെ ഓരോരുത്തരുടേയും മുറിയിലേയ്ക്കു് കൊടുത്തുവിട്ടു. അക്കൂട്ടത്തിൽ വാലെൻസിനും കൊടുത്തു. വാലെൻസാകട്ടെ, അതു് കൊണ്ടുചെന്നവനെ പിടിച്ചടിച്ചു് ശപിച്ചുകൊണ്ടു് പറഞ്ഞു: "അയാം എനിക്കൊരു സമ്മാനം അയയ്ക്കത്തക്കവിധം ഞാൻ അയാളേക്കാം ചീത്തയല്ല എന്നു് പോയി മക്കാരിയൂസിനോടു പറയുക".

അവൻ വളരെ അകലത്തിലാണെന്നു് മക്കാരിയൂസ് ഗ്രഹിച്ചു; അടുത്തദിവസം മക്കാരിയൂസ് അയാളുടെ അടുത്തു് സംസാരിക്കാനായി ചെന്നു. അദ്ദേഹം അയാളോടു് പറഞ്ഞു: "വാലെൻസ് നീ ചതിക്കപ്പെട്ടിരിക്കുന്നു; ഉടനെ ഇതവസാനിപ്പിക്കുക".

വാലെൻസ് അദ്ദേഹത്തിന്റെ ഉപദേശം ശ്രദ്ധിച്ചില്ല; അദ്ദേഹം ഇറങ്ങിപ്പോയി.

4. തന്റെ കൗടില്യത്താൽ വാലെൻസിനെ പൂർണ്ണമായി കീഴടക്കിയെന്നു കണ്ട പിശാച് തീർത്തും സംതൃപ്തനായിരുന്നു; അവൻ വാലെൻസിന്റെ രക്ഷകനായി വേഷം കെട്ടി. വിളക്കുകൾ ഏന്തിയ ഒരായിരം മാലാഖമാരുടെ മദ്ധ്യത്തിൽ ഒരഗ്നിത്തളികയിൽ രക്ഷകനായി അവൻ വാലെൻസിനു് കാണപ്പെടുന്നതായി തോന്നിച്ചു. ഒരു ദൂതൻ വാലെൻസിനെ സമീ

97 അലക്സാണ്ഡ്രിയായിലെ മക്കാരിയൂസ്; മുകളിൽ അധ്യായം 18 കാണുക.

www.malankaralibrary.com



പിച്ച് പറഞ്ഞു: "നിൻെറ ജീവിതരീതികൊണ്ടും, അവനോടുള്ള നിൻെറ ഔദാര്യം കൊണ്ടും ക്രിസ്തു നിന്നെ സ്നേഹിച്ചു; അവൻ നിന്നെ സന്ദർശിക്കാൻ വരുന്നു. നിൻെറ വാസസ്ഥലം വിട്ട് അവനെ കാണുവാൻ അല്പം ദൂരെ ഒരു വെളിമ്പ്രദേശത്തേയ്ക്കു് പുറപ്പെടുക. അവിടെ മുട്ടുകുത്തി അവനു് ബഹുമാനം അർപ്പിക്കുക; എന്നിട്ട് തിരികെ നിൻെറ ഭവനത്തിലേയ്ക്കു് പോകുക."

5. അവൻ പുറപ്പെട്ടു പോയി. വിളക്കുകളേന്തുന്ന മാലാഖമാരുടെ നിരകളെയും ഒരു കാതമോ രണ്ടോ അകലെ അന്തിക്രിസ്തുവിനെയും കണ്ടു. അവൻ താണുവീണ് അവനെ ആരാധിച്ചു. പിറേറദിവസം ഈ ദർശനം ഒഴിയാബാധപോലെ അവനിൽ നിറഞ്ഞുനിന്നു. അവൻ പള്ളിയിൽപോയി സഹോദരന്മാരോട് പറഞ്ഞു: "എനിക്കു് കുർബ്ബാന സ്വീകരണത്തിൻെറ ആവശ്യമില്ല; കാരണം, ഞാൻ ഇന്നു് ക്രിസ്തുവിനെ ദർശിച്ചിരിക്കുന്നു."

അപ്പോഠം പിതാക്കന്മാർ അയാളെ പിടിച്ചുകെട്ടി ഒരു വർഷത്തോളം ചങ്ങലയിൽ പാർപ്പിച്ചു. പ്രാർത്ഥന വഴിയും സാധാരണവും തിരക്കില്ലാത്തതുമായ ജീവിതം നയിച്ചും അവർ അയാളെ മാനസ്സാന്തരപ്പെടുത്തി. "രോഗങ്ങഠം അവയുടെ പ്രതിരോധമരുന്നു വഴി സുഖമാക്കപ്പെടുന്നു" എന്നു ചൊല്ലുണ്ടല്ലോ.[98]

6. ആരെങ്കിലും എന്തെങ്കിലും നന്മചെയ്തിട്ട് അവരുടെ സുകൃതത്തിൽ അഹങ്കരിക്കാതിരിക്കാൻ, ഇത്തരം ജീവചരിത്രങ്ങളും ഈ ചെറിയ ഗ്രന്ഥത്തിൽ ചേർക്കുന്നതു് പ്രയോജനപ്രദമാണു്. പറദീസയിലെ ഫലവൃക്ഷങ്ങളുടെയിടയിൽ നന്മതിന്മകളുടെ അറിവിൻെറ വൃക്ഷം ഉണ്ടായിരുന്നതുപോലെയാണിതു് (ഉല്പ. 2:9). സുകൃതംപോലും ശുദ്ധനിയോഗത്താൽ പൂർണ്ണമാക്കപ്പെട്ടില്ലെങ്കിൽ വീഴ്ചക്കു് ഹേതുവായിത്തീരും. കാരണം, ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "നീതിമാൻ തൻെറ നീതിയിൽ നശിക്കുന്നതു ഞാൻ കണ്ടു; ഇതും മായ തന്നെയാണു്" (പ്രഭാ: 7:15).

## 26. ഫേറോൺ

1. സംസ്കാരസമ്പന്നനും, സൽസ്വഭാവിയും വിശുദ്ധജീവിതം നയിച്ചവനും, അലക്സാണ്ഡ്രിയാക്കാരനുമായ

98 ഹിപ്പോക്രാതെസ് ഇപ്രകാരം പറഞ്ഞിട്ടുണ്ടു്. പിതാക്കന്മാരും ഈ ചൊല്ലു് ഉപയോഗിച്ചിട്ടുണ്ടു്. Cfr. O. Chadwick, *Western Asceticism*, London 1958.

www.malankaralibrary.com


ഹേറോൺ എന്ന എൻെറ ഒരയൽക്കാരൻ ഉണ്ടായിരുന്നു. 99 പിതാക്കന്മാരേക്കാരം വലിയവനെന്നു് കരുതി, വലിയസഹനങ്ങരംക്കും ശ്രേഷ്ഠമായ ജീവിതത്തിനും ശേഷം അവനു് സമനില തെററി. "നിൻെറ പ്രബോധനം സ്വീകരിക്കുന്നവർ വഞ്ചിതരാകുന്നു; ക്രിസ്തുവല്ലാതെ മററൊരു പ്രബോധകനെയും ആരും ശ്രദ്ധിക്കേണ്ടതില്ല" എന്നു പറഞ്ഞു് ഇയാരം ഭാഗ്യവാനായ എവാഗ്രിയൂസിനെ പോലും നിന്ദിച്ചിരുന്നു. "നിങ്ങരം ഭൂമിയിൽ ആരെയും പ്രബോധകൻ എന്നു വിളിക്കരുതു് എന്നു് രക്ഷകൻ തന്നെ പറഞ്ഞിട്ടുണ്ട്" എന്നു പറഞ്ഞുകൊണ്ടു് (മത്താ.23:9f). തൻെറ മൂഢലക്ഷ്യത്തിനായി വി. ഗ്രന്ഥത്തെ തെററായി ഉദ്ധരിക്കുകയും ചെയ്തുവന്നു.

2. എന്നാൽ ദിവ്യരഹസ്യങ്ങളിൽ പങ്കെടുക്കുവാൻ വിസമ്മതിക്കത്തക്ക വിധം അയാളുടെതെററിൽ അയാരം അന്ധനായി തീൎന്നപ്പോരം അവനും ചങ്ങലയ്ക്കിടപ്പെട്ടു.

തൻെറ ജീവിതരീതിയിൽ അദ്ദേഹം വലിയ നിഷ്ഠയുള്ളവനായിരുന്നു; മൂന്നു മാസത്തിലൊരിക്കലേ അദ്ദേഹം ഭക്ഷിച്ചിരുന്നുള്ളു എന്നും അനേകർ പറഞ്ഞിട്ടുണ്ടു്. ദിവ്യരഹസ്യങ്ങളിലുള്ള ഭാഗഭാഗിത്വവും, കിട്ടിയാൽ അല്പം കാട്ടുചീരയും കൊണ്ടു് അദ്ദേഹം തൃപ്തനായിരുന്നു. ഭാഗ്യവാനായ അൽബീനുസുമൊത്തു് 100 ഒരിക്കൽ ഷേത്തിലേയ്ക്കു് ഞാൻ അദ്ദേഹത്തിൻെറ കൂടെ യാത്ര ചെയ്യുകയുണ്ടായി.

3. ഞങ്ങളുടെ സ്ഥലത്തുനിന്നു് ഷേതു് 40 മൈൽ അകലെ ആയിരുന്നു. യാത്രയ്ക്കിടയ്ക്കു് ഞങ്ങരം രണ്ടു് പ്രാവശ്യം ഭക്ഷിക്കുകയും മൂന്നുപ്രാവശ്യം വെള്ളം കുടിക്കുകയും ചെയ്തു. അദ്ദേഹമാകട്ടെ ഒന്നും ഭക്ഷിക്കാതെ ആ വഴിയത്രയും നടന്നു. അദ്ദേഹം പതിനഞ്ചു സങ്കീൎത്തനങ്ങളും, വലിയ സങ്കീൎത്തനവും (119), എബ്രായക്കുള്ള ലേഖനവും ഏശായായും, യിരെമ്യാവിൻെറ ഒരു ഭാഗവും, ലൂക്കോസിൻെറ സുവിശേഷവും സുഭാഷിതങ്ങളും മനഃപാഠം ചൊല്ലിയിരുന്നു. അദ്ദേഹം വേഗത്തിൽ നടന്നിരുന്നതിനാൽ ഞങ്ങരംക്കു കൂടെ എത്തുവാൻ കഴിഞ്ഞില്ല.

4. അഗ്നിയാൽ ഓടിക്കപ്പെടുന്ന ഒരനുഭവം നിമിത്തം അദ്ദേഹത്തിനു് തൻെറ മുറിയിൽ കഴിയാൻ സാധിച്ചില്ല. പ്രത്യേക അനുവാദം വാങ്ങിച്ചു് അദ്ദേഹം അലക്സാണ്ഡ്രിയായിലേയ്ക്കു് പോയി; ഒരാണി മററൊരാണികൊണ്ടു് പുറപ്പെട

99 താഴെ അധ്യായം 47:4 കാണുക.

100 താഴെ അധ്യായം 47:4 കാണുക.

www.malankaralibrary.com



വിച്ചു. അദ്ദേഹം സ്വന്ത ഇഷ്ടത്താൽ കുത്തഴിഞ്ഞജീവിതത്തിലേയ്ക്കു് വഴുതി വീണു; തന്റെ ഇഷ്ടത്തിനെതിരായി രക്ഷിക്കപ്പെട്ടു. അദ്ദേഹം തീയേറ്ററുകളിലും, കുതിരപ്പന്തയങ്ങളിലും, മദ്യശാലകളിലും നിത്യസന്ദർശകനായി. അമിതമായ തീററിയും കുടിയും നിമിത്തം വിഷയാസക്തനായിത്തീന്നു. പാപം ചെയ്യുന്നതിൽ മാത്രം ശ്രദ്ധിച്ചിരുന്ന അയാരം ഒരു നടിയെ കണ്ടുമുട്ടി, അവളുമായി ദുർവൃത്തിയാരംഭിച്ചു. ഇതു് വ്രണങ്ങളിലേയ്ക്കു് നയിച്ചു. ഈ ദുർവൃത്തിക്കിടയിൽ അയാളിൽ ഒരു പ്രമേഹക്കുരു വളന്നുവന്നു. ഒരു വർഷത്തോളം അയാരം രോഗഗ്രസ്തനായി. ശരീരത്തിലെ ചില അവയവങ്ങരം തന്നെ പഴുത്തു് അടന്നുവീണു. കാലാന്തരത്തിൽ ഈ അവയവങ്ങരം കൂടാതെ അദ്ദേഹം സുഖം പ്രാപിച്ചു. ഉടനെ അദ്ദേഹം ഒരു ഭക്തതീരുമാനം എടുത്തു് എല്ലാ സംഗതികളും പിതാക്കന്മാരോടു് ഏറ്റുപറഞ്ഞു. കുറെ ദിവസങ്ങരംക്കുശേഷം, ജോലികരം ചെയ്യാൻ തുടങ്ങുന്നതിനു മുമ്പ് അദ്ദേഹം മരിച്ചു.

## 27. പ്റോളമി

1. പ്റോളമി എന്ന പേരുള്ള മറെറാരു സന്ന്യാസി ഉണ്ടായിരുന്നു. വിവരിക്കാൻ വിഷമമുള്ളതു ഒരു ജീവിതമാണു് അദ്ദേഹം നയിച്ചിരുന്നതു്. അതായതു് വിവരണം തികച്ചും പ്രയാസമാണെന്നു് പറയേണ്ടിയിരിക്കുന്നു. ഷേതിനപ്പുറത്തു് 'ഗോവണി' എന്ന ആരംപാപ്പില്ലാത്ത സ്ഥലത്താണു് അദ്ദേഹം ജീവിച്ചിരുന്നതു്. സഹോദരന്മാരുടെ കിണറ് 18 കിലോമീററർ അകലെയായിരുന്നു. നിരവധി സിലീഷ്യൻ പാത്രങ്ങളുമായി അദ്ദേഹം അവിടെ വന്നു് ഡിസംബർ-ജനുവരി മാസങ്ങളിൽ പാറയിൽനിന്നു് ഒരു സ്പോൻജുവഴി മഞ്ഞു് ഒപ്പി എടുത്തിരുന്നു; കാരണം അവിടെ ധാരാളം മഞ്ഞുണ്ടായിരുന്നു. അദ്ദേഹം ജീവിച്ച 18 വർഷവും ഈ ജലം അദ്ദേഹത്തിനു തികഞ്ഞിരുന്നു.

2. വിശുദ്ധ പിതാക്കന്മാരുടെ പ്രബോധനങ്ങളിൽ നിന്നും സംസർഗ്ഗത്തിൽനിന്നും സഹായത്തിൽനിന്നും, ദിവ്യ രഹസ്യങ്ങളിലുള്ള നിരന്തര ഭാഗഭാഗിത്വത്തിൽ നിന്നും അദ്ദേഹം തെററിയകന്നു. ഇതിലൊന്നും വലിയ കഴമ്പില്ല എന്നു പറയാൻ തക്കവിധം അയാരം അത്രയും വിഡ്ഢിയായിത്തീർന്നു. ഈജിപ്റ്റിൽ ജനിച്ച അദ്ദേഹം വലിയ നിഗളിയായി മാറി എന്നു പറയപ്പെടുന്നു. അദ്ദേഹം ഭോജനപ്രിയനും മദ്യപാനിയും ആയി മാറി മററുള്ളവർക്കു് ദുർമാതൃക കൊടുക്കുന്നവനായിത്തീർന്നു. തലതിരിഞ്ഞ ചിന്താരീതിമൂലം ഈ പ്റോളമി ദൗർഭാഗ്യ

www.malankaralibrary.com



ത്തിനിരയായി. ''ഭരണാധികാരിയില്ലാത്തിടത്തു് ജനങ്ങൾ ഇലകൾപോലെ വീഴും'' എന്നു് വിശുദ്ധ ഗ്രന്ഥം സാക്ഷിക്കുന്നു. (സുഭാ 11:14).

## 28. ഒരു കന്യക

ആറുവർഷത്തോളം ചാക്കവസ്ത്രം ധരിച്ചു് യറുശലേമിൽ ജീവിച്ച ഒരു കന്യകയെ എനിക്കറിയാമായിരുന്നു. സ്വയം ബന്ധനത്തിലാക്കി, സുഖസന്തോഷങ്ങളുമായി ബന്ധപ്പെട്ട എല്ലാററിൽനിന്നും അകന്നു് ജീവിച്ചു. എന്നാൽ അവസാനം അവളുടെ കടുത്ത അഹന്ത നിമിത്തം പരിപൂർണ്ണമായി ഇതിൽ നിന്നു് വീണുപോയി. അവളെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന പുരുഷനു് അവൾ വാതിൽ തുറന്നുകൊടുക്കുകയും അവനെ സ്വീകരിക്കുകയും അവനുമായി പാപം ചെയ്യുകയും ചെയ്തു. കാരണം, ദൈവസ്നേഹത്താലും മതാത്മകലക്ഷ്യത്താലും പ്രേരിതമായിട്ടല്ല പിന്നെയോ, മനുഷ്യസ്തുതിക്കുവേണ്ടിയാണു് അവൾ തപശ്ചര്യകൾ അനുഷ്ഠിച്ചതു്. വ്യർത്ഥാഭിമാനവും ചീത്ത ഉദ്ദേശ്യങ്ങളുമാണു് അതിന്റെ കാരണം. മററുള്ളവരെ താഴ്ത്തിക്കെട്ടുന്നതിലായിരുന്നു അവളുടെ ചിന്തകൾ; ശുദ്ധതയുടെ കാവൽക്കാരൻ അവളിൽ ഒട്ടും തന്നെ ഇല്ലായിരുന്നു.

## 29. ഏലിയാസ്

1. ഏലിയാസ് എന്ന താപസനു് കന്യകകളുടെ കാര്യത്തിൽ വലിയ താല്പര്യമായിരുന്നു; ചിലയാളുകൾ അപ്രകാരമുള്ളവരാണു്; അവരുടെ സുകൃതജീവിതം അതു് സാക്ഷിക്കുകയും ചെയ്യുന്നു. സന്ന്യാസിനികളോടു് അദ്ദേഹം ദയ കാണിച്ചു ;അദ്ദേഹത്തിനു് അത്രിപ്പെയിൽ[101] വസ്തുവകകളുണ്ടായിരുന്നു; അദ്ദേഹം ഒരു വലിയ മഠം സ്ഥാപിച്ചു് വിവിധ സ്ഥലങ്ങളിലായി പാർത്തിരുന്ന കന്യകകളെ അവിടെ കൊണ്ടുവന്നു, അവരുടെ ഉന്മേഷത്തിനു വേണ്ട പൂന്തോട്ടം, വീട്ടുപകരണങ്ങൾ എന്നുവേണ്ട അവരുടെ ജീവിതാവശ്യത്തിനു വേണ്ടതെല്ലാം അദ്ദേഹം അവക്കു് ചെയ്തുകൊടുത്തു. ജീവിതത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ള ഈ സ്ത്രീകൾ നിരന്തരം പരസ്പരം കലഹിച്ചുകൊണ്ടിരുന്നു.

---

101 ഇന്നത്തെ അത്രിപെ. ഷെനൂദാ അതിനടുത്തു് സ്ത്രീകൾക്കായി ഒരു സന്ന്യാസ ഭവനം പണിതു. ഏലിയാസ് അവരുടെ ആത്മീയ നിയന്താവായിരുന്നിരിക്കാം.

www.malankaralibrary.com


2. അദ്ദേഹം മുന്നൂറോളം കന്യകകളെ അവിടെ പാർപ്പിച്ചിരുന്നു. അവരുടെ വാദങ്ങൾ കേട്ട് അവരെ രമ്യപ്പെടുത്തുന്ന ആളായി വർത്തിക്കേണ്ടിയിരുന്നതിനാൽ രണ്ടു വർഷത്തോളം അദ്ദേഹത്തിന് അവരുടെ ഇടയിൽ താമസിക്കേണ്ടിവന്നു. മുപ്പതിനും നാല്പതിനുമിടയ്ക്ക് പ്രായമുള്ള ഒരു ചെറുപ്പക്കാരനായിരുന്നതിനാൽ ജഡികാശകളാൽ അദ്ദേഹം അലട്ടപ്പെട്ടു. അദ്ദേഹം മഠത്തിൽ നിന്നു പുറത്തുപോയി രണ്ടു ദിവസം ഉപവസിച്ചു. ഇതായിരുന്നു അദ്ദേഹത്തിന്റെ പ്രാർത്ഥന: ''കർത്താവേ ഒന്നുകിൽ ഈ സ്ത്രീകൾ കലഹിക്കുന്നതു് കാണാതിരിക്കാൻ എന്നെ കൊന്നുകളയുക; അല്ലെങ്കിൽ ബുദ്ധിപരമായ രീതിയിൽ അവരുടെ കാര്യം നോക്കാൻ എന്റെ ദുർവികാരം എന്നിൽ നിന്നെടുത്തു കളയുക.''

3. രാത്രിയായപ്പോൾ അദ്ദേഹം പുറത്തു് മരുഭൂമിയിൽ തന്നെ ഉറങ്ങി. അദ്ദേഹത്തിന്റെ വിവരണമനുസരിച്ച് മൂന്നു മാലാഖമാർ അദ്ദേഹത്തിന്റെ പക്കൽ വന്നു് അദ്ദേഹത്തെ പിടിച്ചുകൊണ്ടു് ചോദിച്ചു; ''നീ എന്തുകൊണ്ടാണ് സ്ത്രീകളുടെ മഠം ഉപേക്ഷിച്ചു പോന്നതു്?''

അദ്ദേഹം അവരോട് സാഹചര്യമെല്ലാം വിവരിച്ചു പറഞ്ഞു: ''ഞാൻ അവർക്കും എനിക്കും ഉപദ്രവം ചെയ്യുമെന്നു് ഭയപ്പെട്ടതിനാലാണ്.''

''ഞങ്ങൾ നിന്റെ ദുർവികാരം നീക്കിക്കളഞ്ഞാൽ നീ തിരികെ പോയി അവരുടെ കാര്യം നോക്കിക്കൊള്ളാമോ?'' അവർ ആരാഞ്ഞു.

അദ്ദേഹം സമ്മതിച്ചു. പ്രതിജ്ഞയാൽ അതുറപ്പിക്കാൻ അവർ അദ്ദേഹത്തെ നിർബന്ധിച്ചു.

4. ഇതായിരുന്നു പ്രതിജ്ഞയെന്നു് അദ്ദേഹം പറഞ്ഞു: ''ഞങ്ങളോട് സത്യം ചെയ്യുക: എന്നെ പരിപാലിക്കുന്നവനാൽ ഞാൻ അവരെ പരിപാലിക്കും.''

അദ്ദേഹം അവരോട് ശപഥം ചെയ്തു. അവരിലൊരാൾ അദ്ദേഹത്തിന്റെ കൈകളിലും മറ്റൊരാൾ കാലുകളിലും കൂട്ടിപ്പിടിച്ചു. മൂന്നാമൻ ഒരു കത്തിയെടുത്തു് അവനെ ഷണ്ഡനാക്കി. യഥാർത്ഥമായിട്ടല്ല, സ്വപ്നത്തിൽ. താൻ സൗഖ്യമുള്ളവനായി എന്നു് ഈ ദർശനത്തിൽ അദ്ദേഹത്തിനു് തോന്നി.

''നിനക്കു് വ്യത്യാസം തോന്നുന്നുവോ?'' അവർ ചോദിച്ചു. ''ഞാൻ വിമുക്തനായി എന്നെനിക്കനുഭവപ്പെടുന്നു; എന്റെ ദുർമോഹത്തിൽനിന്നു് ഞാൻ സൗഖ്യം പ്രാപിച്ചെന്നു് ഞാൻ ദൃഢമായി വിശ്വസിക്കുന്നു'', അദ്ദേഹം പറഞ്ഞു.

www.malankaralibrary.com



5. ഉടനെ അവിടെനിന്നു പോകുവാൻ അവർ ആവശ്യപ്പെട്ടു. അഞ്ചു ദിവസങ്ങൾക്കുശേഷം അദ്ദേഹം തിരികെയെത്തി; സമൂഹം മുഴുവൻ അദ്ദേഹത്തെ ഓർത്ത് കരയുകയായിരുന്നു. ആ സമയം മുതൽ അദ്ദേഹം സമീപത്തുള്ള ഒരു മുറിയിൽ കയറി കതകടച്ചിരുന്നു. അടുത്തായിരുന്നതിനാൽ അവിടെയിരുന്നുകൊണ്ട് തന്റെ കഴിവനുസരിച്ച് അദ്ദേഹം അവരെ പ്രബോധിപ്പിച്ചുകൊണ്ടിരുന്നു. അദ്ദേഹം നാല്പതു നീണ്ട വർഷങ്ങൾ കൂടി ജീവിച്ചു; അദ്ദേഹം പിതാക്കന്മാരോട് പറഞ്ഞു: ''ഒരിക്കലും ദുർമോഹം എന്റെ മനസ്സിൽ ഉണ്ടായിട്ടില്ല''.

ഈ വിധം മഠത്തെ നയിച്ച വിശുദ്ധന് ലഭിച്ച കൃപ ഇത്തരത്തിലുള്ളതായിരുന്നു.

## 30. ഡൊറോത്തെയൂസ്

ഡൊറോത്തെയൂസ് അദ്ദേഹത്തിന്റെ പിൻഗാമിയായിരുന്നു; സ്തുത്യർഹവും സംഭവബഹുലവുമായ ജീവിതം നയിച്ച് വാർദ്ധക്യത്തിലെത്തിയ അതിശ്രേഷ്ഠനായ ഒരാളായിരുന്നു അദ്ദേഹം. അദ്ദേഹത്തിനു മഠത്തിൽതന്നെ താമസിക്കാൻ കഴിയാഞ്ഞതിനാൽ മുകളിലത്തെ നിലയിൽ അദ്ദേഹം സ്വയം അടച്ചുപൂട്ടി. മഠത്തിൽ കന്യകകളുടെ വാസസ്ഥലത്തേയ്ക്കുള്ള ഭാഗത്ത് ഒരു ജനലുണ്ടാക്കി. 'കലഹിക്കരുത്'' എന്ന് അദ്ദേഹം നിരന്തരം അവരെ ഉപദേശിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിനു് ഇരിക്കുന്നിടത്തു നിന്ന് ഈ ജനൽ ഇഷ്ടാനുസരണം തുറക്കുകയും അടയ്ക്കുകയും ചെയ്യാമായിരുന്നു. അദ്ദേഹം അവിടെ പാർത്ത് വൃദ്ധനായി. ഒരു സ്ത്രീയും അദ്ദേഹത്തിന്റെ പക്കൽ കയറിപ്പോയില്ല; അദ്ദേഹം അവരുടെ പക്കൽ ഇറങ്ങി ചെന്നുമില്ല; കാരണം, അവിടൊരു ഗോവണിയും വയ്ക്കപ്പെട്ടിരുന്നില്ല.

## 31. പിയാമൂൻ

1. പിയാമൂൻ ഒരു കന്യകയായിരുന്നു. അവൾ ചണനൂൽ പിരിച്ച്, ഒന്നിടവിട്ട ദിവസങ്ങളിൽ വൈകിട്ടു മാത്രം ഭക്ഷിച്ച് അവളുടെ അമ്മയോടൊപ്പം ജീവിച്ചിരുന്നു. അവൾ പ്രവചനവരത്തിനു് അർഹയായി ഗണിക്കപ്പെട്ടു. ഈജിപ്തിൽ നദി കരകവിഞ്ഞ കാലമായിരുന്നു; ഗ്രാമങ്ങൾ പരസ്പരം ആക്രമിച്ചുമിരുന്നു. ജലവിതരണം സംബന്ധിച്ചായിരുന്നു കലഹങ്ങൾ; ഇതു് അടിപിടിയിലും കലഹത്തിലും കലാശിച്ചു. ശക്തരായ നഗരവാസികൾ അടുത്തുള്ള ഗ്രാമത്തെ നശിപ്പിക്കാൻ ഇറങ്ങിപ്പുറപ്പെട്ടു.

www.malankaralibrary.com



2. ഒരു മാലാഖ അവരംക്കു് കാണപ്പെട്ടു് അവരുടെ ആക്രമണത്തെപ്പററി മുന്നറിയിപ്പു കൊടുത്തു. അവരം ഗ്രാമത്തിലെ മൂപ്പന്മാരെ ആളയച്ചു വരുത്തി അവരോടു് പറഞ്ഞു: ''ജനങ്ങളോടുകൂടി നിങ്ങരം നശിക്കാതിരിക്കാൻ നിങ്ങരം പോയി ഗ്രാമത്തിൽനിന്നു് വരുന്നവരോടു് സംസാരിക്കുക; അവരുടെ വിദ്വേഷം അവസാനിപ്പിക്കാനും പറയുക''.

മൂപ്പന്മാർ ഇതുകേട്ടു് ഭയപ്പെട്ടു. അവർ അവളുടെ പാദത്തിൽ വീണു് അപേക്ഷിച്ചു പറഞ്ഞു: ''ഞങ്ങരംക്കു് അവരുമായി യോജിപ്പിലെത്താൻ കഴിയുകയില്ല; കാരണം, അവർ കുടിയന്മാരും ഉഗ്രരോഷമുള്ളവരും ആണു്. എന്നാൽ നിനക്കു് ഈ പട്ടണത്തോടും നിൻെറ ഭവനത്തോടും ദയയുണ്ടെങ്കിൽ, നീ തന്നെ ചെന്നു് അവരുമായി സമാധാനം ഉണ്ടാക്കുക''.

എന്നാൽ അവരം അതിനു സമ്മതിച്ചില്ല. അവരം തൻെറ പാപ്പിടത്തിലേയ്ക്കു് പോയി രാത്രി മുഴവൻ മുട്ടുവളയ്ക്കാതെ നിന്നുകൊണ്ടു് പ്രാൎത്ഥിച്ചു. അവരം കൎത്താവിനോടു് അപേക്ഷിച്ചു പ്രാൎത്ഥിച്ചു: ''ലോകത്തിൻെറ വിധിയാളനായ കൎത്താവേ, അനീതിയിൽ നീ പ്രസാദിക്കുന്നവനല്ലല്ലോ. ഈ പ്രാൎത്ഥന നിൻെറ പക്കലെത്തുമ്പോരം അവരെവിടെ ആയിരുന്നാലും നിൻെറ ശക്തി അവരെ അവിടെത്തന്നെ നിൎത്തണമെ.''

4. ഏതാണ്ടു് ഒന്നാം മണിക്കു് അവർ മൂന്നു മൈൽ ദൂരെയായിരുന്നു; അവൎക്കു് അവിടെനിന്നു് അനങ്ങാൻ കഴിവില്ലാതെ നില്ക്കേണ്ടി വന്നു. അവളുടെ പ്രാൎത്ഥന മൂലമാണു് ഈ തടസ്സമുണ്ടായതെന്നു് അവർ അറിഞ്ഞു. ഉടനെ അവർ ഗ്രാമത്തിലേയ്ക്കു് ആളയച്ചു് സമാധാനത്തിനപേക്ഷിച്ചു. പിയാമൂൻെറ പ്രാൎത്ഥനമൂലം ദൈവം ഇടപെട്ടതിനാലാണു് ഇങ്ങനെ സംഭവിച്ചതെന്നു് അവർ വ്യക്തമാക്കി.

## 32. പക്കോമിയുസും തബെന്നെസിയിലുള്ളവരും

1. തേബായ്ഡിലുള്ള തബെന്നെസിയിൽ 1 നീതിമാനായ പക്കോമിയൂസ് 2 എന്നയാരം ജീവിച്ചിരുന്നു. അദ്ദേഹത്തിനു് പ്രവചനവരവും സ്വൎഗ്ഗീയദൎശനങ്ങളും ഉണ്ടായിരുന്നു. അദ്ദേഹം അതീവ ദയാലുവും സമഭാവനയോടെ മററുള്ളവരെ

1 തേബായ്ഡിനു് വടക്കായി, നൈൽ നദിയുടെ വലത്തുവശത്തുള്ള ഒരു സ്ഥലമാണു് തബെന്നെസി. ഇതൊരു ദ്വീപാണെന്നും; ചിലർ കരുതിയിരുന്നു; സൊസൊമെൻ, സഭാ. 3:14.

2 മുകളിൽ അധ്യായം 76 കാണുക.

www.malankaralibrary.com



വീക്ഷിക്കുന്നവനുമായിരുന്നു. ഒരിക്കൽ അദ്ദേഹം ഗുഹയിൽ ഇരിക്കുമ്പോൾ ഒരു മാലാഖ പ്രത്യക്ഷപ്പെട്ടു് പറഞ്ഞു: "നിന്നെ സംബന്ധിച്ചു പറഞ്ഞാൽ, നീ പരിപൂർണ്ണമായിട്ടാണു് നിൻെറ ജീവിതം നയിക്കുന്നതു്. നീ നിൻെറ ഗുഹയിൽതന്നെ ഇരിക്കുന്നതു് വ്യർത്ഥമാണു്; നീ ഈ സ്ഥലം വിട്ടു് പുറത്തുപോകു; യുവാക്കളായ സന്ന്യാസികളെ ഒന്നിച്ചു വിളിച്ചു് അവരോടൊപ്പം പാർക്കുക. ഞാൻ ഇപ്പോൾ നിനക്കു തരുന്ന മാതൃക അനുസരിച്ചു് അവരെ ഭരിക്കുക".

മാലാഖ അദ്ദേഹത്തിനു് ഒരു ഓട്ടുതകിടു് കൊടുത്തു[3]; അതിൽ ഇപ്രകാരം എഴുതപ്പെട്ടിരുന്നു:

2. "ഓരോരുത്തരെയും അവരവരുടെ ശക്തിയനുസരിച്ചു് ഭക്ഷിക്കാനും കുടിക്കാനും അനുവദിക്കുക; അവരുടെ ശക്തിക്കൊത്തവിധം ഓരോരുത്തർക്കും ജോലി പങ്കിട്ടുകൊടുക്കുക; ഭക്ഷിക്കുന്നതിലോ ഉപവസിക്കുന്നതിലോ ആരേയും തടസ്സപ്പെടുത്തരുതു്. കൂടുതൽ പ്രയാസമുള്ള ജോലി കൂടുതൽ ഭക്ഷിക്കുന്ന ശക്തന്മാർക്കു നല്കുക; എളുപ്പമുള്ള ജോലി ബലഹീനരും കൂടുതൽ താപസരുമായവർക്കു നല്കുക. ആശ്രമത്തിൽ പ്രത്യേകം പ്രത്യേകം മുറികൾ ഉണ്ടാക്കുക; ഒരോ മുറിയിലും മുമ്മൂന്നു് സന്ന്യാസികൾ താമസിക്കട്ടെ. ഭക്ഷണത്തിനു് എല്ലാവരും ഒന്നിച്ചു് ഒരു മുറിയിൽ വരണം".

3. "അവർ നീണ്ടുനിവന്നു കിടക്കാൻ പാടില്ല; കസേരയിലിട്ട വിരിയിൽ ചാരിയിരുന്നു് വിശ്രമിക്കട്ടെ. രാത്രിയിൽ അവർ 'ലെബിറേറാൺ'[4] ധരിക്കണം. ആട്ടിൻതുകൽ കൊണ്ടുള്ള ഒരു മേൽവസ്ത്രം ഓരോരുത്തർക്കും ഉണ്ടായിരിക്കണം; അതില്ലാതെ ആരും ഭക്ഷിക്കരുതു്. ശനിയാഴ്ചയും ഞായറാഴ്ചയും കുർബ്ബാന സ്വീകരണത്തിനണയുമ്പോൾ ഇടക്കെട്ടു് അയച്ചിടണം; തലമൂടി മാത്രം ധരിച്ചാൽ മതി".

കുട്ടികളുടേതു പോലെ മുടിയില്ലാത്ത ശിരോവസ്ത്രം അദ്ദേഹം ഉണ്ടാക്കി; പട്ടുകൊണ്ടു് കുരിശാകൃതിയിൽ ഒരടയാളം അതിൽ തുന്നിച്ചേർക്കാൻ അദ്ദേഹം കല്പിച്ചു.

4. അദ്ദേഹം അവരെ ഇരുപത്തിനാലു് ഗ്രൂപ്പുകളായി തിരിച്ചു; ഓരോ ഗ്രൂപ്പിനും ആൽഫാ, ബീററാ, ഗാമാ, ഡെൽററാ എന്നിങ്ങനെ ഗ്രീക്കു് അക്ഷരമാലയിലെ ഓരോ

3 മാലാഖമാരുടെ പ്രചോദനത്താലാണു് പക്കോമിയൂസ് തൻെറ നിയമം എഴുതിയതെന്നു് ജന്നാഡിയൂസ് പറയുന്നു (മഹദ് വ്യക്തികൾ, 7).

4 ഒരു സന്ന്യാസ വസ്ത്രം.

www.malankaralibrary.com



അക്ഷരം കൊണ്ട് പേരിട്ടു. അദ്ദേഹം ചോദ്യങ്ങൾ ചോദിക്കുമ്പോഴും സമൂഹത്തിന്റെ കാര്യങ്ങൾ അന്വേഷിക്കുമ്പോഴും പ്രീഫെക്ടിനോട് ഇപ്രകാരം ചോദിക്കും: "ആൽഫാ വിഭാഗം എങ്ങനെയുണ്ട്? സേററായ്ക്ക് സുഖമാണോ?" വീണ്ടും, "റോയെ ആശംസകൾ അറിയിക്കണം".

അക്ഷരങ്ങൾക്ക് പ്രത്യേക അർത്ഥവും അദ്ദേഹം കൊടുത്തിരുന്നു: "ഋജുമനസ്സരും, ലൗകായതികരല്ലാത്തവരും ആയവർക്ക് യോട്ടാ (i) എന്ന പേരിടണം; എന്നാൽ കഠിനരും പിടലി കടുത്തവരും ആയവർക്ക് ഖി (chi) എന്നും പേരിടണം".

**5.** ഓരോരുത്തരുടേയും മനോഭാവവും ജീവിതാവസ്ഥയുമനുസരിച്ച് ഓരോ ഗ്രൂപ്പിനും അദ്ദേഹം പേരു നിശ്ചയിച്ചു; കൂടുതൽ ആത്മീയരായവർക്ക് മാത്രമെ ഓരോന്നിന്റെയും അർത്ഥം അറിവുണ്ടായിരുന്നുള്ളു.

പലകയിൽ ഇതും എഴുതപ്പെട്ടിരുന്നു: "യാത്രയിലല്ലെങ്കിൽ അപരിചിതനായ സന്ന്യാസി അവരുടെ കൂടെ ഭക്ഷിക്കുകയോ, പാനം ചെയ്യുകയോ, പാർക്കുകയോ ചെയ്യരുത്. അവിടെ താമസിക്കാൻ വരുന്നവരെ മൂന്നു വർഷത്തേയ്ക്ക് അവർ വിശുദ്ധസ്ഥലത്ത് സ്വീകരിക്കുന്നില്ല. എന്നാൽ അവർ കൂടുതൽ കഠിന ജോലികൾ ചെയ്താൽ സ്വീകരിക്കാം; എങ്കിലും മൂന്നു വർഷം കഴിഞ്ഞേ ആകാവൂ.

6. ഒരു സഹോദരൻ ചവയ്ക്കുന്നത് തന്റെ സമീപത്തിരിക്കുന്ന സഹോദരൻ കാണാതിരിക്കാൻ, ഭക്ഷിക്കുമ്പോൾ ശിരോവസ്ത്രം കൊണ്ട് അവർ തലമൂടട്ടെ. ഭക്ഷിക്കുമ്പോൾ ആരും സംസാരിക്കരുത്: തന്റെ പാത്രത്തിലോ മേശയിലോ നിന്ന് കണ്ണ് മാററരുത്".

അവർ ദിവസവും പന്ത്രണ്ട് പ്രാർത്ഥനകൾ വീതം ചൊല്ലേണ്ടിയിരുന്നു. സായംസന്ധ്യയ്ക്ക് പന്ത്രണ്ട്; രാത്രിയിലെ എല്ലാ ഭക്തകർമ്മങ്ങൾക്കും പന്ത്രണ്ട്; ഒൻപതാം മണിയ്ക്ക് മൂന്നുപ്രാർത്ഥനകൾ ചൊല്ലേണ്ടിയിരുന്നു. പ്രാർത്ഥനയ്ക്കു പുറമേ ഭക്ഷണസമയത്ത് ഒരു സങ്കീർത്തനം കൂടി ചൊല്ലാൻ അദ്ദേഹം കല്പിച്ചു.

7. പ്രാർത്ഥനകൾ വളരെക്കുറച്ചേ ഉള്ളല്ലോ എന്ന് പക്കോമിയൂസ് തടസ്സം പറഞ്ഞപ്പോൾ മാലാഖ പറഞ്ഞു: "ചെറിയവർപോലും ഈ നിയമങ്ങൾ മടികൂടാതെ അനുസരിക്കാനാണ് ഞാൻ ഇവ ഇപ്രകാരം ക്രമപ്പെടുത്തിയിരിക്കുന്നത്".[5] പരി

---

5 ഫിലി. 1:9; റോമ. 10:2; എഫേ. 4:13; കൊളോ. 3:10.

www.malankaralibrary.com



പൂർണ്ണർക്ക് ജീവിതനിയമം ആവശ്യമില്ലല്ലോ. കാരണം അവർ അവരുടെ മുറികളിൽ പൂർണ്ണമായി ദൈവസംസർഗ്ഗത്തിന് സമർപ്പിച്ചവരാണ്. യഥാർത്ഥ ജ്ഞാനമില്ലാത്തവർക്കുവേണ്ടിയാണ് ഞാൻ നിയമം ഉണ്ടാക്കിയിരിക്കുന്നത്. വീട്ടുജോലിക്കാരെപ്പോലെ അവർ ജീവിതാവസ്ഥയുടെ കടമകൾ നിർവഹിച്ച് പരിപൂർണ്ണ സ്വാതന്ത്ര്യജീവിതം അനുഭവിക്കാനാണ്''.

8. ഈ നിയമങ്ങളനുസരിച്ച് ജീവിച്ചുവന്ന ചില ആശ്രമങ്ങളുണ്ടായിരുന്നു. അവയിൽ മൊത്തം 8000 പേരുണ്ടായിരുന്നു. ഒന്നാമത്ത്, പക്കോമിയൂസ് ജീവിച്ച വലിയ ആശ്രമം. മററ് ആശ്രമങ്ങളുടെ മാതൃഭവനമായിരുന്നിത്. ആയിരത്തിമുന്നൂറു പേർ അവിടെ വസിച്ചു.[6] അക്കൂട്ടത്തിൽ നല്ലവനായ അഫ്തോണിയൂസും ഉണ്ടായിരുന്നു. അദ്ദേഹം എൻെറ ഒരു നല്ല സുഹൃത്തായിരുന്നു. ഇപ്പോൾ ആ ആശ്രമത്തിലെ രണ്ടാമത്തെ സന്ന്യാസിയാണ് അദ്ദേഹം. അദ്ദേഹം സ്വഭാവദൃഢതയുള്ളവനാകയാൽ സാധനങ്ങൾ വാങ്ങാനും വില്ക്കാനും അലക്സാണ്ഡ്റിയായിലേയ്ക്കു് അദ്ദേഹത്തെയാണ് അയച്ചിരുന്നത്.

9. ഇരുന്നൂറും മുന്നൂറും ആളുകളുള്ള മററ് ആശ്രമങ്ങളും ഉണ്ടായിരുന്നു. ഞാൻ പനോപ്പൊളീസിൽ[7] പോയപ്പോൾ അത്തരമൊന്ന് സന്ദർശിച്ചു. ഏതാണ്ട് മുന്നൂറ് സന്ന്യാസികൾ അവിടെ ഉണ്ടായിരുന്നു. അവിടെ ഞാൻ പതിനഞ്ചു തയ്യൽക്കാരെയും, ഏഴ് കൊല്ലന്മാരെയും, നാല് ആശാരിമാരെയും, പന്ത്രണ്ട് കഴുതഓട്ടക്കാരെയും, പതിനഞ്ച് അലക്കുകാരെയും കണ്ടു. അവർ എല്ലാത്തരം കൈത്തൊഴിലിലും ഏർപ്പെട്ടിരുന്നു. തങ്ങൾക്കധികം ഉള്ളതിൽനിന്ന് സ്ത്രീകളുടെ ആശ്രമങ്ങളെയും ജയിലുകളേയും സഹായിച്ചിരുന്നു.

10. അവർ പന്നികളെപ്പോലും സൂക്ഷിച്ചിരുന്നു. ഞാൻ അതിനെതിരു പറഞ്ഞപ്പോൾ അവർ പറഞ്ഞു: ഞങ്ങൾ വലിച്ചെറിയുന്ന ഉച്ഛിഷ്ടം കൊണ്ടാണ് ഇവ കഴിയുന്നത്. ഞങ്ങൾ പണ്ടു മുതലേ ചെയ്തുവരുന്ന രീതിയാണിത്. അങ്ങനെ, ഒന്നും നഷ്ടപ്പെടുത്താതെ പ്രയോജനപ്രദമാക്കുന്നു. പന്നിയെ കൊന്ന് ഞങ്ങൾ മാംസം വില്ക്കുന്നു; പന്നിക്കാല് രോഗികൾക്കും വൃദ്ധർക്കുമായി നല്കുന്നു. കാരണം, ആ സ്ഥലത്ത് ധാരാളം ജനങ്ങൾ

---

6 മുകളിൽ അധ്യാ. 18:13 ൽ 1400 എന്നു പറയുന്നു. അവരുടെ സംഖ്യ 500 വരുമെന്ന് കാസ്സിയൻ (*Inst.* 4:1) പറയുന്നു.

7 നൈലിൻെറ കിഴക്കേ കൈവഴിയിലാണ് പനോപ്പൊളീസ് (അഖ്മിം).

www.malankaralibrary.com



തിങ്ങിപ്പാർത്തിരുന്നു; ദരിദ്രവുമായിരുന്നു അവിടം. ബ്ലെമിസ് എന്ന ഗോത്രക്കാർ അതിനടുത്താണ് വസിച്ചിരുന്നത്.[8]

11. ഓരോ ദിവസവും ജോലിക്ക് നിയുക്തരായവർ അതിരാവിലെ എഴുന്നേററ് അടുക്കളയിലേക്കോ, ഭക്ഷണമുറിയിലേക്കോ പോയിരുന്നു. ഭക്ഷണം തയ്യാറാക്കുന്നതിലും മേശ ഒരുക്കുന്നതിലും ഭക്ഷണസമയംവരെ അവർ വ്യാപൃതരായിരുന്നു. ഓരോ മേശയിലും റൊട്ടിക്കഷണങ്ങൾ, കാട്ടുകടുക്, ഒലിവിൻകുരു, പശുവിൻെറ പാലിൽനിന്നുണ്ടാക്കിയ പാൽക്കട്ടി, ചെറിയ സസ്യങ്ങൾ എന്നിത്യാദി വച്ചിരുന്നു. ചിലർ ആറാം മണിക്ക് ഭക്ഷണത്തിനു വന്നിരുന്നു: ചിലർ ഏഴാം മണിയ്ക്കും, മററു ചിലർ എട്ടാം മണിക്കും. ചിലർ ഒൻപതാം മണിക്കും, ചിലർ പതിനൊന്നാം മണിക്കും, ചിലർ വൈകിട്ട് വളരെ വൈകിയും, ചിലർ ഒന്നിടവിട്ട ദിവസങ്ങളിലും വന്നിരുന്നു: ഓരോ ഗ്രൂപ്പിനും അതിൻെറ ശരിയായ സമയം അറിയാമായിരുന്നു.

12. അവരുടെ ജോലി സംബന്ധിച്ച് ഇപ്രകാരമായിരുന്നു നിയമം. ഒരാൾ കൃഷീവലനെപ്പോലെ വയലിൽ പണിചെയ്യും, മറെറാരാൾ ഉദ്യാനത്തിലായിരിക്കും, മറെറാരാൾക്ക് കൊല്ലപ്പണിയായിരിക്കും; റൊട്ടിയുണ്ടാക്കുന്നവനും, പകർത്തിയെഴുതുന്നവനും, ചെറിയ ഞാങ്ങണകൊണ്ട് പണി ചെയ്യുന്നവനും എല്ലാം അവിടെ ഉണ്ടായിരുന്നു. അവരെല്ലാം വി. ഗ്രന്ഥം മന:പാഠം പഠിച്ചിരുന്നു.

## 33. സ്ത്രീകളുടെ ഭവനം

1. ഇവ കൂടാതെ നാനൂറ് സ്ത്രീകളുടെ ഒരു മഠവും അവിടെ ഉണ്ടായിരുന്നു.[9] അവക്ക് വസ്ത്രധാരണമൊഴിച്ച് ഒരേ ഭരണക്രമവും ഒരേ ജീവിതരീതിയുമായിരുന്നു. സ്ത്രീകൾ പുരുഷന്മാരുടെ എതിർവശത്ത് നദീതീരത്തായിരുന്നു താമസം. ഏതെങ്കിലും കന്യക മരിച്ചാൽ, മററുള്ളവർ അവളെ പുറത്തുകൊണ്ടുവരും; അവളുടെ ജഡം എടുത്ത് നദീതീരത്ത് സംസ്കരിച്ചിരുന്നു. സഹോദരന്മാർ കൈയിൽ പനയോലയും ഒലിവുകൊമ്പുകളും എടുത്ത് ചെറിയൊരു വള്ളത്തിൽ നദി കുറുകെ കടന്ന്, അവളുടെ ജഡമെടുത്ത് പൊതു ശ്മശാനത്തിൽ സംസ്ക്കരിക്കും.

---

8 എത്യോപ്യാക്കാരായ അലഞ്ഞുനടക്കുന്നവരാണ് ബ്ളെമിസ്.

9 തബെന്നെസിയിൽ സ്ത്രീകളുടെ മൂന്ന് ഭവനങ്ങളുണ്ടായിരുന്നു. ഒന്ന് പക്കോമിയൂസും, മറെറാന്ന് അദ്ദേഹത്തിൻെറ സഹോദരി മറിയയും, മൂന്നാമത്തേത് തിയഡോറും സ്ഥാപിച്ചതാണ്.

www.malankaralibrary.com


2. വൈദികനോ, ഡീക്കനോ ഒഴികെ ആരും തന്നെ സ്ത്രീകളുടെ മഠത്തിൽ പോകാറില്ലായിരുന്നു. അവർ തന്നെയും ഞായറാഴ്ച മാത്രമേ പോയിരുന്നുള്ളൂ. ആ മഠത്തിൽ ഒരു സംഭവം ഉണ്ടായി. പുറത്തു നിന്നുള്ള ഒരു തയ്യൽക്കാരൻ തയ്യൽ അന്വേഷിച്ച് അവിടെ ചെന്നു. അത് അധികം ആൾപാർപ്പില്ലാത്ത സ്ഥലം ആയിരുന്നു. ഒരു യുവകന്യക പുറത്തുവന്ന് വിവരം തിരക്കി. ''ഞങ്ങൾക്ക് സ്വന്തമായി തയ്യൽക്കാരുണ്ട്'', അവൾ അവനോട് പറഞ്ഞു.

3. മറ്റൊരു കന്യക ഇതു കാണാനിടയായി; കുറെ കഴിഞ്ഞ് ഇത് ഒരു സംസാരവിഷയമായി. പൈശാചിക പ്രേരണയാൽ അവൾ ദുർവിചാരങ്ങളാൽ നിറഞ്ഞു. മറ്റുള്ളവരുടെ മുൻപാകെ ഈ സഹോദരിക്കെതിരെ അവൾ ദുരാരോപണം ഉന്നയിച്ചു. ഈ ദുഷ്പ്രവൃത്തിയിൽ മററ് ചിലരും അവളോട് സഹകരിച്ചു. ഈ പീഡനത്തിൽ മററവൾ കഠിനമായി ദുഃഖിച്ചു. അപ്രകാരം ഒരു പാപം ചെയ്യുന്നതിനുള്ള ചിന്ത പോലും അവൾക്കില്ലായിരുന്നു. അവൾ അവിടം വിട്ട് ഒളിച്ചോടി രഹസ്യമായി ആററിൽചാടി ആത്മഹത്യ ചെയ്തു.

4. പരദൂഷക തൻെറ ദുരാരോപണത്തിൻെറ ഗൗരവം മനസ്സിലാക്കി; ഈ കുററം വരുത്തിവച്ചതു താനാണെന്നറിഞ്ഞ ആ സ്ത്രീക്ക് അതു് സഹിക്കാൻ കഴിയാതെ കെട്ടി ഞാന്ന് ചത്തു.

വൈദികൻ വന്നപ്പോൾ മററുള്ളവർ അദ്ദേഹത്തോട് സംഭവം മുഴുവൻ വിവരിച്ചു പറഞ്ഞു. അവർക്കിരുവർക്കും വേണ്ടി കർബ്ബാന ചൊല്ലേണ്ടതില്ല എന്ന് അദ്ദേഹം കല്പിച്ചു. ആരോപണം പൂർണ്ണമായി അടിസ്ഥാന രഹിതമാണെന്ന് അറിഞ്ഞിട്ടും രമ്യപ്പെടാതെ,ഈ കെട്ടുകഥ വിശ്വസിച്ചുകൊണ്ടിരുന്നവരെ അദ്ദേഹം മററുള്ളവരിൽ നിന്ന് വേർതിരിക്കുകയും, ഏഴുവർഷത്തേയ്ക്ക് കർബാന സ്വീകരിക്കുന്നതിൽ നിന്ന് വിലക്കുകയും ചെയ്തു.

## 34. ബുദ്ധിഭ്രമം നടിച്ച കന്യക

1. ഈ മഠത്തിൽ ബുദ്ധിഭ്രമവും പിശാചുബാധയും ഉള്ളതായി നടിച്ച ഒരു കന്യകയുണ്ടായിരുന്നു. മററുള്ളവർക്ക് അവളെ വലിയ വെറുപ്പായിരുന്നു; അവളുടെ കൂടെ ഭക്ഷിക്കാൻപോലും അവർ കൂട്ടാക്കിയില്ല; അവൾക്കാകട്ടെ അതു് വളരെ സന്തോഷവുമായിരുന്നു. അടുക്കളയിൽ ഏററം നിസ്സാരജോലി പോലും ചെയ്യുക അവൾക്ക് സന്തോഷമായിരുന്നു. വി. ഗ്രന്ഥം

www.malankaralibrary.com



പൂർത്തിവരുത്തിക്കൊണ്ട് അവൾ മഠത്തിലെ സ്പോഞ്ച് ആയി വർത്തിച്ചു. "ഈ ലോകത്തിൽ വിജ്ഞാനിയായി കരുതുന്നവൻ വിജ്ഞാനിയാകാൻ വിഡ്ഢിയായിത്തീരട്ടെ" (കൊറി. 3:18). അവൾ തലയിൽ ഒരു കീറത്തുണി ചുററിയിരുന്നു. മററുള്ളവരാകട്ടെ മുടി പററെ വെട്ടി ശിരോവസ്ത്രം ധരിച്ചിരുന്നു. ഇങ്ങനെ അവൾ ശുശ്രൂഷ ചെയ്തുവന്നു.

2. അവൾ ഒരിക്കലെങ്കിലും ചവയ്ക്കുന്നതായി ഈ നാനൂറുപേരിൽ ആരുംതന്നെ കണ്ടിട്ടില്ല. അവൾ ഒരിക്കലും ഭക്ഷണത്തിന് ഇരുന്നിട്ടില്ല; ഒരിക്കലും ഒരപ്പക്കഷണവും എടുത്തിരുന്നില്ല ;പിന്നെയോ, മേശയിൽ വീഴുന്ന പൊടികൾ ഒരു സ്പോഞ്ചുകൊണ്ട് തുടച്ച് ഭക്ഷിച്ചിരുന്നു. അതും പാത്രത്തിന്റെ അടിയിൽ പററിപ്പിടിച്ചിരുന്നതുകൊണ്ട് അവൾ തൃപ്തിപ്പെട്ടിരുന്നു.

അവളെ മററുള്ളവർ നിന്ദിക്കുകയും ശപിക്കുകയും, ദൂഷിക്കുകയും, അവളോട് മോശമായി പെരുമാറുകയും ചെയ്തെങ്കിലും അവൾ ആരോടും കോപിക്കുകയോ, പിറുപിറുക്കുകയോ, ഉച്ചത്തിലോ പതുക്കെയോ സംസാരിക്കുകയോ ചെയ്തില്ല.

3. പൊർഫീരിററിൽ 10 പാർക്കുന്ന പ്രശസ്ത ഏകാന്തവാസിയായ വി. പിത്തേരുവിന് ഒരു മാലാഖ കാണപ്പെട്ട് പറഞ്ഞു: "നീ ഭക്തനാണെന്ന് ചിന്തിച്ച് എന്തിനാണിവിടെ കഴിച്ചുകൂട്ടുന്നത്? നിന്നേക്കാൾ ഭക്തയായ ഒരു സ്ത്രീയെ കാണണമെന്നുണ്ടോ? തബെന്നെസിയിൽ സ്ത്രീകളുടെ മഠത്തിലേയ്ക്കു പോകുക. അവിടെ തലയിൽ കെട്ടുള്ള ഒരുത്തിയെ നീ കാണും. അവൾ നിന്നേക്കാൾ ശ്രേഷ്ഠയാണ്".

4. "ഇത്ര വലിയൊരു കൂട്ടത്താൽ പീഡിപ്പിക്കപ്പെട്ടെങ്കിലും അവൾ ഒരിക്കലും ദൈവത്തിൽനിന്ന് തന്റെ ഹൃദയം തിരിച്ചില്ല. നീ ഇവിടെ താമസിക്കുന്നെങ്കിലും, നിന്റെ മനസ്സുകൊണ്ട് നീ പട്ടണങ്ങൾതോറും ചുററിക്കറങ്ങുന്നുണ്ട്."

ഒരിക്കലും പുറത്തുപോകാത്ത അദ്ദേഹം തന്റെ ആശ്രമം വിട്ട് പുറത്തിറങ്ങി; സ്ത്രീകളുടെ മഠത്തിൽ കയറാനുള്ള അനുവാദം പ്രീഫെക്ട്മാരോട് വാങ്ങി. അദ്ദേഹം വൃദ്ധനും വലിയ സല്പേരുള്ളവനുമാകയാൽ അവർ അനുവദിച്ചു.

5. അവൻ അകത്തുകടന്നു; അവിടെയുള്ള എല്ലാവരേയും കാണണമെന്ന് നിർബന്ധം പിടിച്ചു. എന്നാൽ അവൾ പ്രത്യക്ഷപ്പെട്ടില്ല. അവസാനം അദ്ദേഹം പറഞ്ഞു: എല്ലാവരേയും

10 നൈൽ നദിക്കും ചെങ്കടലിനും ഇടയ്ക്ക് സന്ന്യാസികൾ ധാരാളമായി പാർത്തിരുന്ന സ്ഥലമാണ് പൊർഫീരിത്തെസ് മല.

www.malankaralibrary.com



ഇവിടെ കൊണ്ടുവരിക; കാരണം അവരം ഇതുവരെ വന്നി ട്ടില്ല.''

അവർ അദ്ദേഹത്തോട് പറഞ്ഞു: ''അടുക്കളയിൽ സ്ഥിര ബുദ്ധിയില്ലാത്ത ഒരുത്തിയുണ്ട്''. പീഡിപ്പിക്കപ്പെട്ട അവളെ അപ്രകാരമാണ് അവർ വിളിച്ചിരുന്നത്.

അദ്ദേഹം അവരോട് പറഞ്ഞു: ''അവളെ ഇവിടെ കൂട്ടി ക്കൊണ്ടുവരിക; ഞാൻ അവളെ കാണട്ടെ.''

അവർ അവളെ വിളിക്കാൻ പോയി. അവരം ഈ സംഗതി അറിയുകയോ, ഇത് അവരംക്ക് വെളിപ്പെടുത്തപ്പെട്ട കയോ ചെയ്യാഞ്ഞതിനാൽ അവരം മറുപടി പറഞ്ഞതേയില്ല. അവർ അവളെ ബലത്താൽ പിടിച്ചുകൊണ്ട് പറഞ്ഞു: ''വിശുദ്ധനായ പിതേരം നിന്നെക്കാണാൻ ആഗ്രഹിക്കുന്നു.'' —അദ്ദേഹം പ്രശസ്തനായിരുന്നു.

6. അവരം വന്നപ്പോരം അവളുടെ തലയിലെ കെട്ട് അദ്ദേഹം ശ്രദ്ധിച്ചു; അവളുടെ പാദത്തിൽ വീണ് അദ്ദേഹം പറഞ്ഞു: ''എന്നെ അനുഗ്രഹിക്കുക.''

അവളും അതുപോലെ അദ്ദേഹത്തിന്റെ പാദത്തിൽ വീണ് പറഞ്ഞു: ''കർത്താവേ, എന്നെ അനുഗ്രഹിക്കണമെ''.

ആ സ്ത്രീകളെല്ലാം ഇതിൽ അത്ഭുതസ്തബ്ധരായി പറഞ്ഞു: ''പിതാവേ, ക്ഷമിക്കണം അവരം പിശാചുബാധിതയാണ്.''

പിത്തേരം സ്ത്രീകളോടു പറഞ്ഞു: ''നിങ്ങളാണ് പിശാചു ബാധിതർ; ഈ സ്ത്രീ നിങ്ങരംക്കും എനിക്കും ആത്മീയ അമ്മ യാണ്[11].—അവർ ആത്മീയമായി അവരെ അങ്ങനെയാണ് വിളിച്ചിരുന്നത്—വിധിദിവസത്തിൽ ഞാനും അവളെപ്പോ ലെ യോഗ്യനായി കരുതപ്പെടണമേ എന്ന് ഞാൻ പ്രാർത്ഥി ക്കുന്നു.''

7. ഇതുകേട്ടപ്പോരം അവർ വിവിധ തെററുകരം ഏററുപറ ഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ പാദത്തിൽ വീണു. തന്റെ പാത്രത്തിലെ ഉച്ഛിഷ്ടങ്ങരം അവളുടെ തലയിൽ തൂകിയ കാര്യം ഒരുത്തി ഏററുപറഞ്ഞു; മറെറാരുത്തി അവളെ മുഷ്ടി ചുരുട്ടി കുത്തിയ കാര്യം; മറെറാരുത്തി അവളുടെ മൂക്ക് ഇടിച്ചുതകർത്ത കാര്യം; അവരിങ്ങനെ നിരവധിയായ ക്രൂരകൃത്യങ്ങരം ഏററു പറഞ്ഞു.

---

11 അമ്മ (അമ്മാസ്) എന്ന് താപസരായ സ്ത്രീകരംക്കും (അബ്ബാസ്) എന്ന് പുരുഷന്മാർക്കും കോപ്ററിക് ഭാഷയിൽ പേർ വിളിക്കപ്പെടുന്നു.

www.malankaralibrary.com



അവക്കുവേണ്ടി പ്രാത്ഥിച്ചിട്ട് അദ്ദേഹം സ്ഥലംവിട്ടു. തുടന്നുള്ള ദിവസങ്ങളിൽ സഹകന്യകകളുടെ സ്തുതിയും ബഹുമാനവും കൊണ്ട് അവരംക്ക് പൊറുതിമുട്ടി. അവരുടെ ക്ഷമായാചന അസഹനീയമായതിനാൽ അവരം മഠം വിട്ടിറങ്ങിപ്പോയി. അവരം എവിടെപ്പോയെന്നോ, എവിടെ അപ്രത്യക്ഷമായെന്നോ അവളെങ്ങനെ മരിച്ചെന്നോ ആക്കും അറിയാൻ പാടില്ല.

## 35· ലിക്കോപ്പൊലീസിലെ യോഹന്നാൻ

1. ഭവന നിർമ്മാണ ജോലി ചെറുപ്പത്തിലെ അഭ്യസിച്ച ലിക്കോപ്പൊലീസിലെ യോഹന്നാൻ[12] എന്നൊരാരം ഉണ്ടായിരുന്നു. അദ്ദേഹത്തിൻെറ പിതാവ് ചായമിടുന്നയാരം ആയിരുന്നു. ഇരുപത്തഞ്ചു വയസ്സായപ്പോരം യോഹന്നാൻ ലോകം ഉപേക്ഷിച്ചു. വിവിധ ആശ്രമങ്ങളിൽ അഞ്ചുവഷത്തോളം ജീവിച്ചശേഷം തനിയെ ലിക്കോ മലയിലേക്ക് പോയി. അവിടെ മലമുകളിൽ അദ്ദേഹം മൂന്ന് മുറികരം ഉണ്ടാക്കി; അതിനകത്ത് കടന്ന് അവിടെ വാസമുറപ്പിച്ചു. ഒരു മുറി ശാരീരികാവശ്യങ്ങരംക്കും, മറെറാന്ന് ഭക്ഷണത്തിനും ജോലിക്കും, മൂന്നാമത്തേത് പ്രാത്ഥനയ്ക്കുമായി തിരിച്ചു.

2. അദ്ദേഹം ഇപ്രകാരം മുപ്പതുവഷം താപസജീവിതം നയിച്ചുകഴിഞ്ഞപ്പോരം അദ്ദേഹത്തിനു പ്രവചനവരം ലഭിച്ചു. [13] ഒരു ജനലിൽക്കൂടി ഒരാരം അദ്ദേഹത്തിന് ആവശ്യമുള്ളത് എത്തിച്ചുകൊണ്ടിരുന്നു. തിയഡോഷ്യസ് ചക്രവത്തി ക്രൂരനായ മാക്സിമൂസിനെ ജയിക്കുമെന്നും ഗാളിൽനിന്ന് മടങ്ങുമെന്നും മററ് പല സംഗതികളുടെയും കൂട്ടത്തിൽ അദ്ദേഹം തിയഡോഷ്യസിനോട് പ്രവചനം നടത്തി. [14] ക്രൂരനായ എവുജേനിയസിനെപ്പററിയും അദ്ദേഹം ചക്രവത്തിയോട് സന്തോഷവാത്ത അറിയിച്ചു. [15] ഒരു പുണ്യപുരുഷൻ എന്ന് അദ്ദേഹം വിഖ്യാതനായിത്തീന്നു.

3. ഞാനും ഭാഗ്യവാനായ എവാഗ്രിയൂസിൻെറ കൂടെയുള്ളവരും നിത്രിയൻ മരുഭൂമിയിൽ ആയിരിക്കവെ കൃത്യമായി ഈ

12 നൈലിൻെറ പശ്ചിമ ഭാഗത്തായി ദക്ഷിണ ഈജിപ്റ്റിൽ ഇന്നത്തെ അസ്യൂത് ആണ് പ്രാചീനകാലത്തെ ലിക്കോപ്പോലീസ്

13 സൊസൊമെൻ, സഭാ. 7.22.

14 തിയഡോഷ്യസ് ഗോത്യക്ക് എതിരായി യുദ്ധം ചെയ്തു (379 —362). തൻെറ എതിരാളിയായ മാക്സിമൂസിനെ പരാജയപ്പെടുത്തി വധിച്ചു.

15 392ൽ എവുജേനിയസ് എന്നയാളെ ഫ്രഞ്ച് കൗണ്ട് അർബൊഗാസ്റ്റ ചക്രവത്തിയാക്കി. 394-ൽ തിയഡോഷ്യസ് അയാളെ തോല്പിച്ച് അവരിരുവരേയും കൊന്നു.

www.malankaralibrary.com



മനുഷ്യൻെറ സുകൃതമെന്താണെന്നറിയാൻ പരിശ്രമിച്ചു. ഭാഗ്യവാനായ എവാഗ്രിയുസ് പറഞ്ഞു: ''അദ്ദേഹം എന്തു തരക്കാരനാണെന്ന് മനസ്സും സംസാരവും വ്യാഖ്യാനിക്കാൻ കഴിവുള്ള ഒരാളുടെ സാക്ഷ്യംവഴി സന്തോഷമായി ഞാൻ അറിയും. എനിക്ക് അദ്ദേഹത്തെ കാണാൻ കഴിയില്ല; അവൻെറ ജീവിതരീതി അനുവർത്തിക്കുന്ന മററൊരാളിൽനിന്നു കൃത്യമായി എനിക്ക് കേൾക്കാൻ കഴിയും; എന്നാൽ ഞാൻ പർവ്വതംവരെ പോകില്ല.''

അദ്ദേഹം പറഞ്ഞത് ഞാൻ കേട്ടു; എന്നാൽ ഞാൻ ആരോടും പറഞ്ഞില്ല. ഞാൻ ദിവസം മുഴുവൻ നിശബ്ദനായിരുന്നതേയുള്ളു. പിറേറ ദിവസം ഞാൻ എൻെറ മുറിപൂട്ടി; എന്നേയും അതിനേയും ദൈവത്തിൽ ഭരമേല്പിച്ചുകൊണ്ട് തേബൊയ്ഡിലേക്ക് പറപ്പെട്ടു.

4. നടന്നും, നദിയിലൂടെ തുഴഞ്ഞും പതിനെട്ട് ദിവസങ്ങൾക്കുശേഷം ഞാൻ അവിടെ എത്തിച്ചേർന്നു. നൈൽ നദിയിൽ വെള്ളപ്പൊക്കം ഉണ്ടാകുന്ന കാലമായിരുന്നു; അനേകർ ഇക്കാലത്ത് രോഗം പിടിപെടുക പതിവായിരുന്നു; ഞാനും രോഗിയായിത്തീർന്നു. ഞാൻ വന്നപ്പോൾ അദ്ദേഹത്തിൻെറ മുറി അടച്ചിട്ടിരിക്കുന്നത് കണ്ടു. (ഏതാണ്ട് നൂറുപേരെ ഉൾക്കൊള്ളാൻ തക്കവണ്ണം സഹോദരന്മാർ അത് വിപുലപ്പെടുത്തിയിരുന്നു). അവർ അത് അടച്ചിട്ടിരുന്നു. എന്നാൽ ശനിയാഴ്ചയും ഞായറാഴ്ചയും മാത്രം തുറക്കുമായിരുന്നു. അത് അടച്ചിട്ടിരുന്നതിൻെറ കാരണം ഗ്രഹിച്ചപ്പോൾ ഞാൻ ശനിയാഴ്ചവരെ കാത്തിരുന്നു. അദ്ദേഹത്തെ കാണാൻ ഞാൻ രണ്ടാംമണിക്കൂറിൽ വന്നു; അദ്ദേഹം ജനലിൻെറ അടുത്ത് ഇരിക്കുന്നത് ഞാൻ കണ്ടു. അവിടെ വന്നുകൂടുന്ന ജനങ്ങളെ അവിടെ ഇരുന്നുകൊണ്ട് അദ്ദേഹം ആശ്വസിപ്പിച്ചിരുന്നു.

5. അദ്ദേഹം എന്നെ അഭിസംബോധനചെയ്ത് ഒരു ദ്വിഭാഷിവഴി സംസാരിച്ചു: 16 ''നീ എവിടെനിന്നു വരുന്നു? എന്തിനാണ് വന്നത്? നീ എവാഗ്രിയുസിൻെറ ഗ്രൂപ്പിൽ ഉൾപ്പെട്ട ആളാണെന്ന് കരുതട്ടെ.'' ഞാൻ പറഞ്ഞു: ''ഞാൻ ഗലാത്യയിൽ നിന്നുള്ള ഒരു അപരിചിതനാണ്.''

ഞാൻ എവാഗ്രിയുസിൻെറ ഗ്രൂപ്പിൽപ്പെട്ട ആളാണെന്നും പറഞ്ഞു. ഞങ്ങൾ സംസാരിച്ചു കൊണ്ടിരിക്കെ സ്ഥലത്തെ ഗവർണ്ണറായ അലീപ്പിയുസ് അവിടെ വന്നു. ഉടനെ അദ്ദേഹം

16 ദക്ഷിണ ഈജിപ്റ്റിലെ സഹിദിക്ക് ഭാഷ പല്ലാഡിയുസിന് വശമില്ലായിരുന്നു.

www.malankaralibrary.com



എന്നോടുള്ള സംസാരം നിർത്തി അലീപ്പീയൂസിനോട് സംസാരിക്കാൻ തുടങ്ങി. ഞാൻ അല്പം മാറി അദ്ദേഹത്തിന് സ്ഥലം കൊടുത്തു; അല്പം അകലെ മാറിനിന്നു. അവർ കുറേനേരം സംസാരിച്ചുകൊണ്ടിരുന്നു. ഞാൻ ക്ഷീണിച്ച വിവശനായി. എന്നെ മാററിനിർത്തി മററയാളെ ബഹുമാനിച്ചതിൽ ഞാൻ ആ വൃദ്ധനെതിരെ പിറുപിറുത്തു.

6. ഇതിൽ മനസ്സമടുത്ത് അവനെ തഴഞ്ഞിട്ട് സ്ഥലം വിടാൻ ആലോചിച്ചു. തൻെറ ദ്വിഭാഷിയായ തിയഡോറിനെ വിളിച്ച് അദ്ദേഹം പറഞ്ഞു: "പോയി ആ സഹോദരനോട് ഇപ്രകാരം പറയുക: "ഇത്ര നിസ്സാരനാകാതെ; ഞാൻ ഉടനെ തന്നെ ഗവർണ്ണറെ പറഞ്ഞയച്ചിട്ട് താങ്കളോട് സംസാരിക്കുന്നതാണ്."

അതുകൊണ്ട് ക്ഷമാപൂർവ്വം കാത്തിരുന്ന് ആ ആത്മീയ മനുഷ്യനെ ശ്രദ്ധിക്കുന്നതാണ് ഉത്തമം എന്ന് എനിക്ക് തോന്നി. ആ ഗവർണ്ണർ പോയപ്പോാരം അദ്ദേഹം എന്നെ വിളിച്ചു പറഞ്ഞു: നീ എന്തിനാണ് എന്നോട് കോപിക്കുന്നത്? എന്നെപ്പററി നീ ഇപ്രകാരം ചിന്തിക്കാൻ തക്കവണ്ണം എന്തുതെററാണ് നീ എന്നിൽ കണ്ടത്? നീ ചിന്തിക്കുന്നവ എന്നെ സംബന്ധിച്ച് ശരിയല്ല; അപ്രകാരമുള്ള ചിന്ത നിനക്ക് ചേരുന്നവയുമല്ല. "രോഗികൾക്കല്ലാതെ സൗഖ്യമുള്ളവർക്കു വൈദ്യനെക്കൊണ്ട് ആവശ്യമില്ല" എന്ന് എഴുതപ്പെട്ടിരിക്കുന്നു എന്ന് നിനക്കറിയില്ലേ? (ലൂക്കോ. 5:31). എനിക്കാവശ്യം ഉണ്ടായപ്പോാരം ഞാൻ നിന്നെ കണ്ടെത്തി; നീ എന്നേയും.

7. നിനക്ക് ഞാൻ സമാശ്വാസം തന്നില്ലെങ്കിൽ, മററു സഹോദരന്മാരും പിതാക്കന്മാരും നിനക്ക് തരുമല്ലോ. ആ മനുഷ്യനാകട്ടെ തൻെറ ലൗകികപ്രവർത്തനങ്ങളാൽ പിശാചിന് ഏല്പിക്കപ്പെട്ടവനായിരുന്നു. തൻെറ യജമാനൻെറ ഭവനത്തിൽ നിന്ന് ഓടിപ്പോയ ദാസനെപ്പോലെ ഇപ്പോാരം അവന് ശ്വാസംവിടാൻ അല്പം സമയം ലഭിച്ചു. അവൻ സഹായം തേടി വന്നതാണ്. അവനെ ഉപേക്ഷിച്ച് നിന്നോടൊത്ത് സമയം ചെലവഴിക്കുന്നത് ശരിയല്ല. നിൻെറ രക്ഷക്കുവേണ്ടി പരിശ്രമിക്കാൻ നിനക്ക് എപ്പോഴും സ്വാതന്ത്ര്യം ഉണ്ടല്ലോ."

അവൻ ഒരു ആത്മീയ മനുഷ്യനാണെന്ന് പൂർണ്ണമായി ഗ്രഹിച്ചതിനാൽ, എനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് ഞാൻ അവനോട് ആവശ്യപ്പെട്ടു.

8. അദ്ദേഹം തമാശയായി തൻെറ വലത്തു കൈകൊണ്ട് എൻെറ ഇടത്തെ ചെകിടത്ത് അടിച്ചുകൊണ്ട് പറഞ്ഞു: നിര

www.malankaralibrary.com



വധി സങ്കടങ്ങരം നിന്നെ പാർത്തിരിക്കുന്നു. നീ മരുഭൂമി ഉപേക്ഷിക്കാൻ നിനക്കെതിരെ നിരവധി പ്രവർത്തനം നടന്നിരിക്കുന്നു. നീ ഭയചകിതനായി നിന്റെ തീരുമാനം മാററി നിന്നെ ബലഹീനനാക്കാൻ പിശാച് നിനക്കു ഭക്തിയുള്ളതും നല്ലതും എന്ന തോന്നൽ പരത്തുന്ന കാരണങ്ങരം കൊണ്ടുവരുന്നുണ്ട്. നിന്റെ പിതാവിനെ കാണണമെന്നും നിന്റെ സഹോദരനെയും സഹോദരിയെയും ഏകാന്ത ജീവിത സംബന്ധമായി ഉപദേശിക്കണമെന്നും അവൻ നിർദ്ദേശിക്കുന്നു.

9. ''നോക്കൂ, നിന്നോടു ഒരു സദ്വാർത്ത അറിയിക്കാനുണ്ട്. ഇരുവരും രക്ഷിക്കപ്പെട്ടു; കാരണം, അവർ മാനസ്സാന്തരപ്പെട്ടിരിക്കുന്നു. നിന്റെ പിതാവിനു് അനേക വർഷങ്ങരം കൂടിയുണ്ട്. അതുകൊണ്ട് മരുഭൂമിയിൽ തന്നെ തുടരുക. അവരെ പ്രതി ഇവിടം ഉപേക്ഷിച്ചു നിന്റെ നാട്ടിലേയ്ക്കു പോകാൻ ആഗ്രഹിക്കേണ്ട; കാരണം, ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു. കലപ്പയ്ക്കു് കൈ വച്ചിട്ട് പിറകോട്ട് തിരിയുന്നവൻ സ്വർഗ്ഗരാജ്യത്തിനർഹനല്ല (ലൂക്കോ 9: 62).

ഈ വാക്കുകരം എന്നെ സഹായിച്ചു. എന്നെ അലട്ടിക്കൊണ്ടിരുന്ന കാരണങ്ങരം അപ്രസക്തമെന്നു് കണ്ടതിനാൽ ഞാൻ ദൈവത്തിനു നന്ദി പറഞ്ഞു.

10. എന്നിട്ട് അദ്ദേഹം തമാശയായി എന്നോട് പറഞ്ഞു: 'ഒരു മെത്രാനാകാൻ നിനക്കു് ആഗ്രഹമുണ്ടോ?' ഞാൻ പറഞ്ഞു: ''ഞാൻ ഇപ്പോഴെ ആകുന്നു.'' 'എവിടെ?' അദ്ദേഹമാരാഞ്ഞു. ഞാൻ പറഞ്ഞു: ''അടുക്കളയിലും, കടകളിലും, മേശകളുടെയും, കലങ്ങളുടെയും മേൽ; ഞാൻ അവ പരിശോധിക്കുന്നു. 17 കമർപ്പുള്ള വീഞ്ഞു് ഞാൻ പുറത്തൊഴിക്കുന്നു; നല്ലതു മാത്രം ഞാൻ കുടിക്കുന്നു. അതുപോലെ ഞാൻ കലങ്ങളും പരിശോധിക്കുന്നു; ഏതെങ്കിലും വിഭവത്തിനു് ഉപ്പോ മുളകോ കുറഞ്ഞുപോയാൽ ഞാൻ അവ ചേർത്തു് രുചി വരുത്തി ഭക്ഷിക്കും. ഇതാണു് എന്റെ രൂപത; കാരണം, ഭോജനപ്രിയം തന്റെ ശിശ്രുവിനുവേണ്ടി എനിക്കു പട്ടം തന്നു.''

11. അദ്ദേഹം ചിരിച്ചുകൊണ്ട് പറഞ്ഞു: ''നിന്റെ തമാശ മതിയാക്കൂ. നീ മെത്രാനായി അഭിഷിക്തനാകും; നീ വളരെ അദ്ധ്വാനിക്കുകയും നിരവധി പരീക്ഷണങ്ങരംക്കു് വിധേയനാകുകയും ചെയ്യും. നീ പരീക്ഷണങ്ങളെ വിട്ടകന്നാൽ, നീ ഈ

17 'മെത്രാൻ' എന്നതിന് ''എപ്പിസ്കോപ്പോസ്'': പരിശോധകൻ, മേലന്വേഷകൻ എന്നതിനും ഈ വാക്കുകരം തന്നെ! വാക്കുകളുടെ കളിയാണു് പല്ലാഡിയസ് ഇവിടെ നടത്തുക.

www.malankaralibrary.com



മരുഭൂമി വിട്ടുപോകില്ല. ഈ മരുഭൂമിയിൽ നിന്നെ മെത്രാനാക്കാൻ ആക്കും അധികാരമില്ല.

ഞാൻ അദ്ദേഹത്തെ വിട്ട്, മരുഭൂമിയിൽ ഞാൻ പാർത്തിരുന്നിടത്തെത്തി; എല്ലാം കാര്യങ്ങളും ഭാഗ്യവാന്മാരായ പിതാക്കന്മാരോട് വിവരിച്ചു പറഞ്ഞു; രണ്ടുമാസം കഴിഞ്ഞു് അവരും വള്ളം തുഴഞ്ഞ് അദ്ദേഹത്തിന്റെ പക്കലെത്തി.

ഞാൻ അദ്ദേഹത്തിന്റെ ഉപദേശം മറന്നു പോയി. മൂന്നു വർഷങ്ങൾക്കുശേഷം പ്ലീഹയിലും വയറിലും എനിക്ക് രോഗം ബാധിച്ചു.

12. നീർവീക്കത്തിൽനിന്നു് വിമുക്തനാകാൻ സഹോദരന്മാർ എന്നെ അവിടെ നിന്നു് അലക്സാണ്ഡ്രിയായിലേക്കയച്ചു. പ്രതികൂല കാലാവസ്ഥ നിമിത്തം അലക്സാണ്ഡ്രിയായിൽനിന്നു് പലസ്തീനായിലേക്ക പോകാൻ വൈദ്യന്മാർ എന്നെ ഉപദേശിച്ചു; പലസ്തീനയിലെ വായുവിനു് സാന്ദ്രത കുറഞ്ഞിരുന്നതിനാൽ, പ്രകൃതിക്ക് സുഖപ്രദമായിരുന്നു. പലസ്തീനയിൽനിന്നു് ഞാൻ ബിഥീനിയായിലേയ്ക്കു് പോയി. അവിടെവച്ചു്, മാനുഷികതാല്പര്യം കൊണ്ടാണോ, ശക്തനായവന്റെ സന്മനസ്സുകൊണ്ടാണോ, എന്നു് എനിക്കിപ്പോഴും അറിയില്ല. ദൈവത്തിനു മാത്രം അറിയാം. പട്ടം ലഭിക്കാൻ യോഗ്യനായി ഞാൻ ഗണിക്കപ്പെട്ടു.

13. ഭാഗ്യവാനായ യോഹന്നാന്റെ പ്രശ്നത്തിൽ ഞാൻ കൂടി ബന്ധപ്പെട്ടതുകൊണ്ടാകാം[18]. പതിനൊന്നു മാസത്തോളം ഒരു ഇരുണ്ട അറയ്ക്കുള്ളിൽ ഞാൻ ഒളിക്കപ്പെട്ടു; അപ്പോൾ ഞാൻ ആ ഭാഗ്യവാനായ വ്യക്തിയെ ഓർത്തു. അദ്ദേഹം പ്രവചിച്ചതുപോലെ ഒക്കെ എനിക്ക സഹിക്കേണ്ടിവന്നതും അനുസ്മരിച്ചു.

മരുഭൂമിയിൽ തുടരുന്നതിനുള്ള ഒരു സഹായമായിട്ട് അദ്ദേഹം എന്നോടു് പറഞ്ഞിരുന്നു: ''ഒരിക്കൽപോലും സ്ത്രീകളുടെ മുഖമോ നാണയങ്ങളുടെ കാഴ്ചയോ കൂടാതെ നാല്പതു വർഷം ഞാൻ ഈ ഗുഹയിൽ കഴിച്ചുകൂട്ടി; ആരും ഭക്ഷിക്കുന്നതു ഞാൻ കണ്ടിട്ടില്ല; ഞാൻ ഭക്ഷിക്കുകയോ കുടിക്കുകയോ ചെയ്യുന്നതു മററുള്ളവരും കണ്ടിട്ടില്ല.''

14. ദൈവദാസിയായ പൊയ്മേനിയ അദ്ദേഹത്തെ സന്ദർശിക്കാൻ വന്നപ്പോൾ അദ്ദേഹം സല്ക്കരിച്ചില്ല; എന്നാൽ നിരവധി രഹസ്യസംഗതികൾ അവൾക്ക് മനസ്സിലാക്കിക്കൊടുത്തു. ''തേബായ്ഡിൽ നിന്നു പോകുമ്പോൾ അലക്സാണ്

18. വി. ജോൺ ക്രിസോസ്റ്റോം (+ 407)

www.malankaralibrary.com



ഡ്രിയായിലേക്ക് തിരിയരുതെന്നും, അവിടെ നീ പ്രലോഭനേത്തിൽ വീഴുമെന്നും'' അദ്ദേഹം അവളോടു പറഞ്ഞു. ഒന്നുകിൽ അവൾ അദ്ദേഹത്തെ വഞ്ചിച്ചു; അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഉപദേശം മറന്നുപോയി. പട്ടണം കാണാൻ അവൾ അലക്സാണ്ഡ്രിയായിലേയ്ക്കു പോയി. നിക്കോപ്പൊലീസിനടുത്ത്[19] അവളെ കാത്ത് അവളുടെ ബോട്ടുകൾ കൂട്ടിക്കെട്ടി ഇടേണ്ടിവന്നു.

15. അവളുടെ ജോലിക്കാർ കരയ്ക്കുകയറിയപ്പോൾ, എന്തോ ക്രമക്കേടു കാരണം, വെറിയന്മാരായ നാട്ടുകാരുമായി ഏറ്റുമുട്ടേണ്ടിവന്നു. ഒരു ഷണ്ഡന്റെ വിരൽ ചിലർ മുറിച്ചുകളഞ്ഞു; മറ്റൊരുവനെ അവർ കൊന്നു; വി. മെത്രാനായ ദിവന്നാസ്യോസിനെ തിരിച്ചറിയാതെ അവർ ആറ്റിൽ മുക്കി; ജോലിക്കാരെയൊക്കെ അവർ മുറിവേല്പിച്ചു. അവളെ നിന്ദിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു.

## 36. പൊസിദോണിയൂസ്

1. തേബൻകാരനായ പൊസിദോണിയൂസിനെപ്പറ്റിയുള്ള കഥകൾ നിരവധിയും വിവരിക്കാൻ പ്രയാസവുമാണ്. അദ്ദേഹം അഗാധമായ വിനയമുള്ളവനും വലിയ താപസനും നന്മകളിൽ തികഞ്ഞവനുമായിരുന്നു. അദ്ദേഹത്തെപ്പോലെ മറ്റൊരാളെ എപ്പോളെങ്കിലും കണ്ടുമുട്ടിയതായി ഓർക്കുന്നില്ല. അദ്ദേഹം പൊയ്മേനിയോനപ്പുറത്ത്[20] താമസിച്ചപ്പോൾ, ഞാൻ അദ്ദേഹത്തിന്റെ കൂടെ ഒരു വർഷം ബേത്ലഹേമിൽ താമസിച്ചു. അദ്ദേഹത്തിന്റെ നിരവധി സുകൃതങ്ങൾക്കു ഞാൻ സാക്ഷിയാണ്.

2. മററു കഥകളോടൊപ്പം അദ്ദേഹം ഒരിക്കൽ ഇതും എന്നോടു പറഞ്ഞു: ''പൊർഫിരിററിസ്[21] എന്ന സ്ഥലത്ത് ഒരു വർഷത്തോളം ഞാൻ താമസിച്ചു. അക്കാലത്തു ഞാൻ ഒരു മനുഷ്യനെപ്പോലും കണ്ടിട്ടില്ല, ഒരു സംസാരവും കേട്ടിട്ടില്ല, ഒരപ്പവും സ്പർശിച്ചിട്ടില്ല; വല്ലപ്പോഴും കിട്ടിയ ഈത്തപ്പഴവും അവിടെ കണ്ട പച്ചപ്പുല്ലും തിന്നു ജീവിച്ചു. അവിടെ ഭക്ഷണം

---

19. മെംഫീസിനും അലക്സാണ്ഡ്റിയായ്ക്കും ഇടയ്ക്കു മധ്യഭാഗത്തായിട്ടാണ് നിക്കോപ്പൊലീസ്.

20. പൊയ്മേനിയും എന്ന പേരിൽ ബേത്ലഹേമിനടുത്ത് ഒരാശ്രമം ഉണ്ടായിരുന്നു. യേശു ജനിച്ചപ്പോൾ മാലാഖമാർ ഇടയന്മാർക്കു കാണപ്പെട്ടത് ഈ സ്ഥലത്താണെന്ന പാരമ്പര്യം ഉണ്ട്.

21. മുകളിൽ നമ്പർ 10 കാണുക.

www.malankaralibrary.com



ഒന്നും ലഭ്യമാകാതെ വന്നപ്പോൾ ഞാൻ ഗുഹ ഉപേക്ഷിച്ച് സംസ്കാരത്തിലേയ്ക്കു് വന്നു.''

3. ''ഞാൻ ദിവസം മുഴുവൻ നടന്നു് ഗുഹയിൽ നിന്നു് രണ്ടുമൈൽ ദൂരെയെത്തി. ഞാൻ ചുററും നോക്കിയപ്പോൾ ഒരു തേരാളിയെ കണ്ടു. ഒരു പട്ടാളക്കാരനെപ്പോലെ തോന്നിയ അയാൾ തലയിൽ കിരീടംപോലൊരു തലപ്പാവണിഞ്ഞിരുന്നു. അയാൾ ഒരു പട്ടാളക്കാരനാണെന്നു കരുതി ഞാൻ തിരികെ വേഗത്തിൽ ഗുഹയിലേയ്ക്കു് നടന്നു. അവിടെ ഒരു കൂട മുന്തിരിങ്ങയും പുതിയ അത്തിപ്പഴങ്ങളും കണ്ടു. രണ്ടു മാസത്തെ പട്ടിണിക്കു ശേഷം ഇത്രയും ആഹാരം ലഭിച്ചതിലുള്ള സമാശ്വാസത്താൽ വളരെ നന്ദിപൂർവ്വം ഞാൻ കൂട എടുത്തു് ഗുഹയിലേയ്ക്കു് പ്രവേശിച്ചു.''

4. അദ്ദേഹം ബേത്ലഹേമിൽ ചെയ്ത അത്ഭുതമിതാണ്: അശുദ്ധാത്മാവു ബാധിച്ച ഗർഭിണിയായ ഒരു സ്ത്രീ ഉണ്ടായിരുന്നു. പ്രസവസമയം അടുത്തപ്പോൾ അവൾക്കു് വലിയ വിഷമംഉണ്ടായി. കാരണം, അശുദ്ധാത്മാവു് അവളെ വിഷമിപ്പിച്ചുകൊണ്ടിരുന്നു. അവളെ അശുദ്ധാത്മാവ് ബാധിച്ചപ്പോൾ അവളുടെ ഭർത്താവു് എഴുന്നേററ് വിശുദ്ധമനുഷ്യനെ വിളിച്ചുകൊണ്ടു വരുവാനായി പോയി. പ്രാർത്ഥിക്കുവാനായി അവൻ അവൻെറ കൂടെ വന്നു. അപ്പോൾ അവൻ എഴുന്നേററുനിന്നു. രണ്ടാമത്തു് അവൻ മുട്ടുകുത്തിയപ്പോൾ അവൻ അശുദ്ധാത്മാവിനെ പുറത്താക്കി.

5. അദ്ദേഹം എഴുന്നേററ് ഞങ്ങളോട് ഇങ്ങനെ സംസാരിച്ചു; ''പ്രാർത്ഥിക്കുവിൻ; അശുദ്ധാത്മാവ് പൊയ്ക്കൊണ്ടിരിക്കുകയാണ്. നമ്മുടെ പരിപൂർണ്ണ ഉറപ്പിനുവേണ്ടി നമുക്കു് ഒരടയാളം ലഭിക്കേണ്ടിയിരിക്കുന്നു.''

അശുദ്ധാത്മാവ് വിട്ടുപോയപ്പോൾ മുറിയുടെ അടിത്തറ മുതൽ തട്ടിത്താഴെയിട്ടു. ആറു വർഷമായി സംസാരിക്കാതിരുന്ന ആ സ്ത്രീയാകട്ടെ അശുദ്ധാത്മാവ് പുറപ്പെട്ടുപോയപ്പോൾ ശിശുവിനെ പ്രസവിക്കുകയും സംസാരിക്കുകയും ചെയ്തു.

6. ഇദ്ദേഹം ചെയ്ത ഒരു പ്രവചനം എനിക്കറിയാം: ആ സ്ഥലത്തു് ജറോം [22] എന്ന ഒരു പുരോഹിതൻ വസിച്ചിരുന്നു. അദ്ദേഹം കുലീനകുടുംബത്തിൽ പെട്ടവനും ലത്തീൻ ഭാഷയിൽ പ്രാവീണ്യമുള്ളവനുമായിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ പാണ്ഡിത്യത്തെ നഷ്ടപ്രഭമാക്കുന്ന ഒരു അവസ്ഥാവിശേഷം അദ്ദേ

22. വി. ജറോം (347—420) ആണ് വിവക്ഷ.

www.malankaralibrary.com



ഹത്തിനുണ്ടായിരുന്നു.[23] പൊസിദോണിയൂസ് നിരവധി ദിവസങ്ങളോളം അദ്ദേഹത്തോടൊപ്പം പാർത്തു. അദ്ദേഹം എന്റെ ചെവിയിൽ ഇപ്രകാരം മന്ത്രിച്ചു: "അദ്ദേഹത്തെ പരിചരിച്ചുകൊണ്ടിരുന്ന ശ്രേഷ്ഠയായ പൗള[24] ഏതാണ്ട് മരിക്കാറായി. അങ്ങനെ അവന്റെ നിസ്സാരതയിൽനിന്ന് രക്ഷപ്പെട്ടു എന്നു ഞാൻ കരുതുന്നു."

7. അവൻ നിമിത്തം ഈ ഭാഗങ്ങളിൽ ഒരു വിശുദ്ധനും താമസിക്കുന്നില്ല. അവന്റെ സ്വന്തം സഹോദരനെ തന്നെ ആട്ടിഓടിക്കത്തക്കതാണ് അവന്റെ കോപം.

അപ്രകാരം സംഭവിക്കുകയും ചെയ്തു. കാരണം, അവൻ ഇററലിക്കാരനും ഭാഗ്യവാനുമായ ഓക്സിപേറെൻസിയൂസിനെയും മറെറാരു വിശുദ്ധനും ഈജിപ്ററ്കാരനുമായ പത്രോസിനെയും ശിമയോനെയും ആട്ടി ഓടിച്ചു. ഞാൻ അംഗീകരണ സാക്ഷ്യം നല്കിയിട്ടുള്ളവരാണ്ഇവർ മൂവരും.

അദ്ദേഹം മുപ്പതുവർഷത്തോളം അപ്പം ഭക്ഷിച്ചില്ല. അര ദിവസം പോലും ആക്കെങ്കിലും എതിരായി വിരോധം വച്ചുകൊണ്ടിരുന്നുമില്ല എന്ന് പൊസിദോണിയൂസ് എന്നോട് പറഞ്ഞു.

## 37. സറാപ്പിയോൻ

സിൻദോണിറെറസ് എന്ന് കളിയാക്കി വിളിക്കപ്പെടുന്ന സറാപ്പിയോൻ എന്നൊരാൾ ഉണ്ടായിരുന്നു. അദ്ദേഹം ഒരു അരക്കച്ചയല്ലാതെ മറെറാന്നും ഒരിക്കലും ധരിച്ചിരുന്നില്ല. അദ്ദേഹം ഏററം വലിയ ദാരിദ്ര്യം അഭ്യസിച്ചിരുന്നു; വലിയ പണ്ഡിതനുമായിരുന്നു; അദ്ദേഹം വിശുദ്ധഗ്രന്ഥം മനഃപാഠമാക്കിയിരുന്നു. ഇത്രവലിയ ദാരിദ്ര്യത്തിൽ ജീവിക്കുകയും, വിശുദ്ധഗ്രന്ഥങ്ങളെക്കുറിച്ച് ധ്യാനിക്കുകയും ചെയ്തിരുന്ന അദ്ദേഹത്തിന് തന്റെ മുറിയിൽ നിശ്ശബ്ദനായി ഒതുങ്ങിക്കഴിയാൻ സാധിച്ചില്ല. ഭൗതികവസ്തുക്കളാൽ അദ്ദേഹത്തിന് മനഃപതർച്ച

23. പല്ലാഡിയൂസും ജറോമും തമ്മിൽ രസച്ചേർച്ച ഇല്ലായിരുന്നു എന്ന് പറയപ്പെടുന്നു. പല്ലാഡിയൂസ്സിൽ ജറോം ഒരിജനിസം ആരോപിച്ചു. ജറോമിൽ ചില കുറവുകളുള്ളതായി പല്ലാഡിയൂസും സൂചിപ്പിക്കുന്നു. താഴെ അധ്യായം 41;2 കാണുക.

24. റോമിൽ നിന്ന് യറുശലേമിലെത്തി വി. ജറോമിന്റെ ആധ്യാത്മിക നേതൃത്വം സ്വീകരിച്ച ഒരു കലീന സ്ത്രീ. അവരൊരു സന്ന്യാസഭവനത്തിന്റെ അദ്ധ്യക്ഷയായിരുന്നു, അവളുടെ മരണശേഷം പുത്രിയായ എവുസ്റ്റോക്കിയ അധിപയായി. ജറോം ഇരുവർക്കും അയച്ച കത്തുകൾ വിലപ്പെട്ടവയാണ്.

www.malankaralibrary.com



ഉണ്ടായിയെന്നല്ല അതിനർത്ഥം; അദ്ദേഹം ലോകത്തിൽ ചുററി നടന്നപ്പോഴും ഈ സുകൃതാഭ്യാസനം പൂർത്തിയാക്കിക്കൊണ്ടിരുന്നു. അപ്രകാരമായിരുന്നു അദ്ദേഹത്തിന്റെ സ്വഭാവം. സ്വഭാവങ്ങളിൽ വ്യത്യാസം ഉണ്ടാകാം. എന്നാൽ സത്തയിൽ കാണില്ലല്ലോ.

2. അദ്ദേഹം ഒരു താപസനെ തന്റെ സഹചാരിയായി തിരഞ്ഞെടുത്തു; ഇരുപതു് നാണയങ്ങൾക്കു് ഒരു ഗ്രീക്ക നാടകക്കമ്പനിക്കാർക്കു് സ്വയം വിററു എന്നു് പിതാക്കന്മാർ പറയുന്നു. അദ്ദേഹം ആ നാണയങ്ങൾ പൊതിഞ്ഞു സൂക്ഷിച്ചു. അദ്ദേഹത്തെ വിലയ്ക്കുവാങ്ങിയ നാടകക്കമ്പനിക്കാരെല്ലാം ക്രിസ്ത്യാനികളായി തീരുന്നതുവരെ ദീർഘനാൾ അദ്ദേഹം അവരോടൊത്തു് താമസിച്ചു. അതിനുശേഷം അപ്പവും വെള്ളവും മാത്രം എടുത്തുകൊണ്ടു് അവിടെ നിന്നു് പിൻവാങ്ങി. വിശുദ്ധഗ്രന്ഥങ്ങൾ ചർച്ചചെയ്യുന്നതിൽനിന്നു് അദ്ദേഹം ഒരിക്കലും വിരമിച്ചിരുന്നില്ല.

3. കുറേക്കാലം കഴിഞ്ഞു് നടനും നടിക്കും അവരുടെ സമൂഹം മുഴുവനും അദ്ദേഹത്തോടു് അനുകമ്പതോന്നി. അവർ അദ്ദേഹത്തെ തിരിച്ചറിയാതിരുന്നിടത്തോളം സമയം അവരിരുവരുടെയും പാദങ്ങൾ കഴുകാൻകൂടി അദ്ദേഹം സന്നദ്ധനായിരുന്നു എന്നു് പറയപ്പെടുന്നു. ചുരുക്കത്തിൽ, അവരിരുവരും മാമോദീസാ സ്വീകരിച്ചു് നാടകക്കമ്പനി ഉപേക്ഷിച്ചു. അവർ ശിഷ്ടായുസ്സു് വിശുദ്ധവും ഭക്തിനിർഭരവുമായ ഒരു ജീവിതം നയിച്ചു. അവർ അദ്ദേഹത്തെ വളരെയധികം ബഹുമാനിച്ചിരുന്നു. ''സഹോദരാ, വരൂ; അങ്ങു് ഞങ്ങളെ ലജ്ജാകരമായ അടിമത്തത്തിൽനിന്നു് വിമുക്തരാക്കിയതിനാൽ, ഞങ്ങൾ അങ്ങയെ സ്വതന്ത്രനാക്കാം'' എന്നു് അവർ അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹം അവരോടു് പറഞ്ഞു: ''ദൈവം നിങ്ങളുടെ ആത്മാക്കളിൽ പ്രവർത്തിച്ചു്, നിങ്ങളെ രക്ഷിച്ചതിനാൽ, എന്റെ പ്രവർത്തനരഹസ്യം നിങ്ങളെ അറിയിക്കാം.''

4. ''എനിക്കു് നിങ്ങളുടെ ആത്മാക്കളിൽ അനുകമ്പ തോന്നി. ഞാൻ സ്വതന്ത്രനായ ഒരു ഈജിപ്ഷ്യൻ സന്ന്യാസിയാണു്. നിങ്ങൾ രക്ഷപ്രാപിക്കാനായി ഞാൻ എന്നെ നിങ്ങൾക്കു് വിററു. ദൈവം ഇപ്രകാരം പ്രവർത്തിക്കുകയും, എന്റെ താഴ്ചവഴി നിങ്ങളുടെ ആത്മാക്കൾ രക്ഷപ്രാപിക്കുകയും ചെയ്തതിനാൽ, നിങ്ങളുടെ പണം എടുത്തുകൊള്ളുക. ഞാൻ പോയി മററുള്ളവരെ സഹായിക്കട്ടെ.''

''അങ്ങു് ഞങ്ങളുടെ പിതാവും യജമാനനുമായിരിക്കണം. ഞങ്ങളോടുകൂടെ പാർക്കുകമാത്രം ചെയ്യുക'' എന്നു് അവർ അദ്ദേ

www.malankaralibrary.com



ഹത്തോടു താണപേക്ഷിക്കുകയും അദ്ദേഹത്തിനു് അവർ ഉറപ്പു കൊടുക്കുകയും ചെയ്തു. എങ്കിലും അദ്ദേഹത്തെ പ്രേരിപ്പിക്കാൻ അവർക്കു സാധിച്ചില്ല. അപ്പോഠം അവർ അദ്ദേഹത്തോടു പറഞ്ഞു: "ഈ പണം പാവങ്ങഠംക്കു കൊടുക്കുക; കാരണം, ഇതു് ഞങ്ങളുടെ രക്ഷയുടെ ആദ്യ അച്ചാരമാണു്. കുറഞ്ഞതു് ആണ്ടി ലൊരിക്കലെങ്കിലും അങ്ങു് ഞങ്ങളെ സന്ദർശിക്കണം."

5. അദ്ദേഹം തുടർച്ചയായി യാത്രചെയ്തു് ഗ്രീസിൽ വന്നു; ആഥൻസിൽ മൂന്നു ദിവസം താമസിച്ചു. എന്നാൽ അവിടെ ആരും അവനു് ഭക്ഷണം നൽകിയില്ല. അദ്ദേഹത്തിൻെറ പക്കൽ പണമോ, വസ്ത്രമോ, അതുപോലെയുള്ള മററന്തെങ്കിലു മോ ഇല്ലായിരുന്നു. നാലാം ദിവസമായപ്പോഠം അദ്ദേഹം വിശ ന്നു വിവശനായി. കാരണം, സ്വമേധയാ അല്ലാത്ത വിശപ്പ് ഭയങ്കരമാണ്; പ്രത്യേകിച്ചു്, തെററായ വിശ്വാസത്തിലാണെ ങ്കിൽ പറയാനുമില്ല. അദ്ദേഹം പട്ടണത്തിലുള്ള ഒരു കുന്നിലെ ഉയർന്ന സ്ഥലത്തു കയറി നിന്നുകൊണ്ടു് ദയനീയമായി കര യാൻ തുടങ്ങി. കൈക്കൂട്ടിയടിച്ചു് "ആഥൻസുകാരായ മനുഷ്യരെ, സഹായിക്കണമെ" എന്നു് വിളിച്ചു പറഞ്ഞു.

6. താത്ത്വികരും ജോലിക്കാരും ഒപ്പം, ജനങ്ങളെല്ലാം അദ്ദേഹത്തിൻെറ പക്കൽ ഓടിക്കൂടി ചോദിച്ചു: "നിനക്കെന്തു പററി? നീ എവിടെ നിന്നാണു്? സംഗതി എന്താണു്?"

അദ്ദേഹം പറഞ്ഞു: "ഞാനൊരീജിപ്തുകാരനാണു്. ഞാൻ എൻെറ രാജ്യത്തു നിന്നു് പുറപ്പെട്ടപ്പോഠം നാണയകൈ മാററക്കാരായ മൂന്നു പേരുടെ കൈകളിൽ അകപ്പെട്ടു. എന്നെ വിട്ടകന്നു പോയപ്പോഠം അവരിൽ രണ്ടുപേർ തികച്ചും സംതൃപ്ത രായിരുന്നു; അവർ എൻെറ മേൽ പിന്നീടു് അവകാശവാദം ഒന്നും പുറപ്പെടുവിച്ചില്ല. എന്നാൽ ഒരാഠം മാത്രം എന്നെ വിട്ടു പേക്ഷിക്കാൻ കൂട്ടാക്കിയില്ല." അവരാകട്ടെ നാണയ കൈമാ ററക്കാരെപ്പററി കൂടുതലായി അറിയാൻ ആഗ്രഹിച്ചു; അങ്ങനെ അവർക്കു് സംതൃപ്തിയുണ്ടാകുവാനായി അവർ ആരാഞ്ഞു: "അവർ എവിടെയാണു്? അവർ ആരാണു്? നിന്നെ അലട്ടു ന്നവൻ ആരാണു്? അവനെ കാണിക്കുക, ഞങ്ങഠം നിന്നെ സഹായിക്കാം."

7. അപ്പോഠം അദ്ദേഹം അവരോടു പറഞ്ഞു: "എൻെറ യൗവനം മുതൽ അത്യാർത്തി, അത്യാഗ്രഹം, അശുദ്ധി എന്നിവ എന്നെ പീഡിപ്പിച്ചുകൊണ്ടിരുന്നു. അത്യാർത്തിയിൽ നിന്നും അശുദ്ധിയിൽ നിന്നും ഞാൻ വിമുക്തനത്രേ. അവ എന്നെ പീഡിപ്പിക്കുന്നില്ല. എന്നാൽ അത്യാഗ്രഹത്തിൽ നിന്നു് വിമു ക്തനാകാൻ എനിക്കു സാധിക്കുന്നില്ല. ഞാൻ എന്തെങ്കിലും

www.malankaralibrary.com



ഭക്ഷിച്ചിട്ട് നാലു ദിവസമായി. എൻെറ വയറ് നിരന്തരം പിറുപിറുക്കുകയാണ്. അതിന് പതിവായി ലഭിക്കുന്നത് കിട്ടാൻവേണ്ടിയുള്ള മുറവിളിയാണ്. അതു് ലഭിച്ചില്ലെങ്കിൽ എനിക്കു് ജീവിക്കാൻ സാദ്ധ്യമേയല്ല.'' അദ്ദേഹം ഒരു നടനാണെന്നു് കരുതി ചില താത്ത്വികർ അദ്ദേഹത്തിനു് ഒരു നാണയം കൊടുത്തു. അദ്ദേഹം അതെടുത്തു് ഒരു റൊട്ടിക്കടയിൽ ചെന്നു് റൊട്ടി വാങ്ങി. ഉടനെ അദ്ദേഹം റോഡിലിറങ്ങി, പിന്നീട് തിരികെ വന്നതേയില്ല.

8. അദ്ദേഹം എത്രമാത്രം സുകൃതവാനാണെന്നു് അപ്പോഴാം ആ താത്ത്വികർക്കു മനസ്സിലായി. അവർ റൊട്ടിയുടെ വില കൊടുത്തിട്ട് അദ്ദേഹം കൊടുത്ത നാണയം തിരികെ വാങ്ങി.

പിന്നീട് അദ്ദേഹം ലാസെഡെമോണിയായിലേക്കു് പോയി. ആ പട്ടണത്തിലെ വളരെ പ്രധാനപ്പെട്ട ഒരാളെപ്പററി കേട്ടു. അദ്ദേഹവും കുടുംബവും മുഴുവനും മാനിക്കേയരായിരുന്നു; മററ് സകലതിലും അവർ നീതിനിഷ്ഠരായിരുന്നു. ആദ്യം ചെയ്തതുപോലെ ഈ കുടുംബത്തിനു് അദ്ദേഹം സ്വയം വിററു. രണ്ടുവർഷങ്ങൾക്കകം അദ്ദേഹം അയാളെയും കുടുംബത്തെയും പാഷണ്ഡത വിട്ടു് സഭയിലേക്കു് തിരിച്ചു. പിന്നീട് അവർ അദ്ദേഹത്തെ ഒരിക്കലും ദാസനായി കരുതിയില്ല; പിന്നെയോ, ഒരു ബന്ധുവായും ഒരു സഹോദരനായും ഒരു പിതാവായും കരുതി അവർ ദൈവത്തെ മഹത്ത്വപ്പെടുത്തി.

9. റോമിലേക്കു പോകാനായി അദ്ദേഹം ഒരു കപ്പൽ കയറി. അദ്ദേഹം യാത്രക്കൂലി കൊടുത്തുകാണും, അല്ലെങ്കിൽ അദ്ദേഹത്തിൻെറ പക്കൽ പണം കാണും എന്നു് കപ്പൽക്കാർ കരുതി. അദ്ദേഹത്തെ അവർ ഒരു സാധാരണ യാത്രക്കാരനായി കരുതി. അവർ യാത്ര തുടങ്ങി. അലക്സാണ്ഡ്രിയായിൽ നിന്നു് 500 സ്റ്റേഡിയ ദൂരത്തായപ്പോഴം, സൂര്യാസ്തമയത്തോട്ടു് കൂടി യാത്രക്കാർ ഭക്ഷിക്കാൻ തുടങ്ങി. കപ്പലിലെ ജോലിക്കാർ നേരത്തെ ഭക്ഷണം കഴിച്ചിരുന്നു.

10. അദ്ദേഹം ആദ്യദിവസം ഭക്ഷണം കഴിക്കാതിരുന്നതു് അവർ ശ്രദ്ധിച്ചു. കടൽയാത്രമൂലമായിരിക്കാമിതു് എന്നു് അവർ ചിന്തിച്ചു. ഇങ്ങനെതന്നെ രണ്ടും മൂന്നും നാലും ദിവസങ്ങൾ കഴിഞ്ഞു. അഞ്ചാം ദിവസം അദ്ദേഹം ശാന്തനായിരിക്കുന്നതും അവർ കണ്ടു. ഉടനെ അവർ തിരക്കി, ''മനുഷ്യാ, താനെന്താണ് ഭക്ഷിക്കാത്തതു്?'' അദ്ദേഹം പറഞ്ഞു: ''എനിക്കൊന്നും ഇല്ലാത്തതിനാൽ.'' ഉടനെ അവർ പരസ്പരം ചോദിച്ചു: ''അദ്ദേഹത്തിൻെറ ടിക്കററെടുത്തതാരാണ്, പണം കൊടുത്തതാരാണു്?''

www.malankaralibrary.com



11. ആരും അദ്ദേഹത്തിന്റെ പേരിൽ പണം ഒടുക്കിയിട്ടില്ലെന്നു കണ്ട് അവർ അദ്ദേഹത്തെ ചോദ്യം ചെയ്യാൻ തുടങ്ങി; "യാത്രക്കൂലിയില്ലാതെ തനിക്കെങ്ങനെ യാത്ര ചെയ്യാൻ തോന്നി? എവിടെനിന്നു് നീയതു് വാങ്ങിത്തരും? നിനക്കു ഭക്ഷിക്കുവാൻ എന്തുണ്ടു്?" അദ്ദേഹം അവരോടു പറഞ്ഞു: "എനിക്കൊന്നും ഇല്ല. എന്നെ എടുത്തു് നിങ്ങൾ കണ്ടിടത്തു് തിരികെ ഇട്ടേയ്ക്കുക."

നൂറു് നാണയങ്ങൾക്കുവേണ്ടി യാത്ര മുടക്കാൻ കപ്പൽക്കാർ കൂട്ടാക്കിയില്ല. അവർ യാത്ര തുടന്നു. അവനും കപ്പലിൽ തുടന്നു. റോം വരെ അവനു ഭക്ഷണം കൊടുത്തുകൊണ്ടിരുന്നു.

12. റോമിലെത്തിയപ്പോൾ, പട്ടണത്തിൽ വലിയ താപസരായി സ്ത്രീപുരുഷന്മാർ ആരെങ്കിലും ഉണ്ടോ എന്നു് അദ്ദേഹം തിരക്കി. അവിടെ ഡൊമ്നീനുസ്[25] എന്നയാളെ കണ്ടുമുട്ടാൻ ഇടയായി. ഈയാൾ ഒരിജന്റെ ഒരു ശിഷ്യനായിരുന്നു. മരണശേഷം ഈ ഒരിജന്റെ കട്ടിൽ രോഗശാന്തി വരുത്തിയിരുന്നു. ഈ ഡൊമ്നീനുസ് സറാപിയോനെ സഹായിച്ചു. കുലീനകുടുംബത്തിൽപെട്ടവനും വിദ്യാസമ്പന്നനും ശ്രേഷ്ഠനുമായിരുന്നു ഡൊമ്നീനുസ്. സ്ത്രീപുരുഷന്മാരായ താപസരെപ്പററിയും, ആർക്കും സന്ദർശനം അനുവദിക്കാതെ ഏകാന്തജീവിതം നയിക്കുന്ന ഒരു കന്യകയെപ്പററിയും[26] അദ്ദേഹം അയാളിൽ നിന്നു് ഗ്രഹിച്ചു.

13. ആ യുവതി പാർക്കുന്നിടം അദ്ദേഹം കണ്ടുപിടിച്ച് അവിടേയ്ക്കു പുറപ്പെട്ടു. അവളെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന വൃദ്ധയോടു് പറഞ്ഞു: "അവളെ ഞാൻ കാണേണ്ടതു് അത്യാവശ്യമാണു്. ദൈവം എന്നെ അയച്ചിരിക്കുന്നു എന്നു് യുവതിയോടു് പറയുക."

രണ്ടു മൂന്നു ദിവസത്തെ കാത്തിരിപ്പിനു ശേഷം അദ്ദേഹം അവളെ കണ്ടുമുട്ടി അവളോടു് ചോദിച്ചു: "നീയെന്തിനാണു് സദാ കുത്തിയിരിക്കുന്നതു്?" അവൾ പറഞ്ഞു: "ഞാൻ ഇരിക്കാറില്ല; ഞാൻ യാത്ര ചെയ്യുന്നു." അവൻ ചോദിച്ചു:

---

25. ഡൊമ്നീനുസ് (ഡോമ്നിയോ); പൗളിനുസ്, ലേഖനം, 3:3 ജറോം. ലേഖ. 47:3; ലേഖ 50 (ഡോമ്നിയോസ്സ്). റോമൻ രക്തസാക്ഷി വിവരണത്തിലും ഇദ്ദേഹത്തെപ്പററി സൂചിപ്പിക്കുന്നു.

26. അസെല്ല എന്ന റോമൻ ഏകാന്ത ജീവിതക്കാരിയെപ്പററിയാകാം പരാമർശനം. ജറോം, ലേഖ. 24 ൽ ഇവളെപ്പററി പറയുന്നു. ലേഖ. 45 അവൾക്കാണു് ജറോം അയച്ചതു്. താഴെ അധ്യായം 41:4 കാണുക.

www.malankaralibrary.com



''നീഎങ്ങോട്ടാണ്‌യാത്ര ചെയ്യുന്നു.'' അവരം: ''ദൈവത്തിലേയ്ക്കു്.'' അവൻ അവളോട് ചോദിച്ചു: ''നീ ജീവനുള്ളവളോ മരിച്ചവളോ?'' അവരം മറുപടി പറഞ്ഞു: ''ഞാൻ മരിച്ചവളാണെന്നു് ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു: കാരണം, ജഡത്തിലുള്ളവരാരും ആ യാത്ര ചെയ്യാറില്ല.'' അവൻ പറഞ്ഞു: ''നീ മരിച്ചവളാണെന്നു് എന്നെ ബോധ്യപ്പെടുത്താൻ ഞാൻ ചെയ്യുന്നതു് നീ ചെയ്യുക.'' അവരം അവനോട് പറഞ്ഞു: ''സാദ്ധ്യമായതെന്തും കല്പിക്കുക ഞാനതു ചെയ്യാം.''

14. അദ്ദേഹം മറുപടിയായി പറഞ്ഞു: ''അഭക്തമായ കർമ്മമൊഴിച്ചെന്തും ചെയ്യാൻ മരിച്ചയാരംക്കു് സാധ്യമാണു്''. എന്നിട്ടദ്ദേഹം അവളോട് പറഞ്ഞു: ''നീ പുറത്തുപോയി നിന്നെതന്നെ പ്രദർശിപ്പിക്കുക.'' അവരം മറുപടിയായി പറഞ്ഞു: ''ഇരുപത്തഞ്ചു വർഷമായി ഞാനിവിടെയാണു്. ഇവിടെനിന്നു് പുറത്തുപോയിട്ടില്ല. ഞാൻ എന്തിനാണു് പുറത്തുപോകുന്നതു്?'' അദ്ദേഹം അവളോട് പറഞ്ഞു: ''നീ ലോകത്തിനും ലോകം നിനക്കും മരിച്ചതാണെങ്കിൽ (ഗലാ. 6:14) നീ പുറത്തു പോകുകയോ പോകാതിരിക്കുകയോ ചെയ്യുന്നതു് ഒരു പോലെയാണു്.അതുകൊണ്ടു് പുറത്തു പോകുക.''

അവരം ഉടനെ പുറത്തുപോയി പൊതുസ്ഥലങ്ങളിൽ പ്രത്യക്ഷപ്പെട്ടു; ചില പള്ളികളൊക്കെ സന്ദർശിച്ചു. അപ്പോരം അദ്ദേഹം അവളോട പറഞ്ഞു: ''നീ മരിച്ചവളാണു്, മനുഷ്യരെ പ്രീണിപ്പിക്കുന്ന ജീവനുള്ളവളല്ല (ഗലാ. 1:10) എന്നു് യഥാർത്ഥമായി എന്നെ ബോദ്ധ്യപ്പെടുത്താൻ ആഗ്രഹിക്കുന്നെങ്കിൽ ഞാൻ ചെയ്യുന്നതു ചെയ്യുക. നീ മരിച്ചവളാണെന്നു് അപ്പോരം ഞാൻ അറിയും''.

15. ''നിന്റെ തുണി അഴിച്ചു് തോളിലിട്ടു് ഞാൻ പോകുന്നതുപോലെ എന്റെ പിറകെ നഗരമധ്യത്തിലൂടെ നടക്കുക.'' അവരം അദ്ദേഹത്തോടു് പറഞ്ഞു: ''ഇത്ര മോശമായ ഒരു കാര്യം ചെയ്താൽ നിരവധിയാളുകരംക്കു് ഉതപ്പുണ്ടാകാനിടയാകും. അവർ പറയും അവരംക്കു് ഭ്രാന്താണു്; പിശാചു് ബാധിച്ചിരിക്കയാണു്.'' അദ്ദേഹം അവളോടു് പറഞ്ഞു: ''നിനക്കു് ഭ്രാന്താണു്, അല്ലെങ്കിൽ പിശാചു് ബാധിച്ചതാണു് എന്നു് അവർ പറഞ്ഞാൽ നിനക്കെന്താണു്?'' അപ്പോരം അവരം അദ്ദേഹത്തോടു് പറഞ്ഞു: ''മറ്റെന്തെങ്കിലുമാണു് അങ്ങു് ആവശ്യപ്പെടുന്നതെങ്കിൽ ഞാൻ ചെയ്യാം. ഇപ്രകാരം ചെയ്യാൻ എനിക്കു് കഴിവുണ്ടെന്നു് തോന്നുന്നില്ല.''

16. അപ്പോരം അദ്ദേഹം അവളോട പറഞ്ഞു: ''നോക്കുക, മറ്റുള്ളവരേക്കാരം നീ കൂടുതൽ ഭക്തയാണെന്നോ, ലോക

www.malankaralibrary.com



ത്തിനു് മരിച്ചവളെന്നോ സ്വയം കരുതരുതു്. ആ അർത്ഥത്തിൽ ഞാൻ നിന്നെക്കാരം മരിച്ചവനാണെന്നു് വേണമെങ്കിൽ കാണിച്ചുതരാം. ലജ്ജാരഹിതനായും വികാരരഹിതനായും ഇതെനിക്കുചെയ്യാൻ സാധിക്കും.''

അവളെ വിനീതയാക്കി, അവളുടെ അഹങ്കാരം തകർത്തു് അദ്ദേഹം അവിടെനിന്നു് പോയി.

അദ്ദേഹത്തിന്റെ പരിപൂർണ്ണമായ ആത്മനിയന്ത്രണത്തെ ഉദാഹരിക്കുന്ന മററു് നിരവധി അത്ഭുതങ്ങളും ഉണ്ടു്. അറുപതാം വയസ്സിൽ അദ്ദേഹം മരിച്ചു. റോമിൽ തന്നെ അടക്കപ്പെട്ടു.

## 38. എവാഗ്രിയുസ്

1. യഥാർത്ഥത്തിൽ അപ്പസ്തോലിക രീതിയിൽ ജീവിച്ച പ്രശസ്ത ഡീക്കൻ എവാഗ്രിയുസിനെപ്പററി[27] ചർച്ച ചെയ്യാതെ കടന്നുപോകുന്നതു് ശരിയായിരിക്കുകയില്ല. ഈ വിവരണം വായിക്കാനിടയാകുന്നവരുടെ ആത്മീയശിക്ഷണത്തിനും നമ്മുടെ രക്ഷകന്റെ നന്മയുടെ മഹത്വത്തിനുമായി ഈ സംഗതികരം എഴുതപ്പെടണം. അദ്ദേഹം എപ്രകാരം തന്റെ ലക്ഷ്യത്തിൽ എത്തിച്ചേർന്നെന്നും, ശരിയായ രീതിയിൽ എപ്രകാരം തപസനുഷ്ഠിച്ചെന്നും, അതിനുശേഷം 54-ാം വയസ്സിൽ മരിച്ചെന്നും ആരംഭം മുതൽ വിവരിക്കുന്നതു് ഉചിതമാണെന്നു് ഞാൻ കരുതുന്നു. വി. ഗ്രന്ഥം സാക്ഷിക്കുന്നതുപോലെ ''ചുരുങ്ങിയ സമയംകൊണ്ടു് അദ്ദേഹം അനേക വർഷങ്ങരം പൂർത്തീകരിച്ചു.'' (വിജ്ഞാ. 4:13).

2. പോന്തുസിലെ ഇബോറാം[28] നഗരത്തിലെ ഒരു കോർഎപ്പിസ്കോപ്പായുടെ[29] പുത്രനായിരുന്നു അദ്ദേഹം.

---

27. എവഗ്രിയൂസ് (346-399) ഏഷ്യാമൈനറിലെ പോന്തുസ്സിൽ നിന്നുള്ള ആളായിരുന്നു. ഈജിപ്ഷ്യൻ സന്യാസികരംക്കു് ശിഷ്യപ്പെട്ടു് സന്ന്യാസജീവിതം തുടങ്ങി; നിത്രിയൻ മരുഭൂമി, ചെല്ലിയ എന്നിവിടങ്ങളിൽ കുറേനാരം ജീവിച്ചു. പല്ലാഡിയുസ്സിന്റെ ഗുരുവായിരുന്നു അദ്ദേഹം. കിഴക്കും പടിഞ്ഞാറും ഉള്ള താപസർ ധാരാളമായി എവാഗ്രിയൻ കൃതികരം ഉപയോഗിച്ചിരുന്നു. ഒരിജനിസം എന്ന അബദ്ധോപദേശം അദ്ദേഹത്തിന്റെ കൃതികളിൽ ഉണ്ടെന്നു് ഒരു കാലത്തു് കരുതപ്പെട്ടിരുന്നു.

28. ഹെലേനോപോന്തുസിലെ ഒരു സ്ഥലമാണു് ഇബോറാ. കപ്പദോചിയായിൽ വി. ബേസിലിന്റെ ആശ്രമത്തിനടുത്തണിതു്. സൊസൊമെൻ സഭാ. 3:30.

29. നാട്ടുമ്പുറത്തെ മെത്രാനായിരുന്നു സഭാരംഭകാലത്തു് കോറെപ്പിസ്കോപ്പാ. മെത്രാൻപട്ടം ഉണ്ടായിരുന്നെങ്കിലും, അധികാരനിയന്ത്രണം ഉണ്ടായിരുന്നു. ഇപ്പോരം ബഹുമാനസൂചകമായ ഒരു സ്ഥാനം മാത്രമാണിതു്.

www.malankaralibrary.com



ചെസാറിയാ സഭയുടെ മെത്രാനായ ബെസേലിയോസ് അദ്ദേഹത്തെ 'വായനക്കാരൻ' ആയി പട്ടം കൊടുത്തു. ബസേലിയോസിൻെറ മരണാനന്തരം കുശാഗ്രബുദ്ധിയും, ഏററം പ്രശാന്തനും, അഗാധപണ്ഡിതനും, ആയ ഗ്രിഗറി നസ്യാൻസൻ[30] എവാഗ്രിയൂസിനെ ശ്രദ്ധിക്കുകയും ഡീക്കൻ പട്ടം നല്കുകയും ചെയ്തു. കോൺസ്റ്റാൻറിനോപ്പിളിലെ മഹാസൂനഹദോസിൻെറ കാലത്തു് ഗ്രിഗറി അദ്ദേഹത്തെ എല്ലാ പാഷണ്ഡതകളേയും അമർച്ച ചെയ്യുന്നതിൽ കഴിവുററവനെന്ന നിലയിൽ ഭാഗ്യവാനായ നെക്താരിയൂസ് മെത്രാനെ[31] ഏല്പിച്ചു. എല്ലാ പാഷണ്ഡതകളേയും യുവത്തിടമ്പിൻെറ ചുറുചുറുക്കോടെ എതിർത്ത് അമർച്ച ചെയ്തുകൊണ്ട് മഹാനഗരത്തിൽ അദ്ദേഹം പരിലസിച്ചു.

3. പട്ടണം മുഴുവൻ അദ്ദേഹത്തെ ബഹുമാനിച്ചിരുന്നു. എന്നാൽ, അദ്ദേഹം ഒരു സ്ത്രീയെപ്പററിയുള്ള ചിന്തയാൽ അലട്ടപ്പെടുവാൻ തുടങ്ങി. ഈ ചിന്തയിൽനിന്നു് പില്കാലത്തു് വിമുക്തനായശേഷം അദ്ദേഹം ഞങ്ങളോടു പറഞ്ഞതാണ് ഞങ്ങളിതറിയാൻ ഇടയായതു്. ആ സ്ത്രീയും അദ്ദേഹത്തെ സ്നേഹിച്ചിരുന്നു. അവരം ഒരു കലീനകുടുംബത്തിൽപെട്ടവളായിരുന്നു. ദൈവത്തെ ഭയപ്പെടുകയും സ്വന്തം മനസ്സാക്ഷിയെ ബഹുമാനിക്കുകയും ചെയ്തു എവാഗ്രിയൂസ് ഈ നാണക്കേടിൻെറ വലിപ്പവും, തൻെറ തെററിൽ പാഷണ്ഡികാംക്ക് ഉണ്ടായേക്കാവുന്ന സന്തുഷ്ടിയും വ്യക്തമായി മനസ്സിലാക്കി; തൻെറ പാതയിൽ എന്തെങ്കിലും തടസ്സം സൃഷ്ടിക്കണമേയെന്നു് അദ്ദേഹം താഴ്മയായി ദൈവത്തോടു് അപേക്ഷിച്ചു. ആ സ്ത്രീയുമായുള്ള ബന്ധം വിച്ഛേദിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. എന്നാൽ അവളാകട്ടെ അതീവ തല്പരയും മദോന്മത്തയും ആയിത്തീൎന്നു. എന്നാൽ ബന്ധം വിച്ഛേദിക്കാൻ അദ്ദേഹത്തിനു് ഒട്ടും മനസ്സു വന്നില്ല കാരണം, അത്രമാത്രം ജഡികപാശങ്ങളാൽ അദ്ദേഹം ബന്ധിതനായിരുന്നു.

4. അദ്ദേഹം കുറേനേരം പ്രാൎത്ഥിച്ചു കഴിഞ്ഞപ്പോരം ഒരു ദിവ്യ ദർശനം ഉണ്ടായി.[32] ഗവർണറുടെ പടയാളികരം അദ്ദേഹത്തെ കഴുത്തിലും കയ്യിലും ഇരുമ്പുചങ്ങലകരം കൊണ്ടു് ബന്ധിച്ച് കസ്ററഡിയിൽ എടുത്തതായി കണ്ടു. എന്തിനിതു ചെയ്തു എന്നു് അവർ അദ്ദേഹത്തോടു പറഞ്ഞില്ല. എന്നാൽ

---

30 സൊക്രാട്ടസ്, സഭാ. 4:23; സൊസെമെൻ, സഭാ. 6:30.

31 നെക്താരിയൂസ്. (381—397) കോൺസ്റ്റാൻറിനോപ്പിളിൽ ഗ്രിഗറി നസ്യാൻസൻെറ പിൻഗാമിയായിരുന്നു.

32. സൊസൊമെൻ, സഭാ. 6;30.

www.malankaralibrary.com



താൻ പ്രവർത്തിച്ചതു നിമിത്തമാണ് ഇതെന്ന് അദ്ദേഹത്തിന്റെ മനസ്സാക്ഷിയിൽ അദ്ദേഹത്തിനു് അറിയാമായിരുന്നു; ആ സ്ത്രീയുടെ ഭർത്താവാണ് ഇതു് ചെയ്യിച്ചതു് എന്നു് അദ്ദേഹം കരുതി.

5. അദ്ദേഹം വളരെ പര്യാകുലനായി. മറേറതോ സംഗതിക്കുവേണ്ടി മററുചിലരോടൊപ്പം എവാഗ്രിയൂസും വിസ്തരിക്കപ്പെട്ടുകൊണ്ടിരുന്നതായും ദർശനം കണ്ടു. തന്നോടു സംസാരിച്ച ദൂതൻ തന്റെ രൂപം മാററി ഒരു യഥാർത്ഥ സുഹൃത്തായി പ്രത്യക്ഷപ്പെട്ടു. നാല്പതു് കുററവാളികളോടൊപ്പം കെട്ടപ്പെട്ടവനായി നിന്ന അദ്ദേഹത്തോടു് ദൂതൻ ഇപ്രകാരം സംസാരിച്ചു: "ഈ ഡീക്കനെ എന്തിനാണിവിടെ തടഞ്ഞുവച്ചിരിക്കുന്നതു്?"

"യഥാർത്ഥത്തിൽ എനിക്കറിയില്ല; എനിക്കെതിരെ ഗവർണർ എന്തോ ആരോപണം ഉന്നയിച്ചിരിക്കുന്നു എന്നു് ഞാൻ കരുതുന്നു. എന്തോ നിസ്സാരമായ അസൂയ നിമിത്തമാണെന്നു് തോന്നുന്നു. കൈക്കൂലികൊടുത്തു് ജഡ്ജിയെ അവൻ സ്വാധീനിച്ച് എന്നെ ശിക്ഷിക്കും എന്നു് ഞാൻ ഭയപ്പെടുന്നു."

6. ദൂതൻ പറഞ്ഞു: "സ്നേഹിതന്റെ സ്വരം ശ്രവിക്കു. ഈ പട്ടണത്തിൽ തുടന്നു താമസിക്കുന്നതു് നിനക്കു് സുരക്ഷിതമായിരിക്കയില്ല."

എവാഗ്രിയൂസ് അദ്ദേഹത്തോടു പറഞ്ഞു: "ഈ സാഹചര്യത്തിൽനിന്നു് ദൈവം എന്നെ വിടുവിക്കട്ടെ; എന്നാൽ നീ എന്നെ ഇനിയും കോൺസ്റ്റാൻറിനോപ്പിളിൽ കണ്ടാൽ മുറുമുറുപ്പ് കൂടാതെ ഞാൻ ഈ ശിക്ഷവഹിക്കും എന്നറിഞ്ഞുകൊള്ളുക." അപ്പോറം ദർശനം പറഞ്ഞു: "ഞാൻ സുവിശേഷം കൊണ്ടുവരാം. നീ ഈ പട്ടണം വിടുമെന്നും, നിന്റെ ആത്മാവിന്റെ കാര്യത്തിൽ ശ്രദ്ധാലുവായിരിക്കുമെന്നും അതിൽ പിടിച്ച് സത്യം ചെയ്യുക, ഞാൻ നിന്നെ ഈ പാതയിൽനിന്നു വിടുവിക്കാം."

7. സുവിശേഷം കൊണ്ടുവരപ്പെട്ടു; അതിൽ പിടിച്ച് അദ്ദേഹം ഇപ്രകാരം സത്യം ചെയ്തു: "യാത്രയ്ക്കുവേണ്ടി ഒരുങ്ങുന്ന ഈ ഒരു ദിവസം ഒഴിച്ച്, ഇവിടെ ഇനി ഒരിക്കലും ഞാൻ തങ്ങുകയില്ല." പ്രതിജ്ഞ പൂർത്തിയായപ്പോറം അദ്ദേഹം ദർശനത്തിൽ നിന്നുണന്നു. "ഈ പ്രതിജ്ഞ ദർശനത്തിൽ ചെയ്തതാണെങ്കിലും, ഞാൻ തന്നെയാണ് ഇതു് ചെയ്തതു്" എന്നു് ഉണന്നു് അദ്ദേഹം തീരുമാനിച്ചു. അദ്ദേഹം തനിക്കുള്ളതെല്ലാം കപ്പലിൽ കയററി യറുശലേമിലേക്കു് പുറപ്പെട്ടു.

8. അവിടെ ഭാഗ്യവതിയായ മെലാനിയ എന്ന റോമൻ സ്ത്രീ അദ്ദേഹത്തെ സ്വീകരിച്ചു. എന്നാൽ അവിടെ ഫറവോനെ

www.malankaralibrary.com



പ്പോലെ പിശാച് അവൻെറ ഹൃദയം കഠിനമാക്കി(പുറ. 7:14). അദ്ദേഹം യുവാവായിരുന്നതിനാലും, അനിശ്ചിതത്വത്തിലും ധർമ്മസങ്കടത്തിലും കഴിഞ്ഞിരുന്നതിനാലും അദ്ദേഹം ആരോടും ഒന്നും സൂചിപ്പിക്കാതെ വസ്ത്രവും സംഭാഷണ രീതിയും മാററി തൻെറ പഴയ ജീവിതത്തിലേക്കു തിരിച്ചുപോയി. അദ്ദേഹം വ്യർത്ഥാഭിമാനത്താൽ നിറഞ്ഞു നിന്നു. എന്നാൽ നാശത്തിൽ നിന്നു് നമ്മെയെല്ലാം തടയുന്ന ദൈവം തന്നെ ആറുമാസം ദീർഘിച്ച ഒരു പനിമൂലം അവനെ തടഞ്ഞു. തൻെറ ഏററം വലിയ തടസ്സമായിരുന്ന ജഡം ഇതുമൂലം ബലഹീനമായി തീർന്നു.

9. ഭിഷഗ്വരന്മാർ ആശ്ചര്യചരിതരായി; അദ്ദേഹത്തെ സുഖപ്പെടുത്താൻ അവരൊരു മാർഗ്ഗവും കാണായ്കയാൽ ഭാഗ്യവതിയായ മെലാനിയ അദ്ദേഹത്തോടു് ഇപ്രകാരം പറഞ്ഞു: ''മകനേ, നിൻെറ ഈ നീണ്ട രോഗത്തിൽ ഞാൻ ഒട്ടും സംതൃപ്തയല്ല. നിൻെറ ഉള്ളിലുള്ളതെന്താണെന്നു് എന്നോടു് പറയുക; ഒന്നും ദൈവികശക്തിക്കതീതമല്ല.''

അപ്പോൾ അദ്ദേഹം തൻെറ കഥ മുഴുവൻ പറഞ്ഞു. അവൾ അവനോടു് പറഞ്ഞു: നീ സന്യാസ ജീവിതം കാംക്ഷിക്കുന്നു എന്നു് കർത്തൃനാമത്തിൽ എന്നോടു് പ്രതിജ്ഞ ചെയ്യുക; ഞാൻ ഒരു പാപിനിയാണെങ്കിലും നിനക്കു് സൗഖ്യം ലഭിക്കാൻ ഞാൻ പ്രാർത്ഥിക്കാം.''

അവൻ സമ്മതിച്ചു; ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ അവൻ സൗഖ്യം പ്രാപിച്ചു. എഴുന്നേററു് അവളുടെ കയ്യിൽ നിന്നു് സന്യാസ വസ്ത്രം സ്വീകരിച്ചു; അതിനുശേഷം അവിടം വിട്ടു് ഈജിപ്തിലെ നിത്രിയൻ മലകളിൽ അഭയം തേടി.

10. അദ്ദേഹം അവിടെ രണ്ടു വർഷം താമസിച്ചു. മൂന്നാം വർഷം അദ്ദേഹം മരുഭൂമിയിലേക്കു പോയി. അവിടെ ചെല്ലിയ എന്ന സ്ഥലത്തു് അദ്ദേഹം പതിനാലു വർഷം ജീവിച്ചു. അക്കാലത്തു് മുമ്മൂന്നു മാസത്തേക്കു് വെറും ഒരു പൗണ്ടു് റൊട്ടിയും ഒരു പൈൻെറു് എണ്ണയും മാത്രം അദ്ദേഹം ഉപയോഗിച്ചു; അദ്ദേഹമാകട്ടെ വളരെ കുലീനമായി, സമൃദ്ധിയിലും പ്രതാപൈശ്വര്യങ്ങളിലും ജീവിച്ചയാളായിരുന്നു. അദ്ദേഹം നൂറു് പ്രാർത്ഥനകൾ രചിച്ചു. ആണ്ടുവട്ടമുള്ള തൻെറ ഭക്ഷണത്തിൻെറ വിലയ്ക്കു മാത്രമേ അദ്ദേഹം പകർത്തിയെഴുതിരുന്നുള്ളു; അദ്ദേഹം വളരെ നന്നായി ഓക്സിറിങ്കൂസ് അക്ഷരം എഴുതുമായിരുന്നു[33]. പതിനഞ്ചു വർഷംകൊണ്ടു് അദ്ദേഹം തൻെറ മനസ്സിനെ പവിത്രീകരിക്കു

---

33. നല്ല ഗ്രീക്കു കയ്യക്ഷരം എന്നേ അർത്ഥമുള്ളു.

www.malankaralibrary.com



കയും, അറിവ്, വിജ്ഞാനം, അരൂപികളുടെ തിരിച്ചറിയൽ എന്നീ ദാനങ്ങൾ സമ്പാദിക്കുകയും ചെയ്തു. പിന്നീട് ''തർക്കങ്ങൾ'' എന്ന പേരിൽ പിശാചിനെതിരെ പ്രയോഗിക്കേണ്ട ഉപായങ്ങളെ സംബന്ധിച്ച് സന്യാസികൾക്കുവേണ്ടി മൂന്നു കൃതികളെഴുതി.[34]

**11.** വ്യഭിചാരം എന്ന പിശാച് അദ്ദേഹത്തെ കഠിനമായി പീഡിപ്പിച്ചിരുന്നു; ഒരിക്കൽ രാത്രി മുഴുവൻ അദ്ദേഹം നഗ്നനായി ഒരു കിണററിൽ ഇറങ്ങി നില്ക്കുകയുണ്ടായി എന്ന് അദ്ദേഹം തന്നെ ഞങ്ങളോടു പറഞ്ഞു. അതു് ശിശിരകാലമായിരുന്നു. അദ്ദേഹത്തിൻെറ ശരീരം തണുത്തുറച്ചു. മററൊരവസരം ദൈവദൂഷണം എന്ന പിശാചാണ് അദ്ദേഹത്തെ പീഡിപ്പിച്ചതു്. അദ്ദേഹം ഞങ്ങളോട് പറഞ്ഞതുപോലെ നാല്പതു ദിവസത്തേക്കു് അദ്ദേഹം വീട്ടിൽ കയറിയതേയില്ല; മൃഗങ്ങളുടേതുപോലെ അദ്ദേഹത്തിൻെറ ശരീരം ആയി - വൈദികരുടെ വേഷത്തിൽ മൂന്നു പിശാചുക്കൾ പട്ടാപ്പകൽ സമയത്തു് അദ്ദേഹത്തെ ആക്രമിച്ചു; വിശ്വാസം സംബന്ധിച്ച് അവർ അദ്ദേഹത്തെപരിശോധിച്ചു. താനൊരു ആരിയൻ ആണെന്നു് ഒന്നാമൻ പറഞ്ഞു; രണ്ടാമൻ ഒരു എവുണോമിയനാണെന്നും മൂന്നാമൻ അപ്പൊള്ളിനാരിയൻ ആണെന്നും പറഞ്ഞു. തൻെറ ജ്ഞാനം കൊണ്ടും വാക്സാമർത്ഥ്യംകൊണ്ടും അദ്ദേഹം അവരെ പരാജയപ്പെടുത്തി.[35]

**12.** മററൊരു ദിവസം പള്ളിയുടെ കതകിൻെറ താക്കോൽ നഷ്ടപ്പെട്ടു. അദ്ദേഹമാകട്ടെ ക്രിസ്തുവിനെ വിളിച്ച്പൂട്ടിനു മുമ്പിൽ റൂശ്മാ ചെയ്തു് കൈകൊണ്ടു് കതകു് തള്ളിത്തുറന്നു.

അദ്ദേഹം പിശാചിനാൽ മർദ്ദിക്കപ്പെട്ടിട്ടുണ്ട്: എണ്ണമററ പ്രാവശ്യം പരീക്ഷണ വിധേയനായിട്ടുണ്ട്. പതിനെട്ടു വർഷങ്ങൾക്കു ശേഷം സംഭവിക്കാനിരിക്കുന്നതു് തൻെറ ശിഷ്യരിൽ ഒരുവനോടു് പറഞ്ഞു; അദ്ദേഹം പ്രവചിച്ചതുപോലെ പിന്നീട് സംഭവിക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: ''മരുഭൂമിയിൽവന്നതിനുശേഷം ഞാൻ ഉർവച്ചീരയോ, പച്ചസസ്യങ്ങളോ, പഴമോ മുന്തിരിങ്ങയോ ഭക്ഷിച്ചിട്ടില്ല; ഒരിക്കലും കുളിച്ചിട്ടുമില്ല.

---

34. Antirrheticae യഥാർത്ഥത്തിൽ എട്ടു് പുസ്തകങ്ങളാണ് സന്ന്യാസികളെ ആക്രമിക്കുന്ന എട്ടു് ദുഷ്ടാരൂപികളെപ്പററി ഇതിൽ ചർച്ച ചെയ്യുന്നു.

35. ആരിയൂസ് (+336) എവുണോമിയൂസ് (+394), അപ്പൊള്ളിനാരിയൂസ് (+390) എന്നീ അബദ്ധോപദേശകരുടെ പിൻഗാമികൾ.

www.malankaralibrary.com


13. പാചകം ചെയ്യാത്ത ഭക്ഷണം കഴിച്ച് പതിനാറു വർഷം ചിലവഴിച്ചു. പതിനാറാം വർഷം അദ്ദേഹത്തിന്റെ വയററിന്റെ ബലക്ഷയം നിമിത്തം പാചകം ചെയ്ത ഭക്ഷണം ആവശ്യമായി വന്നു. അദ്ദേഹം അപ്പം ഭക്ഷിക്കാതെ പുല്ലും, ബാർളിയും, പായസവും കഴിച്ച് രണ്ടു വർഷം ചെലവഴിച്ചു. ഇപ്രകാരമായിരുന്നു അദ്ദേഹത്തിന്റെ ജീവിതരീതി; ദനഹാ ദിവസം വിശുദ്ധ കുർബ്ബാന സ്വീകരണാനന്തരം അദ്ദേഹം മരിച്ചു.

തന്റെ മരണാവസരം അദ്ദേഹം പറഞ്ഞു: ''ശാരീരിക ദുരാശകളാൽ ഞാൻ പീഡിപ്പിക്കപ്പെടാതിരിക്കുന്നത് ഇതു മൂന്നാം വർഷമാണ്.''—അദ്ധ്വാനപൂർണ്ണവും ക്ലേശഭൂയിഷ്ഠവും പ്രാർത്ഥനാനിർഭരവുമായ ഒരു ജീവിതത്തിനു ശേഷമാണിതു്— തന്റെ അപ്പന്റെ മരണവാർത്തയുമായി വന്നവനോട് അദ്ദേഹം പറഞ്ഞു: ''ദൈവദൂഷണം നിർത്തുക; എന്റെ പിതാവു് മരണ രഹിതനാണ്''. [36]

## 39. പീയോർ

1. യുവാവായ ഒരു ഈജിപ്തുകാരനായിരുന്നു പീയോർ. [37] തന്റെ പിതൃഭവനം ഉപേക്ഷിച്ച് അദ്ദേഹം ഇറങ്ങിത്തിരിച്ചു. തന്റെ ബന്ധുക്കളിലാരെയും മേലിൽ കാണുകയില്ലെന്ന് അദ്ദേഹം തീക്ഷ്ണതയുടെ മൂർദ്ധന്യത്തിൽ ദൈവത്തോട് പ്രതിജ്ഞ ചെയ്തു. അമ്പതു വർഷങ്ങൾക്കു ശേഷം അദ്ദേഹം ജീവിച്ചിരിപ്പുണ്ടെന്ന് അദ്ദേഹത്തിന്റെ വൃദ്ധയായ സഹോദരിക്ക് അറിവ് കിട്ടി; അവനെ ഒരു നോക്കു കണ്ടില്ലെങ്കിൽ താൻ തകർന്നു തരിപ്പണമായിപ്പോകുമെന്ന് അവൾക്കു തോന്നി. വലിയ മരുഭൂമിയിൽ പോയി അദ്ദേഹത്തെ കാണാൻ അവൾ അശക്തയായിരുന്നു. അവൾക്കൊന്നു കാണാൻ പീയോറിനെ അയയ്ക്കുന്നതിന് മരുഭൂമിയിലെ പിതാക്കന്മാർക്ക് കത്തുകളയയ്ക്കാൻ അവൾ സ്ഥലത്തെ മെത്രാനോട് അപേക്ഷിച്ചു. അവൾ ശക്തിയായി നിർബന്ധിച്ചതിനാൽ ഒരാളെയുംകൂട്ടി പുറപ്പെടുന്നതാണ് യുക്തം എന്ന് പീയോർ കരുതി.

2. ''നിന്റെ സഹോദരൻ വന്നു'' എന്നു, അദ്ദേഹത്തിന്റെ സഹോദരിയുടെ ഭവനത്തിൽ വിളംബരം ചെയ്യപ്പെട്ടു. ആ പ്രായമുള്ള സ്ത്രീ തന്നെ സന്ദർശിക്കാനെത്തി എന്ന് കതകിന്റെ ശബ്ദത്തിൽനിന്ന് പുറത്തു നില്ക്കുമ്പോൾ തന്നെ പീയോറിന് മനസ്സിലായി. അദ്ദേഹം തന്റെ കണ്ണുകൾ അടച്ചു

36. സൊക്രാട്ടസ് സഭാ. 4:23.
37. മുകളിൽ അധ്യായം 10:8 കാണുക.

www.malankaralibrary.com



രുടെ അദ്ധ്വാനം വൃഥാവിലാക്കരുതേ; പ്രത്യുത അവർക്കാവശ്യത്തിനു ജലം കൊടുക്കണമെ''. ഉടനെ തന്നെ അവരുടെ ദേഹം നനച്ചുകൊണ്ട് വെള്ളം ചീററിപ്പാഞ്ഞു. അതിനുശേഷം അദ്ദേഹം മറെറാരു പ്രാർത്ഥന ചൊല്ലിയിട്ട് സ്ഥലം വിട്ടു. ഭക്ഷണം കഴിക്കാൻ അവർ അദ്ദേഹത്തെ വളരെ നിർബന്ധിച്ചെങ്കിലും അദ്ദേഹം വഴങ്ങിയില്ല. "ഞാൻ അയയ്ക്കപ്പെട്ട ദൗത്യം പൂർത്തിയാക്കി, ഭക്ഷണത്തിനായിട്ടല്ല ഞാൻ അയയ്ക്കപ്പെട്ടതു് എന്നു മാത്രം പറഞ്ഞു''.38

## 40. അപ്രേം

1. എഡേസ്സാ സഭയിലെ ഡീക്കനായ അപ്രേമിനെപ്പററി39 നിശ്ചയമായും നീ കേട്ടു കാണും. വിശുദ്ധ വ്യക്തികൾ അദ്ദേഹത്തിൻെറ അനുസ്മരണ നടത്തത്തക്കവിധം അദ്ദേഹം ശ്രേഷ്ഠനായിരുന്നു. നേരായ പാതയിൽനിന്നു് വിട്ടുമാറാതെ ശരിയായും യോഗ്യമാംവിധവും അരൂപിയുടെ യാത്ര അദ്ദേഹം പൂർത്തിയാക്കി. പാണ്ഡിത്യം എന്ന ദാനത്തിന് അദ്ദേഹം അർഹനായിത്തീർന്നു. അതിനുശേഷം ദൈവികജ്ഞാനവും ഭാഗ്യവും അദ്ദേഹത്തിനും ലഭിച്ചു. അദ്ദേഹം എപ്പോഴും ശാന്തമായ ഒരു ജീവിതം നയിച്ചു: കണ്ടുമുട്ടുന്നവരെയെല്ലാം അനേകനാൾ അദ്ദേഹം ആത്മീയമായി ശക്തിപ്പെടുത്തിയിരുന്നു. അവസാനം അദ്ദേഹം താഴെപ്പറയുന്ന കാരണങ്ങളിൽ തൻെറ മുറിയിൽനിന്നു് പുറത്തു കടന്നു:

2. എഡേസ്സാ നഗരത്തിൽ ഒരു വലിയ ക്ഷാമമുണ്ടായപ്പോൾ, ക്ഷാമബാധിതപ്രദേശങ്ങളിലെ ജനങ്ങളെ പ്രതി അപ്രേമിനു് വലിയ അനുകമ്പ തോന്നി. അദ്ദേഹം ധനികരുടെ പക്കൽ ചെന്നു് അവരോടു് പറഞ്ഞു: ''നശിച്ചുകൊണ്ടിരിക്കുന്ന മനുഷ്യരിൽ നിങ്ങൾക്കു് അനുകമ്പ തോന്നാത്തതു് എന്തുകൊണ്ടാണ്? നിങ്ങളുടെ ആത്മനാശത്തിനുവേണ്ടി നിങ്ങളുടെ നാണയം ക്ലാവു പിടിക്കാൻ നിങ്ങൾ അനുവദിക്കുന്നതു് എന്തുകൊണ്ടാണ്?'' (യാക്കോ. 5:2) അവർ ചുററും നോക്കിയിട്ട് പറഞ്ഞു: ''ക്ഷാമത്താൽ വലയുന്നവരെ ശുശ്രൂഷിക്കമെന്നു് ഞങ്ങൾക്കു് വിശ്വാസമുള്ളവരാരുമില്ല; കാരണം, എല്ലാവരും ഇതൊരു കച്ചവടമായി മാററുകയാണു്. അദ്ദേഹം ചോദിച്ചു; "ഞാൻ എങ്ങനെയാണ്?'' അദ്ദേഹത്തിനു് അവരുടെ ഇടയിൽ വലിയ ഒരു സൽപേരുണ്ടായിരുന്നു.

---

38. സൊക്രാട്ടസ്, സഭാ. 4:23

39. അപ്രേം (+373) ഒരു വലിയ താപസനായിരുന്നു. ജി. ചേടിയത്തു്, സഭാപിതാക്കന്മാർ, കോട്ടയം. 1979 p. 283-4.

www.malankaralibrary.com



3. അവർ പറഞ്ഞു: "അങ്ങൊരു ദൈവമനുഷ്യനാണെന്ന് ഞങ്ങൾക്കറിയാം." "എന്നാൽ പിന്നെ എന്തുകൊണ്ട് നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല?" അദ്ദേഹം ചോദിച്ചു. "നോക്കൂ, ഞാൻ സ്വയം നിങ്ങൾക്കുവേണ്ടി അതിഥികളുടെ ചുമതലക്കാരനായി വ്യാപരിക്കാം."

അദ്ദേഹം അവരിൽനിന്നു് സംഭാവനകൾ സ്വീകരിച്ചു; പോർട്ടിക്കോകൾ പകുത്തു് 300 കിടക്കകൾ ഇട്ടു; ക്ഷാമബാധിതരെ അവിടെ സൽക്കരിച്ചു. മരിച്ചവരെ അദ്ദേഹം സംസ്ക്കരിച്ചു; ജീവനുള്ള അടയാളം ഉണ്ടായിരുന്നവരെ അദ്ദേഹം ശുശ്രൂഷിച്ചു. ക്ഷാമം മൂലം ദൈനംദിനം അദ്ദേഹത്തിന്റെ പക്കലെണഞ്ഞവർക്കെല്ലാം അദ്ദേഹം സഹായവും സമാശ്വാസവും പ്രദാനം ചെയ്തുകൊണ്ടിരുന്നു: അദ്ദേഹത്തിനു ലഭിച്ച സംഭാവനകൾ കൊണ്ടാണു് അദ്ദേഹം ഇപ്രകാരം ചെയ്തതു്.

4. ഒരു വർഷം കഴിഞ്ഞ് നാട്ടിൽ സമൃദ്ധി ഉണ്ടായപ്പോൾ ജനങ്ങൾ അവരവരുടെ ഭവനങ്ങളിലേക്ക് പോയി; അപ്പോൾ അദ്ദേഹത്തിനൊന്നും ചെയ്യാനില്ലായിരുന്നു. അദ്ദേഹം തിരികെ തന്റെ ഗുഹയിലേയ്ക്കു പോയി; ഒരു മാസത്തിനകം മരിച്ചു; തന്റെ ജീവിതാന്ത്യത്തിൽ ഒരു കിരീടത്തിനുള്ള അവസരം ദൈവം അദ്ദേഹത്തിന് കൊടുക്കയാണു് ചെയ്തതു്. അദ്ദേഹം കുറെ കൃതികൾ എഴുതിയിട്ടുണ്ട്. അവയിൽ മിക്കവയും ശ്രദ്ധാർഹങ്ങളാണു്.

## 41. വിശുദ്ധ സ്ത്രീകൾ

1. പുരുഷന്മാർക്കു തുല്യമായി ദൈവം ശക്തി നല്കിയ ധൈര്യശാലികളായ സ്ത്രീകളെപ്പററിയും ഞാൻ ഈ ഗ്രന്ഥത്തിൽ അനുസ്മരിക്കാം.[40] വിജയകരമായി സുകൃതാഭ്യാസം നടത്താൻ സ്ത്രീകൾ അശക്തരാണെന്നു് ആരും മുടന്തൻ ന്യായം ഉന്നയിക്കാതിരിക്കാനാണിതു്. കന്യകകളുടെയും വിധവകളുടെയും ഇടയിൽ അത്തരക്കാരായ നിരവധിയാളുകളെ കാണുകയും കുലീന സ്ത്രീകളുമായി ഞാൻ ഇടപഴകുകയും ചെയ്തിട്ടുണ്ട്.

2. അവരുടെ കൂട്ടത്തിൽ തൊക്സോസ്യസിന്റെ [41] അമ്മയായ റോമാക്കാരി പൗലാ [42] ആദ്ധ്യാത്മിക ജീവിത

---

40. ഈ അധ്യായം 2-5 വരെ വിവിധ കയ്യെഴുത്തു പ്രതികളിൽ നിന്നു് എടുത്തിട്ടുള്ളതാണ്. അതുകൊണ്ടാണ് അതു് ബ്രാക്കററിൽ ഇട്ടിരിക്കുന്നതു്.

41. പൗലായുടെ അഞ്ചു് മക്കളിൽ ഏററം ഇളയകുട്ടി; ഏക ആൺ കുട്ടി. പൗലായുടെ ഭർത്താവിന്റെ പേരും തൊക്സോസ്യസ് എന്നായിരുന്നു.

42. മുകളിൽ നമ്പർ 56 കാണുക.

www.malankaralibrary.com



ത്തിൽ വളരെ പ്രശസ്തയായിരുന്നു. ദൽമേഷ്യയിൽനിന്നുള്ള ജറോം അവരംക്കെതിരെ നിന്നു. സ്ത്രീത്വത്തിൻെറ മകുടമായിരുന്ന അവരം മററുള്ളവരെയെല്ലാം ഉല്ലംഘിച്ചിരുന്നു. അസൂയയാൽ പ്രേരിതനായ ജറോം അവരംക്ക് പ്രതികൂലമായി നിന്നു. തൻെറ ലക്ഷ്യപ്രാപ്തിക്കും ഉദ്ദേശ്യസാദ്ധ്യത്തിനുമായി പ്രവത്തിക്കുവാൻ അവളെ അയാരം നിർബന്ധിച്ചിരുന്നു. അവരംക്ക് ഒരു മകരം ഉണ്ടായിരുന്നു. അവരം ഇപ്പോരം യറുശലേമിൽ ഒരു സന്യാസിനിയാണ്; എവുസ്റ്റോക്കിയ[43] എന്നാണ് അവളുടെ പേരു്. ഞാൻ അവളെ നേരിട്ടു കണ്ടിട്ടില്ല; എന്നാൽ അവരം ഏററം അടക്കമുള്ളവളാണെന്ന് പറയപ്പെടുന്നു. അവളോടൊപ്പം അൻപത്ത് കന്യകകളും പാക്കുന്നു.

3. വല്ലൊവിക്കുസ് എന്ന പ്രഭുവിൻെറ ഭാര്യയായ വെനേറിയായേയും എനിക്കറിയാം. അവരും അവരുടെ നിരവധി ധനം ബുദ്ധിപൂവ്വം വിതരണം ചെയ്തു; അങ്ങനെ ധനം മൂലമുളവാകുന്ന നിരാശയിൽ നിന്നു് വിമുക്തി നേടി. ഒരു ട്രിബ്യൂണിൻെറ ഭാര്യയായ തിയഡോററാ ഭിക്ഷാടനം നടത്തത്തക്കരീതിയിൽ ദരിദ്രയായിത്തീന്നു. കടൽത്തീരത്തു് ഹെസീക്കസിൻെറ സന്യാസഭവനത്തിൽ വച്ചു് അവരം മരിച്ചു. എല്ലാററിലും ഏററം ശ്രേഷ്ഠയായ ഹോസിയ എന്ന സ്ത്രീയേയും അവളുടെ സഹോദരി അദൊളിയായേയും എനിക്കറിയാം. അദൊളിയ ഹോസിയായുടെയത്രയും ശ്രേഷ്ഠയായിരുന്നില്ലെങ്കിലും, തൻേറതായ രീതിയിൽ ശ്രേഷ്ഠമായി ജീവിക്കാൻ ശ്രമിച്ചു.

4. ജനറലായ കാൻദീദിയാനുസിൻെറ ഭാര്യ ബസിയനില്ലിയായെയും എനിക്കറിയാം. അവരം തീക്ഷ്ണതയോടും കരുതലോടുംകൂടെ സുകൃതാഭ്യാസനം നടത്തി; ഇപ്പോഴും വീറോടെ മല്ലയുദ്ധം നടത്തുന്നു. ലവദീക്യയിലെ പുരോഹിതനായ തെയോക്ററിസ്റ്റസിൻെറ പുത്രിയായ ഫൊതെയ്നാ എന്ന പ്രശസ്ത കന്യകയെയും എനിക്കറിയാം. കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാനായ ജോണിൻെറ അമ്മാവിയും ശുശ്രൂഷകയുമായ സബിനീനിയാന എന്ന സ്ത്രീയെ ഞാൻ അന്ത്യോക്യായിൽ വച്ചു് കണ്ടുമുട്ടി. അവളും വളരെ പ്രശസ്തയും ദൈവവുമായി അടുത്ത സമ്പക്കം പുലത്തിയവളുമാണു്. റോമിൻവച്ചു് ഞാൻ സുന്ദരിയായ അസെല്ലായേയും കണ്ടുമുട്ടി; സന്യാസഭവനത്തിൽ പാത്ത വൃദ്ധയായ ഒരു കന്യകയാണവരം; ഏററം വിനീതയായ അവരം ആ സന്യാസഭവനത്തിന് വലിയൊരു സഹായമായിരുന്നു.

---

43. പൗളായുടെ മൂന്നാമത്തെ പുത്രി. ഈ അധ്യായത്തിൽ സൂചിപ്പിക്കുന്ന വ്യക്തികളെപ്പററി കൂടുതൽ വിവരങ്ങരം ഒന്നും ഇല്ല.

www.malankaralibrary.com



5. വിശ്വാസത്തിലേക്ക് പുതുതായി ആനീതരായ സ്ത്രീപുരുഷന്മാരെയും അവരുടെ കൂട്ടത്തിൽ കാണാൻ ഇടയായി. ദൈവത്തിന്റെ വിശുദ്ധയായ അബിതായെ ഞാൻ കണ്ടു: അവരം തന്റെ ഭർത്താവായ അപ്രോണിയാനൂസ്സും മകരം എവുണോമിയായും ഒത്തു് ദൈവത്തെ പ്രസാദിപ്പിക്കാനായി സുകൃതപൂർണ്ണവും മിതത്വം നിറഞ്ഞതുമായ ജീവിതം പരസ്യമായി തെരഞ്ഞെടുത്തു. തത്ഫലമായി, പാപവിമുക്തരായി, ജ്ഞാനത്താൽ നിറഞ്ഞു്, തങ്ങളുടെ ജീവിതത്തെപ്പററിയുള്ള സദ്സ്മരണകരം അവശേഷിപ്പിച്ച് കർത്താവിൽ നിദ്രപ്രാപിക്കാൻ അവർ യോഗ്യരായിത്തീന്നു.

## 42. ജൂലിയൻ

1. എഡേസ്സാസ്സുകാരുത്തുള്ള ശ്രേഷ്ഠതാപസനായ ഒരു ജൂലിയനെപ്പററി ഞാൻ കേട്ടിട്ടുണ്ടു്. അദ്ദേഹം അതികഠിനമായി തന്റെ ജഡത്തെ പീഡിപ്പിച്ചതിനാൽ എല്ലുംതൊലിയും മാത്രം അവശേഷിച്ചു. തന്റെ ജീവിതാവസാനം രോഗശാന്തിവരം ലഭിക്കാൻ അദ്ദേഹം യോഗ്യനായി ഗണിക്കപ്പെട്ടു.

## 43. അദോളിയുസ്

1. യറുശലേമിൽ വച്ചു് അദോളിയുസിനെയും ഞാൻ കണ്ടുമുട്ടി. അദ്ദേഹം തർസോസുകാരനായിരുന്നു. അദ്ദേഹം സഞ്ചരിച്ച പാതയിലൂടെയല്ല, തികച്ചും വ്യത്യസ്തമായ വഴിയിലൂടെയാണു് യറുശലേമിൽ എത്തിയതു്. തനിക്കായി പ്രത്യേക ജീവിതരീതി തിരഞ്ഞെടുത്തു; സാധാരണ മനുഷ്യരുടെ കഴിവിനതീതമായിരുന്നു അദ്ദേഹത്തിന്റെ താപസകർമ്മങ്ങരം. അദ്ദേഹത്തിന്റെ ചിട്ടയായ ജീവിതക്രമത്തിൽ പിശാചുക്കരംപോലും ഞെട്ടിയിരുന്നു; അദ്ദേഹത്തെ വെല്ലുവാൻ ആരും ഒരുമ്പെട്ടില്ല. അദ്ദേഹത്തിന്റെ അനിയന്ത്രിതമായ ആത്മനിയന്ത്രണവും രാത്രി മുഴുവനുമുള്ള ജാഗരണവും നിമിത്തം അദ്ദേഹം ഒരു രാക്ഷസനാണെന്നുപോലും സംശയിക്കപ്പെട്ടിരുന്നു.

2. നോമ്പുകാലത്തു് അഞ്ചുദിവസത്തിലൊരിക്കലേ അദ്ദേഹം ഭക്ഷിച്ചിരുന്നുള്ളു. മററവസരങ്ങളിൽ രണ്ടുദിവസത്തിലൊരിക്കൽ ഭക്ഷിച്ചിരുന്നു. എന്നാൽ അദ്ദേഹം ചെയ്ത വലിയ സംഗതി ഇതായിരുന്നു: സന്ധ്യ മുതൽ സമൂഹം പ്രാർത്ഥനയ്ക്കണയുന്നതുവരെ ഒലിവുമലയിൽ അദ്ദേഹം നില്ക്കുക പതിവായിരുന്നു. ഈശോ എടുക്കപ്പെട്ട ഉത്ഥാനമലയാണല്ലോ ഒലിവുമല. സങ്കീർത്തനങ്ങരം ആലപിച്ചുകൊണ്ടും പ്രാർത്ഥിച്ചുകൊണ്ടും അവിടെ നില്ക്കുക അദ്ദേഹത്തിനു പതിവായിരുന്നു,

www.malankaralibrary.com



മഴപെയ്താലും മഞ്ഞുപെയ്താലും, മൂടൽമഞ്ഞുണ്ടായാലും കുലുക്കമില്ലാതെ അദ്ദേഹം അവിടെത്തന്നെ നില്ക്കുമായിരുന്നു.

3. തൻെറ സാധാരണ സമയം കഴിയുമ്പോൾ എല്ലാവരെയും ഉണർത്താൻ ഉപയോഗിക്കുന്ന തൻെറ കയ്യിലെ ഊന്നുവടി കൊണ്ടു് എല്ലാവരുടേയും മുറിയിൽ മുട്ടിവിളിക്കുമായിരുന്നു. പ്രാർത്ഥനാമുറികളിൽ അദ്ദേഹം അവരെ ഒന്നിച്ചുകൂട്ടും; ഓരോ സ്ഥലത്തും അദ്ദേഹം ഒന്നോ രണ്ടോ സങ്കീർത്തനവാക്യം തുടങ്ങിക്കൊടുത്തുകൊണ്ടു് അവരോടൊപ്പം പ്രാർത്ഥിക്കുമായിരുന്നു. അവരോടൊപ്പം പ്രാർത്ഥിച്ചശേഷം നേരം പുലരുന്നതിനുമുമ്പേ അദ്ദേഹം തൻെറ മുറിയിലേക്കു പോകും. സഹോദരന്മാരാണു് പലപ്പോഴും അദ്ദേഹത്തിൻെറ വസ്ത്രം മാററി നല്ലവസ്ത്രങ്ങൾ ധരിപ്പിച്ചിരുന്നതു്. സങ്കീർത്തനാലാപത്തിനു സമയമാകുന്നതുവരെ അദ്ദേഹം വിശ്രമിക്കും. പിന്നീടു് വൈകുന്നേരംവരെ കർമ്മനിരതനായി വർത്തിക്കും. ഇതായിരുന്നു തർസോസുകാരനായ അദോളിയൂസിൻെറ സുകൃതം. അദ്ദേഹം യറുശലേമിൽ വച്ചു് പരിപൂർണ്ണനായി നിദ്രപ്രാപിച്ചു.

## 44. ഇന്നസെൻറ്

1. ഒലിവുമലയിലെ പുരോഹിതനും, ഭാഗ്യവാനുമായ ഇന്നസെൻറിനെപ്പററി അനേകരിൽനിന്നു് നീ കേട്ടുകാണുമല്ലോ; മൂന്നുവർഷം അദ്ദേഹത്തോടുകൂടി ജീവിച്ച ഞാനും അദ്ദേഹത്തെപ്പററി വിവരിക്കാം. അദ്ദേഹം വളരെ ലളിതമാനസ്സനായിരുന്നു. കോൺസ്റ്റാൻസ്യൂസ് ചക്രവർത്തിയുടെ ഭരണാരംഭത്തിൽ അദ്ദേഹം കൊട്ടാരപ്രഭുക്കന്മാരിൽ ഒരാളായിരുന്നു. തൻെറ വിവാഹത്തിൽ അദ്ദേഹത്തിനു് പൗലോസ് എന്നൊരു മകനുണ്ടായി; അയാൾ ചക്രവർത്തിയുടെ ഒരു അംഗരക്ഷകനായിത്തീർന്നു. ഇന്നസെൻറ് തൻെറ കുടുംബ ജീവിതവും ലോകവും ഉപേക്ഷിച്ചു.

2. തൻെറ മകൻ ഒരു പുരോഹിതൻെറ മകളോടു് തെററു ചെയ്തതിനാൽ ഇന്നസെൻറ് അവനെ ശപിച്ചു് ഇപ്രകാരം ദൈവത്തെ വിളിച്ചപേക്ഷിച്ചുപറഞ്ഞു: "കർത്താവേ, ജഡികതിന്മകളിൽ ഉൾപ്പെടാൻ ഒരവസരം ഉണ്ടാകാത്തരീതിയിൽ ഈ മനുഷ്യനു് ഒരശുദ്ധപിയെ നല്കണമെ". അശുദ്ധതയേക്കാൾ ദുഷ്ടാത്മാവിയുമായി മല്ലിടുന്നതാണു് തൻെറ മകനു് നല്ലതു് എന്നു് ഇന്നസെൻറ് കരുതി. അപ്രകാരംതന്നെ സംഭവിക്കുകയും ചെയ്തു: അശുദ്ധപിയാൽ ശിക്ഷിക്കപ്പെട്ട മകൻ ഇപ്പോഴും ഒലിവുമലയിൽ ചങ്ങലകളിൽ പാർക്കുന്നു.

3. ഈ ഇന്നസെൻറ് വളരെയധികം ദയാർദ്രഹൃദയനായിരുന്നു. ഞാൻ സത്യം പറഞ്ഞാൽ ഞാൻ നിസ്സാരനാണെന്നു്

www.malankaralibrary.com



തോന്നിയേക്കാം. മിക്കപ്പോഴും അദ്ദേഹം സഹോദരന്മാരുടെ വസ്തുവകകൾ മോഷ്ടിച്ച് ആവശ്യക്കാർക്ക് കൊടുത്തിരുന്നു. അദ്ദേഹം തികച്ചും നിഷ്കളങ്കനും ശുദ്ധമാനസ്സനും ആയിരുന്നു. പിശാചിനെതിരെയുള്ള ശക്തി എന്ന ദാനം ലഭിക്കാൻ അദ്ദേഹം യോഗ്യനായിത്തീർന്നു. തളർവാതം പിടിപെട്ട്, പിശാചുബാധിച്ച ഒരു യുവാവിനെ ഒരിക്കൽ അദ്ദേഹത്തിൻെറ പക്കൽ കൊണ്ടുവന്നത് ഞങ്ങൾതന്നെ കണ്ടതാണ്. അദ്ദേഹത്തിന് സൗഖ്യം നൽകാൻ സാധിക്കുമോ എന്ന് സംശയിച്ച് അവനെ കൊണ്ടുവന്നതിന് അവൻെറ അമ്മയെ ഞാൻ ശകാരിക്കുകയുണ്ടായി.

4. ഇതിനിടെ ആ വൃദ്ധൻ അവിടെ വന്നു. മകൻെറ അവാച്യമായ ദൗർഭാഗ്യമോർത്ത് കരഞ്ഞുനിലവിളിച്ചുകൊണ്ട് നിന്ന സ്ത്രീയെ അദ്ദേഹം കണ്ടു. അപ്പോൾ അദ്ദേഹവും കരഞ്ഞുപോയി; വികാരാധീനനായ അദ്ദേഹം ആ യുവാവിനെ അടുത്തുള്ള സ്മാരകമണ്ഡപത്തിലേക്ക് കൂട്ടികൊണ്ടുപോയി. അത് അദ്ദേഹം തന്നെ നിർമ്മിച്ചതായിരുന്നു; സ്ഥാപകയോഹന്നാൻെറ തിരുശേഷിപ്പ് അവിടെയാണ് സൂക്ഷിച്ചുവച്ചിരുന്നത്. ആറാം മണി മുതൽ ഒൻപതാംമണിവരെ അദ്ദേഹം അവനുവേണ്ടി പ്രാർത്ഥിച്ചു; അദ്ദേഹം അവൻെറ തളർവാതം നീക്കി, പിശാചിനെ പുറത്താക്കി, സൗഖ്യമുള്ളവനായി അന്നുതന്നെ തൻെറ അമ്മയ്ക്ക് തിരിച്ചുകൊടുത്തു. തളർവാതാവസ്ഥയിൽ ആ യുവാവ് തുപ്പിയാൽ തുപ്പൽ അവൻെറ പുറത്ത് വീഴത്തക്കവണ്ണം അത്രമാത്രം രോഗം അവനെ ഞെരുക്കി വളച്ചിരുന്നു.

5. ഒരു വൃദ്ധയുടെ ഒരാട് നഷ്ടപ്പെട്ടപ്പോൾ അവൾ കരഞ്ഞുകൊണ്ട് അദ്ദേഹത്തിൻെറ പക്കൽ വന്നു. അദ്ദേഹം അവളെ അനുഗമിച്ചുകൊണ്ട് പറഞ്ഞു: ''നിൻെറ ആടിനെ എവിടെ വച്ചു നഷ്ടപ്പെട്ടുവെന്ന് എന്നോടു പറയുക''. ലാസറിൻെറ സ്ഥലത്തിനടുത്തേക്ക്അവൾ അദ്ദേഹത്തെ ആനയിച്ചു. അദ്ദേഹം അവിടെനിന്നുകൊണ്ട്പ്രാർത്ഥിച്ചു. തെററുചെയ്ത യുവാക്കൾ ആടിനെപിടിച്ച് കൊന്നുകഴിഞ്ഞിരുന്നു. അദ്ദേഹം പ്രാർത്ഥിച്ചെങ്കിലും ആരും കുററംഏററുപറഞ്ഞില്ല. മാംസം മുന്തിരിത്തോട്ടത്തിൽ അവർ ഒളിച്ചുവച്ചിരിക്കയായിരുന്നു. എവിടെനിന്നോ പറന്നുവന്ന ഒരു കാക്ക ഒരു കഷണം മാംസം എടുത്ത് പറന്നുപോയി. ഭാഗ്യവാനായ അദ്ദേഹം അത് ശ്രദ്ധിച്ചു. കൊന്ന ആടിനെ കണ്ടുപിടിച്ചു, അപ്പോൾ ആ യുവാക്കന്മാർ താണുവീണ് തങ്ങൾ ആടിനെ കൊന്നു എന്ന് ഏററുപറഞ്ഞു. അവർ അതിൻെറ ന്യായമായ വില കൊടുക്കുകയും ചെയ്തു.

www.malankaralibrary.com



## 45. ഫിലൊറോമൂസ്

കഠിനതാപസനും ക്ഷമയുള്ളവനുമായ ഫിലൊറോമൂസ് എന്ന വൈദികനെ ഞങ്ങൾ ഗലാത്യയിൽ കണ്ടുമുട്ടി. അദ്ദേഹത്തിൻെറ അമ്മ ഒരടിമയും അപ്പൻ സ്വതന്ത്രനുമായിരുന്നു. അദ്ദേഹം വളരെ കഠിനമായ ക്രൈസ്തവജീവിതം ഉള്ള ആളായിരുന്നു. അദ്ദേഹത്തിൻെറ ജീവിതവും സുകൃതവും നിമിത്തം ഏററം കുലീനരായ വ്യക്തികളും അദ്ദേഹത്തെ ബഹുമാനിച്ചിരുന്നു.

വിശ്വാസത്യാഗിയായ ജൂലിയൻ ചക്രവർത്തിയുടെ കാലത്തു് അദ്ദേഹം ലോകം ഉപേക്ഷിച്ചു. ജൂലിയനോട് ധൈര്യപൂർവ്വം അദ്ദേഹം സംസാരിച്ചിരുന്നു. അദ്ദേഹത്തിൻെറ തലമുണ്ഡനം ചെയ്യാനും പ്രഹരിക്കാനും കുട്ടികൾക്ക് ജൂലിയൻ കല്പന കൊടുത്തു. ഇതിൽ അസാധാരണമായി ഒന്നുമില്ല എന്ന മട്ടിൽ അദ്ദേഹം ഇതു സഹിക്കുകയും ഇതിനു് ജൂലിയനു് നന്ദി പറയുകയും ചെയ്തു എന്നു് അദ്ദേഹം തന്നെ ഞങ്ങളോട് പറയുകയുണ്ടായി.

2. അശുദ്ധി, അമിതഭോജനം എന്നിവയ്ക്കെതിരെ അദ്ദേഹം തൻെറ യൗവനകാലത്ത് യുദ്ധം ചെയ്യേണ്ടിവന്നു. സ്വയം ബന്ധനസ്ഥനാക്കി പാർത്തുകൊണ്ടും ഗോതമ്പപ്പവും തീയിൽ ചുട്ട പദാർത്ഥങ്ങളും വർജ്ജിച്ചുകൊണ്ടും അദ്ദേഹം അവയെ ജയിച്ചു. പതിനെട്ടു വർഷം ഇപ്രകാരം അദ്ദേഹം സഹിച്ചു. അവസാനം ക്രിസ്തുവിൻെറ വിജയസ്തുതികൾ പാടി. ഒരാശ്രമത്തിൽ വച്ചു് നാല്പതുവർഷം ദുഷ്ടാരൂപികൾ അദ്ദേഹത്തോട് പോരാടി. ''മുപ്പത്തിരണ്ടുവർഷം ഞാൻ ഒരു പഴവും ഭക്ഷിച്ചില്ല'' എന്നു് അദ്ദേഹം ഞങ്ങളോട് പറയാറുണ്ടായിരുന്നു. ഒരിക്കൽ ഭയം അദ്ദേഹത്തെ കീഴ്പ്പെടുത്തിയപ്പോൾ ആറുവർഷത്തേക്ക് അദ്ദേഹം സ്വയം ഒരു കല്ലറയിൽ അടച്ചുപൂട്ടി.

3. അദ്ദേഹത്തിൻെറ തപസിലും സ്ഥിരതയിലും ആകൃഷ്ടനായ വി. ബസ്സേലിയോസ് മെത്രാൻ അദ്ദേഹത്തെ പരിചരിച്ചു. അദ്ദേഹം എൺപതു വയസ്സായിട്ടും എഴുതുന്നതു അവസാനിപ്പിച്ചില്ല. ''ഞാൻ ആനീതനായ ശേഷവും വീണ്ടും ജനിച്ച ശേഷവും ഇന്നുവരെ വെറുതേ അന്യൻെറ ഭക്ഷണം കഴിച്ചിട്ടില്ല; എൻെറ പ്രയത്നഫലമായിട്ടുള്ളതു മാത്രമേ ഞാൻ ഭക്ഷിച്ചിട്ടുള്ളു.'' അദ്ദേഹം തൻെറ പ്രയത്നഫലമായ ഇരുന്നൂററിയമ്പതു നാണയങ്ങൾ അംഗവൈകല്യമുള്ളവർക്കു കൊടുത്തെന്നും ആരേയും ദ്രോഹിച്ചിട്ടില്ലെന്നും ദൈവമുമ്പാകെ എന്നവണ്ണം ഞങ്ങളെ ബോദ്ധ്യപ്പെടുത്തി.

www.malankaralibrary.com



4. വി. പത്രോസിന്റെ ശവകുടീരത്തിൽ പ്രാർത്ഥിക്കുന്നതിനുവേണ്ടി അദ്ദേഹം കാൽനടയായി റോമിലേയ്ക്കു പോകുകയുണ്ടായി. മർക്കോസിന്റെ ശവകുടീരത്തിൽ പ്രാർത്ഥിക്കുന്നതിന് അദ്ദേഹം അലക്സാണ്ഡ്രിയായിലേയ്ക്കു പോയി.[44] തന്റെ സ്വന്തം ചെലവിൽ അദ്ദേഹം യറുശലേമിലേയ്ക്കു രണ്ടാമതൊരു യാത്ര ചെയ്തു. ''ചിന്തയിൽ ദൈവത്തിൽനിന്നകന്നു ജീവിച്ചതായി ഓർക്കുന്നതേയില്ല'' എന്ന് അദ്ദേഹം പറയുമായിരുന്നു.

## 46. മെലാനിയ

അതിഭാഗ്യവതിയായ മെലാനിയ[45] ജന്മനാ ഒരു സ്പെയിൻകാരിയും പിന്നീടു റോമാക്കാരിയുമായി. മർസെല്ലീനസ് എന്ന കോൺസുളിന്റെ മകളും[46] ഒരുയർന്ന ഉദ്യോഗസ്ഥന്റെ ഭാര്യയും ആയിരുന്നു അവൾ. ആ ഉദ്യോഗസ്ഥന്റെ പേര് ഓർക്കുന്നില്ല. ഇരുപത്തിരണ്ടാം വയസ്സിൽ അവൾ വിധവയായി. ദിവ്യസ്നേഹത്തിനവൾ അർഹയായിത്തീർന്നു. എങ്കിലും അവളാരോടും ഇക്കാര്യം പറഞ്ഞില്ല. കാരണം, വാലൻസ്[47] ഭരിച്ചുകൊണ്ടിരുന്നപ്പോൾ അവൾ തടസ്സപ്പെടുത്തപ്പെട്ടുമായിരുന്നു. തന്റെ പുത്രനുവേണ്ടി അവൾക്കൊരു ട്രസ്റ്റിയുണ്ടായിരുന്നു. തന്റെ സമ്പാദ്യങ്ങളിൽ എടുക്കാവുന്നതെല്ലാം എടുത്ത് കപ്പൽ കയററി ശ്രേഷ്ഠരായ സ്ത്രീകളോടും കുട്ടികളോടുമൊപ്പം അതിവേഗത്തിൽ അലക്സാണ്ഡ്രിയായിലേക്കു പോയി.[48]

2. അവിടെ തന്റെ സമ്പാദ്യമെല്ലാം വിററ് സ്വർണ്ണമാക്കി മാററി. അവൾ നിത്രീയൻ മലയിൽപോയി പംബോ, അർസീസിയൂസ്, മഹാനായ സറാപ്പിയോൻ, ഷേത്തിലെ പഫ്നൂസിയൂസ്, വിശ്വാസ സാക്ഷിയായ ഇസിദോർ, ഹെർമ്മോപ്പോലീസിലെ മെത്രാനായ ദിയസ്ക്കോറസ് എന്നിവരെ കണ്ടു.[49] മരുഭൂമിയിൽ ചുററിനടന്ന് വിശുദ്ധരായ

---

44. അലക്സാണ്ഡ്രിയൻ സഭാസ്ഥാപകൻ മാർക്കോസാണ്. എവു. സഭാ: 2.16.1. ജറോം, മഹദ്വ്യക്തികൾ 8; ക്രി. വ. 62/3 ൽ മർക്കോസ് അലക്സാണ്ഡറിയായിൽവച്ച് രക്തസാക്ഷിയായി.
45. മുകളിൽ അ. 38 കാണുക; താഴെ അധ്യായം 54 കാണുക.
46. റൂഫീനസിന്റെ വിവരണത്തിൽ മർസെല്ലീനസിന്റെ പൗത്രിയാണ് (Apol. 2:26); മർസെല്ലീനസ് 341 ൽ കോൺസുൾ ആയിരുന്നു.
47. വാലെൻസ് (364-378).
48. ജറോം ഈ സംഭവം വിവരിക്കുന്നു; ലേഖ.3:95.
49. ഇവരിൽ മിക്കവരെപ്പററിയും മുകളിൽ വിവരിച്ചിട്ടുണ്ട്.

www.malankaralibrary.com



എല്ലാ മനുഷ്യരെയും അന്വേഷിച്ച് ആറുമാസത്തോളം അവള വിടെ ചെലവഴിച്ചു.

3. തുടർന്ന്, റോമൻ പ്രീഫെക്ടായ 50 ഇസിദോർ, പിസീമിയൂസ്, അദെൽഫിയൂസ്, പഫ്നൂസിയൂസ്, പംബോ, അമ്മോണിയൂസ്, പരോത്തേസ് എന്നിവരെയും പന്ത്രണ്ടു മെത്രാന്മാരെയും വൈദികരേയും പലസ്തീനായിൽ ദിയോചെസറിയായ്ക്കടുത്തേക്ക് നാടുകടത്തി. 51 അവൾ അവരെ അനുഗമിച്ച് തന്റെ സ്വന്തം ചെലവിൽ അവരെ ശുശ്രൂഷിച്ചു. തങ്ങൾക്ക് ജോലിക്കാരാരുമില്ലെന്ന് അവർ പറഞ്ഞു (വി. പിസീമിയൂസ്, ഇസിദോർ, പഫ്നൂസിയൂസ്, അമ്മോണിയൂസ് എന്നിവരെ ഞാൻ കാണാനിടയായി). അവൾ അടിമയുടെ ശിരോവസ്ത്രം ധരിച്ച് അവർക്കാവശ്യമുള്ളവ വൈകുന്നേരം കൊണ്ടുകൊടുത്തിരുന്നു. പലസ്തീനായിലെ കോൺസൂൾ ഈ വിവരം അറിഞ്ഞു. തന്റെ പോക്കററ് വീർപ്പിക്കാമെന്നാഗ്രഹിച്ചു കൊണ്ട് അവൻ അവളെ കരിതേജ്ജാൻ തീരുമാനിച്ചു.

4. അവളൊരു സ്വതന്ത്രയാണെന്നറിയാതെ അവനവളെ പിടിച്ചു ജയിലിലിട്ടു.

എന്നാൽ അവൾ ഇപ്രകാരം വ്യക്തമാക്കി; "ഞാൻ ഇന്നാരുടെ മകളും ഇന്നാരുടെ ഭാര്യയും ആണ്. ഞാൻ ക്രിസ്തുവിന്റെ ദാസിയാണ്. എന്റെ മുഷിഞ്ഞ വസ്ത്രങ്ങൾ കൊണ്ട് എന്നെ ഹീനയെന്നു കരുതരുതെന്ന് അപേക്ഷിക്കുന്നു. വേണമെങ്കിൽ എനിക്ക് മോടിയായി നടക്കാം. കാരണം കൂടാതെ നീ ശിക്ഷിക്കപ്പെടാതിരിക്കാനാണ് ഞാൻ നിന്നോടു വ്യക്തമാക്കിയത്." ബോധമില്ലാത്ത മനുഷ്യരുമായി ഇടപെടുമ്പോൾ നാം കഴുകന്റെ ബുദ്ധി ഉപയോഗിക്കണം.

കോൺസൂൾ സംഗതി മനസ്സിലാക്കി. അദ്ദേഹം അവളോടു ക്ഷമായാചന ചെയ്യുകയും അവളെ ബഹുമാനിക്കുകയും ചെയ്തു. തടസ്സം കൂടാതെ വിശുദ്ധരുമായി അവൾക്കു സംസർഗ്ഗം ചെയ്യാമെന്ന് അദ്ദേഹം കല്പിച്ചു.

5. വിപ്രവാസത്തിൽനിന്ന് അവരെല്ലാം തിരികെ വിളിക്കപ്പെട്ടപ്പോൾ അവൾ യറുശലേമിൽ ഒരു സന്യാസഭവനം പണിയുകയും അൻപതു് കന്യകകൾക്കു നേതൃത്വം നല്കിക്കൊണ്ട് ഇരുപത്തിയേഴുവർഷം പാർക്കുകയും ചെയ്തു. ഇററാലിയൻ

50. ഈജിപ്തിന്റെ ഭരണാധികാരി "Praefectus Augustialis" എന്നു് നാലാം നൂററാണ്ടിന്റെ രണ്ടാം ഭാഗം മുതൽ അറിയപ്പെട്ടു.
51. എപ്പിഫാനിയസ്, പാഷ. 72;11 കാണുക.

www.malankaralibrary.com



പട്ടണമായ അക്വിലായിൽനിന്നുള്ള കുലീനനായ റൂഫീനസ് അടുത്തു പാർത്തിരുന്നു.[52] അവൻെറ ജീവിതരീതിയും അവളുടേതുപോലെയായിരുന്നു. അദ്ദേഹം ശക്തനായ ഒരു മനുഷ്യനായിരുന്നു. പിൽക്കാലത്ത് അദ്ദേഹം പുരോഹിതനാകുവാൻ യോഗ്യനായിത്തീർന്നു. അദ്ദേഹത്തേക്കാൾ പണ്ഡിതനും ബുദ്ധിശാലിയുമായ മനുഷ്യനെ ഞാൻ കണ്ടിട്ടില്ല.

6. പ്രതിജ്ഞ നിറവേററുവാൻ യറുശലേമിലേക്കു വന്ന്, തങ്ങളെ സന്ദർശിച്ച മെത്രാന്മാരേയും ഏകാന്തവാസികളേയും കന്യകകളേയും ഇരുപത്തേഴ വർഷത്തോളം അവരിരുവരും സ്വന്തം ചെലവിൽ തീററിപ്പോററി. അവരുടെ എല്ലാ സന്ദർശകരെയും അവർ ശക്തിപ്പെടുത്തിയിരുന്നു. പൗലയിൻ ശീശ്മയിൽപ്പെട്ട നാന്നൂറു സന്യാസികളെയും പരിശുദ്ധാത്മാവിനെ നിഷേധിച്ച പാഷണ്ഡികളേയും പ്രേരിപ്പിച്ച് സഭയിലേക്കു തിരികെ കൊണ്ടുവന്നു. സ്ഥലത്തുള്ള വൈദികർക്ക് അവർ സമ്മാനങ്ങളും ഭക്ഷണവും നല്കി. ആരേയും മുറിപ്പെടുത്താതെ തങ്ങളുടെ കാലം കഴിച്ചുകൂട്ടി.

## 47. ക്രോണിയൂസും, പഫ്നൂസ്യൂസും

1. ഫൊയ്നീസ് എന്ന ഗ്രാമത്തിൽ ക്രോണിയൂസ് എന്ന പേരുള്ള ഒരാളുണ്ടായിരുന്നു. തൻെറ ഗ്രാമത്തിൽനിന്ന് 15,000 ബേമാ[53] അകലെ മരുഭൂമിക്കടുത്ത് ചെന്ന് പ്രാർത്ഥിച്ച് അദ്ദേഹം ഒരു കിണർ കുഴിച്ചു. ആറ് അളവ്[54] ആഴത്തിൽ അവിടെ അദ്ദേഹം ശുദ്ധജലം കണ്ടെത്തി. പിന്നീട് അദ്ദേഹം അവിടെ ഒരു ചെറിയ കുടിൽ കെട്ടി. അവിടെ പാപ്പു തുടങ്ങിയശേഷം, ഒരിക്കലും മനുഷ്യവാസമുള്ളിടത്തേക്ക് തിരികെ പോകയില്ല എന്ന് അദ്ദേഹം ദൈവത്തോട് ശപഥം ചെയ്തു.

---

52. അക്വിലായിലെ റൂഫീനസ് 345-ൽ കൊൺകോർദിയായിൽ ജനിച്ചു. ജറോമും റൂഫീനസും ആത്മാർത്ഥ സുഹൃത്തുക്കളായിരുന്നു. ഈജിപ്തിൽ അവരിരുവരും മെലാനിയായോടൊത്തുണ്ടായിരുന്നു. പില്ക്കാലത്ത് ജറുസലേമിൽ എത്തി പുരുഷന്മാർക്കു വേണ്ടി സന്ന്യാസസമൂഹം ആരംഭിച്ചു. 397-ൽ ഇററലിക്ക് മടങ്ങി. 410 ൽ മരിച്ചു. cfr, F. X. Murphy. *Rufinus of Aquileia, His Life and Works,* Washington D, C. 1945.

53. ഒരു ബേമാ ഏകദേശം $2\frac{1}{2}$ അടിയാണ്.

54. ഇവിടെ ഉപയോഗിച്ചിരുന്ന ഗ്രീക്കുപദം ഒർഗ്ഗുയ്യാ ...guia) എന്നാണ്; ഏകദേശം ആറടിയാണ് ഇതിലൊരളവ്

www.malankaralibrary.com



2. ഇപ്രകാരം രണ്ടുവർഷം കടന്നുപോയി. ഏതാണ്ട് ഇരുനൂറോളം പേർ സന്യാസജീവിതത്തിനായി അദ്ദേഹത്തിനു ചുററുംകൂടി. അദ്ദേഹം പൗരോഹിത്യത്തിന് യോഗ്യനായി ഗണിക്കപ്പെട്ടു. പുരോഹിതനായി അറുപതുവർഷം അൾത്താരയിൽ ശുശ്രൂഷ ചെയ്തു. അദ്ദേഹം മരുഭൂമി വിട്ടുപോകുകയാകട്ടെ, തന്റെ അദ്ധ്വാനഫലമായ അപ്പമല്ലാതെ മററൊന്നും ഭക്ഷിക്കുകയാകട്ടെ ചെയ്തില്ല എന്ന് അദ്ദേഹത്തിന്റെ താപസജീവിതത്തെപ്പററി പറയപ്പെടുന്നു. 'ഹാരാട്ട്' എന്ന മറുനാമമുള്ളവനും വലിയ പണ്ഡിതനുമായ യാക്കോബ് എന്ന അയല്ക്കാരനും അദ്ദേഹത്തോടൊപ്പം പാർത്തിരുന്നു. അവരിരുവരും ഭാഗ്യവാനായ അന്തോണിയോസുമായി ബന്ധപ്പെട്ടവരുമായിരുന്നു.

3. കെഫാലാസ് എന്നുകൂടി വിളിക്കപ്പെടുന്ന പഫ്നൂസ്യൂസ് ഒരു ദിവസം അവരോടു ചേർന്നു. പഴയതും പുതിയതുമായ വിശുദ്ധഗ്രന്ഥങ്ങളുടെ ദിവ്യജ്ഞാനദാനം അദ്ദേഹത്തിനുണ്ടായിരുന്നു. ഭാഷ്യങ്ങൾ കൂടാതെ അവ വ്യാഖ്യാനിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹം അതീവ വിനീതനാകയാൽ അദ്ദേഹത്തിന്റെ പ്രവാചകദാനങ്ങൾ മറയ്ക്കപ്പെട്ടിരുന്നു. എൺപതു വർഷങ്ങൾക്കിടയിൽ അദ്ദേഹം ഒരിക്കലും രണ്ടുവസ്ത്രങ്ങൾ ഒരുമിച്ച് ധരിച്ചിരുന്നില്ല എന്ന് പറയപ്പെടുന്നു. ഭാഗ്യവാനായ എവാഗ്രിയൂസും, [55] അൽബാനിയൂസും [56] ഞാനും കൂടി ഇത്തരം മനുഷ്യരെ സന്ദർശിച്ചപ്പോൾ സഹോദരന്മാർ വഴിതെററിപ്പോകുന്നതും പിന്മാറുന്നതും, ശരിയായ ജീവിതത്തിൽ നിരാശരാകുന്നതും എന്തിനാണെന്ന് അറിയാൻ ഞങ്ങൾ പരിശ്രമിച്ചു.

4. ആയിടയ്ക്ക് ചേരെമോൻ എന്ന താപസൻ ജോലി ചെയ്യുന്നതിനിടയിൽ തന്റെ കസേരയിൽ മരിച്ചിരുന്നതായി കാണപ്പെട്ടു. ഒരു കിണർ കുഴിക്കുന്നതിനിടയിൽ മററൊരു സഹോദരൻ മണ്ണുവീണ് മൂടപ്പെട്ടു. ഷേതിൽനിന്ന് നടന്നുവന്ന മററൊരു സഹോദരൻ വെള്ളം കിട്ടാതെ മരിച്ചു. മ്ലേച്ഛമായ ജഡികാസക്തിക്ക് വിധേയനായ സ്റ്റീഫൻ, എവുകാർപിയോസ്, അലക്സാണ്ഡ്രിയയിലെ ഹേറോൻ, പലസ്തീനയിലെ വാലെൻസ്, ഷേതിൽ ജീവിച്ച ഈജിപ്തുകാരൻ റേറാലമി എന്നിവരുടെ കഥകളും ഞങ്ങൾക്കറിയാം. [57]

5. മരുഭൂമിയിൽ പാർക്കുന്നവർ ചിലപ്പോഴൊക്കെ വഞ്ചിതരാകുന്നതും വിഷയാസക്തിക്കു വിധേയരാകുന്നതും എന്തുകൊണ്ടാണെന്ന് ഞങ്ങൾ ആരാഞ്ഞു.

---

55 ...കളിൽ അധ്യായം 38 കാണുക.
... ...ളിൽ അധ്യായം 26:2 കാണുക.
...ളിൽ അധ്യായം 27 കാണുക.

www.malankaralibrary.com



പണ്ഡിതവരേണ്യനായ പഫ്നൂസ്യൂസ് ഇപ്രകാരം ഞങ്ങളോടു പ്രത്യുത്തരിച്ചു.[58] "രണ്ടു സംഗതികളാലാണ് എല്ലാം സംഭവിക്കുന്നത്; ഒന്നുകിൽ ദൈവം അംഗീകരിക്കുന്നു; അല്ലെങ്കിൽ ദൈവം അനുവദിക്കുന്നു. സുകൃതത്തിനും ദൈവമഹത്വത്തിനും അനുയോജ്യമായതെല്ലാം ദൈവേഷ്ടം അനുസരിച്ചു സംഭവിക്കുന്നു; മറിച്ച്, ഉപദ്രവകരവും അപകടകരവുമായവയും, അപകടങ്ങൾ, വീഴ്ചകൾ ആദിയായവയും ദൈവസമ്മതത്താൽ നടക്കുന്നു.

6. "ദൈവത്തിന്റെ അംഗീകാരം ബുദ്ധിപൂർവ്വം വരുന്നു. ശരിയായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ ലജ്ജാകരപ്രവൃത്തികളിലും പിശാചുക്കളുടെ കെണിയിലും വീഴുക അസാധ്യമാണ്. തങ്ങളുടെ സ്വന്തം നന്മയ്ക്കുവേണ്ടി ദൈവം അവരെ കൈവിടുന്നതിനാൽ, ഹീനലക്ഷ്യങ്ങളോടുകൂടി സുകൃതാഭ്യാസം നടത്തുന്നവരും തങ്ങളുടെ സഹമനുഷ്യരെ പ്രീതിപ്പെടുത്താനായി പ്രവർത്തിക്കുന്നവരും, ഭാവനയിൽ തിന്മയുള്ളവരും തെററിൽ വീഴുന്നു. ഈ ലക്ഷണങ്ങളാൽ അവർ മാററം കണക്കിലെടുക്കുന്നതിനും നിയോഗത്തിലും പ്രവർത്തനത്തിലും സ്വയം തിരുത്തുന്നതിനും ഇടയാകുന്നതിനുവേണ്ടിയാണിത്.

7. "മനുഷ്യർ ചിലപ്പോൾ തെററായ ഉദ്ദേശ്യത്താൽ പ്രവർത്തിക്കുമ്പോൾ, മനസ്സിൽ പാപം ചെയ്യുന്നു; മററുചിലപ്പോൾ തെററായ രീതിയിലോ, ദുഷ്ടമായോ പ്രവർത്തിക്കുമ്പോൾ പ്രവൃത്തികളിലും പാപം ചെയ്യുന്നു. ചീത്ത മനുഷ്യൻ ചീത്ത ഉദ്ദേശ്യത്താൽ പ്രേരിതനായി ചീത്ത ലക്ഷ്യങ്ങൾക്കുവേണ്ടി യുവതികൾക്ക് ദാനം കൊടുക്കുന്നതു മിക്കപ്പോഴും കാണാറുള്ളതാണല്ലോ. മറിച്ച്, ഒരനാഥനോ, ഒരേകാന്തവാസിക്കോ, ഒരു താപസനോ അഭയം നല്കുന്നതു തികച്ചും സ്തുത്യർഹമായ സംഗതിയത്രെ. രോഗികൾക്കോ, വൃദ്ധർക്കോ, ദ്രവ്യനഷ്ടം സംഭവിച്ചവർക്കോ ശരിയായ ഉദ്ദേശ്യത്തോടുകൂടെയാണെങ്കിലും, ലുബ്ധിച്ചും പിറുപിറുത്തും ദാനംചെയ്യാൻ ഒരാൾക്കു സാധിക്കും; അവന്റെ ഉദ്ദേശ്യം നല്ലതുതന്നെ; എന്നാൽ പ്രവൃത്തി ഉദ്ദേശ്യത്തിനനുസൃതമല്ല. "സന്തോഷത്തോടും ഔദാര്യത്തോടും കൂടെവേണം ദയാലു ദാനം ചെയ്യേണ്ടതു" (റോമ. 12:8).

8. ഇതും അവർ പറഞ്ഞു: "അനേകർക്ക് വിശിഷ്ടങ്ങളായ കഴിവുകൾ ഉണ്ട്. ചിലർക്കു ധ്യാനിക്കുവാനുള്ള സ്വാഭാവിക കഴിവുകൾ ഉണ്ട്. മററുചിലർക്ക് താപസകർമ്മങ്ങൾക്കുള്ള

58 കാസ്സിയൻ (ഡയലോഗ്, 3:20) ഇതുപോലൊരു വിവരണം നൽകുന്നതു താരതമ്യപ്പെടുത്തുക.

www.malankaralibrary.com



താല്പര്യമുണ്ട്. എന്നാൽ എന്തെങ്കിലും കർമ്മമോ, സ്വാഭാവികമായ സദ്പ്രവൃത്തിയോ, നല്ല ലക്ഷ്യത്തിനുവേണ്ടി ചെയ്യാതെയും ഉന്നതമായ കഴിവുള്ളവർ എല്ലാ സദ്പ്രവൃത്തികളുടേയും ദാതാവായ ദൈവത്തിൽ ആരോപിക്കാതെ തങ്ങളുടെ കഴിവിനും നന്മയ്ക്കും സ്വയംസംതൃപ്തികളും ആരോപിക്കുകയും ചെയ്താൽ അവർ ലജ്ജാകരകർമ്മങ്ങൾക്കോ മ്ലേച്ഛത നിറഞ്ഞ അനുഭവങ്ങൾക്കോ കൈവിടപ്പെട്ടവരായി പരിപൂർണ്ണമായി ഉപേക്ഷിക്കപ്പെടും. അതിൽനിന്ന് ഉളവാകുന്ന അപമാനവും ലജ്ജയും കൊണ്ട്, ഉണ്ടെന്ന് അവർ നടിച്ച സുകൃതമാകുന്ന അഹങ്കാരത്തിൽ നിന്ന് സാവധാനത്തിൽ അവർ വിമുക്തരാകും.

9. "അഹങ്കാരത്താൽ ഉന്മത്തനായി, സംസാരത്തിൽ സ്വയം പ്രശംസ മുററിനില്ക്കുകയും, തൻെറ വശ്യസംസാരരീതിയും വിജ്ഞാനഭണ്ഡാഗാരവും ദൈവത്തിൽ നിന്നല്ല, തൻെറ താപസകർമ്മങ്ങളുടെയോ, സ്വന്തം വിജ്ഞാനത്തിൻെറയോ ഫലമാണെന്ന് വീമ്പടിക്കുകയും ചെയ്യുമ്പോൾ, ദൈവം പരിപാലനയുടെ ദൂതനെ അവനിൽനിന്ന് നീക്കിക്കളയുന്നു. ആ ദൂതൻ മാററപ്പെടുമ്പോൾ, എതിരാളിയാൽ അവൻ അലട്ടപ്പെടുകയും തൻെറ സ്വാഭാവിക ഗുണങ്ങളെപ്പററി വീമ്പടിക്കുകയും ചെയ്യുകയും, ഇപ്രകാരം തൻെറ അഹങ്കാരോന്മാദത്താൽ അശുദ്ധിയിൽ നിപതിക്കുകയും ചെയ്യുന്നു. തൻെറ വിവേകത്തിൻെറ സാക്ഷ്യം നീക്കപ്പെടുന്നു; അവൻ സംസാരിച്ചവ വിശ്വസനീയമല്ലാതാകുന്നു. നീരട്ടകൾ ഉള്ള ഉറവയിൽ നിന്നെന്നവണ്ണം ഭക്തരായ മനുഷ്യർ, യഥാർത്ഥത്തിൽ അപ്രകാരമുള്ളവരുടെ അധരങ്ങളിൽനിന്നു വരുന്ന പ്രബോധനങ്ങളിൽ നിന്ന് ഓടിയകലുന്നു. ഇങ്ങനെ വിശുദ്ധഗ്രന്ഥം പൂർത്തിയാക്കപ്പെടുന്നു: പാപിയോട് ദൈവം പറഞ്ഞു: നീ എന്തുകൊണ്ടാണ് എൻെറ നീതി പ്രസ്താവിക്കുകയും എൻെറ ഉടമ്പടി നിൻെറ വായിൽ എടുക്കുകയും ചെയ്യുന്നതു്? (സങ്കീ. 50:16).

10. "പാപികളുടെ ആത്മാക്കൾ പലതരം ഉറവകൾക്കു തുല്യമാണ്. ഭോജനപ്രിയരും മദ്യപാനികളും ദുഷിച്ച ഉറവയ്ക്കു തുല്യമാണ്; അത്യാഗ്രഹികളും ചതിയരും തവള നിറഞ്ഞ ഉറവപോലെയാണ്. അസൂയാലുക്കളും ഗർവ്വിഷ്ഠരും എങ്കിലും കുറേ അറിവുള്ളവരുമായവർ സർപ്പങ്ങൾ വസിക്കുന്ന ഉറവപോലെയാണ്. അവിടെ വെള്ളം കെട്ടിക്കിടക്കുന്നു. അവയുടെ ഘോരസ്വഭാവം നിമിത്തം സ്വാതന്ത്ര്യമായി ആരും അതിൽനിന്നു് ഗുണം അനുഭവിക്കുന്നില്ല. അതുകൊണ്ട്, പ്രാർത്ഥനാവസരം ദാവീദ് മൂന്നു കാര്യങ്ങൾക്കായി അപേക്ഷിച്ചു: നന്മ, ശിക്ഷണം, അറിവ്. കാരണം, നന്മകൂടാതുള്ള അറിവ് നന്മയല്ല(സങ്കീ: 119: 66).

www.malankaralibrary.com



11. ''എന്നാൽ അപ്രകാരമുള്ളതിൽ സ്വയം തിരുത്തി തൻെറ പരിത്യക്തതാവസ്ഥയുടെ കാരണം നീക്കി വീണ്ടും എളിമയുള്ളവനാകുകയും, തൻെറ യഥാർത്ഥനില എന്തെന്ന് ഗ്രഹിക്കുകയും, തൻെറ അയൽക്കാരനേക്കാൾ വലിയവനെന്ന് ഭാവിക്കാതിരിക്കുകയും ദൈവത്തോട് നന്ദിയുള്ളവനായിരിക്കുകയും ചെയ്താൽ അറിവ് അതിൻെറ തെളിവുകളോടുകൂടി തിരികെ വരും. വിശുദ്ധവും വിവേകപൂർണ്ണവുമായ ജീവിതം നയിക്കുന്നവരുമായി ആത്മീയവചനങ്ങൾ പങ്കുവച്ചില്ലെങ്കിൽ അവ കാററിൽ പാറിപ്പോകുന്ന പതിരുപോലെയാണ്. നെന്മണിയുടെ രൂപമേ അവയ്ക്കുള്ളൂ; അവയുടെ ചാറ് ഊററിക്കുടിക്കപ്പെട്ടിരിക്കുന്നു.

12. ''വാക്കുകൊണ്ടോ വിചാരംകൊണ്ടോ പ്രവൃത്തികൊണ്ടോ ശരീരം മുഴുവൻകൊണ്ടോ ഉണ്ടാകുന്ന എല്ലാ വീഴ്ചകളും പരിത്യക്തതയിലേക്കു നയിക്കുന്നു. അഹങ്കാരം വർദ്ധിക്കുന്നതനുസരിച്ച് ഇതും വർദ്ധിച്ചിരിക്കും. പക്ഷേ പരിത്യക്തതയെപ്പററി ദൈവത്തിന് പരിഗണനയുണ്ട്. കാരണം, അവരുടെ സ്വാഭാവിക കഴിവുകളെപ്പററി വാചാലമായി കർത്താവ് സാക്ഷ്യം നല്കിയാൽ അത് അവരെ തങ്ങളുടെ അശുദ്ധിയിൽ തടിച്ചുകൊഴുത്തു പിശാചുക്കളാക്കും.''

13. ഈ മനുഷ്യർ തന്നെ ഇതും പറഞ്ഞു;

''കുത്തഴിഞ്ഞ ജീവിതത്തോടുകൂടിയ വാചാലനായ ഒരുവനെ കണ്ടാൽ വിശുദ്ധഗ്രന്ഥം ഉദ്ധരിച്ചുകൊണ്ട് ക്രിസ്തുവിനോട് സംസാരിച്ച പിശാചിനെ ഓർക്കുക'. അവനേപ്പററി ഇപ്രകാരം സാക്ഷ്യപ്പെടുത്തിയിരിക്കുന്നു: ഭൂമിയിലെ മൃഗങ്ങളിൽ വച്ച് സർപ്പം ഏററം സൂത്രശാലിയായിരുന്നു'' (ഉല്പ. 3:1). സർപ്പത്തിൻെറ കൗശലം അപകടത്തിലേയ്ക്കു മാത്രമേ നയിക്കൂ. ഇതല്ലാതെ മറെറാരു നന്മയും അതിനില്ലല്ലോ. വിശ്വസ്തനും നല്ലവനുമായ മനുഷ്യൻ ദൈവത്തിൽ നിന്നുള്ള കാര്യങ്ങൾ ചിന്തിക്കണം; താൻ ചിന്തിക്കുന്നത് സംസാരിക്കുകയും തദനുസരണം പ്രവർത്തിക്കുകയും വേണം.

14. ''തൻെറ വാക്കുകൾക്കനുസൃതം ജീവിക്കാത്തവൻ ഇയ്യോബ് പറയുന്നതുപോലെ ഉപ്പില്ലാത്ത അപ്പംപോലെയാണ്; ആരും അത് ഭക്ഷിക്കുന്നില്ല; ഭക്ഷിച്ചാൽ ശാരീരിക രോഗങ്ങളുണ്ടാകുന്നു. അവൻ ചോദിക്കുന്നു: ''ഉപ്പുകൂടാതെ അപ്പം ഭക്ഷിക്കുന്നുണ്ടോ?'' (ജോബ് 6:6) പ്രവർത്തന സാക്ഷ്യത്താൽ പൂർത്തീകരിക്കപ്പെടാത്ത പൊള്ളവാക്കുകൾക്ക് രുചിയുണ്ടോ? അതുകൊണ്ടാണ് ഈ മനുഷ്യർ പരിത്യക്തരായിത്തീരുന്നത്. ഇയ്യോബിൻെറ സുകൃതം പോലെ ഒളിഞ്ഞു കിടക്കുന്ന സുകൃതം

www.malankaralibrary.com



വെളിപ്പെടുത്തപ്പെടുന്നതിനുവേണ്ടിയാണിത്. ദൈവം അവനോട് ഉത്തരമായി പറഞ്ഞു. എൻെറ വിധി നീ നിസ്സാരമാക്കുമോ? നീ നീതീകരിക്കപ്പെടാൻ എന്നെ വിധിക്കുമോ?'' (ജോബ് 40:3)

15. ''രഹസ്യകാര്യങ്ങൾ അറിയുന്ന ഞാൻ നിന്നെയറിഞ്ഞു; നീയെന്നെ സേവിച്ചതു് ധനത്തിനാണെന്നു് സംശയിച്ചവർ നിന്നെയറിഞ്ഞില്ല. ഞാനാണ് പ്രതിസന്ധി ഉണ്ടാക്കിയതു്. നിൻെറ തത്വശാസ്ത്രം എനിക്കു പ്രിയങ്കരമാണെന്നു് അവരെ കാണിക്കാൻ ഞാൻ ധനമെല്ലാം എടുത്തു കളഞ്ഞു. പൗലോസിൻെറ കാര്യത്തിലെന്നപോലെ അഹങ്കാരത്തെ കീഴമർത്തുവാനാണിതു്; അവൻ പരിത്യക്തനായി ദൗർഭാഗ്യങ്ങളാലും പീഡകളാലും നിരവധി പരീക്ഷകളാലും ഉലയ്ക്കപ്പെട്ടു. അവൻ പറഞ്ഞു: ''ഞാൻ അഹങ്കരിക്കാതിരിക്കാൻ എൻെറ ശരീരത്തിൽ ഒരു മുള്ളു് നൽകപ്പെട്ടിരിക്കുന്നു; എന്നെ പീഡിപ്പിക്കാനുള്ള സാത്താൻെറ ദൂതൻ തന്നെ'' (2 കൊറി. 12:7).

16. ''ഈ അത്ഭുതങ്ങൾ വഴി അവനെ മൂടിയ ബഹുമാനവും ഐശ്വര്യവും സ്വസ്ഥതയും പിശാചിനെപ്പോലെ അവനെ ഗർവിഷ്ഠനാക്കി, അഹങ്കാരോത്മത്തനാകാതിരിക്കാനാണിതു്; തളർവാതരോഗി സ്വന്തം തെററു കൊണ്ടാണു് ഉപേക്ഷിക്കപ്പെട്ടതു്; കർത്താവു് പറഞ്ഞു; 'ഇതാ, നീ ശുദ്ധനാക്കപ്പെട്ടിരിക്കുന്നു; മേലിൽ പാപം ചെയ്യരുതു്'' (യോഹ 5:14). യൂദാസ് വചനത്തേക്കാൾ പണത്തെ ഇഷ്ടപ്പെട്ടതിനാൽ ഉപേക്ഷിക്കപ്പെട്ടു; അതുകൊണ്ടു് അവൻ തൂങ്ങിച്ചത്തു. തൻെറ പിതാവിൻെറ അനുഗ്രഹത്തേക്കാൾ വയറിൻെറ സുഖം കാംക്ഷിച്ചതിനാൽ ഏശാവു് ഉപേക്ഷിക്കപ്പെടുകയും തിന്മയിൽ നിപതിക്കുകയും ചെയ്തു.

17. ''ചിലരെപ്പററി പൗലോസ് സംസാരിക്കുമ്പോൾ ഈ സംഗതികളെല്ലാം കണക്കിലെടുത്തിട്ടുണ്ടു്. ''തങ്ങളുടെ അറിവിൽ ദൈവം വേണ്ടാ എന്നു് അവർ കാംക്ഷിച്ചതിനാൽ ദൈവം അവരെ നിന്ദ്യപ്രവൃത്തികൾക്ക്—ചെയ്യരുതാത്ത കർമ്മങ്ങൾക്ക്—കൈവിട്ടു'' (റോമ. 1:28). അധമമനഃസ്ഥിതിയോടു കൂടിയവരും ദൈവത്തെപ്പററി അറിവുള്ളവരുമായ മററു ചിലരെപ്പററി അദ്ദേഹം പറഞ്ഞു: ''അവർ ദൈവത്തെ അറിഞ്ഞെങ്കിലും ദൈവമായി അവനെ മഹത്വപ്പെടുത്തുകയോ, അവനു് നന്ദി പറയുകയോ ചെയ്തില്ല (റോമ. 1:21). ഇക്കാരണത്താൽ ദൈവം അവരെ ലജ്ജാവഹങ്ങളായ പീഡനങ്ങൾക്കു് കൈവിട്ടു (റോമ. 1:26). ദൈവപരിപാലന പരിത്യജി

www.malankaralibrary.com



ക്കാതെ ആകെക്കിലും പാപത്തിൽ വീഴുക അസാദ്ധ്യമാണെന്ന് ഇതിൽ നിന്നു് നമുക്കു് ഗ്രഹിക്കാവുന്നതാണ്''.

## 48. എൽപീദിയൂസ്

യറിഹോസ്സുടത്തുള്ള ഗുഹകളിൽ എൽപീദിയൂസ് എന്നൊരാരം പാത്തിരുന്നു. ദുക്കാസ് മലകളിലെ വിദേശ ഗോത്രങ്ങളായ അമോര്യരെ നൂൻെറ മകനായ യോശുവാ കൊള്ളയടിച്ചപ്പോരം അവർ ഓടിപ്പോയി പാറയിൽ തുരങ്കമുണ്ടാക്കി. അവയായിരുന്നു ഈ ഗുഹകരം. എൽപീദിയൂസ് കപ്പദോഷ്യയക്കാരനായിരുന്നു; കുറേക്കാലത്തിനുശേഷം അദ്ദേഹം പൗരോഹിത്യത്തിനു യോഗ്യനായിത്തീന്നു; കപ്പദോഷ്യക്കാരനും കഴിവുററവനുമായ തിമോതിയോസിൻെറ ആശ്രമത്തിൽ എൽപീദിയൂസ് കോർഎപ്പിസ്കോപ്പാ ആയി. അദ്ദേഹം അവിടെ എത്തിച്ചേർന്നപ്പോരം അവിടെയുള്ള ഒരു ഗുഹയിൽ താമസം തുടങ്ങി, മററുള്ളവരെയെല്ലാം അതിശയിക്കത്തക്കവണ്ണം താപസകർമ്മങ്ങളിൽ അദ്ദേഹം ആത്മനിയന്ത്രണം പാലിച്ചിരുന്നു.

2. ശനിയാഴ്ചയും ഞായറാഴ്ചയും മാത്രം ഭക്ഷിച്ചുകൊണ്ടും, രാത്രിമുഴുവൻ സങ്കീർത്തനങ്ങളാലപിച്ചുകൊണ്ടും അദ്ദേഹം അവിടെ ഇരുപത്തിയഞ്ചുവഷം പാത്തു. അവിടെയുള്ള സഹോദരന്മാരുടെയിടയിൽ അദ്ദേഹം റാണിഈച്ച പോലെയായിരുന്നു. ഞാനും അവിടെ താമസിച്ചിട്ടുണ്ടു്. അദ്ദേഹം ആ മലയെ ഒരു നഗരമായി രൂപാന്തരപ്പെടുത്തി; വിവിധ ജീവിതരീതികരം അവിടെ ദൃശ്യമായിരുന്നു. ഒരു രാത്രിയിൽ അദ്ദേഹം സങ്കീർത്തനങ്ങളാലപിച്ചുകൊണ്ടിരിക്കെ അദ്ദേഹത്തെ ഒരു തേരം കുത്തി. ഞങ്ങളും അദ്ദേഹത്തോടൊപ്പം പാടുകയായിരുന്നു. അദ്ദേഹം തൻെറ പാദം അതിൻെറ മേൽ ഉറപ്പിച്ചുവച്ചു; തേളിൻെറകുത്തു് പരിഗണിക്കാതെ അനങ്ങാതെ അവിടെനിന്നു.

3. ഒരിക്കൽ ഒരു സഹോദരൻ ഒരു മുന്തിരിത്തണ്ടു് മുറിച്ചുകൊണ്ടു് നില്ക്കുകയായിരുന്നു. അദ്ദേഹമതുവാങ്ങി മലഞ്ചരുവിൽ താൻ ഇരുന്നിടത്തു് നട്ടുനാട്ടുപോലെവച്ചു് ചുററും വളമിട്ടു. അതു് നടാൻപററിയ കാലമല്ലാതിരുന്നിട്ടും മുന്തിരിത്തണ്ടു് മുളച്ചു് പള്ളിമുഴുവൻ മൂടത്തക്കവണ്ണം വളന്നു പന്തലിച്ചു. അദ്ദേഹത്തോടൊപ്പം എനേസ്യൂസ് എന്ന സ്തുത്യർഹനായ വ്യക്തിയും, അദ്ദേഹത്തിൻെറ സഹോദരനായ എവുസ്റ്റാത്യോസും പൂർണ്ണതയിലെത്തി. എൽപീദിയൂസിൻെറ അസ്ഥികളിലൂടെ സൂര്യരശ്മി കടക്കത്തക്കവണ്ണം അദ്ദേഹം ഉഗ്രതാപസനായിരുന്നു; അതായതു്, ശരീരം അത്രമാത്രം ശുഷ്കിച്ചുപോയിരുന്നു.

www.malankaralibrary.com

4. ഈ കഥ അദ്ദേഹത്തിൻെറ പ്രേഷ്ഠശിഷ്യർ പറഞ്ഞതാണ്: അദ്ദേഹത്തിൻെറ ഗുഹയുടെ വാതില്ക്കൽ മല ഉയന്നു നിന്നതിനാൽ അദ്ദേഹം പടിഞ്ഞാറോട്ട് നോക്കുകയില്ലായിരുന്നു. പടിഞ്ഞാറുവശത്തുള്ള മലയുടെ ഉയരം നിമിത്തം ആറാം മണിക്കുശേഷം അദ്ദേഹത്തിന് സൂര്യനെ കാണാൻ സാദ്ധ്യമല്ലായിരുന്നു. പടിഞ്ഞാറെ ചക്രവാളത്തിലെ നക്ഷത്രങ്ങളും അദ്ദേഹത്തിനു് കാണാൻ കഴിഞ്ഞില്ല-ഇരുപത്തിയഞ്ചു വഷ്ക്കാലം എന്നോക്കണം. അദ്ദേഹം ഗുഹയിൽ പ്രവേശിച്ച ശേഷം മരിക്കുന്നതുവരെ മലയിൽനിന്നിറങ്ങി വന്നിട്ടില്ല.

## 49. സിസിന്നിയൂസ്

1. എൽപീദിയൂസിൻെറ ഒരു ശിഷ്യനായിരുന്ന സിസിന്നിയൂസ്. അദ്ദേഹം ജന്മനാ ഒരടിമയും, വിവാഹത്താൽ സ്വതന്ത്രനും, ജാതിയിൽ കപ്പദോഷ്യനും ആയിരുന്നു. നമ്മെ ഉയത്തുകയും യഥാത്ഥ കലീനത്വത്തിലേക്കു് നയിക്കുകയും ചെയ്യുന്ന ക്രിസ്തുവിൻെറ മഹത്വത്തിനു വേണ്ടി ഈ സംഗതികൾ സൂചിപ്പിക്കേണ്ടിയിരിക്കുന്നു. ആറോ ഏഴോ വർഷം അവൻ എൽപിദിയൂസിൻെറ കൂടെ പാർത്തു; അതിനുശേഷം സ്വയം ഒരു കല്ലറയിൽ അടച്ചു. ഒരിക്കലും ഇരിക്കാതെ മൂന്നുവർഷം ആ കല്ലറയിൽ പ്രാത്ഥനയിൽ ചെലവഴിച്ചു; അദ്ദേഹം കിടക്കുകയോ പുറത്തു പോകുകയോ ചെയ്തില്ല. പിശാചുക്കൾക്കെതിരെയുള്ള വരം ലഭിക്കാൻ അദ്ദേഹം യോഗ്യനായി ഗണിക്കപ്പെട്ടു.

2. അദ്ദേഹം തൻെറ നാട്ടിൽ തിരികെ പോയി; അവിടെവച്ച് വൈദികനാകാൻ യോഗ്യനായി ഗണിക്കപ്പെട്ടു; സ്ത്രീകളുടേയും പുരുഷന്മാരുടേയും ഒരു സമൂഹത്തെ അദ്ദേഹം ഒന്നിച്ചു കൂട്ടി. തൻെറ ബഹുമാന്യമായ ജീവിതരീതിയാൽ തന്നിലുള്ള പുരുഷേച്ഛകളെ അദ്ദേഹം നിഗ്രഹിച്ചു; തൻെറ നിയന്ത്രണത്താൽ സ്ത്രീകളുടെ സ്ത്രൈണ സ്വഭാവത്തെയും നിയന്ത്രിച്ചു. അങ്ങനെ, "യേശുക്രിസ്തുവിൽ സ്ത്രീപുരുഷഭേദമില്ല" എന്ന വിശുദ്ധഗ്രന്ഥം പൂത്തിയാക്കി (ഗലാ. 38). അദ്ദേഹത്തിന് വസ്തുവകകൾ ഒന്നും ഇല്ലായിരുന്നെങ്കിലും, അപരിചിതരോട്ട് അദ്ദേഹം ദയാലുവായിരുന്നു; തങ്ങളുടെ സ്വത്തു് പങ്കിടാത്ത ധനവാന്മാരെ അദ്ദേഹം കുററപ്പെടുത്തി (തിമോ. 1:8).

## 50. ഗദ്ദാനെസ്

യോർദ്ദാൻെറ സമീപത്തു് മേല്ക്കൂരകൂടാതെ ജീവിച്ച ഗദ്ദാനെസ്[59] എന്ന പേരുള്ള, പ്രായംചെന്ന ഒരു പലസ്തീനക്കാ

59 സൊസൊമെൻ, സഭാ. 6:34

www.malankaralibrary.com



രനെ എനിക്കറിയാം. ഒരിക്കൽ ചാവുകടലിനുചുററുമുള്ള ചില യൂദന്മാർ തങ്ങളുടെ തീക്ഷ്ണതയിൽ അവനെ ആക്രമിക്കാനായി വാളുമേന്തി അവനെ സമീപിച്ചു. അപ്പോഠം താഴെപ്പറയുന്ന സംഭവമുണ്ടായി: ഒരുത്തൻ വാളുയർത്തി ഗദ്ദാനെസിനെ വെട്ടാൻ ഓങ്ങിയ നിമിഷം തന്നെ അവൻെറ കൈ തളന്ന് വാഠം താഴെവീണു.

## 51. ഏലിയാസ്

അതിൻെറ സമീപത്ത് ഏലിയാസ്[60] എന്ന താപസനും ഒരു ഗുഹയിൽ പാർത്തിരുന്നു. അദ്ദേഹം ആത്മനിയന്ത്രണത്തിൻേറതായ ഏററം വിശുദ്ധജീവിതം നയിച്ചു. അദ്ദേഹത്തിൻെറ വാസം റോഡരുകിൽ ആയിരുന്നതിനാൽ ഒരിക്കൽ ധാരാളം സഹോദരന്മാർ അദ്ദേഹത്തെ സന്ദർശിച്ചു. അപ്പോഠം അവിടെയുണ്ടായിരുന്ന അപ്പം തീന്നുപോയി. അദ്ദേഹം ഞങ്ങളോട് തറപ്പിച്ചു പറഞ്ഞു: "അത്ഭുതമെന്നുപറയട്ടെ, ഞാൻ ഗുഹയിൽ പ്രവേശിച്ചപ്പോഠം മൂന്നപ്പം ഇരിപ്പുണ്ടായിരുന്നു. അവർ ഇരുപതു പേരുണ്ടായിരുന്നു. അവർ ഭക്ഷിച്ചുതൃപ്തരായി ഒരപ്പം അവശേഷിച്ചു. അതെനിക്ക് ഇരുപത്തിയഞ്ചു ദിവസത്തേക്ക് മതിയായിരുന്നു.''

## 52. സാബാസ്

ജറീക്കോയിൽ വിവാഹിതനായി സാബാസ് എന്ന അൽമായൻ ഉണ്ടായിരുന്നു. അയാഠം സന്യാസികളുടെ ഉത്തമ സുഹൃത്തായി തീർന്നു. രാത്രിയിൽ അദ്ദേഹം മരുഭൂമിയിലെ സന്യാസികളുടെ പാർപ്പിടങ്ങളിൽ പോയി ഓരോ പെക് ഈത്തപ്പഴങ്ങളും, സസ്യങ്ങളും വച്ചിട്ടു പോവുക പതിവായിരുന്നു. യോർദ്ദാൻ തീരത്തെ സന്യാസികഠം അപ്പം ഭക്ഷിക്കാത്തവരായിരുന്നു. ഒരിക്കൽ അദ്ദേഹം ഒരു സിംഹത്തെ കണ്ടുമുട്ടി; അത് അദ്ദേഹത്തെ കഴുതപ്പുറത്തു നിന്നു തള്ളിത്താഴെയിട്ടു; അദ്ദേഹത്തിൻെറ കഴുതയെയുംകൊണ്ട് കടന്നുകളഞ്ഞു.

## 53. അബ്രാമിയൂസ്

ഈജിപ്തുകാരനായ ഒരു അബ്രാമിയൂസ് മരുഭൂമിയിൽ ഏററം കക്കശവും കഠിനവുമായ ഒരു ജീവിതം നയിച്ചിരുന്നു. ഇയാഠം കഠിനമായ ആത്മവഞ്ചനയാൽ പീഡിപ്പിക്കപ്പെട്ടു; അടുത്തുള്ള ദേവാലയത്തിൽപോയി അവിടത്തെ പുരോഹിത

---

60 സൊസൊമെൻ, സഭാ. 6:29

www.malankaralibrary.com



നോട്ട് ഇയാൾ ഇപ്രകാരം വാദിച്ചു: "കഴിഞ്ഞ രാത്രി ഞാൻ ക്രിസ്തുവിനാൽ പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ടു; പുരോഹിതകർമ്മങ്ങൾ അനുഷ്ഠിക്കാൻ എന്നെ അനുവദിച്ചാലും."

പിതാക്കന്മാർ അയാളെ മരുഭൂമിയിൽനിന്ന് മാററി ചെറിയൊരു താപസൻെറ പക്കലെത്തിച്ചു. അവിടെ കാർക്കശ്യം കുറഞ്ഞ ജീവിതരീതിയായിരുന്നു. പിശാചുക്കളുടെ കളിപ്പാവയായിരുന്ന അയാളെ തൻെറ ബലഹീനതയെപ്പററിയുള്ള അറിവ് പകർന്നുകൊടുത്ത് അഹങ്കാരപ്രമത്തത ഇല്ലാതാക്കി.

## 54. മെലാനിയായെപ്പററി കൂടുതൽ സംഗതികൾ

1. ശ്രേഷ്ഠയും വിശുദ്ധയുമായ മെലാനിയായെപ്പററി പൊതുവായി ചില സംഗതികൾ മുകളിൽ പ്രസ്താവിക്കുകയുണ്ടായല്ലോ. 61 വിട്ടുപോയ ചില സംഗതികൾ അതോടൊപ്പം ചേർക്കാൻ ശ്രമിക്കാം. അഗ്നിയിൽ കത്തുന്നതുപോലെയുള്ള വിശുദ്ധ തീക്ഷ്ണതയിൽ അവൾ ധാരാളം ധനം വ്യയംചെയ്തു. ഞാനല്ല പേർഷ്യയിൽ താമസിക്കുന്നവരാണ് ഈ വിവരണം നൽകേണ്ടത്. 62 കിഴക്കും പടിഞ്ഞാറും തെക്കും വടക്കുമുള്ളവരാരും 63 അവളുടെ സദ്പ്രവൃത്തികളാൽ ധന്യരാകാതിരുന്നിട്ടില്ല.

2. മുപ്പത്തിയേഴുവർഷം അവൾ അതിഥിസൽക്കാരം നടത്തി. തൻെറ സ്വന്തം സമ്പാദ്യത്തിൽ നിന്ന് അവൾ പള്ളികൾക്കും, ആശ്രമങ്ങൾക്കും, അതിഥികൾക്കും, ജയിലുകൾക്കും സംഭാവനകൾ നല്കി. അവളുടെ കുടുംബവും 64 മകനും ദാസന്മാരും ഇതിനുള്ള പണം കൊടുത്തുകൊണ്ടിരുന്നു. അവൾക്ക് സ്വന്തമായി ഒരടി മണ്ണുപോലും ഇല്ലായിരുന്നു. അവൾക്ക് ഒരു മകനേ ഉണ്ടായിരുന്നുള്ളു. തൻെറ ഈ മകനു വേണ്ടിയുള്ള സമ്പാദ്യം

---

61 മുകളിൽ അധ്യായം 46 കാണുക.

62 വളരെ വിദൂരത്തിലുള്ളവരും അവളുടെ ദാനധർമ്മം സ്വീകരിച്ചു എന്ന് ധരിക്കാം: "ഏഷ്യാനിസം" എന്നറിയപ്പെട്ടിരുന്ന പ്രോഷണകല അഭ്യസിച്ച പ്രഭാഷകരാണ് അവളെ സ്തുതിക്കാൻ യോഗ്യർ എന്ന് ചിലർ ചിന്തിക്കുന്നു.

63 കിഴക്ക് (അനാതൊളേ) പടിഞ്ഞാറ് (ദുസിസ്), വടക്ക് (അർക്തൊസ്), തെക്ക് (മെസേംബ്രിയ) എന്നീ ഗ്രീക്കുവാക്കുകളുടെ ആദ്യാക്ഷരങ്ങൾ "ആദം" (Adam) എന്ന് കിട്ടുന്നു. "മനുഷ്യർ" എന്നർത്ഥം. അതായത് മനുഷ്യരെല്ലാം അവളുടെ ദാനധർമ്മംകൊണ്ട് ധന്യരായിത്തീർന്നു എന്ന് സാരം.

64 പബ്ലിക്കൊളാ എന്ന മകനെപ്പററി മുകളിൽ അധ്യായം 46:1 ൽ സൂചിപ്പിച്ചിരുന്നു.

www.malankaralibrary.com


പോലും ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ നിന്നു തന്നെ വേർതിരിക്കാൻ അവൾ അനുവദിച്ചില്ല (റോമ. 8:35). ഈ രീതിയിൽ അവൾ തൻെറ അതിഥിസ്നേഹത്തിൽ ഉറച്ചുനിന്നു.

3. എന്നാൽ അവളുടെ പ്രാർത്ഥന മൂലം ആ യുവാവു് ഉന്നത വിദ്യാഭ്യാസവും സ്വഭാവരൂപീകരണവും നേടി. ലൗകികമാനദണ്ഡം അനുസരിച്ചു് വലിയവനായിത്തീർന്നു. അവനു് രണ്ടു മക്കൾ ഉണ്ടായിരുന്നു. അനേകം നാളുകൾക്കു ശേഷം അവളുടെ കൊച്ചുമകളെപ്പററി അവൾ കേൾക്കാൻ ഇടയായി—അവൾ വിവാഹിതയായതും പിന്നീടു ലോകം ഉപേക്ഷിക്കാൻ തീരുമാനിച്ചതും. തെററായ പ്രബോധനമോ പാഷണ്ഡതയോ, ചീത്ത ജീവിതമോ വഴി അവൾ പൂർണ്ണമായി നശിച്ചുപോയേക്കുമോ എന്നു് അവൾ ഭയപ്പെട്ടു. അവൾ അപ്പോൾ അറുപതു വയസ്സായ വൃദ്ധയായിരുന്നെങ്കിലും കേസറിയായിൽ നിന്നു് കപ്പൽ കയറി ഇരുപതു ദിവസം കടൽ യാത്ര ചെയ്തു് റോമിൽ എത്തി.

4. അവൾ അവിടെ ഏററം വിശുദ്ധനും ഏററം ശ്രദ്ധേയനുമായ അപ്രൊണിയാനസ് എന്ന ഗ്രീക്കുകാരനെ കണ്ടുമുട്ടി.[65] അവൾ അവനെ ഉപദേശിച്ചു് ക്രിസ്ത്യാനിയാക്കി. തൻെറ ഭാര്യയും അവളുടെ ചാർച്ചക്കാരിയുമായ അബിതായോടുള്ള ബന്ധത്തിൽ ആത്മനിയന്ത്രണം പാലിക്കാനും അവനെ സമ്മതിപ്പിക്കുന്നതിലും അവൾ വിജയിച്ചു. തൻെറ പൗത്രിയായ മെലാനിയായ്ക്കും അവളുടെ ഭർത്താവായ പിനിയാനൂസിനും അവൾ ധാർമ്മികപിന്തുണ നല്കി; തൻെറ മകൻെറ ഭാര്യയായ അൽബീനായെ[66] അവൾ പഠിപ്പിക്കുകയും ചെയ്തു. തങ്ങളുടെ സ്വത്തുക്കളെല്ലാം വില്ക്കാൻ അവൾ അവരെ പ്രേരിപ്പിച്ചു. അവൾ അവരെ റോമിൽ നിന്നു് പുറപ്പെടുവിച്ചു് പരിശുദ്ധവും ശാന്തനിർഭരവുമായ ജീവിതത്തിൻെറ തുറമുഖത്തേയ്ക്കു് ആനീതരാക്കി.

5. അവൾ ഇതു ചെയ്യുമ്പോൾ യഥാർത്ഥത്തിൽ വന്യമൃഗങ്ങളോടു് അവൾ യുദ്ധം ചെയ്യുകയായിരുന്നു.[67] അവരുടെ പരിത്യാഗത്തിൻെറ വഴിയിൽ തടസ്സമായി നിന്ന സെനററംഗങ്ങളെയും അവരുടെ ഭാര്യമാരേയുമാണു് ഞാൻ ഉദ്ദേശിക്കുന്നതു്. എന്നാൽ അവൾ പറഞ്ഞു. "കൊച്ചുകുട്ടികളേ ഇതു് അന്ത്യനാഴികയാണെന്നു് നാനൂറു വർഷങ്ങൾക്കു മുൻപു് എഴുതപ്പെട്ടി

---

65 മുകളിൽ അധ്യായം 41: 5 കാണുക.
66 താഴെ അധ്യായം 61:6 കാണുക.
67 1 കൊറി. 15:32; വി. ഇഗ്നേഷ്യസ്, റോമാ, 5.1 ഇവിടെ "ശത്രുക്കൾക്കെതിരെ" എന്നർത്ഥം.

www.malankaralibrary.com



രിക്കുന്നു. (1 യോഹ. 2:18) ജീവിതത്തിലെ വ്യർത്ഥകാര്യങ്ങൾ എന്തിനാണ് നിങ്ങൾ കാംക്ഷിക്കുന്നത്? അന്തിക്രിസ്തു നിങ്ങളെ കീഴടക്കുകയും, നിങ്ങളുടെ ധനവും നിങ്ങളുടെ പിതൃസ്വത്തും നിങ്ങൾ അനുഭവിക്കാതിരിക്കുകയും ചെയ്യാതിരിപ്പാൻ സൂക്ഷിച്ചു കൊള്ളുക.''

6. അവളാകട്ടെ അവരെയെല്ലാം വിട്ടുവിച്ച് ഏകാന്ത ജീവിതത്തിലേയ്ക്കു ആനയിച്ചു. അവൾ പുഷ്പികെയ്ലായുടെ ഇളയമകനെ പഠിപ്പിച്ച് സിസിലിയിലേക്ക് അയച്ചു. അവശേഷിച്ചവയെല്ലാം അവൾ വിററു; കിട്ടിയ പണം കൊണ്ട് അവൾ യറുശലേമിലേയ്ക്കു പോയി. നാല്പതു ദിവസം കൊണ്ടു ആ ധനം അവൾ വിതരണം ചെയ്തു. അതിനുശേഷം ഏററം വിനീതയായി, വൃദ്ധയായി അവൾ നിദ്രപ്രാപിച്ചു. അവൾക്ക് ജറുസലേയിൽ ഒരു സന്യാസഭവനം ഉണ്ടായിരുന്നു; അതിനുള്ള തുകയും അവൾ നീക്കിവച്ചിരുന്നു.

7. അവളും റോം വിട്ടപ്പോൾ വളരെ നേരത്തെ പ്രവചിച്ചിരുന്നതുപോലെ ബാർബേറിയൻ മലവെള്ളം ഇരച്ചുകയറി[68]. ബാർബേറിയൻ ക്രൂരതയിൽ സർവ്വതും തകർക്കപ്പെടുകയും കൊള്ളയടിക്കപ്പെടുകയും ചെയ്തു. റോമൻഫോറത്തിലെ പിച്ചള വിഗ്രഹം പോലും അവശേഷിപ്പിച്ചില്ല. ആയിരത്തിഇരുനൂറ് വർഷങ്ങൾകൊണ്ട് മനോഹരമായി അലങ്കരിക്കപ്പെട്ട റോം ഒരു നഷ്ടക്കൂമ്പാരമായി മാറി. മെലാനിയായുടെ ശിഷ്യരായിരുന്നവരും പ്രബോധനത്തെ എതിർത്തിരുന്നവരും ഒരുപോലെ ദൈവത്തിനു നന്ദിപറഞ്ഞു; സംഭവങ്ങളുടെ തിരിച്ചറിയൽ വഴി അവർ അവിശ്വാസികളെ ബോദ്ധ്യപ്പെടുത്തി. എല്ലാവരും അടിമകളായി പിടിക്കപ്പെട്ടപ്പോൾ, മെലാനിയായുടെ തീക്ഷ്ണതമൂലം കർത്താവിനു ഹോമബലിയായി തീർന്നവർ മാത്രം രക്ഷിക്കപ്പെട്ടു.

## 55. സിൽവാനിയാ

1. മുൻ പ്രീഫെക്ടായിരുന്ന റൂഫീനസിൻെറ സഹോദരഭാര്യയും ഭാഗ്യവതിയുമായ സിൽവാനിയാ എന്ന യുവതിയെ യാത്രയാക്കാനായി ഏലിയായിൽനിന്ന്[69] ഈജിപ്തിലേക്ക് ഞങ്ങളൊരു യാത്രപോയി. ജോവീനസും[70] ഞങ്ങളോടുകൂടെ

---

68 ക്രി. വ. 410—ൽ അലാറിക് റോം ആക്രമിച്ചതിനെപ്പററിയാണ് സൂചന.

69 ജറുസലേം. ക്രി. വ, 136-ൽ ഹഡ്രിയാൻ ചക്രവർത്തി ജറുസലേം ''ഏലിയാ കാപ്പിത്തോളീനാ'' എന്നു പേരുമാററി.

70 ക്രി. വ. 415-നു മുമ്പ് അദ്ദേഹം മെത്രാനായി 415-ൽ ദിയോസ്പൊലീസിൽവച്ചു നടന്ന സിനഡിൽ അദ്ദേഹം പങ്കെടുത്തു.

www.malankaralibrary.com

ഉണ്ടായിരുന്നു; അന്നു് അദ്ദേഹം ഒരു ഡീക്കനായിരുന്നു; എന്നാലിപ്പോൾ അശ്കലോൺ [71] സഭയിലെ മെത്രാനാണു്. അദ്ദേഹം ഭക്തനും പണ്ഡിതനുമായിരുന്നു. വളരെ ചൂടുള്ള കാലമായിരുന്നതു്. ഞങ്ങൾ പെലൂസിയത്തിൽ എത്തിയപ്പോൾ ജോവീനസ് ഒരു പാത്രം വളരെ തണുത്ത വെള്ളമെടുത്തു് കൈകാലുകൾ നന്നായി കഴുകി. അതിനുശേഷം തറയിൽവിരിച്ച ഒരു തുകൽ കുഷ്യനിൽ വിശ്രമിക്കാനായി കിടന്നു.

2. സ്വന്തം മകനെ സമീപിക്കുന്ന ബുദ്ധിയുള്ള അമ്മയെപ്പോലെ മെലാനിയ അദ്ദേഹത്തെ സമീപിച്ചു. അദ്ദേഹത്തിന്റെ ബലഹീനതയെ കളിയാക്കിക്കൊണ്ടു പറഞ്ഞു: ‘‘ചുടുനിണമുള്ള യുവാവേ, നിന്നെപ്പോലുള്ള ഒരാൾ തന്റെ ശരീരത്തെ ഇപ്രകാരം ലാളിക്കുവാൻ എങ്ങനെയാണു് ധൈര്യപ്പെടുന്നതു്? നിരവധി നാശത്തിനു കാരണമിതാണെന്നു് നിനക്കു് അറിയില്ലേ? നോക്കൂ! എനിക്കു് അറുപതു വയസ്സായി; എനിക്കു് ധാരാളം രോഗങ്ങളുണ്ടെങ്കിലും എന്റെ വൈദ്യന്മാർ എന്നെ നിർബന്ധിക്കുന്നെങ്കിലും, എന്റെ വിരലുകളുടെ അഗ്രമല്ലാതെ എന്റെ കാലോ, മുഖമോ, മററു് ഏതെങ്കിലും അവയവമോ ഞാൻ നനച്ചില്ല. എന്റെ ശാരീരികാഗ്രഹങ്ങൾക്കു് ഞാൻ ഇതുവരെ വിധേയയായിട്ടില്ല; വിശ്രമിക്കാനായി ഞാൻ ഒരു കട്ടിൽ ഉപയോഗിച്ചിട്ടില്ല; ഒരു മഞ്ചലിൽ ഞാൻ യാത്രചെയ്തിട്ടുമില്ല’’.

3. അവൾ അഗാധപണ്ഡിതയും സാഹിത്യാഭിരുചിയുള്ളവളുമായിരുന്നു. പ്രാചീന ഭാഷ്യകരുടെ കൃതികൾ-ഒരിജന്റെ 30 ലക്ഷം വരികൾ, ഗ്രിഗറി, സ്റ്റീഫൻ, പിയേരിയുസ്, ബേസിൽ ആദിയായ ശ്രേഷ്ഠവ്യക്തികളുടെ 25 ലക്ഷം വരികൾ-വായിച്ചു് അവൾ രാത്രിയെ പകലാക്കിക്കൊണ്ടിരുന്നു. അവൾ ഒരിക്കൽ മാത്രമോ ധൃതിയിലോ അല്ല വായിച്ചിരുന്നതു്; ഓരോ കൃതിയും ഏഴെട്ടുപ്രാവശ്യം മനസ്സിരുത്തി വായിച്ചു പഠിച്ചിരുന്നു. അങ്ങനെ, തെററായി ഗ്നോസിസ് എന്നു് പറയപ്പെട്ടിരുന്നതിൽ നിന്നു് [72] വിമോചിതയാകുവാനും ഈ ഗ്രന്ഥങ്ങൾ വഴി ചിറകുവിടർത്താനും കഴിഞ്ഞു. — ശുഭപ്രതീക്ഷയാൽ അവൾ സ്വയം ഒരാത്മീയപക്ഷിയായി രൂപാന്തരപ്പെട്ടു് ക്രിസ്തുവിലേക്കു് യാത്രചെയ്തു.

---

71 പലസ്തീനയിൽ ഗാസ്സായ്ക്കും യാമ്നിയായ്ക്കും ഇടയ്ക്കാണു് അശ്കലോൺ. 1270-ൽ ഈ പട്ടണം നശിപ്പിക്കപ്പെട്ടു.

72 1 തിമോ. 6:20

www.malankaralibrary.com



## 56. ഒളിംപിയാസ്

1. ഏററവും ബഹുമാന്യയും സ്തുത്യർഹയുമായ ഒളിംപിയാസ് [73] ചിന്തയിലും പ്രവർത്തനങ്ങളിലും മെലാനിയായുടെ കല്പന ശിരസ്സാവഹിച്ചു. അവരം ഒരു മുൻറോമൻപ്രഭുവായ സെല്യൂക്കസിൻെറ മകളും മുൻപ്രീഫെക്ടായ അബ്ളാവിയൂസിൻെറ പൗത്രിയും, നഗരത്തിൻെറ മുൻപ്രീഫെക്ടായ നെബ്രീദിയൂസിൻെറ കുറെക്കാലത്തെ വധുവുമായിരുന്നു. എന്നാൽ അവരം ആരുടേയും ഭാര്യയായിരുന്നില്ല. സത്യവചനത്തിൻെറ ഭാര്യയായി, കന്യകയായിത്തന്നെ അവരം മരിച്ചു എന്നു് പറയപ്പെടുന്നു.

2. അവരം തൻെറ സ്വത്തുക്കളെല്ലാം പാവങ്ങരംക്ക വിതരണം ചെയ്തു.[74] സത്യത്തിനുവേണ്ടി നിസ്സാരമായ പോരാട്ടമല്ല അവരം നടത്തിയതു്; അവരം സ്ത്രീകളെ പഠിപ്പിച്ചു; ബഹുമാനപൂർവ്വം വൈദികരെ അഭിസംബോധന ചെയ്തു; മെത്രാന്മാരെ മാനിച്ചു; സത്യത്തിനുവേണ്ടി ഒരു വിശ്വാസസാക്ഷിയാകുവാൻ അവരം യോഗ്യയായിത്തീർന്നു. കോൺസ്റ്റാൻറിനോപ്പിളിൽ ജീവിക്കുന്നവർ അവളെ വിശ്വാസ സാക്ഷികളുടെ ഗണത്തിൽ എണ്ണുന്നു. ദൈവത്തിനു വേണ്ടിയുള്ള പോരാട്ടത്തിൽ അവരം മരിക്കുകയും കർത്താവിലേക്കു് യാത്ര ചെയ്യുകയും ചെയ്തു.

## 57. കാൻഡിഡയും ജലാസിയായും

1. അവളെ അനുകരിച്ചുകൊണ്ടു് ജനറൽ ട്രാജൻെറ മകളായ ഭാഗ്യവതി കാൻഡിഡ അവളുടെ കാലടികളെ പിൻചെന്നു. പള്ളികളെയും മെത്രാന്മാരെയും ബഹുമാനിച്ചുകൊണ്ടു് അവരം യോഗ്യതാപൂർവ്വം ജീവിക്കുകയും വിശുദ്ധിയുടെ ഉന്നത സോപാനത്തിലെത്തുകയും ചെയ്തു. വിശുദ്ധ ജീവിതം നയിക്കാൻ തൻെറ മകളെ അവരം ഗുണദോഷിച്ചു. തൻെറ സ്വന്തം

---

73 ക്രി വ. 368ൽ ഒളിംപിയാസ് ജനിച്ചു. 384-ൽ വിവാഹിതയായി. തിയഡോഷ്യസ് ചക്രവത്തിയുടെ അനന്തിരവനായ നെബ്രീദിയൂസ് ആയിരുന്നു ഭത്താവു്. വളരെ പെട്ടെന്നു് അവരം വിധവയായിത്തീന്നു. രണ്ടാമതൊരു വിവാഹം കഴിക്കാൻ അവരം കൂട്ടാക്കിയില്ല.

74 സൊസൊമെൻ, സഭാ. 8. 9. ഒളിംപിയാസ് പ്രായം കുറഞ്ഞ വിധവയായിരുന്നെങ്കിലും കോൺസ്റ്റാൻറിനോപ്പിരം പാത്രിയക്കീസ് അവളെ ഒരു ശുശ്രൂഷിണി (diaconess) ആയി നിയമിച്ചു. ശുശ്രൂഷിണികരംക്കു് കുറഞ്ഞതു് നാല്പതു വയസ്സ് പ്രായം ഉണ്ടായിരിക്കണം എന്നു് കൽക്കദോനിയാ സൂനഹദോസ് (451) നിശ്ചയിച്ചു.

www.malankaralibrary.com



ഉദരഫലത്തെ ക്രിസ്തുവിനു നൽകി; അതിനുശേഷം മിതത്വത്തിലും, സ്വത്തുവിതരണം ചെയ്യുന്നതിലും അവളെ അനുധാവനം ചെയ്തു.

2. തൻെറ ശരീരത്തെ നിയന്ത്രിക്കുന്നതിനായി അവൾ രാത്രിമുഴുവൻ കൈകൊണ്ടു് തിരികല്ലു് തിരിച്ചിരുന്നതായി എനിക്കറിയാം. "ഉപവാസം മാത്രം പോരാ. ക്ലേശപൂർണ്ണമായ ജാഗരണം എന്ന സഹായിയെക്കൂടി ഞാൻ കൊടുക്കുന്നു. അങ്ങനെ ഏശാവിൻെറ അഹങ്കാരം ഞാൻ നശിപ്പിക്കും" (ഉല്പ. 25:25-34) എന്നു് അവൾ പറയാറുണ്ടായിരുന്നു. ചുടുരക്തമുള്ളതോ മൃഗങ്ങളിൽ നിന്നുള്ളതോ ആയ എല്ലാററിൽ നിന്നും അവൾ പൂർണ്ണമായി ഒഴിഞ്ഞിരുന്നു: പെരുന്നാൾ ദിവസങ്ങളിൽ മത്സ്യവും എണ്ണപുരട്ടിയ സസ്യങ്ങളും കഴിച്ചു. മററവസരങ്ങളിലെല്ലാം കമർപ്പുള്ള അല്പം വീഞ്ഞും ഉണക്ക റൊട്ടിയുമായിരുന്നു അവളുടെ ആഹാരം.

3. അവളെ അനുകരിച്ചുകൊണ്ടു് ഒരു ട്രിബ്യൂണിൻെറ മകളും ഏററം പ്രശസ്തയുമായ ജലാസിയ ഭക്തിപൂർവ്വം കന്യാത്വം എന്ന നുകം സ്വീകരിച്ചു. പുരുഷന്മാരും സ്ത്രീകളുമായ ജോലിക്കാരുടെ നേർക്കുപോലും അവളുടെ കോപത്തിന്മേൽ സൂര്യൻ അസ്തമിക്കയില്ലായിരുന്നു. (എഫേ. 4:26). അത്തരത്തിൽ പെട്ടതായിരുന്നു അവളുടെ സുകൃതം.

## 58. ആൻറിനോയിലെ സന്യാസികൾ

1. തേബായ്ഡിലുള്ള ആൻറിനോയിൽ[75] ഞാൻ നാലു വർഷം ചെലവഴിച്ചു; അപ്പോൾ അവിടെയുള്ള ആശ്രമങ്ങൾ അടുത്തറിയാൻ എനിക്കു സാധിച്ചു. ആ നഗരത്തിനു ചുററും ഏതാണ്ടു് പന്തീരായിരം പുരുഷന്മാർ കഠിനതാപസകർമ്മങ്ങളനുഷ്ഠിച്ചുകൊണ്ടും കൈകൾകൊണ്ടദ്ധ്വാനിച്ചും ജീവിക്കുന്നു. പാറയിലെ ഗുഹകളിൽ സ്വയം ബന്ധിതരാക്കിയ ഏകാന്തജീവിതക്കാരും അവരുടെ ഇടയിൽ ഉണ്ടു്.

അവരിൽ ഒരാളായിരുന്ന സോളമൻ ഏററം ശാന്തനും വിവേകിയും സഹനശക്തി എന്ന ദാനം ഉള്ളവനുമായിരുന്നു. അൻപതുവർഷമായി താൻ ഗുഹയിലാണെന്നു് അദ്ദേഹം പറഞ്ഞു. തൻെറ സ്വന്തം കൈവേലകൊണ്ടു് അദ്ദേഹം ജീവിച്ചു; വി. ഗ്രന്ഥം മുഴുവൻ അദ്ദേഹത്തിനു് ഹൃദിസ്ഥമായിരുന്നു.

75 തേബായ്ഡിനടുത്തു് നൈലിൻെറ കിഴക്കേ തീരത്തുള്ള ഒരു പട്ടണമായിരുന്നു ആൻറിനോപ്പോളിസ്.

www.malankaralibrary.com



2. ഉയന്ന അളവിൽ പരിപൂണ്ണനായിരുന്ന ഡൊറോത്തെയൂസ് മറെറാരു ഗുഹയിൽ പാത്തിരുന്നു; അദ്ദേഹം പരിപൂണ്ണമായി, കറം കൂടാതെ ജീവിതം നയിച്ചിരുന്നു. അദ്ദേഹം വൈദികനായി വിളിക്കപ്പെട്ടു. അദ്ദേഹം ഗുഹകളിലുള്ള സഹോദരന്മാക്ക് പൗരോഹിത്യ കർമ്മങ്ങരം അനുഷ്ഠിച്ചു. ഒരിക്കൽ വലിയ മെലാനിയായുടെ പൗത്രിയായ മെലാനിയ—അവളെപ്പററി താഴെ പറയാം—അവിടെയുള്ള സഹോദരന്മാർക്ക് ചെലവിടണമെന്നപേക്ഷിച്ചുകൊണ്ടു് അഞ്ഞൂറു നാണയങ്ങരം കൊടുത്തുവിട്ടു. അദ്ദേഹം മൂന്നു നാണയങ്ങരം മാത്രം എടുത്തു. ബാക്കി അഗാധ പണ്ഡിതനും ഏകാന്തവാസിയുമായ ഡിയോക്ലെസ്സിന് അയച്ചുകൊടുത്തുകൊണ്ടു് പറഞ്ഞു: ''സഹോദരൻ ഡിയോക്ലെസ് എന്നെക്കാരം ബുദ്ധിമാനാണു്; പ്രയാസം കൂടാതെ അദ്ദേഹത്തിനു് അവരെ ശുശ്രൂഷിക്കാൻ സാധിക്കും; അവരുടെ ആവശ്യങ്ങരം അദ്ദേഹത്തിനു് നന്നായിട്ടറിയാം; ഞാൻ ഇതുകൊണ്ടു് സംതൃപ്തനാണു്.''

3. ഈ ഡിയോക്ലെസ് ആദ്യം വ്യാകരണം പഠിച്ചു. പിന്നെ തത്വശാസ്ത്രപഠനമാരംഭിച്ചു. ഇക്കാലമെല്ലാം കൃപാവരം അദ്ദേഹത്തെ ആകർഷിച്ചുകൊണ്ടിരുന്നു. ഇരുപത്തിയെട്ടാം വയസ്സിൽ അദ്ദേഹം ലൗകികപഠനങ്ങരം മതിയാക്കി ക്രിസ്തുവിനോടു് പററിച്ചേർന്നു. അദ്ദേഹം ഞങ്ങളെ ഇപ്രകാരം അഭിസംബോധന ചെയ്തു. ''ദൈവചിന്തയിൽ നിന്നകന്ന മനസ്സു് ഒന്നുകിൽ ഒരു പിശാചാണു്, അല്ലെങ്കിൽ മൃഗമാണു്.'' അദ്ദേഹം പറഞ്ഞതെന്താണെന്നു് അറിയാൻ ഞങ്ങളാരാഞ്ഞപ്പോരം അദ്ദേഹം ഞങ്ങളോടു പറഞ്ഞു, ''ദൈവചിന്തയിൽ നിന്നകന്ന മനസ്സു് അവശ്യാവശ്യം ദുരാഗ്രഹത്തിലേക്കോ കോപത്തിലേക്കോ വഴുതിവീഴുന്നു.'' ആഗ്രഹം മൃഗീയവും കോപം പൈശാചികവുമാണെന്നു് അദ്ദേഹം വിശദീകരിച്ചു.

4. മനുഷ്യമനസ്സു് എപ്പോഴും ദൈവത്തോടുകൂടിയായിരിക്കാൻ സാധിക്കുമോ എന്നു് ചോദിച്ചു് ഞാൻ തടസ്സം ഉന്നയിച്ചപ്പോരം അദ്ദേഹം മറുപടി പറഞ്ഞു: ''ഭക്തിയും ദൈവികമായ ചിന്ത, പ്രവൃത്തി എന്നിവയും ഉള്ള ആത്മാവു് ദൈവത്തോടു കൂടിയാണു്.'' അദ്ദേഹത്തിൻെറ സമീപത്തു് കാപിത്തോൻ എന്ന ഒരു മുൻകവച്ചക്കാരൻ പാർത്തിരുന്നു. ആൻറിനോയെ നഗരത്തിൽനിന്നു് നാലുമൈൽ അകലെയുള്ള ഗുഹകളിൽ അദ്ദേഹം അൻപതു വർഷം താമസിച്ചു. അദ്ദേഹം തൻെറ ഗുഹയിൽനിന്നു താഴെ വരുകയാകട്ടെ, നൈൽ നദിയെ സമീപിക്കുകയാകട്ടെ ചെയ്തില്ല. എതിരാളി ഇപ്പോഴും തന്നെ എതിർക്കുന്നതിനാൽ ജനക്കൂട്ടവുമായി ഇടപഴകാൻ തനിക്കു സാധിക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞിരുന്നു.

www.malankaralibrary.com



5. അദ്ദേഹത്തെപ്പോലെ ഗുഹയിൽ ജീവിക്കുന്ന മറെറാരു താപസനേയും ഞങ്ങൾ കണ്ടു. വ്യർത്ഥാഭിമാനം എന്ന ചിത്തഭ്രമത്താൽ സ്വപ്നത്തിൽ അദ്ദേഹം വഞ്ചിക്കപ്പെട്ടിരുന്നു. ഇപ്രകാരം കാററിനെ പോററി വഞ്ചിതരാകുന്ന മററുള്ളവരെ അദ്ദേഹം അപഹസിച്ചിരുന്നു. എങ്കിലും പ്രായം, കാലാവസ്ഥ എന്നിവകൊണ്ടും ഒരു പക്ഷേ വ്യർത്ഥാഭിമാനം നിമിത്തവും അദ്ദേഹം തൻെറ ശരീരത്തെ നിയന്ത്രിച്ചിരുന്നു. വ്യർത്ഥാഭിമാനം എന്ന മഹാദുഷ്ടതയാൽ പൂർണ്ണമായി വഴിതെററിപ്പോയതായിരുന്നു അദ്ദേഹത്തിൻെറ ചിന്താധാര.

## 59. അമ്മ താലീസും താവോറും

1. ആൻറിനോയേ നഗരത്തിൽ സ്ത്രീകളുടെ പന്ത്രണ്ടു മഠങ്ങളുണ്ടായിരുന്നു. അവിടെ ഞാൻ താലീസ് അമ്മയെ കണ്ടുമുട്ടി. അവളുടെ അയല്ക്കാർ സാക്ഷിച്ചതുപോലെ അവൾ താപസ ജീവിതത്തിൽ എൺപതുവർഷം ചെലവഴിച്ചു. അറുപതു യുവതികൾ അവളോടൊപ്പം പാർത്തിരുന്നു. അവർ അവളെ വളരെയധികം സ്നേഹിച്ചിരുന്നു. അവരുടെ മഠത്തിൻെറ ഹാളിൽ മററ് മഠങ്ങളിലെപ്പോലെ താഴും പൂട്ടും ഒന്നും ഇല്ലായിരുന്നു. അവളോട് അവൾക്കുള്ള സ്നേഹം അവരെ നിയന്ത്രിച്ചിരുന്നു. ആ വൃദ്ധയ്ക്ക് വളരെ ഉന്നതനിലയിൽ ആത്മനിയന്ത്രണം ഉണ്ടായിരുന്നു; ഞാൻ അവിടെ പ്രവേശിച്ച് കസേരയിൽ ഇരുന്നപ്പോൾ, അവൾ എൻെറ അടുത്തുവന്നിരുന്ന് ആത്മാർത്ഥതയുടെ ബഹിർസ്ഫുരണമായി തൻെറ കൈകൾ എടുത്ത് എൻെറ തോളത്തു വച്ചു.

2. ഈ ഭവനത്തിൽ ശിഷ്യയായി താവോർ എന്നു പേരുള്ള ഒരു യുവതി മുപ്പതു വർഷമായി താമസിക്കുന്നുണ്ടായിരുന്നു. പുതിയൊരു വസ്ത്രമോ, ശിരോവസ്ത്രമോ, ചെരിപ്പോ, ധരിക്കാൻ അവൾ സമ്മതിച്ചില്ല; ''ഞാൻ പുറത്തു പോകുന്നില്ലെങ്കിൽ എനിക്കവ ആവശ്യമില്ല'' എന്ന് അവൾ പറഞ്ഞിരുന്നു. മറെറല്ലാവരും ഞായറാഴ്ച പള്ളിയിൽ പോകുക പതിവായിരുന്നു; എന്നാൽ അവളാകട്ടെ തൻെറ കീറിപ്പറിഞ്ഞ വസ്ത്രം ധരിച്ച് തൻെറ ജോലി ചെയ്തുകൊണ്ട് മഠത്തിൽത്തന്നെ ഇരിക്കും. അവൾ എപ്പോഴും പ്രസന്നവദനയായി കാണപ്പെട്ടിരുന്നു. ശുദ്ധത അവളുടെ പ്രതിരോധമായിരുന്നു; പാപപങ്കിലമായ കണ്ണുകളെ അവളുടെ അടക്കമൊതുക്കം ഭയവും ലജ്ജയും കൊണ്ട് നിറയ്ക്കും. അല്ലെങ്കിൽ നല്ല സ്വയംനിഗ്രഹം ഉള്ളയാൾ പോലും അവളുടെ സൗന്ദര്യത്താൽ വഴിതെററിപ്പോയേനേ.

www.malankaralibrary.com



## 60. ഒരു കന്യകയും കൊള്ളൂത്തുസ് എന്ന രക്തസാക്ഷിയും

1. എനിക്ക് മറെറാരു അയൽക്കാരിയുണ്ടായിരുന്നു. എന്നാൽ അവളുടെ മുഖം ഞാൻ ഒരിക്കലും കണ്ടിട്ടില്ല. ലോകം ഉപേക്ഷിച്ചശേഷം ഒരിക്കലും അവ൦ പുറത്തു പോയിട്ടില്ലെന്ന് പറയപ്പെടുന്നു. അവ൦ അവളുടെ അമ്മയോടൊപ്പം അറുപതു വർഷം താപസകർമ്മങ്ങ൦ അനുഷ്ഠിച്ചു; മറേറ ലോകത്തിലേയ്ക്ക് അവ൦ക്ക് കടന്നുപോകാനുള്ള നാഴികയടുത്തു. ആ സ്ഥലത്തെ രക്തസാക്ഷിയായ കൊള്ളൂത്തുസ്[76] അവ൦ക്ക കാണപ്പെട്ട് പറഞ്ഞു: ''ഇന്ന് നീ യജമാനന്റെ പക്കലേയ്ക്ക് യാത്രയാകും; അവിടെ എല്ലാ വിശുദ്ധരേയും നീ ദർശിക്കും; അതുകൊണ്ട് വന്ന് ഞങ്ങളോടൊപ്പം പള്ളിയിൽ വച്ച് ഭക്ഷിക്കുക.''[77] അവ൦ അതിരാവിലെ എഴുന്നേററ് വസ്ത്രം ധരിച്ച് അവളുടെ കൂടയിൽ അപ്പവും, എണ്ണയും, അരിഞ്ഞ സസ്യങ്ങളും എടുത്തു, ഈ നീണ്ട വർഷങ്ങ൦ക്ക ശേഷം അവ൦ പുറത്തു പോയി, ചാപ്പലിൽ കയറി പ്രാർത്ഥിച്ചു.

2. അതിനുശേഷം, അവിടെ ആരുമില്ലാത്ത ഒരവസരം നോക്കി ദിവസം മുഴുവൻ അവ൦ കാത്തിരുന്നു; അവ൦ ഇരുപ്പിടത്തിലിരുന്ന് രക്തസാക്ഷിയോടു പറഞ്ഞു: ''വി. കൊള്ളൂത്തുസേ, എന്റെ ഭക്ഷണത്തെ ആശീർവ്വദിക്കണമേ; നിന്റെ പ്രാർത്ഥനകൊണ്ട് എന്റെ യാത്രയിൽ എന്നെ സഹായിക്കണമേ.''

അവ൦ ഭക്ഷിച്ച ശേഷം വീണ്ടും പ്രാർത്ഥിച്ചു. സായാഹ്നത്തോടടുത്ത് തിരിച്ച് മഠത്തിലേയ്ക്കു പോയി. ആമോസ് പ്രവാചകനെപ്പററി സ്ട്രോമാററക്കാരൻ ക്ലെമൻറ്[78] എഴുതിയ ഒരു കൃതി[79] തന്റെ അമ്മയ്ക്കു കൊടുത്തുകൊണ്ട് അവ൦ പറഞ്ഞു: ''നാടുകടത്തപ്പെട്ട മെത്രാന്[80] ഇതു കൊടുത്തിട്ട്

76 ആൻറിനോയേ പട്ടണത്തിന്റെ മധ്യസ്ഥൻ. മാക്സിമിയന്റെ മതപീഡനത്തിൽ അദ്ദേഹം രക്തസാക്ഷിയായി.

77 വി. ജോൺ ക്രിസോസ്റ്റോമിന്റെ മരണത്തിന്റെ തലേരാത്രിയിൽ കാണപ്പെട്ട രക്തസാക്ഷിയായ ബാബിലാസിനെ ഇതനുസ്മരിപ്പിക്കുന്നു; ''സഹോദരാ, സന്തുഷ്ടനായിരിക്കുക: നാളെ നാം ഒന്നിച്ചായിരിക്കും.''

78 അലക്സാണ്ഡ്രിയായിലെ ക്ലെമൻറിനെ ഉദ്ദേശിച്ചാണിതു് (150-215). സ്ട്രോമാററ (കയററുപായ്) എന്ന അദ്ദേഹത്തിന്റെ കൃതിയിൽ നിന്നാണ് അദ്ദേഹത്തിന് ഈ പേരുണ്ടായതു്.

79 ഇതു് നമുക്ക് കൈവന്നിട്ടില്ല.

80 പല്ലാഡിയൂസ് തന്നെ.

www.malankaralibrary.com



എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ പറയണം; ഇതാ ഞാൻ യാത്രയിലാണ്.'' തന്റെ ശവസംസ്കാരത്തിനുള്ളവ സജ്ജമാക്കിയിട്ട് പനിയോ, രോഗലക്ഷണങ്ങളോ കൂടാതെ ആ രാത്രി അവൾ മരിച്ചു.

## 61. ഇളയ മെലാനിയ

1. മെലാനിയായുടെ പുത്രിയെപ്പററി ചർച്ച ചെയ്യാമെന്ന് ഞാൻ നിന്നോട് മുകളിൽ വാഗ്ദാനം ചെയ്തതിനാൽ [81] ഞാൻ എന്റെ പ്രതിജ്ഞ പാലിക്കണം. അവളുടെ ഇളം പ്രായത്തെ നാം നിസ്സാരമായി കരുതുന്നതും അവളുടെ സുകൃതത്തെ അഗണ്യമായി പരിഗണിക്കുന്നതും നന്നല്ല. അവളുടെ സുകൃതം ഒരനുസ്മരണ കൂടാതെ അനുസ്മരിക്കപ്പെടുന്നതാണ്. വിശുദ്ധിയിൽ വളരെ പുരോഗമിച്ച പ്രായമുള്ള സ്ത്രീകളെ അതിശയിക്കുന്നതുമാണത്. റോമിലുള്ള ഉന്നത കുടുംബത്തിൽപെട്ട ഒരു പുരുഷനുമായി ചെറുപ്പത്തിലേയുള്ള ഒരു വിവാഹത്തിന് അവളുടെ മാതാപിതാക്കൾ അവളെ നിർബന്ധിച്ചു. അവളാകട്ടെ തന്റെ വല്യമ്മയെപ്പററിയുള്ള കഥകളാൽ നിരന്തരം അലട്ടപ്പെട്ടിരുന്നു; ആ ചിന്തകൾ അവളെ ഭരിച്ചിരുന്നതിനാൽ വിവാഹത്തിൽ ഭർത്താവുമായി സഹകരിക്കാൻ അവൾക്ക് സാധിച്ചില്ല.

2. അവക്ക് രണ്ട് പുത്രന്മാർ ഉണ്ടായെങ്കിലും ഇരുവരും മരിച്ചുപോയി. അവൾ വിവാഹത്തെ വെറുക്കാൻ തുടങ്ങി. മുൻ പ്രീഫെക്ടായ സെവേരുസിന്റെ മകനും തന്റെ ഭർത്താവുമായ പിനിയന്തുസിനോട് [82] അവൾ പറഞ്ഞു: ശുദ്ധത പാലിക്കാം എന്ന കരാറിൽ എന്നോടുകൂടി താപസ ജീവിതം നയിക്കാൻ നിനക്കു താല്പര്യമാണെങ്കിൽ നിന്നെ ഞാൻ യജമാനനായും എന്റെ ജീവിതത്തിന്റെ നാഥനായും അംഗീകരിക്കാം. എന്നാൽ യുവാവായ നിനക്ക് ഇത് പ്രയാസമാണെങ്കിൽ എനിക്കുള്ളതെല്ലാം എടുത്തുകൊള്ളുക; എന്റെ ശരീരം മാത്രം സ്വതന്ത്രമായി വിട്ടേക്കുക; അങ്ങനെ ദൈവത്തോടുള്ള എന്റെ പ്രതിജ്ഞ ഞാൻ നിറവേററുകയും എന്റെ വലിയമ്മയുടെ തീക്ഷ്ണതയുടെ അവകാശത്തിലേക്ക് ഞാൻ പ്രവേശിക്കുകയും ചെയ്യട്ടെ. അവളുടെ പേരാണല്ലോ ഞാൻ എടുത്തിരിക്കുന്നത്.

---

81 മുകളിൽ അധ്യായം 58:2 കാണുക.
82 മുകളിൽ അധ്യായം 54:4 കാണുക.

www.malankaralibrary.com



3. ''നമുക്ക് മക്കളുണ്ടാകുവാൻ ദൈവം ആഗ്രഹിച്ചിരുന്നെങ്കിൽ, എന്റെ മക്കളെ ദൈവം ഇത്രവേഗം എടുക്കുകയില്ലായിരുന്നു.''

കുറെനാൾ അവർ നകത്തിനെതിരെ സമരം ചെയ്തു. അവസാനം ദൈവത്തിന് ആ യുവാവിൽ അനുകമ്പതോന്നി; ഈ ലോകം ഉപേക്ഷിക്കാനുള്ള ഒരാഗ്രഹം ദൈവം അവനിൽ നട്ടു. അങ്ങനെ അവരെ സംബന്ധിച്ച് വി. ഗ്രന്ഥം പൂർത്തിയായി. ''സ്ത്രീ നിന്റെ ഭർത്താവിനെ രക്ഷിക്കുമെന്ന് നിനക്കെങ്ങനെ അറിയാം?''(1 കൊറി. 7:16)

അവൾ പതിമൂന്നാം വയസ്സിലാണ് വിവാഹിതയായത്; ഏഴുവർഷം ഭർത്താവുമൊത്ത് ജീവിച്ചു. ഇരുപതാം വയസ്സിൽ അവൾ തന്റെ സിൽക്കുവസ്ത്രങ്ങൾ ദേവാലയത്തിനു സംഭാവന ചെയ്തു. വി. ഒളിമ്പിയാസും ഇപ്രകാരം ചെയ്തിരുന്നു.

4. ബാക്കിയുള്ള സിൽക്കുവസ്ത്രങ്ങൾ ഭാഗിച്ച് പള്ളികൾക്കുള്ള വിവിധാലങ്കാരങ്ങളുണ്ടാക്കി. അവളുടെ സ്വർണ്ണവും വെള്ളിയും ഡൽമേഷ്യാക്കാരനായ പൗലോസ് എന്ന സന്യാസവൈദികനെ ഏല്പിച്ചു. കടലിനപ്പുറത്ത് പൗരസ്ത്യദേശമായ ഈജിപ്തിലേക്കും തേബായ്ഡിലേക്കും അവൾ പതിനായിരം നാണയങ്ങൾ അയച്ചുകൊടുത്തു; അന്ത്യോക്യയിലേക്കും സമീപപ്രദേശങ്ങളിലേക്കും പതിനായിരം; പലസ്തീനായിലേക്ക് പതിനായിരം; ദ്വീപുകളിലും അവയ്ക്കപ്പുറത്തും ഉള്ള സഭകളിലേക്ക് പതിനായിരം. അതുപോലെ പടിഞ്ഞാറുള്ള സഭകൾക്കും അവൾ സംഭാവന ചെയ്തു.

5. ഇതും ഇതിന്റെ നാലിരട്ടിയും അവൾ സിംഹത്തിന്റെ വായിൽനിന്ന് രക്ഷിച്ചു (2 തിമോ. 4:17). അലാറിക്കിനെ ഉദ്ദേശിച്ചാണ് ഞാൻ പറഞ്ഞത്; ആ പ്രയോഗം ദൈവം ക്ഷമിക്കുമെന്ന് കരുതുന്നു. സ്വാതന്ത്ര്യം കാംക്ഷിച്ച എണ്ണായിരം അടിമകളെ അവളുടെ വിശ്വാസം സ്വാതന്ത്ര്യത്തിലേക്കു നയിച്ചു. ശേഷിച്ച അടിമകൾ ഇതാഗ്രഹിച്ചില്ല; അവളുടെ സഹോദരന് സേവചെയ്യാൻ അവർ തീരുമാനിച്ചു; മൂന്നു നാണയങ്ങൾക്ക് അവൾ അവരെ വിററു. സ്പെയിൻ, അക്വിറ്റാനിയ, ററക്കോണിയ, ഗോൾ എന്നിവിടങ്ങളിൽ ഉണ്ടായിരുന്ന സമ്പാദ്യമെല്ലാം അവൾ വിററു. സിസിലി, കംപാനിയ, ആഫ്രിക്ക എന്നിവിടങ്ങളിലുണ്ടായിരുന്നവ മാത്രം ആശ്രമങ്ങൾക്ക് ഇഷ്ടദാനമായി മാററിവച്ചു.

6. ധനമാകുന്ന ചുവട് ഇപ്രകാരം ബുദ്ധിപൂർവ്വം അവൾ കൈകാര്യം ചെയ്തു. അവളുടെ സന്യാസം ഇത്തരത്തിലുള്ളതായിരുന്നു; ഒന്നിടവിട്ട ദിവസങ്ങളിൽ മാത്രമേ അവൾ ഭക്ഷിച്ചി

www.malankaralibrary.com



രുന്നുള്ളു; താപസജീവിതം തുടങ്ങിയ ഇടയ്ക്കു് അഞ്ചു് ദിവസത്തിൽ കൂടുതൽ ഭക്ഷിക്കാതിരുന്നു. തന്റെ അടിമസ്ത്രീകളോടൊപ്പം ചില ജോലികളും അവരം ചെയ്തിരുന്നു. അവരെ തന്റെ താപസകർമ്മങ്ങളിൽ അവരം പങ്കുകാരാക്കി. തന്റെ അമ്മയായ അൽബീനായും കൂടെയുണ്ടായിരുന്നു. അവളും മകളെപ്പോലെ താപസജീവിതം നയിച്ചു. തന്റെ സ്വത്തുക്കരം അവളും രഹസ്യമായി വിതരണം ചെയ്തുകൊണ്ടിരുന്നു. സിസിലി, കംപാനിയ, എന്നിവിടങ്ങളിലെ ഗ്രാമപ്രദേശങ്ങളിലായി സ്വതന്ത്രരും അടിമകളുമായ പതിനഞ്ചു ഷണ്ഡന്മാരോടും[83], അറുപതു യുവതികളോടുംകൂടെ അവരം പാർത്തുവന്നു.

7. അതുപോലെ അവളുടെ ഭർത്താവായ പിനിയാനൂസും മുപ്പതു സന്യാസികളുമൊത്തു് ചർച്ചാസമ്മേളനങ്ങരം നടത്തിയും ഉദ്യാനത്തിലെ ജോലികരം ചെയ്തും ജീവിച്ചു. വി. മെത്രാനായ ജോണിനെ സംബന്ധിച്ചു്[84] ഞങ്ങളിൽ ചിലർ റോമിലേക്കു പോകവേ അവർ ഞങ്ങളെ വളരെയധികം ബഹുമാനിച്ചു. ആതിഥ്യമര്യാദയെനുസരിച്ചു് അവർ ഞങ്ങളെ സല്ക്കരിക്കുകയും വഴിയാത്രയ്ക്കാവശ്യമുള്ളതെല്ലാം നല്കുകയും ഉത്തമജീവിതത്തിലെ സദ്പ്രവൃത്തികരം വഴി നിത്യജീവന്റെ ഫലങ്ങരം വലിയ സന്തോഷത്തോടെ നേടുകയും ചെയ്തു.

## 62. പമ്മാക്കിയൂസ്

അവരുടെ ബന്ധുവായ പമ്മാക്കിയൂസും[85] ലോകത്തോടു് വിടവാങ്ങി ഉത്തമജീവിതം നയിക്കുകയും, ജീവിച്ചിരിക്കവേ തന്നെ സ്വത്തിലൊരു ഭാഗം വിതരണം ചെയ്യുകയും, മരണസമയത്തു് ശേഷിച്ചവ പാവങ്ങരംക്കായി നീക്കിവയ്ക്കുകയും ചെയ്തു. ഒരു മുൻവികാരിയായിരുന്ന മക്കാരിയൂസും, അയാളുടെ സഹപ്രവർത്തകനും പിന്നീടു് ഇററലിയുടെ പ്രീഫെക്റ്റുമായിത്തീർന്ന കോൺസ്റ്റാൻസ്യൂസും അപ്രകാരം ചെയ്തു. അവരിരുവരും പണ്ഡിതരും പരിഗണനാർഹരുമായിരുന്നു; ദൈവസേവന

---

83 അപ്പിത ജീവിതം നയിക്കാൻ ഉദ്ദേശിച്ചവരെ കുറിക്കുന്നു. (മത്ത. 19:12).

84 വി. ജോൺ ക്രിസോസ്തോം (+ 407)

85 നാലും അഞ്ചും നൂററാണ്ടുകളിൽ റോമൻ സഭയിലെ പ്രശസ്തനായ ഒരു വ്യക്തിയായിരുന്നു ഇദ്ദേഹം; റോമൻ സെനററായിരുന്നു. റോമിൽ വച്ചു് ജറോമിന്റെ കൂടെ പഠനം നടത്തി. ജറോമും നോളായിലെ പൗളീനസും ഇദ്ദേഹത്തിനു് കത്തുകരം അയച്ചിട്ടുണ്ടു്. ഗോതിക് ആക്രമണകാലത്തു് 409 ൽ മരിച്ചു.

www.malankaralibrary.com



ത്തിൻെറ അത്യുന്നത പദവിയിലേക്ക് അവരം പുരോഗമിച്ചു. പരിപൂർണ്ണജീവിതം നയിച്ചുകൊണ്ട് അവരിരുവരും ഇപ്പോഴം ജീവിച്ചിരിക്കുന്നു എന്നു് എനിക്കു തോന്നുന്നു.

## 63. അത്തനാസ്യോസും യുവതിയും

1. അലക്സാന്ത്രിയായിൽ ഒരു കന്യകയെ എനിക്കറിയാമായിരുന്നു. അവരംക്കു് എഴുപതു വയസ്സായപ്പോഴം ഞാൻ അവളെ കണ്ടിട്ടുണ്ടു്. അവരംക്കു് ഇരുപതു വയസ്സായപ്പോഴം അവരം അതിസുന്ദരിയായിരുന്നെന്നും, അവളുടെ സൗന്ദര്യം നിമിത്തം അവളുടെക്കൂടെ ആയിരുന്നു എന്നു സംശയിക്കപ്പെടാതിരിപ്പാൻ അവളെ ഒഴിഞ്ഞുമാറേണ്ടിയിരുന്നെന്നും വൈദികഗണം ഒന്നടങ്കം സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. കോൺസ്റ്റാൻസ്യസ് ചക്രവത്തിയായിരിക്കവെ എവുസേബിയസിലൂടെ ആരിയർ അലക്സാന്ത്രിയായിലെ മെത്രാനായ വിശുദ്ധ അത്തനാസ്യോസിനെതിരെ ഗൂഢാലോചന നടത്തിയ അവസരമായിരുന്നതു്[86]. അവർ അദ്ദേഹത്തിനെതിരെ ദുരാരോപണങ്ങരം നടത്തി. അനുവദനീയമല്ലാത്ത കമ്മങ്ങരം അദ്ദേഹം ചെയ്തുകൂട്ടി എന്നു് അവർ ആരോപിച്ചു. ദുഷിച്ച ഒരു കോടതിയുടെ വിസ്താരത്തിൽ നിന്നു രക്ഷ നേടാൻ അദ്ദേഹം ഓടി ഒളിച്ചു. അദ്ദേഹം തൻെറ ബന്ധുക്കളെയോ, സുഹൃത്തുക്കളെയോ, വൈദികരെയോ, മററാരെയെങ്കിലുമോ വിശ്വസിച്ചു സ്വയം ഏല്പിച്ചില്ല.

86 അത്തനാസ്യോസ് അഞ്ചുപ്രാവശ്യം ഒളിവിൽ പോയി. രണ്ടുപ്രാവശ്യം കോൺസ്റ്റാൻസ്യസ് രണ്ടാമൻ ചക്രവത്തിയുടെ കാലത്താണ്, കോൺസ്റ്റൻൈറൻ അദ്ദേഹത്തെ ത്രേവെസിലേക്ക് (ട്രിയർ) നാടുകടത്തി. 337-ൽ കോൺസ്റ്റൻൈറൻ മരിച്ചപ്പോരം അദ്ദേഹം തിരികെ വന്നു. 339-ൽ അന്ത്യോക്യയിൽ വച്ചു കൂടിയ സിനഡ്, നിക്കൊമേദിയായിലെ എവുസേബിയസിൻെറ പ്രേരണയാൽ അത്തനാസ്യോസിനെ തരം താഴ്ത്തി, സ്ഥാനഭ്രഷ്ടനാക്കി. അദ്ദേഹം റോമിൽ അഭയം തേടി. 341-ൽ റോമിൽ കൂടിയ സിനഡ് അദ്ദേഹത്തെ നീതീകരിച്ചെങ്കിലും 346-ൽ മാത്രമേ തിരികെ വരാൻ സാധിച്ചുള്ളു. 350-ൽ കോൺസ്റ്റൻസ് ചക്രവർത്തി മരിച്ചപ്പോരം കോൺസ്റ്റാൻസ്യസ് ഏകാധിപതിയായി. 353-ൽ ആരംസിൽ വച്ചും 355-ൽ മിലാനിൽവച്ചും കൂടിയ സിനഡുകരം അദ്ദേഹത്തെ കുററക്കാരനായി വിധിച്ചു. അപ്പോരം അദ്ദേഹം ഒളിച്ചോടി, ഈ ഒളിച്ചോട്ടമാണ് പല്ലാഡിയൂസ് ഇവിടെ സൂചിപ്പിക്കുന്നതു്. ജൂലിയൻെറയും വാലെൻസിൻെറയും കാലത്തു് വീണ്ടും അത്തനാസ്യോസ് നാടുകടത്തപ്പെട്ടു. 336-ൽ തിരികെ വന്ന അദ്ദേഹം 373 വരെ ഭരണം നടത്തി.

www.malankaralibrary.com



2. എന്നാൽ അദ്ദേഹത്തെ അന്വേഷിച്ചുകൊണ്ട് പ്രീഫെക്ടന്മാർ മെത്രാന്റെ ഭവനത്തിലേക്ക് ഇരച്ചുകയറിയപ്പോൾ, അർദ്ധരാത്രിയിൽ തന്നെ, തന്റെ ഉടുപ്പും മേൽവസ്ത്രവും മാത്രം ധരിച്ചുകൊണ്ട് ഓടി ആ യുവതിയുടെ സമീപത്തെത്തി. അവൾ അത്ഭുതപ്പെടുകയും ഭയപ്പെടുകയും ചെയ്തു. അദ്ദേഹം അവളോടു പറഞ്ഞു: ആരിയർ എന്നെ തേടിയിറങ്ങിയിരിക്കുന്നു; എനിക്കെതിരെ ദുരാരോപണം നടത്തുന്നു. ഈ സാഹചര്യത്തിൽ ഒളിച്ചോടാൻ ഞാൻ തീരുമാനിച്ചു. അങ്ങനെ ഒരു ദുഷ്പേരു് ഒഴിവാക്കാമെന്നും, എന്നെ ശിക്ഷിക്കാനാഗ്രഹിക്കുന്നവരുടെ കുററത്തിനു് കാരണക്കാരൻ ആകാതിരിക്കാമെന്നും ഞാൻ കരുതി.

3. "നീ വഴി മാത്രം ഞാൻ രക്ഷപ്പെടുമെന്നു് ഇപ്പോൾ തന്നെ ഈ രാത്രിയിൽ ദൈവം എനിക്കു വെളിപ്പെടുത്തിത്തന്നു."

അത്യധികം സന്തോഷത്തോടെ അവൾ തന്റെ സംശയമെല്ലാം ദൂരെയെറിഞ്ഞു് കർത്താവിന്റെ ഒരുപകരണമായി വർത്തിച്ചു. കോൺസ്റ്റാൻസ്യൂസിന്റെ മരണംവരെ ആറുവർഷത്തോളം അവൾ മഹാവിശുദ്ധനെ ഒളിവിൽ പാർപ്പിച്ചു. അവൾ അദ്ദേഹത്തിന്റെ പാദം കഴുകുകയും, അദ്ദേഹത്തിന്റെ ശാരീരികാവശ്യങ്ങളും വ്യക്തിപരമായ ആവശ്യങ്ങളും സാധിക്കുകയും അദ്ദേഹത്തിനു് ആവശ്യമുള്ള ഗ്രന്ഥങ്ങൾ വാടകയ്ക്കെടുത്തുകൊടുക്കുകയും ചെയ്തു. അത്താനാസ്യോസ് എവിടെയാണെന്നു് ഈ ആറുവർഷക്കാലം അലക്സാണ്ഡ്റിയായിൽ ആരുംതന്നെ അറിഞ്ഞില്ല.

4. കോൺസ്റ്റാൻസ്യൂസിന്റെ മരണവാർത്ത അറിഞ്ഞ ഉടനെ അദ്ദേഹം എഴുന്നേററ് വസ്ത്രംധരിച്ച് രാത്രിയിൽ പള്ളിയിൽ പ്രത്യക്ഷനായി. എല്ലാവരും അത്ഭുതസ്തബ്ധരായി; മരിച്ചവരിൽനിന്നു് ഉയിർത്തവനെ എന്നപോലെ എല്ലാവരും അവനെ തുറിച്ചുനോക്കി. അപ്പോൾ അദ്ദേഹം തന്റെ പ്രിയ സുഹൃത്തുക്കളോട് സംഗതികളെല്ലാം വിവരിച്ചു പറഞ്ഞു:

"ഞാൻ എവിടെയാണെന്നു് നിങ്ങളറിയില്ലെന്നു് ശപഥം ചെയ്യാൻ ഇടയാകുവാൻ വേണ്ടിയാണു് ഞാൻ നിങ്ങളുടെ പക്കലേക്കു് ഒളിച്ചോടി വരാഞ്ഞതു്. എന്നെക്കുറിച്ചുള്ള അന്വേഷണവും ഇത്തരത്തിലായിരുന്നു. ആരും ഒരിക്കലും സംശയിക്കാത്ത വ്യക്തിയുടെ പക്കലേക്കു് ഞാൻ ഒളിച്ചോടിപ്പോയി. അവൾ അതീവസുന്ദരിയും യുവതിയുമാണല്ലോ. രണ്ടു കാരണങ്ങളാലാണു് ഞാൻ അവളുടെ പക്കൽ പോയതു്. അവളുടെ രക്ഷ—അവളെ യഥാർത്ഥത്തിൽ സഹായിച്ചു—എന്റെ സൽപ്പേരു്.

www.malankaralibrary.com



## 64. ജൂലിയാനാ

കപ്പദോചിയായിലെ കേസറിയായിൽ ജൂലിയാനാ എന്ന ഒരു യുവതി ഉണ്ടായിരുന്നു.[87] അവരം പണ്ഡിതയും വിശ്വസിക്കത്തക്കവളുമായിരുന്നു എന്നു പറയപ്പെടുന്നു. പുറജാതിക്കാരുടെ ലഹളയിൽനിന്നു് എഴുത്തുകാരനായ ഒരിജൻ ഒളിച്ചോടിയപ്പോരം രണ്ടു വഷം അവരം തൻെറ സ്വന്തം ചെലവിൽ പാപ്പിച്ചു് ശുശ്രൂഷിച്ചു. ഒരു പഴയ പദ്യഗ്രന്ഥത്തിൽ ഞാൻ ഇപ്രകാരം കണ്ടു. ഒരിജൻെറ കൈപ്പടയിലാണ് അതു് എഴുതിയിരുന്നതു്.

2. ''കേസറിയായിൽ, കന്യകയായ ജൂലിയാനാ എന്നെ ഒളിച്ചു പാർപ്പിച്ചപ്പോരം മററുള്ളവയുടെ കൂട്ടത്തിൽ ഞാൻ ഈ ഗ്രന്ഥം കണ്ടു. യൂദന്മാരുടെ വിവത്തകനായ സിമ്മാക്കസിൽ[88] നിന്നു് നേരിട്ടു് അവരംക്കിതു് കിട്ടി എന്നു് അവരം പറയാറുണ്ടായിരുന്നു.''

വേണമെങ്കിൽ നിരവധി രീതികളിൽ നമുക്കും നേട്ടങ്ങളുണ്ടാക്കാം എന്നു് നാം ഗ്രഹിക്കാനാണ് ഞാൻ ഈ സ്ത്രീകളുടെ സുകൃതങ്ങരം സാന്ദർഭികമായി വിവരിച്ചതു്.

## 5 ഹിപ്പോളിററസ്

1. മുൻപെങ്ങോ എഴുതിയതും, ശ്ലീഹന്മാരെ അറിയാമായിരുന്ന ഹിപ്പോളിററസ് എന്നയാളിൻെറ പേരുള്ളതുമായ മറെറാരു ഗ്രന്ഥത്തിൽ ഞാൻ ഈ കഥ കണ്ടു.[89]

കന്യാവ്രതം ചെയ്തവളും അതീവ സുന്ദരിയും കുലീന കുടുംബത്തിൽപ്പെട്ടവളുമായ ഒരു യുവതി കൊറിന്തോസിൽ പാത്തിരുന്നു. കാലങ്ങളെയും സിവിൽ അധികാരികളെയും ബിംബങ്ങളെയും ശപിച്ചു എന്നാരോപിച്ചുകൊണ്ടു് മതപീഡനാവസരം അവരം അധികാരികരംക്കു് ഏല്പിക്കപ്പെട്ടു. ഈ സംഗതികരം കൈകാര്യം ചെയ്തിരുന്നവർ അവളുടെ സൗന്ദര്യത്തെപ്പററി സംസാരിച്ചുകൊണ്ടിരുന്നു.

---

87 എവ്വ. സഭാ. 6:17

88 ക്രി. വ. 200-ൽ ഹിബ്രൂവിൽ നിന്നു് ഗ്രീക്കിലേയ്ക്കു് വി. ഗ്രന്ഥം വിവത്തനം ചെയ്ത യൂദൻ

89 റോമിലെ വി. ഹിപ്പോളിററസാകാൻ സാധ്യത കുറവാണു് എന്നു് കരുതുന്നവരുണ്ടു്.

www.malankaralibrary.com



2. ജഡ്ജി ഒരു കാമവെറിയനായിരുന്നു. ചെവി തുള യ്ക്കപ്പെട്ട കുതിരയെപ്പോലെ അയാൾ സ്വമേധയാ അവളെപ്പററി യുള്ള സംഗതി ശ്രദ്ധിച്ചു. അവളെ കീഴമർത്താൻ അയാൾ ചതുരു പായങ്ങൾ പ്രയോഗിച്ചു. അവസാനം കോപിഷ്ഠനായ അയാൾ അവളെ കൊലല്ലേ്ാ, ശിക്ഷല്ലോ, വിധിച്ചില്ല. അവളെ ഒരു വേശ്യാലയത്തിൽ പാർപ്പിച്ചു; അതിന്റെ ചുമതലക്കാരനോട് പറഞ്ഞു: ഈ സ്ത്രീയെ സ്വീകരിച്ച് അവളെ വാടകയ്ക്ക് കൊടു ക്കണം; പകരം ദിവസംതോറും എനിക്ക് മൂന്നു നാണയങ്ങൾ തരണം.''

അവനാകട്ടെ, ഈ പണം തനിക്കു കിട്ടാനാഗ്രഹിച്ചിട്ട് അവളെ ഉപയോഗിക്കാൻ ഇഷ്ടമുള്ളവർക്കെല്ലാം കയ്യാളിക്കാൻ സന്നദ്ധനായിരുന്നു. സ്ത്രീവേട്ട നടത്തുന്ന വിഷയലമ്പടന്മാർ അത്തരം പണം കൊടുത്തിട്ട് അവളോട് അവരുടെ ഉള്ളിലി രിപ്പ് വ്യക്തമാക്കി.

3. അവളാകട്ടെ അവരോട് യാചിച്ച് ഇപ്രകാരം അപേ ക്ഷിച്ചു പറഞ്ഞു: ''എന്റെ ഗുഹ്യഭാഗത്ത് ഒരു വലിയ വ്രണം ഉണ്ട്. അതിൽനിന്ന് ദുർഗന്ധം ഉള്ള പഴുപ്പ് പുറത്തേക്ക് വന്നുകൊണ്ടിരിക്കുന്നു; നീയെന്നെ വെറുക്കുമെന്ന് ഞാൻ ഭയപ്പെ ടുന്നു. എനിക്കു കുറെ ദിവസത്തെ ഇടവേള സദയം അനുവദി ക്കണം; അപ്പോൾ ഒററപൈസയും കൂടാതെ ഞാൻ എന്നെ നിനക്കു കയ്യാളിക്കാം.''

അടുത്ത ദിവസങ്ങളിൽ തന്റെ പ്രാർത്ഥനകളിൽ അവൾ ദൈവത്തോട് അപേക്ഷിച്ചു. ദൈവം അവളുടെ സുകൃതം ദർ ശിച്ചു; ഓഫീസിലെ ഒരുദ്യോഗസ്ഥന്റെ ഒരു ജോലിക്കാരന് ദൈവം നിവേശനം നല്കി; രക്തസാക്ഷിയായി മരണം വരി ക്കാൻ സജ്ജനാക്കി. ആ യുവാവ് വിഷയാസക്തനായി അഭിനയിച്ചു: ജയിൽ സൂക്ഷിപ്പുകാരന്റെ പക്കൽ രാത്രി വളരെ വൈകിചെന്ന് അഞ്ചുനാണയം കൊടുത്തുകൊണ്ട് പറഞ്ഞു: ''ഈ രാത്രി മുഴുവൻ ഞാൻ അവളുടെകൂടെ പാർക്കട്ടെ.''

4. അവൻ രഹസ്യമുറിയിൽ കടന്ന് അവളോടു പറഞ്ഞു: ''എഴുന്നേററു സ്വയംരക്ഷിക്കൂ.'' അവൻ അവളുടെ വസ്ത്രം മാററി; തന്റെ വസ്ത്രങ്ങൾ ധരിപ്പിച്ചു; ഷർട്ടും നീണ്ട വസ്ത്രവും പുരുഷ ന്റെ എല്ലാ വസ്ത്രവും ധരിപ്പിച്ചിട്ടു പറഞ്ഞു: വസ്ത്രംകൊണ്ടു സ്വയം പൂർണ്ണമായി മറയ്ക്കുക: എന്നിട്ട് ഇവിടെനിന്ന് പുറത്തു കടക്കുക.''

...ദെ

കുരിശടയാളംകൊണ്ട് മുദ്രകുത്തി; അശുദ്ധയാകാത്തെയുംതെ കന്യകാത്വം കാത്തും ഈ വിധം അവൾ പുറത്തുകടന്നു...

www.malankaralibrary.com



അടുത്ത ദിവസം സംഗതി പരസ്യമായി, ആ യുവാവിനെ അവർ പിടിച്ച് വന്യമൃഗങ്ങൾക്ക് എറിഞ്ഞുകൊടുത്തു. അങ്ങനെ പിശാച് ലജ്ജിതനായി; കാരണം, തനിക്കുവേണ്ടിയും അവൾക്കുവേണ്ടിയും ആ യുവാവ്—രണ്ടു സംഗതികൾക്കുവേണ്ടി—രക്തസാക്ഷിയായിത്തീന്ന്.

## 66. മുൻ സെനട്ടറായ വേരൂസ്

1. ഗലാത്യയിലെ അൻസീറയിൽവച്ച് ഒരു വിശിഷ്ട വ്യക്തിയായ വേത്രൂസിനെ കണ്ടുമുട്ടി. മുൻ സെനട്ടറായ അദ്ദേഹത്തെയും ഭാര്യയായ ബൊസ്പേനിയായെയും നന്നായി അറിയാൻ എനിക്കു സാധിച്ചു. ലൗകികദൃഷ്ട്യാ നോക്കിയാൽ സ്വന്തം മക്കളെക്കൂടി ചതിക്കുന്ന രീതിയിലായിരുന്നു അവരുടെ പരസ്നേഹപ്രവൃത്തി. തങ്ങളുടെ സ്വത്തിൽനിന്നുള്ള വരുമാനം പാവങ്ങൾക്കായി അവർ പങ്കിട്ടിരുന്നു. അവക്ക് രണ്ടു പുത്രന്മാരും നാലു പുത്രിമാരും ഉണ്ടായിരുന്നുവെങ്കിലും വിവാഹിതരായ പുത്രിമാർ ഒഴിച്ച് മററാക്കും ഒന്നും കൊടുത്തിരുന്നില്ല. "ഞങ്ങൾ പോയിക്കഴിഞ്ഞാൽ ഞങ്ങൾക്കുള്ളതെല്ലാം നിങ്ങളുടേതാണ്" എന്ന് അവർ പറയുമായിരുന്നു. തങ്ങളുടെ സമ്പാദ്യങ്ങളുടെ വരുമാനം ശേഖരിച്ച് പട്ടണത്തിലെ പള്ളികൾക്ക് വിതരണം ചെയ്തിരുന്നു.

2. അവരുടെ സുകൃതത്തിൻെറ ഔന്നത്യം മനസ്സിലാക്കാൻ ഇതു സഹായിക്കും: അവിടെ ഒരു ക്ഷാമം ഉണ്ടായപ്പോൾ സ്വാഭാവികബന്ധങ്ങൾ വിസ്മരിച്ച് പാഷണ്ഡികളെ സത്യവിശ്വാസത്തിലേയ്ക്കു നയിക്കാൻ സഹായഹസ്തം നീട്ടി. പല സ്ഥലത്തും തങ്ങളുടെ ധാന്യക്കലവറ പാവങ്ങൾക്കായി തുറന്നു കൊടുത്തു. മററു സംഗതികളിലാണെങ്കിൽ അവർ വളരെ കർക്കശവും കഠിനവുമായ ജീവിതം നയിച്ചു. വളരെ വിലകുറഞ്ഞ വസ്ത്രം ധരിച്ചും, ലളിതമായി ജീവിച്ചും, ദൈവത്തെപ്രതി മിതത്വം പരിശീലിച്ചും, ആരംത്തിരക്കുള്ള നഗരജീവിതത്തെക്കാൾ ഗ്രാമത്തിലെ ജീവിതം കാംക്ഷിച്ചും ജീവിച്ചു. അങ്ങനെ നഗരത്തിലെ മോഹിപ്പിക്കുന്നവയിൽ വീണു പോകാതിരിക്കാനും ലക്ഷ്യത്തിൽ നിന്ന് മാറിപ്പോകാതിരിപ്പാനും അവർ ശ്രദ്ധിച്ചു.

## 67. മാഗ്നാ

ഈ അൻസീറാ പട്ടണത്തിൽ വളരെയധികം ഏതാണ്ട് രണ്ടായിരമോ അതിലധികമോ കന്യകകൾ പാത്തിരുന്നു. അവർ ശുദ്ധതപാലിച്ച് ജീവിച്ച പ്രശസ്ത സ്ത്രീകളായിരുന്നു. അവരിൽ ഏററവും ബഹുമാന്യയും ശ്രേഷ്ഠസ്ഥാനം അലങ്കരിച്ചി

www.malankaralibrary.com



രുന്നവളുമായിരുന്നു മാഗ്നാ.[90] അവളെ കന്യകയെന്നോ, വിധവയെന്നോ, എങ്ങനെ വിളിക്കണമെന്ന് എനിക്കറിവില്ല. കാരണം, അവളുടെ അമ്മ നിർബന്ധിച്ചാണ് അവളെ ഒരു പുരുഷനുമായി വിവാഹം കഴിപ്പിച്ചത്. എന്നാൽ അവൾ അവനെ പററിച്ചു. അനേകർ പറയുന്നതുപോലെ അവൾ കന്യകയായി ഇരിക്കത്തക്കവണ്ണം അയാളെ അകററിനിർത്തിയിരുന്നു.

2. അധികം താമസിയാതെ അയാൾ മരിച്ചപ്പോൾ അവൾ പരിപൂർണ്ണമായി സ്വയം ദൈവത്തിനു സമർപ്പിച്ചു. തന്റെ ഭവനകാര്യങ്ങളിൽ ഏററവും ശ്രദ്ധ പതിപ്പിച്ചു; താപസപൂർണ്ണവും പാവനവുമായ ജീവിതം നയിച്ചു. അവളുടെ ശ്രേഷ്ഠമായ ഭക്തി നിമിത്തം മെത്രാന്മാർ പോലും അവളെ ബഹുമാനിക്കത്തക്കവിധമായിരുന്നു അവളുടെ സംസാരം. അധ്വാനത്തിൽനിന്ന് വിരമിക്കാതെ ആശുപത്രികൾക്കും, പാവങ്ങൾക്കും, തീർത്ഥാടകരായ മെത്രാന്മാർക്കും അവൾ ഉദാരമായ സംഭാവന ചെയ്തു. അവളുടെ ഏററം വിശ്വസ്തരായ ദാസന്മാർവഴി രഹസ്യമായിട്ടാണ് അവൾ ഇതു ചെയ്തുകൊണ്ടിരുന്നത്. രാത്രിയിൽ അവൾ ദേവാലയം വിട്ടുപോയില്ല.

## 68. ദയാലുവായ സന്യാസി

1. വൈദികനാകാൻ ആഗ്രഹമില്ലാതിരുന്ന ഒരു സന്യാസിയെ ഈ നഗരത്തിൽ തന്നെ ഞങ്ങൾ കാണാൻ ഇടയായി. കുറേക്കാലം അദ്ദേഹം പട്ടാളത്തിലായിരുന്നു. ഇപ്പോൾ ഇരുപതു വർഷം താപസജീവിതം നയിച്ചു. അദ്ദേഹം പട്ടണത്തിലെ മെത്രാന്റെ കൂടെ താമസിച്ചു. രാത്രിയിൽ ചുററിനടന്ന് ആവശ്യക്കാരോട് കരുണ കാണിക്കത്തക്കവിധം അത്ര വലിയ കരുണ അദ്ദേഹത്തിനുണ്ടായിരുന്നു. അത്ര ദയാലുവായിരുന്നു അദ്ദേഹം.

2. അദ്ദേഹം ജയിലോ, ആശുപത്രിയോ, ദരിദ്രരെയോ ധനവാന്മാരെയോ അവഗണിച്ചില്ല; സകലരെയും സഹായിച്ചു. ചിലരെ നല്ല വാക്കുകൾകൊണ്ട് സാന്ത്വനപ്പെടുത്തി; അദ്ദേഹം ഉറച്ച ഹൃദയമുള്ള ആളായിരുന്നു; ചിലരെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു; ചിലരെ അനുരഞ്ജനപ്പെടുത്തി. ചിലരുടെ ശാരീരികാവശ്യങ്ങൾ നിറവേററി; മററു ചിലർക്ക് വസ്ത്രം കൊടുത്തു. വലിയ നഗരങ്ങളിൽ സാധാരണ സംഭവിക്കാറുള്ളത് അവിടെയും സംഭവിച്ചു. പള്ളിയുടെ പ്രധാന കവാടത്തിനടുത്ത് വിവാഹിതരും അവിവാഹിതരുമായി അനുദിന ഭക്ഷണത്തിനുവേണ്ടി വലിയ ഒരു ജനാവലി തടിച്ചു കൂടിയിരുന്നു.

---

90 സീനായിലെ നീലൂസ് മാഗ്നാക്ക് ഒരു കൃതി സമർപ്പിച്ചിട്ടുണ്ട്.

www.malankaralibrary.com



3. ഒരിക്കൽ തണുപ്പുകാലത്തു് പാതിരാത്രിയിൽ പള്ളിയുടെ വാതിൽക്കൽ പ്രസവവേദനയായി ഒരു സ്ത്രീ കിടന്നു പുളയുകയായിരുന്നു. വേദനകൊണ്ടു് അവരം നിലവിളിക്കുന്നതു് അദ്ദേഹം കേട്ടു. തന്റെ പതിവുള്ള പ്രാത്ഥനകളെല്ലാം ഉപേക്ഷിച്ചു് അദ്ദേഹം ചെന്നു് അവളെ ശുശ്രൂഷിച്ചു. അവിടെയെങ്ങും സഹായത്തിനു് ഒരു സ്ത്രീയെ കിട്ടിയില്ല. അദ്ദേഹം തന്നെ നേഴ്സിന്റെ ജോലി ഏറ്റെടുത്തു; പ്രസവത്തിന്റെ അസുഖകരമായ വശത്തെപ്പററിയൊന്നും ചിന്തിച്ചു മിനക്കെട്ടില്ല; അദ്ദേഹത്തിൽ പ്രവത്തിച്ച കരുണ അത്തരം കാര്യങ്ങളിൽ അദ്ദേഹത്തിന്റെ സ്പർശനശക്തി ഇല്ലാതാക്കി.

4. അദ്ദേഹത്തിന്റെ വസ്ത്രത്തിനു് നിസ്സാരവിലയേ ഉണ്ടായിരുന്നുള്ളു. വിലകുറഞ്ഞ ഭക്ഷണമാണു് അദ്ദേഹം കഴിച്ചിരുന്നതു്. ഒരു എഴുത്തുപലകയുടെ അടുത്തു് കുനിഞ്ഞുനില്ക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. അദ്ദേഹത്തിന്റെ മനുഷ്യസ്നേഹം ഗ്രന്ഥങ്ങളിൽ നിന്നു് അദ്ദേഹത്തെ വലിച്ചിഴച്ചു് കൊണ്ടുപോയിരുന്നു. ആരെങ്കിലും അദ്ദേഹത്തിനൊരു ഗ്രന്ഥം സമ്മാനമായി കൊടുത്താൽ അദ്ദേഹം അതു് ഉടനെ വില്ക്കുമായിരുന്നു. തന്നെ കളിയാക്കിക്കൊണ്ടു് അടുത്തു നില്ക്കുന്നവരോടു് അദ്ദേഹം പറയും; ''പൂണ്ണത അഭ്യസിക്കാനായി ഗുരുവിന്റെ വാക്കുതന്നെ വില്ക്കാതെയിരുന്നാൽ അദ്ദേഹത്തിന്റെ പ്രബോധനം പഠിച്ചെന്നു് ഞാൻ അദ്ദേഹത്തെ എങ്ങനെ ബോധ്യപ്പെടുത്തും?''

## 69. വീഴുകയും അനുതപിക്കുകയും ചെയ്ത സന്യാസിനി

1. മററുള്ളവരുടെ കൂടെ ജീവിച്ചിരുന്ന ഒരു യുവസന്യാസിനി ഒൻപതോ പത്തോ വർഷം തപസനുഷ്ഠിച്ചു. ഒരു സംഗീതജ്ഞൻ അവളെ വശീകരിച്ചു; അവരം വീഴാൻ ഇടയായി. അവരം ഗർഭിണിയായി ഒരു കുട്ടിയെ പ്രസവിച്ചു. തന്നെ വശീകരിച്ചവനെ അവരം കഠിനമായി വെറുക്കുവാൻ തുടങ്ങി. അവളുടെ ഹൃദയത്തിന്റെ അടിത്തട്ടിലെത്തുന്ന അനുതാപം ഉണ്ടായി. പട്ടിണികൊണ്ടു സ്വയം മരിക്കാൻ അതു് അവളെ പ്രേരിപ്പിച്ചു.

2. അപ്പോരം അവരം ദൈവത്തോടു യാചിച്ചപേക്ഷിച്ചു: ''വലിയ ദൈവമേ, നീ എല്ലാ സൃഷ്ടികളുടെയും തിന്മയെ സഹിക്കുന്നവനാണല്ലോ; ഇടറുന്നവരുടെ മരണമോ, നാശമോ നീ കാംക്ഷിക്കുന്നില്ല. (എസ. 33:11). ഞാൻ രക്ഷിക്കപ്പെടാൻ നീ ആഗ്രഹിക്കുന്നെങ്കിൽ, ഈ സാഹചര്യത്തിൽ നിന്റെ അത്ഭു

www.malankaralibrary.com



തം പ്രവർത്തിക്കുക; ഞാൻ പ്രസവിച്ച എന്റെ പാപഫലത്തെ എന്നിൽ നിന്നെടുക്കുക; ഞാൻ ആത്മഹത്യ ചെയ്യാതെയും ചാടി ച്ചാകാതെയും ഇരിക്കട്ടെ.'' അവളുടെ പ്രാർത്ഥന കേൾക്കപ്പെട്ടു. താമസിയാതെ ആ കുട്ടി മരിച്ചു.

3. അവളെ കെണിയിൽ വീഴ്ത്തിയ പുരുഷനെ പിന്നൊരിക്കലും അവൾ കണ്ടുമുട്ടിയില്ല; അവൾ കഠിനമായ ഉപവാസം അനുഷ്ഠിച്ചു; രോഗികളേയും അംഗവൈകല്യമുള്ളവരേയും മുപ്പതുവർഷം ശുശ്രൂഷിച്ചു. ഇങ്ങനെ അവൾ ദൈവവുമായി ഗാഢബന്ധം പുലർത്തി. ദൈവം ഒരു വിശുദ്ധ വൈദികനു വെളിപ്പെട്ടു പറഞ്ഞു: ''തന്റെ കന്യാത്വത്തിൽ എന്നതിനെക്കാൾ മാനസാന്തരത്തിൽ ഇവൾ എന്നെ കൂടുതൽ പ്രസാദിപ്പിച്ചിരിക്കുന്നു.''

യഥാർത്ഥ മാനസാന്തരം ഉള്ളവരെ നാം വിധിക്കാതിരിക്കാനാണ് ഞാൻ ഇതു് രേഖപ്പെടുത്തിയതു്.

## 70. ദുരാരോപിതനായ വായനക്കാരൻ

1. പലസ്തീനയിലെ കേസറിയായിലെ ഒരു പുരോഹിതന്റെ മകളായ ഒരു യുവതി വഴിപിഴച്ചു; പട്ടണത്തിലെ ഒരു വായനക്കാരനാണ് കാരണക്കാരൻ എന്ന് തട്ടിവിടാൻ അവളെ പിഴപ്പിച്ചവൻ അവളെ പ്രേരിപ്പിച്ചു. അവൾ ഗർഭിണിയായി. അവളുടെ പിതാവ് ചോദ്യം ചെയ്തപ്പോൾ വായനക്കാരനിൽ അവൾ കുററം ആരോപിച്ചു. മെത്രാൻ എല്ലാ വൈദികരെയും വിളിച്ചുകൂട്ടി; വായനക്കാരനെയും വരുത്തി. സത്യം അന്വേഷണവിധേയമായി; ചോദ്യം ചെയ്യലിൽ അയാൾ കുററമേററില്ല—സംഭവിക്കാത്ത ഒന്ന് അയാളെങ്ങനെ ഏല്ക്കും?

2. മെത്രാൻ വിഷമിച്ചു; അപ്പോൾ പരുഷമായി പറഞ്ഞു: ''ഹീനനും നികൃഷ്ടനുമായ മനുഷ്യാ, അശുദ്ധി കൊണ്ടു് നിറഞ്ഞവനേ, നീ കുററം ഏല്ക്കില്ല അല്ലേ?''

വായനക്കാരൻ പ്രതിവചിച്ചു: '' ഞാനല്ല ഇതു ചെയ്തതെന്നു് ഞാൻ അങ്ങയോടു് പറഞ്ഞല്ലോ. അവളുമായുള്ള ഇടപാടിൽ ഞാൻ നിരപരാധിയാണ്. ഇതു സത്യമാണെങ്കിലും, എന്തെങ്കിലും കേൾക്കണം എന്നു് അങ്ങു് ശാഠ്യം പിടിച്ചാൽ, ഞാൻ ആണ് അതു ചെയ്തതു് (എന്നു് ഏററുപറയുന്നു).''

അയാൾ ഇതു പറഞ്ഞപ്പോൾ മെത്രാൻ അയാളെ സ്ഥാനത്തുനിന്നു് നീക്കി[91]. അപ്പോൾ അയാൾ മെത്രാന്റെ പക്കൽ വന്നു

91 അപ്പസ്തോലിക കാനൻ, 95 അനുസരിച്ചു് വ്യഭിചാരിയായ വൈദികസ്ഥാനിയെ തരം താഴ്ത്തണം.

www.malankaralibrary.com



പറഞ്ഞു: "ഞാൻ ഒരു തെററു ചെയ്തതിനാൽ അവളെ എനിക്കു വിവാഹം കഴിച്ചുതരാൻ കല്പിക്കണം; ഞാനിപ്പോൾ വൈദിക സ്ഥാനിയല്ല; അവൾ കന്യകയുമല്ലല്ലോ."

3. ആ യുവാവു് അവളുടെ കൂടെ താമസിക്കുമെന്നും അവളുമായുള്ള ബന്ധം തുടരുമെന്നും കരുതി അദ്ദേഹം അവളെ വായനക്കാരനു് കൊടുത്തു. എന്നാൽ അയാളാകട്ടെ അവളെ മെത്രാനിൽ നിന്നും അവളുടെ പിതാവിൽ നിന്നും സ്വീകരിച്ചു് സന്യാസിനികളുടെ ഒരു ഭവനത്തിലാക്കി. അവളുടെ പ്രസവം വരെ അവളെ ശുശ്രൂഷിക്കണമെന്നു് മഠത്തിലെ പ്രധാനികളോടു് അപേക്ഷിച്ചു.

അധികനാൾ കഴിയുന്നതിനുമുമ്പു് അവൾക്കു പ്രസവ സമയം അടുത്തു. പ്രസവനാഴിക സമാഗതമായി. നെടുവീർപ്പുകളും, വേദനയും, നൊമ്പരവും, അധോലോകകാഴ്ചകളും ഉണ്ടായി—എന്നിട്ടും കുട്ടിപുറത്തുവന്നില്ല.

4. അങ്ങനെ ഒന്നു്, രണ്ടു്, മൂന്നു് ദിവസങ്ങളായി, ഒരാഴ്ചയായി. നരകയാതന അനുഭവിക്കുന്ന സ്ത്രീയാകട്ടെ ഒന്നും ഭക്ഷിച്ചില്ല, കുടിച്ചില്ല, ഉറങ്ങിയില്ല. "ഈ വായനക്കാരൻെറ മേൽ ദുരാരോപണം നടത്തിയതിനാൽ ഞാൻ അപകടത്തിലായി; എനിക്കു ഹാ കഷ്ടം" എന്നുമാത്രം വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു.

ആളുകൾ ഓടിപ്പോയി അവളുടെ പിതാവിനോടു് വിവരം പറഞ്ഞു. തെററായ വിവരം ധരിപ്പിച്ചതിനാൽ വധിക്കപ്പെട്ടുമെന്നു് കരുതി ഭയന്നു് രണ്ടു ദിവസത്തേക്കു് അയാൾ മിണ്ടിയില്ല. ആ യുവതിയാകട്ടെ മരിച്ചില്ല, കുട്ടിയെ പ്രസവിച്ചുമില്ല. അവർക്കു് അവളുടെ നിലവിളി സഹിക്കവയ്യാതായപ്പോൾ അവർ ഓടി മെത്രാൻെറ പക്കലെത്തി: "വായനക്കാരനെ ദുരാരോപണം നടത്തി എന്നു് ഈ സ്ത്രീ ദിവസങ്ങളായി വിളിച്ചുപറഞ്ഞുകൊണ്ടു് തെററു് ഏററുപറഞ്ഞിരിക്കുന്നു."

അപ്പോൾ മെത്രാൻ ഈ സന്ദേശവുമായി ഡീക്കന്മാരെ വായനക്കാരൻെറ പക്കലയച്ചു: "നിൻെറമേൽ ദുരാരോപണം നടത്തിയ സ്ത്രീ പ്രസവിക്കാനായി അവൾക്കുവേണ്ടി നീ പ്രാർത്ഥിച്ചാലും."

5. അവനാകട്ടെ മറുപടി ഒന്നും പറഞ്ഞില്ല; വാതിൽ പോലും തുറക്കാതെ, അകത്തുകയറിയ ദിവസം മുതൽ ദൈവത്തോടു് പ്രാർത്ഥനതന്നെയായിരുന്നു.

വീണ്ടും യുവതിയുടെ അപ്പൻ മെത്രാൻെറ പക്കലെത്തി; അവൾക്കുവേണ്ടി ദേവാലയത്തിൽ പ്രാർത്ഥനകൾ നടത്തി, എങ്കിലും അവൾ പ്രസവിച്ചില്ല. അപ്പോൾ മെത്രാനെഴുന്നേററു്

www.malankaralibrary.com



വായനക്കാരന്റെ പക്കലേക്ക് പോയി, വാതിലിൽമുട്ടി. അകത്തുകടന്ന് അയാളോടു പറഞ്ഞു: "എവുസ്താത്യോസ്, എഴുന്നേൽക്കുക; നീ അടച്ചതു് തുറക്കുക."

പെട്ടെന്നു് മെത്രാനോടുകൂടി അയാളും നിലത്തു മുട്ടുകുത്തി; ഉടനെ ആ സ്ത്രീ പ്രസവിക്കുകയും ചെയ്തു. ദുരാരോപണം നടത്തിയവരെ ഒരു പാഠം പഠിപ്പിക്കുന്നതിനും അവളുടെ കള്ളത്തരം പുറത്തുകാട്ടുന്നതിനും അവന്റെ പ്രാർത്ഥനയും സ്ഥിരതയും കാരണമായി.

നാം പ്രാർത്ഥനാബദ്ധരായിരിക്കണമെന്നും പ്രാർത്ഥനയുടെ ഫലം അറിയണമെന്നും ഇതു് നമ്മെ പഠിപ്പിക്കുന്നു.

## 71. ഈ ഗ്രന്ഥകാരനോടുകൂടെ ഉണ്ടായിരുന്ന സഹോദരൻ

1. യൗവനം മുതൽ ഇന്നുവരെ എന്നോടൊപ്പമുണ്ടായിരുന്ന സഹോദരനെപ്പററി കുറേ വാക്കുകൾ രേഖപ്പെടുത്തിയിട്ടു് ഈ ചരിത്രം അവസാനിപ്പിക്കാം.[92] ഏറെ നാളത്തേയ്ക്കു് അയാൾ ആഹാരം കഴിച്ചതും ഉപവസിച്ചതും ആഗ്രഹം കൊണ്ടല്ലെന്നു് എനിക്കറിയാം. ധനത്തിനുവേണ്ടി ജഡികാസക്തിയെ കീഴടക്കി എന്നു ഞാൻ സംശയിക്കുന്നു. ഏററം വലിയ വ്യർത്ഥാഭിമാനമാണതു്. തനിക്കുള്ളതുകൊണ്ടു് അദ്ദേഹം തൃപ്തനാകുമായിരുന്നു; നിന്ദിക്കുന്നതിൽ നന്ദി പ്രദർശിപ്പിച്ചു; വസ്ത്രം കൊണ്ടു് അലങ്കരിക്കാൻ തല്പരനായിരുന്നില്ല. യഥാർത്ഥ സുഹൃത്തുക്കൾക്കു വേണ്ടി കടമ നിർവഹിക്കുന്നതിലുപരി സഹിക്കാൻ അയാൾ തയ്യാറായിരുന്നു. പിശാചുക്കളിൽനിന്നു് അയാൾക്കു് ഒരായിരമോ അതിൽക്കൂടുതലോ പരീക്ഷകളുണ്ടായിട്ടുണ്ടു്. ഒരു ദിവസം പിശാചു് ഒരുടമ്പടി ഉണ്ടാക്കുവാൻ ക്ഷണിച്ചിട്ടു് പറഞ്ഞു: "ഒരിക്കൽ മാത്രം പാപം ചെയ്യാൻ സമ്മതിക്കൂ; എന്നിട്ടു് ഇഷ്ടമുള്ള സ്ത്രീയുടെ പേരു പറയുക; അവളെ നിനക്കു കൊണ്ടുവന്നുതരാം.

2. മറെറാരവസരം പിശാചു് വീണ്ടും പതിനാലു രാത്രികാലം അവനെ കഠിനമായി ആക്രമിച്ചു. അവനെ കാലിൽ പിടിച്ചു് വലിച്ചുകൊണ്ടു രാത്രിയിൽ ഇപ്രകാരം പറഞ്ഞു: "ക്രിസ്തുവിനെ ഇനി വന്ദിക്കരുതു്; ഞാൻ നിന്നിൽനിന്നു്

92 തന്നേപ്പററിയാണു് പല്ലാഡിയൂസ് ഇവിടെ സംസാരിക്കുന്നതു്. 2 കൊരി. 12:2ff ആയിരിക്കാം അദ്ദേഹത്തിനു് പ്രേരണ നൽകിയതു്.

www.malankaralibrary.com



അകന്നു മാറാം'' എന്നാൽ അവൻ മറുപടികൊടുത്തു: ''ഇതു കൊണ്ടുതന്നെ ഞാൻ അവൻെറ മുൻപാകെ വീണ്ട് ഒരായിരം പ്രാവശ്യംകൂടെ അവനെ സ്തുതിക്കും; കാരണം, ഇതു് നിനക്കു് അസഹ്യമാണല്ലോ.''

അവൻ നൂററിയാറു് പട്ടണങ്ങളിലൂടെ സഞ്ചരിച്ചു; മിക്കവെയിലും കുറെ സമയം താമസിച്ചു. എന്നാൽ ദൈവകൃപയാൽ എതിർത്തതല്ലാതെ, സ്വപ്നത്തിൽപോലും അവനു് ഒരിക്കലും ഒരു സ്ത്രീയുമായും സംബന്ധം ഉണ്ടായിട്ടില്ല.

3. മൂന്നു പ്രാവശ്യം അവനാവശ്യമുള്ള ഭക്ഷണം മാലാഖ കൊടുത്തു എന്നു് എനിക്കറിയാം. ഒരു ദിവസം ഒന്നും ഭക്ഷിക്കാനില്ലാതെ അവൻ ഉഷ്ണമരുഭൂമിയിലായിരുന്നു. അപ്പോഴാം ആട്ടിൻതുകലിൽ മൂന്നു പുതിയ അപ്പം അവൻ കണ്ടു. മറെറാരവസരം അപ്പവും വീഞ്ഞുമായിരുന്നു. വേറൊരവസരം ആരോ അവനോടു് പറഞ്ഞു: ''നീ ആവശ്യത്തിലാണു്. ഇന്ന മനുഷ്യനിൽനിന്നു് ധാന്യവും എണ്ണയും പോയി വാങ്ങുക? പറയപ്പെട്ട മനുഷ്യൻെറ പക്കൽചെന്നു് ചോദിച്ചു: ''നീയാണോ ഇന്നാർ?'' ആ മനുഷ്യൻ പറഞ്ഞു: ''ഞാനാണു്'' ''നിനക്കുവേണ്ടി ആരോ മുപ്പതു് പെക്കു് ധാന്യവും പന്ത്രണ്ടു പൈൻറ് എണ്ണയും ഓർഡർ ചെയ്തിട്ടുണ്ടു്.''

4. അവനാരാണെങ്കിലും അവനിൽ ഞാൻ പുകഴുന്നു (2കൊറി.12;5). ദാരിദ്ര്യത്തിൽ വലയുന്നവരെ പ്രതി അവൻ കരഞ്ഞതായി എനിക്കറിയാം. തൻെറ ശരീരമൊഴിച്ചുള്ളതെല്ലാം അവൻ അവർക്കു് കൊടുത്തു. തിന്മയിൽവീണവരെ പ്രതി അവൻ കരഞ്ഞതായി എനിക്കറിയാം. ആ സാഹചര്യത്തിൽ ഒക്കെ വീണവരെ മാനസ്സാന്തരത്തിലേയ്ക്കു് അവൻ കൊണ്ടുവന്നു. തൻെറ ആവശ്യത്തിനു് എന്തെങ്കിലും തരണമെന്നു് ആരോടും, പ്രത്യേകിച്ചു് ധനവാന്മാരോടോ, പാപികളോടോ, പറയില്ല എന്നു് താൻ ദൈവത്തോടു് പ്രാർത്ഥിച്ചെന്നു് അവൻ സാക്ഷ്യപ്പെടുത്തുന്നു.

5. ഞാൻ എഴുതിയ ഈ സംഗതികൾ അനുസ്മരിക്കുവാൻ ഞാൻ യോഗ്യനായി കരുതപ്പെട്ടതു് എനിക്കു് മതിയായി. ഈ ഗ്രന്ഥമെഴുതാനും ഈ വിശുദ്ധരുടെ ജീവചരിത്രമെഴുതാനും നിർദ്ദേശിക്കാൻ നീ പ്രേരിതനായതു് ദൈവത്തിൻെറ അറിവുകൂടാതെയല്ല.

ക്രിസ്തുവിൻെറ ഏററം വിശ്വസ്തദാസാ, ഈ മനുഷ്യരെ സന്തോഷപൂർവ്വം അനുധാവനം ചെയ്യുക; അവരുടെ ജീവിതവും, അധ്വാനവും വലിയ സ്ഥിരതയും ഉത്ഥാനത്തിനു് തെളിവായി

www.malankaralibrary.com



സ്വീകരിക്കുക. സന്തോഷത്തോടെ അവരെ പിൻതുടരുക; നിൻെറ ദിവസങ്ങൾ ചുരുങ്ങിയിരിക്കുന്നു എന്നു നീതന്നെ മന സ്സിലാക്കുന്നതിനാൽ ഈ വലിയ പ്രത്യാശയാൽ പോഷിപ്പി ക്കപ്പെടുക.

6. എനിക്കുവേണ്ടി പ്രാർത്ഥിക്കുക; താസ്യൻെറ കോൺസു ളേററ്[93] മുതൽ 93 ഇന്നുവരെ എനിക്ക് നിന്നെയറിയാം. ഏററം ശ്രേഷ്ഠമായ കിടക്കമുറിയുടെ പ്രീഫെക്ടായി നീ നിയമിതനായ പ്പോഴും ഞാൻ നിന്നെ കണ്ടതുപോലെ ആരോഗ്യത്തോടെ വസിക്കുക. അപ്രകാരമുള്ളയാളിന്; ധനമോ, ബഹുമാ നമോ, അധികാരമോ ദൈവഭയത്തിൽ കുറഞ്ഞവനാകാത്ത വന്; ''ഇതെല്ലാം ഞാൻ നിനക്കുതരാം; നീയെന്നെ വീണ് ആരാധിച്ചാൽ മതി'' എന്ന് പിശാച് പറഞ്ഞതുകേട്ട ക്രിസ്തു വിൽ ചാരിക്കിടക്കുന്നവന് ഇതു സമർപ്പിക്കുന്നു (മത്താ. 4:9).

93 391 മുതൽ

www.malankaralibrary.com



സ്വീകരിക്കുക. സന്തോഷത്തോടെ അവരെ പിൻതുടരുക; നിൻെറ ദിവസങ്ങൾ ചുരുങ്ങിയിരിക്കുന്നു എന്നു നീതന്നെ മന സ്സിലാക്കുന്നതിനാൽ ഈ വലിയ പ്രത്യാശയാൽ പോഷിപ്പി ക്കപ്പെടുക.

6. എനിക്കുവേണ്ടി പ്രാർത്ഥിക്കുക; താസ്യൻെറ കോൺസു ളേററ് മുതൽ 93 ഇന്നുവരെ എനിക്കു് നിന്നെയറിയാം. ഏററം ശ്രേഷ്ഠമായ കിടക്കമുറിയുടെ പ്രീഫെക്ടായി നീ നിയമിതനായ പ്പോൾ ഞാൻ നിന്നെ കണ്ടതുപോലെ ആരോഗ്യത്തോടെ വസിക്കുക. അപ്രകാരമുള്ളയാളിന്നു്; ധനമോ, ബഹുമാ നമോ, അധികാരമോ ദൈവഭയത്തിൽ കുറഞ്ഞവനാകാത്ത വന്നു്; ''ഇതെല്ലാം ഞാൻ നിനക്കുതരാം; നീയെന്നെ വീണു് ആരാധിച്ചാൽ മതി'' എന്നു് പിശാചു് പറഞ്ഞതുകേട്ട ക്രിസ്തു വിൽ ചാരിക്കിടക്കുന്നവന്നു് ഇതു സമർപ്പിക്കുന്നു (മത്താ. 4:9).

93 391 മുതൽ